# ജെമ്മാ



പവ്വത്ത്

B 5/52

# വി. ജെമ്മാ ഗൽഗാനി

★

S. I. RAILWAY STATION, ALWAYE, TRAVANCORE
B. 196

ഫാദർ ഏബ്രഹാം പവ്വത്തു്.

(All Rights reserved)

ACHARYA PALLICKAL JEEVASS KENDRAM LIBRARY
16852

★

പ്രസാധകൻ:

സെബാസ്റ്റ്യൻ മാത്യൂ പവ്വത്തു്,
എലിക്കുളം, പൂവരണി.

കോപ്പി 1000. — വില 1—8—0

PRINTED AT THE
MAR THOMA SLEEHA PRESS,
ALWAYE. 1949.

m/209222
POW

*Nihil Obstat:*

Fr. John Kunnapally,
Ap. Seminary.

*Alwaye,*
*15-2-1949.*

*Imprimatur:*

✝ BONAVENTURA ARANEA,
Adm. of Vijayapuram.

*Kottayam,*
*25-2-1949.*

# സമർപ്പണം.

സ്നേഹവത്സലരായ

എൻെറ മാതാപിതാക്കന്മാർ —

ശ്രീമാൻ ദേവസ്യാ മത്തായി പവ്വത്തു്

ശ്രീമതി മറിയാമ്മ മത്തായി പവ്വത്തു്

— എന്നിവരുടെ പൂജ്യപാദങ്ങളിൽ ഒരു

സ്നേഹോപഹാരമായി ഈ കൃതിയെ

സമർപ്പിച്ചുകൊള്ളുന്നു.

എ. പവ്വത്തു്.

# പ്രസ്താവന.

ആദ്ധ്യാത്മികാന്തരീക്ഷം ആകമാനം അസാന്മാർഗ്ഗിക കരിംകാർപടലത്താൽ ആവൃതമായിരിക്കുന്ന ഈ ദശാസന്ധിയിൽ, ദൈവത്തിൻെറ അനന്തമഹത്വത്തേ അഖിലലോകത്തിനും അറിയിച്ചു കൊടുക്കുന്നതിന് ആദ്ധ്യാത്മിക ചൈതന്യപൂർണ്ണരായ വിശുദ്ധാത്മാക്കൾക്കാണു കൂടുതൽ സാധിക്കുന്നത്. വിശുദ്ധ ജെമ്മാ ദൈവമഹത്വം എപ്രകാരം പ്രത്യക്ഷപ്പെടുത്തുന്നുവെന്ന് ഈ ഗ്രന്ഥം ഏറക്കുറെ വെളിപ്പെടുത്തുന്നതാണ്.

The Rt. Rev. Leo Proserpio S. J, D. D., M. A., അവർകളാൽ വിരചിതമായ St. Gemma Galgani എന്ന ഗ്രന്ഥത്തിൻെറ സ്വതന്ത്രവിവർത്തനമാണ് "ജെമ്മാ." നമ്മുടെ സാഹചര്യങ്ങൾക്ക് ആവശ്യമില്ലെന്നുതോന്നിയ ചില ഭാഗങ്ങൾ ഇതിൽ വിട്ടുകളയുകയും വിശുദ്ധയുടെ മററു ചില ജീവചരിത്രങ്ങളുമായി ഒത്തുനോക്കി ചില നിസ്സാരവ്യത്യാസങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്.

ഈ ഗ്രന്ഥത്തിനു സുന്ദരമായ ഒരു അവതാരിക എഴുതിത്തന്ന കേരളത്തിലേ കർമ്മലീത്താ ഒന്നാം സഭയുടെ പ്രൊവിൻഷ്യൽ വെറി. റവ. ഫാദർ എലിസേവൂസ് സി. ഡി., ഡി. ഡി. അവർകളോടുള്ള എൻെറ സീമാതീതമായ കൃതജ്ഞത സ്നേഹപുരസ്സരം രേഖപ്പെടുത്തിക്കൊള്ളട്ടെ. വിദ്വാൻ ഫാദർ ജോൺ കുന്നപ്പള്ളി അവർകളുടെ വിദഗ്ദ്ധമായ തൂലികയാണ് ഈ പുസ്തകം പ്രസിദ്ധീകരണാർഹമാക്കിയത്. അദ്ദേഹത്തിൻെറ നേരെ എനിക്കുള്ള കടപ്പാടു വാക്കുകൾകൊണ്ടു പ്രകടിപ്പിക്കുക സാദ്ധ്യമല്ല. എന്നെ ഈ ഉദ്യമത്തിൽ സഹായിച്ചിട്ടുള്ള സകലർക്കും എൻെറ ഹൃദയപൂർവ്വകമായ നന്ദി.

ഈ പുസ്തകം പാരായണം ചെയ്യുന്നതുമൂലം ഒരു വ്യക്തിയെങ്കിലും ദൈവത്തെ കൂടുതൽ സ്നേഹിക്കുന്നതിനു കാരണമാകുന്നുവെങ്കിൽ ഞാൻ കൃതാർത്ഥനായി.

മംഗലപ്പുഴ,
6—3—1949.

പരിഭാഷകൻ.

# അവതാരിക

"മിസ്റ്റിക്ക്" അഥവാ "ദാൎശനികൻ" എന്നു കേൾക്കുമ്പോൾ ദൈവത്തോടുള്ള എന്തോ വിസ്മയനീയമായ ബന്ധത്തിൽനിന്നു സദാ സ്വൎഗ്ഗീയാനന്ദം അനുഭവിക്കുന്ന ഒരാൾ എന്നാണ് പലരും സാധാരണമായി ധരിക്കുന്നതു്. ദൈവത്തിൽനിന്നു ദൎശനങ്ങളും, വെളിപാടുകളും, ഈദൃശങ്ങളായ മററ് അസാധാരണദാനങ്ങളും സിദ്ധിച്ചിട്ടുള്ള ഒരാളിനെ നാം "മിസ്റ്റിക്ക്" എന്നു വിളിക്കുകയും അയാൾ വീരോചിതമായ വിശുദ്ധി സമ്പാദിച്ചിട്ടുണ്ടെങ്കിൽ അതു് ഈ ദാനങ്ങളുടെ ഫലമാണെന്നു പറഞ്ഞു പലപ്പോഴും സമാധാനപ്പെടുകയും ചെയ്യുന്നു. ഇതു് "മിസ്റ്റിക്കി"നെക്കുറിച്ചുള്ള അറിവിൻെറ ഒരംശം മാത്രമാകുന്നു.

കത്തോലിക്കാസഭയിൽ "ദാൎശനികരാ"യി അറിയപ്പെടുന്നവരിൽ ഏതൊരാളിൻെറയും ജീവിതത്തെ ശരിയായി പരിശോധിച്ചാൽ കാണാം അതു സ്വൎഗ്ഗീയസന്തോഷങ്ങളെക്കാൾ ദുഃഖസങ്കടങ്ങൾകൊണ്ടു നിറഞ്ഞിരുന്നു എന്നു്. മാത്രമല്ല, സ്വൎഗ്ഗീയദൎശനങ്ങളുടെയും വെളിപാടുകളുടെയും കൂടുതൽ കുറവനുസരിച്ചു ദൈവം അയാൾക്കു കഷ്ടതകളുടെ കാസായും പകൎന്നുകൊടുക്കുന്നതായി നാം കാണുന്നു. അതിനാൽ വിശ്വാസത്തിൻെറ തിരശ്ശീലയ്ക്കുള്ളിൽ മറഞ്ഞു കിടക്കുന്ന അതിസ്വാഭാവികയാഥാൎത്ഥ്യങ്ങളിൽ ചിലതിനെ ദൈവം ഒരാളുടെ ആത്മാവിനു് അനുഭവവേദ്യമാക്കുന്നതു് അതിനെ ആനന്ദസാഗരത്തിൽ ആറാടിച്ചുകൊണ്ടു തൻെറ നന്മയേയും സ്നേഹത്തേയും പ്രദൎശിപ്പിക്കുന്നതിനു മാത്രമായിരിക്കുകയില്ല. ദൈവപരിപാലനയുടെ നിഗൂഢമായ പ്രവൎത്തനത്തിൽ ദുഃഖസങ്കടങ്ങളുടെ വിലയെ

ഗ്രഹിക്കുന്നതിന്, നമ്മുടെ ദിവ്യരക്ഷകൻതന്നെ നല്കിയിയിട്ടുള്ള തിൽനിന്നു മെച്ചമായ ഒരു മാനദണ്ഡം നമുക്കു ലഭിക്കുവാനില്ല.

അവിടുത്തെ പീഡാനുഭവത്തിന്റെ ലക്ഷ്യം പാപപരിഹാരവും മനുഷ്യരക്ഷയുമായിരുന്നു. ഇതുതന്നെയാണു തന്റെ തിരഞ്ഞെടുക്കപ്പെട്ടവരിൽനിന്നും ഈശോ ആവശ്യപ്പെടുന്നത്. അവരിൽ ചിലരെ ദൈവം തന്റെ തിരുക്കുമാരന്റെ പീഡാനുഭവത്തിൽ പ്രത്യേകമായി ഭാഗഭാക്കുകളാകുന്നതിന് അനുവദിക്കുന്നതിന്റെ രഹസ്യവും ഇതുതന്നെയാകുന്നു. ഇവരിൽ ഓരോരുത്തരും, വി. പൗലോസപ്പോസ്തലനോടുകൂടി "ക്രിസ്തുവിന്റെ പീഡാനുഭവത്തിൽ പോരാതെവന്നിരിക്കുന്നതിനെ ഞാൻ പൂർത്തിയാക്കുന്നു; ഞാൻ ക്രിസ്തുവിനോടുകൂടി കുരിശിൽ തറയ്ക്കപ്പെട്ടിരിക്കുന്നു; ഞാൻ ഇപ്പോഠം ജീവിക്കുന്നുണ്ടെങ്കിലും, ഞാനല്ല ജീവിക്കുന്നത്, പിന്നയോ ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്" എന്നിപ്രകാരം അന്വത്ഥകമായി പ്രസ്താവിക്കുന്നതിന് അർഹരാകുന്നു. ഈദൃശമായ ഒരു ദൈവാഹ്വാനം ലഭിച്ചിട്ടുള്ള ആത്മാക്കഠം അനുഭവിക്കുന്ന ശാരീരികവും മാനസികവുമായ തീവ്രവേദനകഠം അവണ്ണനീയങ്ങളത്രെ. എന്നാൽ ബലഹീനമായ മനുഷ്യപ്രകൃതി തനിച്ച് ഈ യാതനകളെ സഹിക്കണമെന്നു കരുണാസമ്പൂണ്ണനായ ദൈവം കല്പിക്കുന്നില്ല. അസാധാരണങ്ങളായ സ്വഗ്ഗീയദാനങ്ങളാൽ ദൈവം ആത്മാവിനെ ശക്തിപ്പെടുത്തുന്നു. ദൈവവെളിപാടുകളും, ദശ്നങ്ങളും, ധ്യാനസമാധികളുമെല്ലാം തദ്ദുദ്ദേശ്യത്തോടെ നല്കപ്പെടുന്നവയാണ്. ഈദൃശദാനങ്ങഠംവഴി ദൈവം ആത്മാവിനെ ശക്തിപ്പെടുത്തുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നതിനു പുറമേ, കൂടുതൽ സഹിക്കുന്നതിനു ശക്തിമത്തായ ആഗ്രഹം അതിലങ്കരിപ്പിക്കുകയും ചെയ്യുന്നു. ഒരാത്മാവിന് പരലോകവുമായുള്ള പ്രത്യക്ഷസമ്പക്കം എത്ര ഗാഢമാകുന്നുവോ അത്രയ്ക്ക് ഈ ആഗ്രഹം വദ്ധിക്കുന്നു. തൽഫലമായി അതു ദിവ്യരക്ഷകന്റെ പീഡാനുഭവത്തിൽ ഭാഗഭാക്കാകുകയും മനുഷ്യവംശ

ത്തിൻെറ പാപങ്ങൾക്കവേണ്ടി അങ്ങയോടുകൂടി ഒരു പരിഹാര ബലിയായിത്തീരുകയും ചെയ്യുന്നു. "മിസ്റ്റിക്ക"ജീവിതം നയിക്കുന്ന ഒരാത്മാവിനെക്കുറിച്ച് ഇപ്രകാരമുള്ള ഒരു സാമാന്യ ജ്ഞാനത്തോടുകൂടി വേണം നമ്മുടെ മാതൃഭാഷയിലേയ്ക്ക് ഇദം പ്രഥമമായി വിവൎത്തനം ചെയ്തിട്ടുള്ള വി. ജെമ്മായുടെ ഈ ജീവചരിത്രം വായിക്കുവാൻ.

ആലുവാ വൈദികസെമ്മിനാരിക്കാർ മലയാളക്രിസ്തീയ സാഹിത്യത്തിനു ചെയ്തുകൊണ്ടിരിക്കുന്ന സേവനങ്ങളുടെ സ്വൎണ്ണചങ്ങലയ്ക്ക് ഒരു കണ്ണികൂടി കൂട്ടുന്ന ഈ ചെറിയ ഗ്രന്ഥം അതിൻെറ പരിമിതമായ പരിധിക്കുള്ളിൽക്കൊള്ളിക്കാവുന്നിടത്തോളം വസ്തുതകളെ വിശുദ്ധ ജെമ്മായുടെ ജീവചരിത്രത്തിൽനിന്നും "മിസ്റ്റിക്ക്"ജീവിതത്തിൻെറ മേൽ പ്രസ്താവിച്ച അന്ത്യത്തെ വിശദമാക്കത്തക്കവിധത്തിൽ വിവരിക്കുന്നുണ്ട്.

ബാല്യദശമുതൽ സഹനത്തിൻെറ കാസായിൽനിന്നു പാനംചെയ്യുവാൻ ദിവ്യരക്ഷകൻ ജെമ്മായെ പരിശീലിപ്പിച്ചിരുന്നു. അവളുടെ വത്സലമാതാവിൻെറയും സഹോദരൻെറയും പിതാവിൻെറയും അകാലമരണം, കുടുംബത്തിൻെറ സാമ്പത്തികാധഃപതനം, ആപൽക്കരവും അതേസമയം ഒരു വൈദ്യപരിശോധനയ്ക്കു വിധേയയാകുവാൻ അവളെ ലജ്ജിപ്പിച്ചിരുന്നതുമായ കഠിനരോഗം, കന്യകാലയപ്രവേശനകാര്യത്തിൽ നേരിട്ട ഇച്ഛാഭംഗം, സ്വന്തം ബന്ധുമിത്രാദികളുടെ പരിഹാസം, താഡനപീഡനങ്ങൾ മുതലായവ ഭാവികഷ്ടാനുഭവങ്ങളുടെ നാന്ദിമാത്രമായിരുന്നു.

ജെമ്മായുടെ ക്ലേശനിൎഭരമായ ജീവിതം നാഠകുനാഠ ക്രൂശിതനായ ഈശോയുടേതിനോടു കൂടുതൽ അനുരൂപമാകുന്നതായി നാം കാണുന്നു. അവിടുന്ന് അവളുടെ ദേഹത്തിൽ പഞ്ചക്ഷതങ്ങൾ പതിപ്പിച്ചുകൊണ്ട് അവളെ തൻെറ പീഡാ

നുഭവത്തിൽ പങ്കാളിയാകുന്നു. പലയവസരങ്ങളിലും അവൾ നമ്മുടെ ദിവ്യരക്ഷകനെപ്പോലെ രക്തംവിയർത്തുകൊണ്ട് അതികഠോരമായ വേദന അനുഭവിച്ചിട്ടുണ്ട്. അവൾക്കുണ്ടായിട്ടുള്ള ആദ്ധ്യാത്മികദർശനങ്ങളും വെളിപാടുകളുമെല്ലാം പാപപരിഹാരത്തിനായി കൂടുതൽ സഹിക്കുന്നതിന് അവളെ ശക്തിപ്പെടുത്തുക മാത്രമാണു ചെയ്തിട്ടുള്ളത്. ഒരിക്കൽ നമ്മുടെ ദിവ്യരക്ഷകൻ അവളോടിപ്രകാരം പറഞ്ഞു: "പ്രിയ മകളേ, തങ്ങളുടെ സങ്കടങ്ങളും, കഷ്ടപ്പാടുകളും, ബുദ്ധിമുട്ടുകളുംവഴിയായി പാപികൾക്കും അവരുടെ നന്ദിഹീനതയ്ക്കുംവേണ്ടി പരിഹാരം ചെയ്യുന്ന ബലിവസ്തുക്കളായ ആത്മാക്കളെ ലഭിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. . . ." സന്തോഷംകൊണ്ടു കുതിച്ചുചാടുന്ന ഹൃദയത്തോടുകൂടി അവൾ പ്രതിവദിച്ചു: "ഞാൻ ആ ബലിവസ്തുവും ഈശോ ബലിയർപ്പിക്കുന്ന വൈദികനുമാകുന്നു. ഓ! ഈശോയെ, വേഗം ബലി ആരംഭിച്ചാലും. ഈശോ ആവശ്യപ്പെടുന്നതെല്ലാം ഞാൻ ആഗ്രഹിക്കുന്നു."

അവളുടെ ഹ്രസ്വജീവിതത്തിന്റെ അവസാനനാളുകളിൽ അവൾ ശാരീരികവും മാനസികവുമായ അവർണ്ണനീയ വേദനകൾ സഹിച്ചുകൊണ്ട് ഒരു യഥാർത്ഥ ഹോമബലിയായി സഹനാഗ്നിയുടെ ഉലയിൽ കിടന്നു വെന്തുരുകണമെന്നായിരുന്നു ഈശോയുടെ ആഗ്രഹം. ഏററം ലഘുവായ ഭക്ഷണപാനീയം പോലും ഉൾക്കൊള്ളുന്നതിനുള്ള ശക്തി അവളുടെ ഉദരത്തിനില്ലാതായി. ബോധക്ഷയവും ശ്വാസംമുട്ടലും നെഞ്ചുപിളക്കുമാറുള്ള ചുമയും കാണികളെ ഭയവിഹ്വലരാക്കിയിരുന്നു. ഇതിനിടയ്ക്കു ഭയങ്കരമായ വിധത്തിൽ അവളെ പരീക്ഷിക്കുന്നതിനും പീഡിപ്പിക്കുന്നതിനും ദൈവം നരകശക്തികളേയും അനുവദിച്ചു. മനുഷ്യരാലും ദൈവത്താലും ഉപേക്ഷിക്കപ്പെട്ടു കുരിശിൽ തൂങ്ങിമരിച്ച ഈശോയുടെ രൂപമാണ് എല്ലാവരും ജെമ്മായുടെ ശോഷിച്ച ശരീരത്തിൽ ദർശിച്ചിരുന്നത്. വാസ്തവത്തിൽ നമ്മുടെ ദിവ്യരക്ഷകനെപ്പോലെ കുരിശുമരണത്തിന്റെ വേദന

അനുഭവിച്ചുകൊണ്ടാണ് വി. ജെമ്മാ തൻെറ ആത്മാവിനെ നിത്യപിതാവിൻെറ തൃക്കരങ്ങളിൽ സമപ്പിച്ചതു്. 1903—ലെ ദുഃഖവെള്ളിയാഴ്ച കാലത്തു പത്തുമണിയോടുകൂടി ഉറക്കമിളച്ചു തന്നെ നോക്കിക്കൊണ്ടിരുന്ന തൻെറ സ്നേഹിത സ്വല്പം ആശ്വസിക്കുന്നതിനായി പോകുവാനൊരുങ്ങുന്നതു കണ്ടപ്പോറം മരണാസന്നയായ ജെമ്മാ ഇപ്രകാരം അവളോട്ട് അപേക്ഷിച്ചു: "ഞാൻ കുരിശിൽ തറയ്ക്കപ്പെടുന്നതുവരെ എന്നെ ഉപേക്ഷിട്ടു പോകരുതെ! ഈശോയോടുകൂടി ഞാനും കുരിശിൽ തറയ്ക്കപ്പെടണം." താമസംവിനാ അവറം സമാധിയിൽ ലയിച്ചു. കരങ്ങറം കുരിശിൻെറ ആകൃതിയിൽ ക്രമേണ വിടൎന്നു. നിരാലംബയായി അവറം കത്താവിനോടുകൂടി കുരിശുമരണത്തിൻെറ വേദന അനുഭവിച്ചതിൻെറ വണ്ണനതന്നെ കണ്ണുനീർ ചിന്താതെ വായിച്ചുതീക്കുവാൻ പലക്കും സാധിക്കുകയില്ല. ദൃക്സാക്ഷികളിൽ ഒരാറം പിന്നീട്ട് ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി: "കുരിശിൽ തൂങ്ങിമരിച്ച ഈശോയെ ദശിക്കുക; അതായിരുന്നു ആ നിമിഷങ്ങളിൽ ജെമ്മായുടെ ബാഹ്യരൂപം." ഇപ്രകാരം അവറം ദുഃഖശനിയാഴ്ച ഒരുമണിവരെ അവണ്ണനീയമായ മരണവേദന അനുഭവിക്കുകയും "ഈശോയെ, ഇനി എനിക്കൊന്നും ചെയ്യതീക്കാനില്ല; എൻെറ പാവപ്പെട്ട ആത്മാവിനെ നിന്നെ ഭരമേല്പിക്കുന്നു" എന്നു പറഞ്ഞുകൊണ്ടു് ഈശോയെപ്പോലെ തല ഒരു വശത്തേയ്ക്കു ചായിച്ച് അന്ത്യശ്വാസം വിടുകയും ചെയ്തു.

കേവലം ലൗകികസുഖങ്ങളെമാത്രം തേടിക്കൊണ്ടു് ജീവിതം പാഴാക്കുന്നവരുടെയും ദൈവപരിപാലനയിൽ കഷ്ടാരിഷ്ടതകറംക്കുള്ള സ്ഥാനം ശരിയായി ഗ്രഹിക്കാത്തതുകൊണ്ടു് നിരാശാഗർത്തത്തിൽ നിപതിച്ചു മൃഗതുല്യം സഹിക്കുന്നവരുടെയും കണ്ണുകറം തുറപ്പിക്കുവാൻ പററിയ ഒരു ജീവിതമാണ് വി. ജെമ്മായുടേതു്. ത്യാഗത്തിനു യാതൊരു വിലയും കല്പിക്കാതെ ഭോഗത്തിലാണ്ടുകിടക്കുന്ന ലോകം ദൈവകോപത്തെ

കൂട്ടതലായി ഉജ്ജ്വലിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ കാലത്ത് പാപപരിഹാരബലിയായി ജീവിതമർപ്പിച്ച വി. ജെമ്മായുടെ ജീവചരിത്രം പാരായണംചെയ്യുന്നത് അവളുടെ പാവനചരണങ്ങളെ അനുധാവനംചെയ്യുവാൻ പലക്കും പ്രേരകമാകാതിരിക്കുകയില്ല. ഇങ്ങനെ അതിയായ ആധ്യാത്മികപ്രയോജനമുളവാക്കാൻ പററിയ ഒരു ഗ്രന്ഥം സരളമായ ഭാഷയിൽ തൻെറ പൗരോഹിത്യസ്വീകരണത്തിൻെറ സ്മാരകമായി വിവർത്തനം ചെയ്തു പ്രസിദ്ധപ്പെടുത്തുന്നതിൽ റവ. ഫാദർ ഏ. പവ്വത്തിനെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുകയും ഇനിയും ഇതുപോലുള്ള കൃതിതല്ലജങ്ങൾ അദ്ദേഹത്തിൻെറ നവതൂലികയിൽനിന്നു കൈരളിക്കു കൈവരട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നതോടുകൂടി വിവർത്തകനു വിജയവും പുസ്തകത്തിനു പ്രചാരവും ആശംസിച്ചുകൊണ്ട് "വി. ജെമ്മാ ഗൾഗാനിയെ" ഞാൻ ഇതാ സവിനയം കേരളസഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

ഫാദർ എലിസേവൂസ്, ഒ. സി. ഡി.

തിരുവനന്തപുരം,
1949 മാർച്ച് 10-ാംനു-.

# വിഷയവിവരം.

ST. ANTONY'S ... ALWAYE, TRAVANCORE
S. I. RAILWAY STATION


| | | | പുറം |
|---|---|---|---|
| | | പ്രസ്താവന | |
| | | അവതാരിക | |
| അദ്ധ്യായം | 1 | ജനനം | 1 |
| ” | 2 | ഉണ്ണിയീശോയോടുള്ള സ്നേഹം | 9 |
| ” | 3 | വിദ്യാൎത്ഥിനി | 17 |
| ” | 4 | ജീവിതക്ലേശങ്ങൾ | 24 |
| ” | 5 | അത്ഭുതകരമായ രോഗശാന്തി | 30 |
| ” | 6 | കന്യകാലയകവാടത്തിങ്കൽ | 38 |
| ” | 7 | പഞ്ചക്ഷതങ്ങൾ | 45 |
| ” | 8 | ഗ്യാനിനിഭവനത്തിൽ | 52 |
| ” | 9 | ജെമ്മാ നൂതനഭവനത്തിൽ | 59 |
| ” | 10 | കുരിശുകൾ | 64 |
| ” | 11 | ജെമ്മായും പുതിയ ആദ്ധ്യാ: ഗുരുവും | 74 |
| ” | 12 | ജെമ്മായുടെ വീരസുകൃതങ്ങൾ | 83 |
| ” | 13 | ജെമ്മായുടെ ഭക്തിതീക്ഷ്ണത | 93 |
| ” | 14 | സമാധിയും മററു് ആദ്ധ്യാത്മിക ദാനങ്ങളും | 102 |
| ” | 15 | ജെമ്മായും കാവൽമാലാഖായും | 109 |
| ” | 16 | പൈശാചികപ്രലോഭനങ്ങൾ | 118 |
| ” | 17 | ലൂക്കായിലെ പീഡാനുഭവസഭ | 130 |
| ” | 18 | ക്രിസ്തുവിൻെറ മണവാട്ടി | 146 |
| ” | 19 | മരണം | 154 |
| ” | 20 | ജെമ്മാ വിശുദ്ധപദത്തിൽ | 165 |

# വി. ജെമ്മാഗൽഗാനി.

## ഒന്നാം അദ്ധ്യായം.

### ജനനം.

ഇററലിയിലെ പ്രകൃതിസുന്ദരമായ അപ്പനിയൻ കുന്നുകളുടെ ഉപത്യകയിൽ, തസ്കണിയിലെ ലൂക്കാപട്ടണത്തിൻെറ പ്രാന്തപ്രദേശത്ത്, സമ്പൽസമൃദ്ധവും പ്രശാന്തമോഹനവുമായ കമില്ലിയാനോഗ്രാമം സ്ഥിതിചെയ്യുന്നു. വൃക്ഷനിബിഡമായ മലഞ്ചെരിവുകളും ഫലസമൃദ്ധമായ കൃഷിസ്ഥലങ്ങളും ആ ഗ്രാമത്തിന് അലങ്കാരങ്ങളാണ്. വൃക്ഷശിഖരങ്ങളിൽ ഇരുന്നു കളക്രൂജനംചെയ്യുന്ന പൂങ്കിളികളും, പുൽത്തകിടികളിൽ സച്ഛന്ദം വിഹരിക്കുന്ന ആട്ടിൻകുട്ടികളും ആ പ്രദേശത്തിൻെറ രാമണീയകത്തിനു മാററു കൂട്ടുന്നുണ്ട്. മന്ദംമന്ദം ഗമിക്കുന്ന നദികളുടെ ഇരുപാൾ്ശ്വങ്ങളിലും ഇടതൂർന്നു വളരുന്ന മുന്തിരിച്ചെടികൾ ആ സ്ഥലത്തിൻെറ സൗകുമാര്യത്തിനു നിറപ്പകിട്ടു ചേക്കുന്നു. ഇന്നു ഭുവനപ്രസിദ്ധയായിത്തീന്നിരിക്കുന്ന വിശുദ്ധ ജെമ്മാഗൽഗാനിയുടെ ജന്മനാടാകാനുള്ള സൗഭാഗ്യം സിദ്ധിച്ചതു കത്തോലിക്കാ ചൈതന്യം തുളമ്പുന്ന ഈ വിനീതഗ്രാമത്തിനാണ്.

വന്ദ്യനായ ജിയോവാനി ലെയോനാട്ടിൻെറ വംശത്തിൽപ്പെട്ട എൻറിക്കോ ഗൽഗാനിയാണ് കഥാനായികയുടെ പിതാവ്. മാതാവായ ഔറേല്യാ, ഇററാലിയൻ പ്രഭുവംശങ്ങൾക്കു നട്ടനായകമായി വിലസിയിരുന്ന ഫെ്ളാറൻെറയിൻ ലാണ്ടിയെന്ന കുടുംബത്തിലെ ഒരു വനിതാരത്നമായിരുന്നു.

എൻറിക്കോ ഗൽഗാനിയും ഔറേല്യായും പരിശുദ്ധിയുടെ പരിമളം പരത്തിക്കൊണ്ടാണു ദാമ്പത്യജീവിതം സമാരംഭിച്ചതു്. ഇററാലിയൻ ഗ്രാമപ്രദേശങ്ങളിൽ സാധാരണമായി കാണാറുള്ള ഉത്തമ കത്തോലിക്കാകുടുംബങ്ങളുടെ ഒരു സജീവമാതൃകയായിരുന്നു നമ്മുടെ നവദമ്പതികളുടെ ഭവനം. അവരുടെ ദാമ്പത്യലതയിൽ എട്ടു മോഹനകുസുമങ്ങൾ മൊട്ടിട്ടു വളർന്നു. കഥാനായിക 1878 മാർച്ചു 12-ാം തീയതി അവരുടെ നാലാമത്തെ സന്താനമായിട്ടാണു ഭൂജാതയായതു്.

ഗൽഗാനിദമ്പതികൾ തങ്ങളുടെ വത്സല ശിശുവിനെ ദൈവത്തിൻറ ഒരു പ്രത്യേക ദാനമായിട്ടുതന്നെ സ്വീകരിച്ചു. ഒരു പെൺകുട്ടിയെ ലഭിക്കുന്നതിനു നടത്തിയ തീവ്രമായ പ്രാർത്ഥനയുടെ ഫലമായിട്ടുണ്ടായ സന്താനമാകയാൽ കുഞ്ഞിനെ ഓമനിച്ചു വളർത്തിയതിൽ അത്ഭുതപ്പെടുവാനില്ലല്ലോ. മകളെ അധികനാൾ ഉത്ഭവപാപത്തിൻറ കരിനിഴലിൽ വച്ചുകൊണ്ടിരിക്കുക അവർക്കു ദുസ്സഹമായിരുന്നു. അതിനാൽ പിറേറദിവസം തന്നെ കുട്ടി ജ്ഞാനസ്നാനജലത്താൽ പവിത്രീകൃതയായി. ഇങ്ങനെ അവൾ പാപവിമുക്തയും വരപ്രസാദസമ്പന്നയും പരാപരൻറ അരുമസന്താനവുമായിച്ചമഞ്ഞു. "മുത്തു്," "രത്നം" എന്നെല്ലാം അർത്ഥം ദ്യോതിപ്പിക്കുന്ന "ജെമ്മാ" എന്ന മനോജ്ഞനാമധേയമാണു മാമ്മോദീസായിൽ അവൾക്കു നല്കപ്പെട്ടതു്.

കുട്ടികളുടെ വിദ്യാഭ്യാസസൗകര്യത്തെ ലാക്കാക്കി എൻറിക്കോ താമസംവിനാ ലൂക്കായിലേക്കു മാറിത്താമസിച്ചു. ഇക്കാരണത്താൽ ജെമ്മായ്ക്കു "ലൂക്കായിലെ സ്ത്രീരത്നം" എന്ന അപരനാമം സംസിദ്ധമായി. തസ്കണിയുടെ തലസ്ഥാനമായ ലൂക്കാ, ഇററലിയിലെ പുരാതന നഗരങ്ങളിൽ ഒന്നാണു്. അവിടെ പ്രേക്ഷകരെ ആകർഷിക്കുവാൻ പര്യാപ്തമായ അതിപൗരാണികങ്ങളും മനോഹരങ്ങളുമായ കോട്ടകൊത്തളങ്ങൾ ഇന്നും കാണ്മാനുണ്ടു്. രാജവീഥിയുടെ ഇരുവശങ്ങളിലും മാമരങ്ങൾ ശാഖോപശാഖകൾ വിരിച്ചു തണലേകിക്കൊണ്ടു നിലകൊള്ളുന്നു. ലൂക്കായുടെ പ്രശസ്തിക്കു നിദാനമായിരിക്കുന്നതു് അതിപുരാത

നമായ അവിടത്തേ ക്രൈസ്തവദൈവാലയങ്ങളാണ്. വിശുദ്ധ മാർട്ടിന്റെ നാമധേയത്തിലുള്ള ഭദ്രാസനദൈവാലയമാണ് അവയെല്ലാം മകുടം ചാർത്തുന്നത്. ശില്പകലാനിർമ്മിതികളെക്കാറം അവിടെ നമ്മുടെ പ്രത്യേകശ്രദ്ധയെ ആകർഷിക്കുന്നത് നിക്കോദെമൂസ്സിനാൽ നിർമ്മിക്കപ്പെട്ടതെന്ന് ഐതിഹ്യം ഉദ്ഘോഷിക്കുന്ന ഒരു ക്രൂശിതരൂപമാണ്. ഈ ക്രൂശിതരൂപം മൂലം ലൂക്കാ "തിരുമുഖത്തിന്റെ പട്ടണം" എന്ന സംജ്ഞയാൽ അറിയപ്പെടുന്നു. പലസ്തീനായിൽനിന്നു് 782–ലേ ദുഃഖവെള്ളിയാഴ്ച പ്രസ്തുത ക്രൂശിതരൂപം ലൂക്കായിലേയ്ക്കു കൊണ്ടുവരപ്പെട്ടു എന്നാണു തദ്ദേശവാസികറം വിശ്വസിക്കുന്നത്.

വിശുദ്ധമായ ഈ കുരിശിന്റെ തണലിൽ വളർന്നുവന്ന ജെമ്മാ, ബാല്യം മുതൽ ക്രൂശിതനായ കർത്താവിന്റെ ഒരു പ്രത്യേക ഭക്തയായിരുന്നു. പ്രസ്തുത ക്രൂശിതരൂപത്തിന്റെ മുമ്പിൽ മുട്ടുകുത്തി ഭക്തിപൂർവ്വം അവറം പ്രാർത്ഥിച്ചിരുന്നു. തിരുമുഖത്തോടുള്ള ഈ ഭക്തിയിൽ കഥാനായികയെ അവളുടെ മാതാവു വളരെ പ്രോത്സാഹിപ്പിച്ചുവന്നു.

ഔറേല്യാ സുശീലയും സുകൃതിനിയുമായ ഒരുത്തമ മാതാവായിരുന്നു. അവളെ സംബന്ധിച്ചിടത്തോളം മതം, കേവലം ബാഹ്യമായ ഒരാചാരമായിരുന്നില്ല; പ്രത്യുത, ആന്തരികവ്യാപാരങ്ങളെ ക്രമവൽക്കരിച്ച് ആദ്ധ്യാത്മികോന്നതിയിലേയ്ക്കു നയിക്കുന്ന ഒരു ശക്തിവിശേഷമായിരുന്നു. ചുരുക്കത്തിൽ മതത്തിൽ ജീവിതവും, ജീവിതത്തിൽ മതവും അവറം കണ്ടെത്തി. ദൈവം, തന്നെ ഏല്പിച്ചിരിക്കുന്ന സന്താനങ്ങറം അനർഘരത്നങ്ങളാണെന്നു് അവറം ഗ്രഹിച്ചിരുന്നു.

ഗൽഗാനിദമ്പതികറം തങ്ങളുടെ സന്താനങ്ങളെയെല്ലാം അത്യധികം സ്നേഹിക്കുകയും അവരെ ഉത്തമ കത്തോലിക്കരായി വളർത്തിക്കൊണ്ടു വരുന്നതിന് അതീവശ്രദ്ധ ചെലുത്തുകയും ചെയ്തിരുന്നു. കഥാനായിക, ആദ്യംമുതൽക്കേ അവരുടെ ഹൃദയത്തിൽ അതിപ്രധാനമായ ഒരു സ്ഥാനം കരസ്ഥമാക്കി. ഈ പ്രത്യേക പ്രതിപത്തി കൂടുതൽ പ്രത്യക്ഷമായതു് എൻറിക്കോ

യിലാണ്. ലിസ്യുവിലെ വിശുദ്ധ ചെറുപുഷ്പത്തിൻെറ പിതാവിനെപ്പോലെ അദ്ദേഹം തൻെറ കുഞ്ഞുമകളെ സായാഹ്നസവാരിക്കു കൊണ്ടുപോകാറുണ്ടായിരുന്നു. അപ്രകാരം ചെയ്യുന്നതിനു സാധിക്കാതിരുന്ന അവസരങ്ങളിൽ വീട്ടിൽ തിരിച്ചെത്തിയാലുടൻ അദ്ദേഹം മകളെ അടുക്കൽ വിളിച്ചുവരുത്തി ലാളിക്കുക പതിവായിരുന്നു. പിതാവിൻെറ ഈ അതിവാത്സല്യം ജെമ്മായ്ക്കു് അത്ര ഇഷ്ടമായിരുന്നില്ല. സ്വതസ്സിദ്ധമായ നിഷ്കളങ്കതയോടെ പിതാവിനോട്ട് ഈ സംഗതി അവറം തുറന്നു പറഞ്ഞിട്ടുണ്ട്. ചിലപ്പോറം എൻറിക്കോ അവളെ ചുംബിക്കുന്നതിനു ശ്രമിച്ചാൽ തനിക്കിഷ്ടമില്ലെന്നു പറഞ്ഞ് ഒഴിഞ്ഞുമാറിയിരുന്നു. "എന്നെ ആരും തൊടുന്നതിന് എനിക്കിഷ്ടമില്ല; എന്നെ സ്പർശിക്കുന്നതിനും ചുംബിക്കുന്നതിനും ആരെയും അനുവദിക്കരുതെന്ന് ഈശോ എന്നോടു പറഞ്ഞിട്ടുണ്ട്," എന്നാണു താദൃശ സന്ദർഭങ്ങളിൽ അവറം പറയാറുണ്ടായിരുന്നത്. പുത്രിയെ അതൃപ്തിപ്പെടുത്താതിരിക്കുവാനായി അദ്ദേഹം പലപ്പോഴും ആത്മസംയമനം പാലിക്കുകയായിരുന്നു പതിവ്.

വളരെ ചെറുപ്പത്തിൽത്തന്നെ മററു കുട്ടികളോടൊന്നിച്ചു ജെമ്മാ വല്ലീനി വിദ്യാലയത്തിൽ ചേർക്കപ്പെട്ടു. പ്രസ്തുത വിദ്യാലയത്തിലെ അദ്ധ്യാപികമാർ അവളെ സംബന്ധിച്ചു പ്രസ്താവിച്ചിരിക്കുന്ന ഭാഗം ശ്രദ്ധേയമാണ്: "വത്സലയായ കൊച്ചുജെമ്മാ ഞങ്ങളുടെ വിദ്യാലയത്തിൽ വന്നപ്പോറം നന്നേ ചെറുപ്പമായിരുന്നു. ശൈശവത്തിൽപ്പോലും മുതിന്ന കുട്ടികളോടൊപ്പം ബുദ്ധിസാമത്ഥ്യം അവറം പ്രകടിപ്പിച്ചുപോന്നു. പക്വബുദ്ധിയും ചിന്താശീലയുമായിട്ടാണ് എപ്പോഴും അവളെ കണ്ടിരുന്നതു്. അകാരണമായി കരയുകയോ മററുള്ളവരുമായി വഴക്കടിക്കുകയോ അവറം ഒരിക്കലും ചെയ്തതായി ഞങ്ങറക്കറിവില്ല. സ്വതേ സുസ്മേരവദനയും പ്രശാന്തയുമായിരുന്ന അവറം പരിഹാസവും പ്രശംസയും ക്ഷോഭം കൂടാതെ സ്വീകരിക്കുന്നതിനു പരിശീലിച്ചിരുന്നു. ഗൗരവപൂർവ്വമായിരുന്നു അവളുടെ പ്രത്യുത്തരങ്ങറം. അവളെ ശാസിക്കേണ്ടതായ അവസരങ്ങറം

അധികം ഉണ്ടായിരുന്നില്ല. സ്നേഹപൂർവ്വകമായ ഒരു തിരുത്തൽ മതിയായിരുന്നു, ഏററവും നിസ്സാരമായ കുററങ്ങൾപോലും പരിപൂർണ്ണമായി വിട്ടുപേക്ഷിക്കുവാൻ അവളെ പ്രേരിപ്പിക്കുന്നതിന്. അവളുടെ മൂന്നു സഹോദരന്മാർ ഞങ്ങളുടെ സ്കൂളിൽ പഠിച്ചിരുന്നു അവരോടുപോലും അവൾ ഒരിക്കലെങ്കിലും കോപിച്ചതായിട്ടറിവില്ല. ഭക്ഷണത്തിനു കുററം പറയുന്നതായി ഞങ്ങൾ ഒരിക്കലും കേട്ടിട്ടുമില്ല. സംതൃപ്തിയും പ്രസന്നതയും സദാ അവളുടെ മുഖകമലത്തിൽ കളിയാടിയിരുന്നു."

ജെമ്മാ അനുദിനജപങ്ങളെല്ലാം അതിവേഗം ഹൃദിസ്ഥമാക്കി. അഞ്ചാമത്തെ വയസ്സിൽ പരിശുദ്ധ കന്യകയുടേയും മരിച്ചവരുടേയും ഒപ്പീസും ശ്രദ്ധാപൂർവ്വം അവൾ ജപിച്ചിരുന്നു എന്നതുമാത്രം മതി അവളുടെ പ്രാർത്ഥനാതത്പരത തെളിയിക്കുവാൻ. പ്രാർത്ഥനയിലും ആദ്ധ്യാത്മികകാര്യങ്ങളിലും അവൾക്കുണ്ടായിരുന്ന അന്യാദൃശമായ ഈ പ്രതിപത്തിയാണ് അവളിൽ ഏററം ശ്രദ്ധേയമായിരുന്ന സ്വഭാവവിശേഷം.

പ്രശാന്തമായി ചിന്തിക്കുന്നതിനും, നിരന്തരം ദിവ്യസംസർഗ്ഗത്തിൽ ഏപ്പെടുന്നതിനും സൗകര്യം ലഭിക്കുവാൻവേണ്ടി ജെമ്മാ, ചെറുപ്പത്തിൽപ്പോലും സഹപാഠികളിൽനിന്നും കഴിയുന്നതും അകന്നു ജീവിച്ചിരുന്നു. അവൾ തൻെറ വല്യമ്മയോടൊന്നിച്ചു താമസിച്ചിരുന്ന അവസരത്തിൽ ഉണ്ടായ ഒരു സംഭവം ഈ വസ്തുതയെ കൂടുതൽ വിശദമാക്കുന്നുണ്ട്. ഒരു ദിവസം ജെമ്മായെ വീട്ടിലെങ്ങും കണ്ടില്ല. വല്യമ്മയും മററും പൊടിപൊടിച്ച് അവിടെയെല്ലാം അവളെ അന്വേഷിച്ചു. ഒടുവിൽ ഒരു മുറിയുടെ ഒഴിഞ്ഞമൂലയിൽ അവർ അവളെ കണ്ടെത്തി. ആ ബാലിക മുട്ടുകുത്തി കൈകൾ കൂട്ടിപ്പിടിച്ച് കണ്ണുകൾ സ്വർഗ്ഗത്തിലേയ്ക്കുയർത്തി പ്രാർത്ഥിക്കുകയായിരുന്നു. പ്രാർത്ഥനാവസരങ്ങളിൽ അവളുടെ മുഖം വിടർന്നുവരുന്ന പുതുപുഷ്പംപോലെ വികസിക്കുന്നതും, കണ്ണുകൾ നക്ഷത്രങ്ങളെപ്പോലെ പ്രകാശിക്കുന്നതും ആർക്കും ദൃശ്യമായിരുന്നു. "ജെമ്മാ, നിന്നെ ഇവിടെയെല്ലാം അന്വേഷിച്ചു ഞാൻ മടുത്തു." വ്യഗ്രതയോടെ വല്യമ്മ പറഞ്ഞു.

"എൻെറ വല്യമ്മച്ചീ, നമ്മുടെ വത്സലമാതാവായ പരിശുദ്ധ കന്യകാമറിയത്തിൻെറ സ്തുതിക്കായി ഞാൻ ഒരു 'നന്മ നിറഞ്ഞ മറിയം' ജപിക്കയായിരുന്നു." സ്വതസ്സിദ്ധമായ നിഷ്കളങ്കതയോടെ അവൾ പ്രത്യുത്തരിച്ചു.

തൻെറ വത്സലപുത്രിയുടെ അന്തരംഗത്തിൽ അനുഭവപ്പെട്ടുകൊണ്ടിരുന്ന അസാധാരണമായ പ്രസാദവരപ്രവർത്തനങ്ങളെ സംബന്ധിച്ച് ആദ്യമായി ഗ്രഹിച്ചതു് ഔറേല്യായാണ്. അവൾ ഹൃദയപൂർവം ദൈവത്തിനു നന്ദി പറഞ്ഞു. അമ്മയും കുഞ്ഞുമകളും തമ്മിൽ അവാച്യമായ ഒരാദ്ധ്യാത്മികബന്ധം ഉണ്ടായിരുന്നു. പുത്രിയുടെ സ്വഭാവരൂപവൽക്കരണത്തെ ഈ ബന്ധം വളരെ സഹായിച്ചിട്ടുണ്ട്. എന്നാൽ ജെമ്മായുടെ അന്തരാത്മാവിൽ നടന്നുകൊണ്ടിരുന്ന പരിശുദ്ധാരൂപിയുടെ പ്രവർത്തനങ്ങളുടെ രഹസ്യം ശരിയായി ഗ്രഹിക്കുന്നതിന് അവളുടെ പിതാവിനു കഴിഞ്ഞില്ല.

ഭക്തയായ ഒരു സതീരത്നമായിരുന്നു ഔറേല്യാ. നിരവധി അംഗങ്ങളുള്ള ഒരു കുടുംബത്തിലെ കാര്യങ്ങൾ എല്ലാം നടത്തിക്കൊണ്ടു പോകുന്നതിനു രോഗിണിയായ ആ വനിതാമണി വളരെ ക്ലേശങ്ങൾ സഹിക്കേണ്ടതായി വന്നിട്ടുണ്ട്. അവൾ ഭക്തിപൂർവം അനുദിനദിവ്യകാരുണ്യത്തിനണയുവാൻ ബദ്ധപ്പെട്ടിരുന്നു. ആദ്ധ്യാത്മികജീവിതത്തിൽ ജെമ്മായുടെ ഉപാദ്ധ്യായ, സുകൃതിനിയും സമർത്ഥയുമായ അവളുടെ മാതാവല്ലാതെ മററാരുമായിരുന്നില്ല. വിശ്വാസസത്യങ്ങളെ ബാലഹൃദയങ്ങൾക്കു സുഗ്രഹമാംവണ്ണം വിശദീകരിച്ചു കൊടുക്കുന്നതിൽ ഔറേല്യായ്ക്കുണ്ടായിരുന്ന സാമർത്ഥ്യം ഒന്നു വേറെതന്നെ. ചില സന്ദർഭങ്ങളിൽ തൻെറ കുഞ്ഞുമക്കളെ അടുക്കൽ വിളിച്ച് ക്രിസ്തുനാഥനേയും അവിടുത്തെ പീഡകളേയും പററി ഹൃദയസ്പൃക്കമായ രീതിയിൽ അവൾ പറഞ്ഞു കേൾപ്പിക്കും. ക്രൂശിതരൂപം കാണിച്ചുകൊണ്ടു് അവൾ പറയും: "മകളേ! സ്നേഹനിധിയായ ക്രിസ്തുനാഥൻ നമുക്കുവേണ്ടിയാണ് ഇപ്രകാരം കുരിശിൽ മരിച്ചതു്." ഹൃദയത്തിൽ തുളഞ്ഞുകയറുന്ന പ്രസ്തുത വാക്കുകൾ

കേട്ടിട്ടു ജെമ്മാ ചോദിക്കും: "അമ്മേ, നല്ലവനായ ഈശോയെ ക്കുറിച്ചു കുറച്ചേട്ടിഎന്നോടു പറയുക." വത്സലയായ ആ മാതാവു വീണ്ടും സസന്തോഷം അപ്രകാരം ചെയ്യും. മററു ചില അവസരങ്ങളിൽ അവൾ ചോദിക്കും: "കുഞ്ഞുമകളേ, ഈശോയും ദൈവദൂതന്മാരും വസിക്കുന്ന പറുദീസായിൽ എന്നോടൊരുമിച്ചു പോരുന്നതിനു നിനക്കു് ആഗ്രഹമുണ്ടോ?"

ദൈവസ്നേഹം ജ്വലിക്കുന്ന ഹൃദയത്തോടെ പറുദീസായിലേക്കു പറന്നുപോകുവാൻ ജെമ്മാ അപ്പോൾ ആശിക്കും. ബാല്യത്തിൽ തനിക്കു ലഭിച്ച തീവ്രമായ ഈ ആഗ്രഹം ആജീവനാന്തം തന്നിൽ കത്തിജ്ജ്വലിച്ചുകൊണ്ടിരുന്നുവെന്നു് അവൾ പ്രസ്താവിക്കുന്നു. സ്വസന്താനങ്ങളെ വിശുദ്ധ കൂദാശകളുടെ സ്വീകരണത്തിന്നു് ഒരുക്കുന്നതിലും ഔറേല്യാ ഉത്സുകയായിരുന്നു. ശനിയാഴ്ചതോറും കുമ്പസാരത്തിനായി അവൾ അവരെ ദൈവാലയത്തിൽ അയച്ചിരുന്നു. ലഘുവായ സ്വന്തപാപങ്ങളെ സംബന്ധിച്ചുള്ള അപാരമായ ഹൃദയതാപത്തോടുകൂടിയാണു ജെമ്മാ ആദ്യമായി പാപസങ്കീർത്തനം ചെയ്തതു്. മാതാവിൻെറ വിദഗ്ദ്ധമായ പരിലാളനയിൽ, അവൾ, ആദ്ധ്യാത്മിക ജീവിതത്തിൽ പടിപടിയായി ഉയർന്നു വന്നു. പിൽക്കാലത്തു ജെമ്മാ പ്രസ്താവിക്കുന്നതു ശ്രദ്ധേയമാണു്: "എൻെറ പുണ്യതൽപരതയ്ക്കും ആദ്ധ്യാത്മികപുരോഗതിക്കും ദൈവസ്നേഹത്തിനും എൻെറ അമ്മയോടാണു ഞാൻ കടപ്പെട്ടിരിക്കുന്നതു്."

ഇതിനകം ഔറേല്യാ ക്ഷയരോഗിണിയായിത്തീർന്നു. തൻെറ അന്ത്യനാളുകൾ അടുത്തുവരുന്നതായി അവൾക്കനുഭവപ്പെട്ടു. സാംക്രമികരോഗമായിരുന്നതിനാൽ മററുള്ളവർ രോഗിണിയുടെ മുറിയിൽ പ്രവേശിക്കുന്നതു വിഹിതമല്ലെന്നു ഡോക്ടർ വിധിച്ചു. തൻെറ മരണത്തിനുമുമ്പു ജെമ്മാ സ്ഥൈര്യലേപനം സ്വീകരിച്ചുകണ്ടാൽ കൊള്ളാമെന്നു് ഔറേല്യാ ആഗ്രഹിച്ചു. വളരെ ശ്രദ്ധയോടുകൂടി അവളെ ഒരുക്കുന്നതിനായി ആ നല്ല മാതാവു ശ്രമിച്ചു. ഒരു മാലാഖായ്ക്കു ചേന്ന ഹൃദയതീക്ഷ്ണതയോടുകൂടി വിശുദ്ധ മിഖായേലിൻെറ ദൈവാലയത്തിൽവച്ചു്

1885—ൽ ഗിലാർദി മെത്രാപ്പോലീത്തായിൽനിന്നു ജെമ്മാ സ്ഥൈര്യലേപനം സ്വീകരിച്ചു. അനന്തരം രോഗിണിയായ തൻെറ മാതാവിനുവേണ്ടി ഹൃദയപൂർവ്വം അവരം പ്രാൎത്ഥിച്ചു. തദവസരത്തിൽ നടന്ന സംഭവം അവളുടെ വാക്കുകളിൽതന്നെ നാമുക്കു ശ്രവിക്കാം: "ഭക്തിപൂർവ്വം ഞാൻ ദിവ്യപൂജയിൽ സംബന്ധിക്കുകയായിരുന്നു. സുവ്യക്തമായ ഒരു സ്വരം എൻെറ കണ്ണുപുടങ്ങളിൽ മുഴങ്ങി:– "നിൻെറ മാതാവിനെ എനിക്കു തരുമോ?"

"തരാം; എന്നാൽ എന്നെക്കൂടി സ്വീകരിക്കണം."

"പോരാ, നിൻെറ മാതാവിനെമാത്രം ഇപ്പോരം തരിക. നീ നിൻെറ പിതാവിനോടൊന്നിച്ചു വസിച്ചുകൊള്ളുക. നിൻെറ മാതാവിനെ ഞാൻ സ്വൎഗ്ഗത്തിലേയ്ക്കു കൊണ്ടുപോകും."

"ഞാൻ അതിനു സമ്മതിച്ചു. ദിവ്യപൂജ കഴിഞ്ഞതയുടനെ ഞാൻ വീട്ടിലേയ്ക്കു് ഓടി. അമ്മ കിടക്കുകയാണ്. അവളെ നോക്കി, യാതൊന്നും സംസാരിക്കാൻ ശക്തയാകാതെ ഞാൻ വിമ്മിവിമ്മിക്കരഞ്ഞു."

ഔറേല്യാഗൽഗാനിയുടെ ഐഹികജീവിതം കുറെ ദിവസങ്ങരംകൂടി ദീർഘിച്ചു. പിതാവിൻെറ അനുമതിയോടുകൂടി ജെമ്മാ മാതാവിൻെറ അടുക്കൽതന്നെ നിന്നു സ്നേഹപൂർവ്വം ശുശ്രൂഷകരം ചെയ്തുപോന്നു. രോഗം പകൎന്നേക്കുമോ എന്ന ഭയംമൂലം, അവസാനം അവളും വത്സലമാതാവിൻെറ അടുക്കൽനിന്നു മാററപ്പെട്ടു. 1886 സെപ്ററംബർ 19–ാം തീയതി ജെമ്മാ തൻെറ അമ്മാവിയുടെ ഭവനത്തിൽവച്ചാണു തൻെറ മാതാവിൻെറ മരണത്തെക്കുറിച്ചുള്ള മൎമ്മഭേദകമായ വാൎത്ത ഗ്രഹിച്ചതു്. ഏഴുവയസ്സുമാത്രം പ്രായമുണ്ടായിരുന്ന കുഞ്ഞു ജെമ്മായ്ക്കു് ഈ സംഭവം എത്ര ഹൃദയഭേദകമായിരുന്നു. മേലിൽ തന്നെ ദൈവാലയത്തിൽ കൊണ്ടുപോകുന്നതിനും സ്നേഹനിധിയായ ഈശോയെപ്പററി സന്തോഷപൂർവ്വം പറഞ്ഞു മനസ്സിലാക്കുന്നതിനും ആരാണുള്ളതു്? ശൈശവത്തിൽ മാതാക്കരം നഷ്ടപ്പെട്ട പല കുട്ടികളും പ്രായപൂൎത്തിയാകുമ്പോഴാണു തങ്ങളുടെ

നഷ്ടത്തെക്കുറിച്ചു സങ്കടപ്പെടുന്നതു്. മരണം എന്താണെന്നു തന്നെ ബാല്യപ്രായത്തിൽ അവർ ഗ്രഹിക്കുന്നില്ല. "എന്റെ ഓമനസന്താനങ്ങളോടൊന്നിച്ചു സ്വർഗ്ഗസൗഭാഗ്യം അനുഭവിക്കുന്നതിനുള്ള അനുഗ്രഹം ലഭിക്കുന്നതിനായി ഞാൻ എന്റെ ജീവനെ സർവ്വശക്തനായ ദൈവത്തിനു സമർപ്പിക്കുന്നു." ഇപ്രകാരം പറഞ്ഞുകൊണ്ടാണ് ഔറേല്യാ ഇഹലോകവാസം വെടിഞ്ഞതു്.

# രണ്ടാം അദ്ധ്യായം.

## ഉണ്ണിയീശോയോടുള്ള സ്നേഹം.

ഔറേല്യായുടെ മരണശേഷം എൻറിക്കോ, പല സ്ഥലങ്ങളിലായി താമസിച്ചിരുന്ന തന്റെ വത്സലസന്താനങ്ങളെയെല്ലാം സ്വഭവനത്തിലേയ്ക്കു കൊണ്ടുവരുവാൻ തീരുമാനിച്ചു. തന്റെ അമ്മാവിയായ എലേനാ ലാൻട്രിയോടൊരുമിച്ചായിരുന്നല്ലോ ജെമ്മാ താമസിച്ചിരുന്നതു്. ജെമ്മായുടെ സൽസ്വഭാവത്തിൽ സംപ്രീതയായിത്തീർന്ന ആ മഹതി അവളെ തന്നോടൊന്നിച്ചു താമസിപ്പിക്കുന്നതിനാഗ്രഹിച്ചു. തന്റെ വത്സലപുത്രിയെക്കൂടാതെ ജീവിക്കുക വിഷമമായി തോന്നുകയാൽ എൻറിക്കോ അവളെ സ്വഭവനത്തിലേയ്ക്കു കൊണ്ടുപോന്നു.

ധാരാളമായി മഞ്ഞുപൊഴിഞ്ഞുകൊണ്ടിരുന്ന ശീതകാലത്തിലെ ഒരു പ്രഭാതത്തിലാണു ജെമ്മാ തന്റെ വളർത്തമ്മയുടെ വീട്ടിൽനിന്നും സ്വഭവനത്തിലേയ്ക്കു പുറപ്പെട്ടതു്. അവളുടെ മനസ്സിനെ ആകർഷിക്കുവാൻ പര്യാപ്തമായ പുല്ത്തകിടികളോ, പുതുപുഷ്പങ്ങളൊ, ചെറുപക്ഷികളൊ അവിടെ എങ്ങും കാണപ്പെട്ടിരുന്നില്ല. മാതൃവിയോഗസ്മരണ അവളെ വല്ലാതെ അല

ട്ടിയിരുന്നു. പുത്രിയെ എൻറിക്കോ സസന്തോഷം സ്വീകരിച്ചു. തൻെറ ഹൃദയവ്യഥയെ നിയന്ത്രിക്കുന്നതിനു മാത്രമല്ല മററുള്ള വരെ സമാശ്വസിപ്പിക്കുന്നതിനുംകൂടി ജെമ്മായ്ക്കു വിനാവിളംബം സാദ്ധ്യമായി. "എന്തിനാണു നാം വൃഥാ ദുഃഖിക്കുന്നതു്; നമ്മുടെ വത്സലമാതാവു് സ്വർഗ്ഗത്തിലേയ്ക്കല്ലെ പോയിരിക്കുന്നതു്" എന്നു് അവഠം സഹോദരീസഹോദരന്മാരോടു പറയാറുണ്ടായിരുന്നു.

അധികകാലം കഴിയുന്നതിനു മുൻപു് ജെമ്മായെ ലൂക്കായിലുള്ള വിശുദ്ധ സീത്തായുടെ സഹോദരികളുടെ സ്കൂളിൽ ചേത്തു. പരിശുദ്ധാത്മാവിൻെറ ദാസികഠം എന്നും ഈ സഹോദരികഠം അറിയപ്പെടുന്നു. സഭാസ്ഥാപികയായ എലേനാ സന്തോഷസമേതം അവളെ അവിടെ സ്വീകരിച്ചു.

എലേനാ തികഞ്ഞ ഒരു വിദ്യാഭ്യാസപ്രവത്തകയും നിറഞ്ഞ ഒരു സുകൃതിനിയുമായിരുന്നു. പരിശുദ്ധാത്മാവിനോടുള്ള സാക്ഷാൽ ഭക്തി വദ്ധിപ്പിക്കുവാൻ കഴിവുള്ള സകല ശ്രമങ്ങളും ചെയ്യണമെന്നു് അവർ തീച്ചപ്പെടുത്തിയിരുന്നു. അധഃപതിച്ചുകൊണ്ടിരിക്കുന്ന വിശ്വാസം സുരക്ഷിതമായി വച്ചുകൊണ്ടിരിക്കുന്നതിനുള്ള ഏകമാഗ്ഗം ഈ ഭക്തിയാണു് എന്നായിരുന്നു അവരുടെ അഭിപ്രായം. ക്രിസ്തുനാഥൻ അവതീണ്ണനായി മനുഷ്യരക്ഷ സാധിച്ചതുപോലെ പരിശുദ്ധാത്മാവു് പന്തക്കുസ്താത്തിരുനാളിൽ എഴുന്നെള്ളിവന്നു നമ്മുടെ വിശുദ്ധീകരണം സാധിച്ചു. അവിടുന്നു തൻെറ ജോലി നിവ്ഹിച്ചുകൊണ്ടു നമ്മുടെയിടയിൽ വസിക്കുന്നു. എന്നാൽ അവിടുത്തേയ്ക്കു ദൈവപുത്രനു ലഭിച്ചതുപോലെയുള്ള ബഹുമാനാദരങ്ങഠം ഇനിയും ലഭിച്ചിട്ടില്ല. ആകയാൽ പരിശുദ്ധാത്മാവു് കൂടുതൽ അറിയപ്പെടുന്നതിനും സ്നേഹിക്കപ്പെടുന്നതിനുമായി വേലചെയ്യുക എന്നതായിരുന്നു സിസ്റ്റർ എലേനായുടെ ജീവിതോദ്ദേശ്യം.

വിദ്യാലയജീവിതം ജെമ്മായ്ക്കു് ആനന്ദപ്രദമായി ത്തോന്നി. അവഠം തൻെറ ആത്മകഥാകഥനത്തിൽ കുറിക്കുന്നു: "കന്യാസ്ത്രീകളുടെ വിദ്യാലയത്തിലാണു് ഞാൻ പഠനം ആരം

ിച്ചതു്. അവരോടൊന്നിച്ചുള്ള ജീവിതം പറുദീസായിലെ വാസംപോലെ എനിക്കു സന്തോഷപ്രദമായിരുന്നു."

ജെമ്മായ്ക്കു് ഒൻപതു വയസ്സായി. ദിവ്യകാരുണ്യം വഴിയായി ഈശോയെ സ്വീകരിക്കുവാൻ അവാം തീവ്രമായ ആഗ്രഹം പ്രദർശിപ്പിച്ചു. തൻെറ പിതാവിനോടും ഉപാദ്ധ്യായകളോടും ആദ്ധ്യാത്മികഗുരുവിനോടും, വിശുദ്ധ കുർബാനവഴിയായി ഈശോയെ സ്വീകരിക്കുവാൻ തന്നെ അനുവദിക്കണമെന്നു് അവാം കേണപേക്ഷിച്ചിരുന്നു. എന്നാൽ നിയമപരമായ തടസ്സംമൂലം അവളുടെ ആഗ്രഹം സാധിച്ചുകൊടുക്കുന്നതിനു് അവർക്കു കഴിഞ്ഞില്ല. ഈശോയെ സ്വീകരിക്കുന്നതിനായി സകല പാപങ്ങളിൽനിന്നും — ഏററവും നിസ്സാരമായവയിൽനിന്നുപോലും — വിമുക്തയായിരിക്കണമെന്നു് അവർ ജെമ്മായെ അറിയിച്ചപ്പോാം അവാം പറയുകയാണ്: "എനിക്കു് ഈശോയെ തരിക; അപ്പോാം ഞാൻ എത്ര നല്ലവളായിത്തീരുമെന്നു നിങ്ങാം കാണും. ഞാൻ പരിപൂർണ്ണമായി രൂപാന്തരപ്പെട്ട മറെറാരുത്തിയായിത്തീരും. അവിടുത്തെക്കൂടാതെ ജീവിക്കുവാൻ എനിക്കു സാദ്ധ്യമല്ല."

കൊച്ചുകുട്ടികാംക്കു ശൈശവത്തിൽത്തന്നെ വിശുദ്ധ കുർബാന നല്കുന്നതുകൊണ്ടുള്ള ഗുണം മനസ്സിലാക്കുവാൻ, ആത്മാക്കളുടെ നിയന്ത്രണത്തിൽ ഏർപ്പെട്ടിരിക്കുന്നവക്കു മാത്രമേ സാധിക്കയുള്ളു. ആദിമക്രിസ്ത്യാനികളുടെ ഇടയിൽ നടപ്പിലിരുന്ന ഒരു സമ്പ്രദായമാണു് ശിശുക്കളെ ദിവ്യകാരുണ്യം സ്വീകരിക്കുവാൻ അനുവദിക്കുകയെന്നതു്. കുട്ടികാംക്കു വിശുദ്ധ കുർബ്ബാനയെ മററു വസ്തുക്കളിൽനിന്നും തിരിച്ചറിയുന്നതിനുള്ള ഗ്രഹണശക്തി ലഭിക്കുമ്പോാം മുതൽ അതിനെ സ്വീകരിക്കുവാൻ പുണ്യശ്ലോകനായ പത്താം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ഈ അടുത്തകാലത്തു് അനുവദിച്ചിരിക്കുന്നു. "ഏഴാമത്തെ വയസ്സിൽ കുട്ടികാംക്കു വിശുദ്ധ കുർബാന ഉാംക്കൊള്ളുവാൻ അനുവദിച്ചുകൊണ്ടുള്ള കല്പന പുറപ്പെടുവിച്ചതുകൊണ്ടു് അതിനായി പരിശുദ്ധ പിതാവിനെ കാണുമ്പോാം ഞാൻ നന്ദി

പ്രകടിപ്പിക്കും" എന്നു ദിവ്യകാരുണ്യബാലനായ ഗീ പ്രസ്താവിക്കുന്നതു് ഇത്തരുണത്തിൽ സ്മത്തവ്യമാണു്.

ജെമ്മായുടെ ചെറുപ്പത്തിൽ ശിശുക്കളുടെ ദിവ്യകാരുണ്യസ്വീകരണം പ്രചാരത്തിലായിരുന്നില്ല. അവളുടെ തീക്ഷ്ണമായ ആഗ്രഹത്തിൻെറ ഫലമായി വിശുദ്ധ കർബാന ഉൾക്കൊള്ളുന്നതിനുള്ള ഒരുക്കം തുടങ്ങുന്നതിനു് അവൾക്കു് അനുമതി ലഭിച്ചു. ഈ വാത്ത അവളുടെ ആത്മാവിൽ ആനന്ദത്തിൻെറ കോരിത്തരിപ്പുളവാക്കി. ദിവ്യകാരുണ്യനാഥനോടു കുട്ടികൾക്കു സവിശേഷമായ ഒരു സ്നേഹം അനുഭവപ്പെടുന്നു. വിശുദ്ധ കർബാന സ്വീകരിക്കുമ്പോൾ ദൈവവും ആത്മാവും തമ്മിലുണ്ടാകുന്ന ഐക്യം പുണ്യാത്മാക്കൾ സ്വൎഗ്ഗത്തിൽ നിത്യമായി അനുഭവിക്കാനിരിക്കുന്ന സംപൂണ്ണമായ ഐക്യത്തിൻെറ ഒരു നാന്ദിയല്ലാതെ മറെറന്താണു്? ദിവ്യകാരുണ്യസ്വീകരണം വഴി ദൈവവുമായുള്ള ഐക്യം ഒരു വലിയ കാര്യമായിട്ടു തന്നെ ജെമ്മാ കരുതി. രാജകീയ പ്രവാചകനെപ്പോലെ അവൾക്കും വിളിച്ചുപറയാമായിരുന്നു. "ഹാ! ദൈവമേ, കലമാൻ നീരുറവകളെ ആഗ്രഹിക്കുന്നതുപോലെതന്നെ എൻെറ ആത്മാവു നിന്നെ അഭിലഷിക്കുന്നു." പ്രഥമ ദിവ്യകാരുണ്യസ്വീകരണം പലക്കും ജീവിതപരിവത്തനത്തിനു കാരണമായിത്തീന്നിട്ടുണ്ടു്. വിശുദ്ധ അലോഷ്യസിൻേറയും മററു പല വിശുദ്ധാത്മാക്കളുടേയും ജീവിതത്തിൽ എന്നപോലെ ജെമ്മായ്ക്കും പ്രഥമദിവ്യകാരുണ്യസ്വീകരണദിനം ഐഹികജീവിതത്തിലേ ഏററവും ആനന്ദസംദായകമായ ദിവസമായിരുന്നു. പ്രഥമ ദിവ്യകാരുണ്യസ്വീകരണംവഴി ഈശോയുമായുണ്ടാകുന്ന ഐക്യമാണു് ഒരു മനുഷ്യൻെറ ജീവിതത്തിലേ ഏററവും അഭികാമ്യമായ അനുഭവമെന്നു തൻെറ മാതാവിൽനിന്നും ജെമ്മാ മനസ്സിലാക്കിയിരുന്നതിനാൽ അതിനായി പ്രാത്ഥനയും പരിത്യാഗവും വഴി യഥാവിധി അവൾ ഒരുങ്ങി. സ്വഹൃദയാരാമത്തിൽ മുളച്ചുവളന്ന സുകൃതസുമങ്ങളുടെ ഒരു മഞ്ജരി തൻെറ ഹൃദയനാഥനായ ഈശോയുടെ തൃച്ചേവടികളിൽ കാഴ്ചയപ്പിക്കണെ

മെന്നു് അവരം നിശ്ചയിച്ചു. തൻെറ ഹൃദയനിമ്മലതയെ ദ്യോതിപ്പിക്കുന്ന ലില്ലിയും, സ്നേഹപ്രകഷ്മം സ്ഫുരിപ്പിക്കുന്ന റോസും, വിനയഭാവം സൂചിപ്പിക്കുന്ന മല്ലികയും അക്കൂട്ടത്തിൽ ഉണ്ടായിരിക്കണം.

ആ മഹാമഹത്തിനു യഥാവിധി തയ്യാറാകുവാൻ കന്യാസ്ത്രീകളോടൊന്നിച്ചു് കുറെ ദിവസങ്ങരം വസിക്കുവാനുള്ള അനുവാദം അവരം പിതാവിൽനിന്നും വാങ്ങി. ദിവ്യകാരുണ്യസ്വീകരണത്തിന്നു് എത്രമാത്രം ഒരുങ്ങിയാലും കൂടുതലായിപ്പോകുകയില്ലല്ലോ. ദൈവസ്നേഹപ്രകരണങ്ങരം നിരന്തരം ഉരുവിട്ടുകൊണ്ടും പരിത്യാഗപ്രവൃത്തികരം അനുഷ്ഠിച്ചുകൊണ്ടും ആ ദിവസങ്ങളെല്ലാം അവരം ചെലവഴിച്ചു. പ്രസ്തുതാവസരത്തിൽ ജെമ്മാ പിതാവിനു താഴെ വരുന്നപ്രകാരം ഒരു കത്തെഴുതി:

പ്രിയ പിതാവേ,

"നാളെ ഞാൻ ആദ്യകുർബാനകൈക്കൊള്ളുന്ന ദിവസമാണു്. എൻെറ ഹൃദയം സന്തോഷത്താൽ തുള്ളിച്ചാടുന്നു. അങ്ങയോടെനിക്കുള്ള നിർവ്യാജമായ സ്നേഹത്തിൻെറ ചിഹ്നമായി ഈ കത്തു സ്വീകരിക്കണമേ. എന്നിൽ എഴുന്നെള്ളിവരുന്ന ഈശോനാഥനെ ഹൃദയനൈമ്മല്യത്തോടും യോഗ്യതയോടുംകൂടി സ്വീകരിക്കുന്നതിനുള്ള അനുഗ്രഹം ആ സ്നേഹനിധിയിൽനിന്നുതന്നെ പ്രാത്ഥിച്ചു തരുവിക്കണമേ. എൻെറ എല്ലാ തെററുകളും ക്ഷമിച്ചു ഹൃദയപൂവ്വം അനുഗ്രഹിക്കുവാൻ അഭ്യത്ഥിക്കുന്നു."

എന്നു്, കുഞ്ഞുമകരം ജെമ്മാ.

പ്രഥമ ദിവ്യകാരുണ്യസ്വീകരണാനന്തരം ജെമ്മാ ചെയ്ത ശ്രദ്ധേയമായ പ്രതിജ്ഞകരം താഴെ കുറിക്കുന്നു: "പാപസങ്കീത്തനവും ദിവ്യകാരുണ്യസ്വീകരണവും നടത്തുന്ന ഓരോ പ്രാവശ്യവും അവ എൻെറ അവസാനത്തെ പ്രവൃത്തികളായി പരിഗണിച്ചുകൊണ്ടു ഞാൻ ചെയ്യും. ദിവ്യനാഥനായ ഈശോയെ

അടുക്കലടുക്കൽ സന്ദർശിക്കും. ക്ലേശങ്ങളും ദുരിതങ്ങളും അനുഭവിക്കേണ്ടിവരുമ്പോൾ അവിടുത്തെ കൂടുതൽ അനുസ്മരിക്കും. പരിശുദ്ധ കന്യകാമറിയത്തിൻെറ തിരുനാളുകളിൽ എന്തെങ്കിലും പരിത്യാഗങ്ങൾ ചെയ്തുകൊണ്ട് അനുഗ്രഹങ്ങൾ യാചിക്കും. ദിവസംതോറും കിടക്കുന്നതിനു മുമ്പ്, ആ നല്ല അമ്മയുടെ സഹായം അഭ്യർത്ഥിക്കുന്നതിനു മറക്കുന്നതല്ല. സദാ ദൈവസാന്നിധ്യചിന്ത നിലനിറുത്തുന്നതിനു പരിശ്രമിക്കും. നാഴികമണി അടിക്കുന്നതു കേൾക്കുമ്പോൾ 'ഈശോയെ എൻെറ മേൽ കൃപയായിരിക്കണമേ' എന്ന സുകൃതജപം ചൊല്ലും."

ഹൃദയം കവിഞ്ഞൊഴുകുന്ന സ്നേഹവികാരങ്ങളോടു കൂടി അവൾ പ്രതീക്ഷിച്ചിരുന്ന ആ ദിനം വന്നുദിച്ചു. പൂർവ്വദിങ്മുഖത്തിൽ അഭൂതപൂർവ്വമായ പ്രകാശം പരക്കുന്നതായി അവൾക്കു തോന്നി. ക്രിസ്തുരാജനെ എതിരേല്ക്കുന്നതിന്, പ്രഭാതസൂര്യനോടൊപ്പം സ്നേഹനിർഭരമായ അവളുടെ ഹൃദയവും ഉണർന്നു കഴിഞ്ഞു. ഉണ്ണിയീശോയെ വണങ്ങുന്നതിനായി വന്നണയുന്ന വാനവദൂതഗണം "ഉന്നതങ്ങളിൽ സർവ്വശക്തനു സ്തുതിയും ഭൂമിയിൽ നന്മനസ്സുള്ളവർക്കു സമാധാനവും" എന്ന് ഏററുപാടി.

അന്ന് ഒരു ഞായറാഴ്ചയായിരുന്നു. ജെമ്മായുടെ അന്നത്തെ ഹൃദയവികാരങ്ങൾ ഏതാണ്ടെങ്കിലും ഗ്രഹിക്കുന്നതിനു നമുക്ക് അവളുടെ വാക്കുകൾതന്നെ ശ്രവിക്കാം. "ആദ്യമായി ദിവ്യരാജനെ സ്വീകരിക്കുവാൻ അതിരാവിലേ ഉണർന്നു ഞാൻ ദൈവാലയത്തിലേയ്ക്ക് ഓടി. എൻെറ ആഗ്രഹം സമ്പൂർണ്ണമായി നിറവേറി. ഈശോ എൻെറ ബലഹീനമായ ഹൃദയത്തിൽ എഴുന്നെള്ളി വന്നു. എൻെറ അഭിലാഷങ്ങളെല്ലാം പൂർത്തിയായി. 'എന്നെ ഭക്ഷിക്കുന്നവൻ എന്നിൽ ജീവിക്കും' എന്ന അവിടുത്തേ വാക്കുകളുടെ അർത്ഥം ഞാൻ അനുഭവിച്ചറിഞ്ഞു. ആ നിമിഷത്തിലേ എൻെറ വികാരങ്ങൾ വർണ്ണിക്കുന്നതിനു വാക്കുകൾ പോരാ. ആനന്ദപൂർണ്ണമായ ആ വിനാഴികയിൽ ഈശോയും ഞാനുമായി എന്തു നടന്നുവെന്നു വിവരിക്കുക അസാദ്ധ്യം. സ്വർഗ്ഗീയസൗഭാഗ്യങ്ങളും ഐഹികസന്തോഷ

ങ്ങളും തമ്മിലുള്ള വ്യത്യാസം അപ്പോഴാണ് ഞാൻ മനസ്സിലാക്കിയതു്. അനന്തകാലത്തേയ്ക്കു ദൈവവുമായി സംയോജിക്കുവാൻ ഞാൻ ആഗ്രഹിച്ചു."

ഒരു ബാലികയിൽനിന്നു് ഇത്തരം വാക്കുകൾ നാം പ്രതീക്ഷിക്കയില്ല. ദൈവസന്നിധിയിൽ നിത്യം ആരാധനാനിരതരായിക്കഴിഞ്ഞുകൂടുന്ന സെറാഫിന്മാരുടെ നിശ്ശബ്ദമായ സ്തോത്രഗീതമോ സമാധിയിൽ ലയിച്ചിരിക്കുന്ന സ്നേഹപരവശന്റെ സ്നേഹദ്യോതകമായ വാക്കുകളോ ആണ് ഇവയെന്നു നമുക്കു തോന്നിപ്പോകും.

പ്രഥമ ദിവ്യകാരുണ്യസ്വീകരണദിനം, മിക്ക കുട്ടികൾക്കും സാധാരണ ദിനങ്ങൾപോലെ കഴിഞ്ഞുപോയെന്നുവരാം. അന്നു പ്രഭാതത്തിൽ ഉണ്ടാകുന്ന സന്തോഷവും പ്രസരിപ്പുമെല്ലാം സായാഹ്നത്തോടുകൂടി അവസാനിക്കും. കഷ്ടം, അതിവേഗം വിസ്മരിച്ചുകളയേണ്ട ഒരു ദിനമല്ല അതു് എന്നു് എത്ര ആളുകൾ മനസ്സിലാക്കുന്നുണ്ടു്? "എന്റെ ജീവിതത്തിലേ ഏററം സൗഭാഗ്യപ്രദമായ ദിവസം പ്രഥമ ദിവ്യകാരുണ്യസ്വീകരണദിമാകുന്നു" എന്നു മഹാനായ നെപ്പോളിയൻ പ്രസ്താവിച്ചിട്ടുള്ളതു സ്മരണീയമാണ്. ലോകമായകളുടെ നിസ്സാരതയെ സംബന്ധിച്ച് അദ്ദേഹം സെൻറ് ഹെലേനായിൽവച്ചു നടത്തിയ ചിന്തയുടെ ഫലമോ, മഹാനായ ഒരു രാഷ്ട്രപതിയുടെ ജീവചരിത്രത്തിനു മാററു കൂട്ടുവാൻ ഗ്രന്ഥകാരൻ എഴുതിച്ചേർത്ത ഒരു വാചകമോ എന്നു സംശയിക്കപ്പെട്ടേക്കാം ഈ പ്രസ്താവന. ഏതായാലും പ്രഥമ ദിവ്യകാരുണ്യസ്വീകരണദിനത്തിന്റെ മാഹാത്മ്യം ഗ്രഹിക്കുന്നതിന് ഇതു നമ്മെ സഹായിക്കും. ഒരു ക്രൈസ്തവന്, ആദ്ധ്യാത്മികവും സാന്മാർഗ്ഗികവുമായ നിയമങ്ങളുടെയെല്ലാം അസ്ഥിവാരം ദിവ്യകാരുണ്യമല്ലാതെ മറെറാന്നുമല്ല.

ജെമ്മായുടെ പ്രഥമ ദിവ്യകാരുണ്യസ്വീകരണദിനം അതിവേഗം കടന്നുപോയി. എങ്കിലും അന്നു് അവളുടെ ആത്മാവിന്റെ വെൺഭിത്തിയിൽ ചാർത്തപ്പെട്ട മോഹനരൂപം മറഞ്ഞുപോകാതെ നിത്യം നിലനിന്നു. അനന്തരകാലത്തിൽ ദിവ്യകാ

രുണ്യം സ്വീകരിച്ചപ്പോഴെല്ലാം തീവ്രമായ ഭക്തി അവരം കാണിച്ചിരുന്നു. ദിവ്യകാരുണ്യസ്വീകരണം, അനുദിനജീവിതത്തിലെ ഒരു സാധാരണസംഭവമായി അവരം തള്ളിയില്ല. പ്രത്യുത, വിശുദ്ധ അലോഷ്യസിനെ അനുകരിച്ച് വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനു മുമ്പു ദീർഘനേരം അതിനായിട്ട് ഒരുങ്ങുകയും വിശുദ്ധ കുർബാന ഉരംക്കൊണ്ടശേഷം വളരെ സമയം ഉപകാരസ്മരണയ്ക്കായി ചെലവഴിക്കുകയും ചെയ്തുവന്നു. ദിവ്യകാരുണ്യനാഥൻ, ജെമ്മായുടെ ഉത്തമമിത്രമായിരുന്നു. ജെമ്മാ ഒരു കത്തിൽ പറയുന്നു: "തിരുഹൃദയത്തിരുനാരം എനിക്ക് ഒരു വലിയ ദിവസമാണ്. അന്നു ഞാൻ സ്വർഗ്ഗീയാനന്ദമാണ് അനുഭവിക്കുന്നത്. ഈശോയോടൊന്നിച്ച കളിച്ചു ചിരിച്ച് ആ ദിവസം ഞാൻ കഴിച്ചുകൂട്ടും. അവിടുത്തോടൊന്നിച്ച് ഏകാന്തതയിൽ ഇരിക്കുന്നതാണ് എനിക്കേററവും പ്രിയംകരം. ഐഹികചിന്തകരം എന്നെ വിട്ടകലട്ടെ, എനിക്ക് ഈശോയിൽമാത്രം ജീവിക്കണം. ഈശോനാഥാ, എന്നോടു കരുണയായിരിക്കുക. എൻെറ നിസ്സാരതയെപ്പററിയുള്ള ബോധം അനന്തനന്മയായ അങ്ങിലേയ്ക്ക് എന്നെ വലിച്ചടുപ്പിക്കട്ടെ."

"തിരുഹൃദയത്തിരുനാളായ ഇന്നലെ, എൻെറ പ്രഥമ ദിവ്യകാരുണ്യസ്വീകരണദിനത്തിലെ ആനന്ദമാണ് എനിക്കനുഭവപ്പെട്ടത്. അപ്പോരം പറുദീസായിലെ പരമാനന്ദത്തെ സംബന്ധിച്ച ഞാൻ അനുസ്മരിച്ചു. ആദ്യകുർബാനകൈക്കൊണ്ട ദിവസം എനിക്കനുഭവപ്പെട്ട പരമാനന്ദം എത്ര ഹൃദ്യമായിരുന്നു. അന്നു സ്വർഗ്ഗീയസൗഭാഗ്യംതന്നെ ഞാൻ അനുഭവിച്ചു. ദൈവസ്നേഹാഗ്നി അതിതീവ്രമായി എൻെറ ഹൃദയത്തിൽ ഉജ്ജ്വലിച്ചു. ഓ! ഈശോ, അവിടുന്നു് എൻെറ ആത്മാവിൽ സത്യമായി സ്ഥിതിചെയ്യുമ്പോരം അവിടുത്തെ ദിവ്യഹൃദയവും അവിടുത്തെ സൗഭാഗ്യവും എൻേറതാകുന്നു."

# മൂന്നാം അദ്ധ്യായം.

## വിദ്യാൎത്ഥിനി.

ആധുനികയുഗത്തിൽ, കത്തോലിക്കാസഭാവാടിയിൽ പുണ്യപരിമളം പരത്തിയിട്ടുള്ള സുന്ദരസുമങ്ങളിൽ ആദ്ധ്യാത്മികാശ്വാസങ്ങളാകുന്ന പോഷണം അധികം ലഭിക്കാതെ വിടൎന്നു വികസിച്ച ഒരു പുഷ്പമാണു ജെമ്മാഗൽഗാനി. കല്ലും മുള്ളും നിറഞ്ഞ അവളുടെ ജീവിതത്തിൽ ഹ്രസ്വമായ ഒരു വസന്തമുണ്ടായിരുന്നു. അതാണ് അവളുടെ ചുരുങ്ങിയ വിദ്യാഭ്യാസകാലം.

ജീവിതമാൎഗ്ഗത്തിൽ പുതുപുഷ്പങ്ങൾ വിരിച്ചിരിക്കുന്നതായിട്ടാണ് അന്ന് അവൾ കണ്ടതു്. പ്രഭാതത്തിൽ ഇളംവെയിലേററ മന്ദമാരുതനിൽ ലാലസിക്കുന്ന ചെറുപുഷ്പംപോലെ അവൾ ദൈവത്തിൻേറയും മനുഷ്യരുടേയും "ഓമന"യായി വളൎന്നുവന്നു. കുയിൽകുഞ്ഞിനെപ്പോലെ എപ്പോഴും അവൾ ആനന്ദമുരളി മുഴക്കിയിരുന്നു. വിദ്യാലയത്തിലും വീട്ടിലും ഒരു "കൊച്ചുറാണി"യെപ്പോലെ അവൾ വിളങ്ങി. മന്ദഹാസവും പ്രസന്നതയുമായിരുന്നു അവളുടെ നിത്യസഖികൾ. പിതാവിൻേറയും കന്യാസ്ത്രീകളുടേയും അധ്യാപികമാരുടേയും വാത്സല്യഭാജനമായിരുന്നു അവൾ.

സിസ്റ്റർ കമീലാ ജെമ്മായോടു പറയുക പതിവായിരുന്നു: "പ്രിയ ജെമ്മാ, നീ നല്ല കുട്ടിയാകയാൽ ദൈവം നിന്നെ അത്യധികം സ്നേഹിക്കുന്നുണ്ടു്." ആ സഹോദരിയാണ് നമ്മുടെ ദിവ്യരക്ഷകൻെറ പീഡാനുഭവങ്ങളെപ്പററി നിരന്തരം ധ്യാനിക്കുവാൻ കഥാനായികയെ പഠിപ്പിച്ചതു്. തൻെറ ശിക്ഷണത്തിന് ഏല്പിക്കപ്പെട്ടിരിക്കുന്ന ജെമ്മായ്ക്കു വളരെ കഷ്ടതകൾ ഭാവിയിൽ സഹിക്കേണ്ടിവരുമെന്ന് അവർ നേരത്തേ മനസ്സിലാക്കിയിരുന്നതായി തോന്നുന്നു.

ആ സ്കൂളിലെ ഒരു അധ്യാപിക ജെമ്മായെ സംബന്ധിച്ചു പ്രസ്താവിക്കുന്നതു ശ്രദ്ധേയമാണ്. "അധ്യാപികമാരും അധ്യേതാക്കളും അവളെ ഹൃദയപൂർവ്വം സ്നേഹിച്ചിരുന്നു. വിദ്യാലയത്തിൻെറ ജീവനായിരുന്നു ജെമ്മാ. അവളെക്കൂടാതെ അവിടെ യാതൊരു പ്രവൎത്തനവും നടന്നിരുന്നില്ല. ജന്മനാ ശാലീനയായിരുന്നെങ്കിലും സഹപാഠികളെല്ലാവരും എപ്പോഴും അവളോടു സഹവസിക്കുന്നതിന് ആഗ്രഹിച്ചിരുന്നു. അധികം സംസാരിക്കുന്ന ഒരു പ്രകൃതമായിരുന്നില്ല അവളുടേതു്. ഏതവസരത്തിലും സുസ്മേരവദനയായിട്ടാണ് അവൾ കാണപ്പെട്ടിരുന്നതു്. അവൾ അധികം സംസാരിച്ചില്ലെങ്കിൽ അതിനു കാരണം സ്നേഹത്തിൻേറയോ ഉപചാരത്തിൻേറയോ കുറവല്ല, ദൈവത്തെ ഉപദ്രവിച്ചേക്കുമോ എന്ന ഭയമാണ്."

മറ്റംവക സ്കൂളുകളിലെ കൊച്ചുകുട്ടികൾ അവരുടെ ഉടുപ്പിലും നടപ്പിലും വളരെ യോജിപ്പുള്ളവരായിട്ടാണ് പ്രായേണ കണ്ടുവരുന്നതു്. പൂമ്പാററകളെപ്പോലെ വൎണ്ണദ്യുതി പരത്തിക്കൊണ്ടു് അവിടെയെല്ലാം പറന്നുനടക്കുന്ന അവരെ കന്യാസ്ത്രീകൾ വാത്സല്യപൂർവ്വം "കുഞ്ഞുമാലാഖാമാർ" എന്നു വിളിക്കാറുണ്ടു്. — സ്വൎഗ്ഗസ്ഥിതരായ മാലാഖാമാർ ഇവരെപ്പോലെ കുസൃതിക്കുടുക്കകളല്ലെന്നൊരു വ്യത്യാസമുണ്ടു് — മാലാഖാമാൎക്കു യോജിച്ച നിൎമ്മലതമൂലം കുഞ്ഞുകുട്ടികൾ എല്ലായിടത്തും ഓമനകളാണ്. ലാവണ്യവതികളായ ഇവരിൽ സ്വഭാവഗുണവും ഒത്തിണങ്ങി വരുന്നുവെങ്കിൽ എത്ര മഹനീയം. സ്ത്രീത്വത്തിൻെറ അസൂയാർഹമായ മഹത്വത്തിനു മാററു കൂട്ടുവാൻ സൽസ്വഭാവം ആവശ്യമാണ്. ദൈവദൂതസദൃശരായ നമ്മുടെ കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസകാര്യത്തിൽ ഏൎപ്പെട്ടിരിക്കുന്ന എല്ലാവരും അവരുടെ സ്വഭാവരൂപവൽക്കരണത്തിനായി വേണ്ടതു പ്രവൎത്തിച്ചിരുന്നുവെങ്കിൽ!

സ്വന്തം കുററങ്ങൾ സഹപാഠികളിൽ ചാരുന്ന ഒരു സ്വഭാവം കുട്ടികളുടെയിടയിൽ — പ്രത്യേകിച്ചു പെൺകുട്ടികളുടെയിടയിൽ — അത്ര അസാധാരണമല്ല. വിശുദ്ധ സീത്താ

യുടെ സ്കൂളിലെ കുട്ടികളും ഈ സാധാരണഗതിക്ക് ഒരു അപവാദമല്ലായിരുന്നു. ചില അവസരങ്ങളിൽ മററുള്ളവർ തങ്ങളുടെ കുററം ജെമ്മായിൽ ചുമത്തിയിരുന്നു. മൂകയായി കുററം സമ്മതിക്കുകയും ശിക്ഷ സ്വീകരിക്കുകയുമാണ് ഇപ്രകാരമുള്ള അവസരങ്ങളിൽ ജെമ്മാ ചെയ്തിരുന്നത്. എന്തുകൊണ്ടാണ് തൻെറ നിരപരാധിത്വത്തെ തെളിയിക്കാത്തതെന്ന് ആരെങ്കിലും ചോദിച്ചാൽ, അങ്ങനെ ചെയ്ത് ബഹളമുണ്ടാക്കുവാൻ തനിക്കിഷ്ടമില്ല എന്നു ജെമ്മാ പ്രതിവചിക്കും.

കുറെ നാളുകൾക്കുശേഷം വാസ്തവം വെളിപ്പെട്ടുവെന്നു വരാം. പിന്നീടു ചോദിച്ചാൽ ജെമ്മാ മുഖംനോക്കാതെ സത്യമെല്ലാം തുറന്നു പറയും. സഹപാഠികളുടെ സ്നേഹവും പ്രശംസയും ലഭിക്കുന്നതിനുവേണ്ടി മനസ്സാക്ഷി മറച്ച് ഒരിക്കലും എന്തെങ്കിലും അവൾ പ്രവർത്തിച്ചിട്ടില്ല. നമ്മുടെ കുട്ടികൾക്ക് എത്ര നല്ല മാതൃക!

ജെമ്മാ മനസ്സറിവോടുകൂടി ഒരു ചെറിയ പാപം പോലും ചെയ്തിട്ടില്ലെന്നാണ് അവളുടെ ആദ്ധ്യാത്മികഗുരു പ്രസ്താവിക്കുന്നത്. എങ്കിലും മനുഷ്യസഹജമായ ബലഹീനതകൾക്കും വീഴ്ചകൾക്കും അവളും വിധേയയായിട്ടുണ്ട്. എന്നാൽ വന്നുപോയ വീഴ്ച ഗ്രഹിച്ചാലുടൻ അതെപ്പററി അവൾ പശ്ചാത്തപിച്ചു പരിഹാരം ചെയ്തിരുന്നു. നൈസർഗ്ഗികമായിത്തന്നെ മിതഭാഷിണിയായിരുന്നു ജെമ്മാ. അവളുടെ ഈ മിതഭാഷിത്വം അഹങ്കാരത്തിൻെറ ലക്ഷണമായിട്ടാണ് അവളെ നല്ലവണ്ണം പരിചയമില്ലാത്തവർ ഗണിച്ചിരുന്നത്.

അവളുടെ ഈ സ്വഭാവവിശേഷങ്ങൾകൊണ്ടുതന്നെയാണ് അവളെ സംബന്ധിച്ചു കൂടുതൽ ഗ്രഹിക്കുന്നതിനു നമുക്കു സാധിച്ചിട്ടുള്ളതും. ജെമ്മായ്ക്കു പുണ്യപട്ടം നല്കുന്നതിനായി നടത്തപ്പെട്ട സനിഷ്കൃഷ്മായ പരിശോധനയുടെ ചരിത്രം പാരായണം ചെയ്താൽ അവളിൽ പ്രശോഭിച്ചിരുന്ന വീരസുകൃതങ്ങൾ ദൈവദത്തമായ ദാനങ്ങളല്ല, പ്രത്യുത, നിരന്തരമായ അഭ്യസനത്തിൻെറ ഫലമാണെന്നു മനസ്സിലാകും.

ദൈവം നല്കുന്ന പ്രസാദവരങ്ങൾ, സദാ നന്മയ്ക്കായി വിനി യോഗിക്കണമെന്ന് അവൾ ദൃഢനിശ്ചയം ചെയ്തിരുന്നു.

ദൈവത്തിൽനിന്നും ദൈവികമായ കാര്യങ്ങളിൽനിന്നും തന്നെ അകററി നിറുത്തുവാൻ പര്യാപ്തമായവയെല്ലാം പരി പൂൎണ്ണമായി ഉപേക്ഷിച്ചുകൊണ്ടും പഞ്ചേന്ദ്രിയങ്ങളെ നിഷ്ക ഷ്ടാപൂൎവ്വം നിയന്ത്രിച്ചുകൊണ്ടും ജീവിക്കുന്നതാണെന്നു താൻ ഒരു നിശ്ചയം ചെയ്തിരുന്നുവെന്നു ജെമ്മാതന്നെ പ്രസ്താവിച്ചിട്ടുണ്ട്. അവൾക്ക് അറിയാമായിരുന്നു ഇതു പ്രാവൎത്തികമാക്കുന്നതിനു മാംസരക്തങ്ങളോടു നിരന്തരം പോരാടണമെന്ന്. ഫ്രാൻസിസ് സാലസ്, ഇഗ്നേഷ്യസ് ലയോള, അസ്സീസ്സിയിലെ ഫ്രാൻസ്സിസ് മുതലായ മഹാപുണ്യവാന്മാൎക്കുപോലും തങ്ങളെത്തന്നെ ജയി ച്ചടക്കുന്നതിനു നിരന്തരസമരം നടത്തേണ്ടിവന്നു. ഉത്തമാം ശവും അധമാംശവും തമ്മിൽ, ധൎമ്മവും അധൎമ്മവും തമ്മിൽ, പ്രകാശവും അന്ധകാരവും തമ്മിൽ ഭീകരമായ ഒരു മൽപ്പിടി ത്തമാണു നടക്കുന്നത്. ക്രമവൽകൃതമായ ആദ്ധ്യാത്മികചിട്ടകൾ വഴി മാത്രമേ വിശുദ്ധിയിൽ അഭിവൃദ്ധിപ്പെട്ട്, ക്രിസ്തുസദൃശ രായിത്തീരുന്നതിനു നമുക്കു സാധിക്കയുള്ളു. ഉത്തമാംശവും അധമാംശവും തമ്മിലും, പ്രകൃതിയും പ്രസാദവരവും തമ്മിലുമുള്ള സംഘട്ടനമാണ് ആദ്ധ്യാത്മികസോപാനത്തിലെ പ്രഥമ പട വികൾ വൈഷമ്യഹേതുകവും അനിശ്ചിതവും അനാകൎഷകവു മാക്കിത്തീൎക്കുന്നത്.

സിസ്റ്റർ വല്ലി എൻസി ജെമ്മായോട് ഒരിക്കൽ പറഞ്ഞു: "പ്രിയ ജെമ്മാ, നിന്നെ എനിക്കു നേരിട്ടുപരിചയ മില്ലായിരുന്നുവെങ്കിൽ മററുള്ളവരെപ്പോലെ, ഞാനും, നീ അഹംഭാവമുള്ളവളാണെന്നു കരുതുമായിരുന്നു."

അഹങ്കാരം എന്തെന്നുപോലും ജെമ്മായ്ക്കു് അറിഞ്ഞു കൂടായിരുന്നു. അഹങ്കാരത്തിനു വിധേയയാകാതിരിക്കുവാൻ സൂക്ഷിച്ചുകൊള്ളണമെന്നു വിദ്യാലയാധികൃതരിൽ ആരോ അന്നു സ്മരിപ്പിച്ചപ്പോൾ മാത്രമാണ് അതെപ്പററി അവൾ ആദ്യ മായിക്കേട്ടതു്.

വീട്ടിൽ തിരിച്ചെത്തിയ ഉടനെ തൻെറ ഇളയമ്മയുടെ പക്കൽച്ചെന്നു ജെമ്മാ സ്വാതസ്സിദ്ധമായ നിഷ്കപടതയോടെ ചോദിച്ചു: "എനിക്ക് അഹങ്കാരമുണ്ടെന്നു വിദ്യാലയാധികൃതർ എന്നോടു പറഞ്ഞു. അഹങ്കാരം എന്നാൽ എന്താണ്? അതു പാപമാണോ? അതിൽനിന്നും വിമുക്തയാകേണ്ടതെങ്ങനെ യാണ്."

"നിൻെറ അധ്യാപികമാരോടുതന്നെ അതേസംബന്ധിച്ചു ചോദിക്കുക." ഇളയമ്മ ഉത്തരം പറഞ്ഞു. കന്യാസ്ത്രീകളോടു ചോദിച്ചു സംഗതികൾ വിശദമായി മനസ്സിലാക്കിയപ്പോൾ ജെമ്മാ പറയുകയാണ്: "അമ്മേ, ഞാൻ ബുദ്ധിയില്ലാത്തവളാണ്; എന്നാൽ എനിക്ക് അഹങ്കാരമുണ്ടോ?" ജെമ്മായുടെ അഗാധവിനയത്തിൻെറ ഒരു ബാഹ്യപ്രകടനമല്ലാതെ മറെറാന്നുമായിരുന്നില്ല അത്.

ജെമ്മാ ഒരിക്കലും അഹങ്കാരമുള്ളവളായിരുന്നില്ല. പ്രശാന്തഗംഭീരമായ അവളുടെ സ്വാഭാവികപ്രകൃതി, ഉപരിപ്ലവബുദ്ധികളായ ചിലർ അഹങ്കാരമായി തെററിദ്ധരിച്ചു എന്നു മാത്രം. തത്ഫലമായി അവൾ അഹങ്കാരമുള്ളവളെന്നു സംശയിക്കപ്പെടുന്നതിനിടയായി. അധ്യാപികമാരിൽ ഒരാൾ പറയുന്നു: "അനിയന്ത്രിതമായ വികാരങ്ങൾക്കു ജെമ്മാ ഒരിക്കലും വിധേയയായതായിട്ടറിവില്ല. സഹപാഠികളുടെ പരിഹാസവും കൊള്ളിവാക്കുകളും സുസ്മേരവദനയായിട്ടുതന്നെ അവൾ സ്വീകരിച്ചിരുന്നു."

ജെമ്മായുടെ ആധ്യാത്മികാഭിവൃദ്ധിയിൽ പ്രാർത്ഥനയ്ക്ക് അതിപ്രധാനമായ ഒരു സ്ഥാനം ഉണ്ടായിരുന്നു. അവളുടെ ആധ്യാത്മികജീവിതത്തിൻെറ മൂലക്കല്ല് പ്രാർത്ഥനയല്ലാതെ മറെറാന്നുമായിരുന്നില്ല. ഈശോരാജൻ എഴുന്നെള്ളിയിരിക്കുന്ന ആ പൊല്പേടകത്തെ പ്രകാശസ്ഫുരണങ്ങൾ പ്രസരിക്കുന്ന നയനങ്ങൾ ഉയർത്തിനോക്കിക്കൊണ്ടു ദീർഘനേരം പ്രാർത്ഥിക്കുന്നതിന് അവൾക്കു യാതൊരു വിഷമതയും ഉണ്ടായിരുന്നില്ല. "ആത്മാവിൻെറ സ്നാനമാണ് പ്രഭാതത്തിലും പ്രദോഷത്തിലു

മുള്ള പ്രാൎത്ഥന"യെന്ന വിക്റ്റർ ഹ്യൂഗോയുടെ വാക്കുകൾ ജെമ്മാ യെ സംബന്ധിച്ചിടത്തോളം വാസ്തവമായിരുന്നു. അനുദിന പ്രാൎത്ഥനയുടെ ആവശ്യകതയും ഉപകാരവും എത്രമാത്രമെന്നു ജെമ്മാ തൻെറ വത്സലമാതാവിൽനിന്നും ഗ്രഹിച്ചിരുന്നു. ജ്ഞാനധ്യാനവും ആത്മശോധനയും ആധ്യാത്മികാഭിവൃദ്ധിക്ക് അനുപേക്ഷണീയമാണ്, എന്നു മനസ്സിലാക്കിയിരുന്ന കഥാ നായിക മുടക്കം വരുത്താതെ അവ നടത്തിപ്പോന്നു. ഇങ്ങനെ ശാന്തശീതളമായ ദിവ്യതുഷാരബിന്ദുക്കളേററ പ്രസാദവരപുഷ്പ മായി അവൾ വിടൎന്നു വിലസി. ഔദ്യോഗികനിലയിൽ ജെമ്മാ യുമായി വളരെ അടുത്തു പെരുമാറിയിരുന്ന സിസ്റ്റർ സെസ്റ്റി നിയുടെ വാക്കുകൾ ശ്രദ്ധേയമാണ്. "ജെമ്മായുടെ ഭക്തിയും ശിശുസഹജമായ നിൎമ്മലതയും എന്നെ അത്ഭുതമൂകയാക്കിയി ട്ടുണ്ട്. ലോകത്തിന് അജ്ഞാതയായിരുന്ന അവൾ ദൈവ ത്തിൻെറ "ഓമനമുത്താ"യിരുന്നു. മാനസികപ്രാൎത്ഥനയേയും ആത്മശോധനയേയുംപററി ഞാൻ കുട്ടികളോടു പറഞ്ഞുകൊടു ത്തിരുന്നതെല്ലാം ദൈവത്തിൻെറ തെരഞ്ഞെടുക്കപ്പെട്ട ആ കുഞ്ഞ് സശ്രദ്ധം കേട്ടു മനസ്സിലാക്കിയിരുന്നു."

സ്കൂളിൽനിന്നും തിരിച്ചുവന്നാലുടൻ സ്വന്തം മുറിയിൽ പ്രവേശിച്ചു ജെമ്മാ കൊന്ത ജപിച്ചിരുന്നു. രാത്രിയിൽ ഉണൎന്നു പലപ്രാവശ്യം അവൾ ഈശോയുമായി സംഭാഷണത്തിൽ ഏൎപ്പെട്ടിരുന്നു. ദൈവാലയത്തിൽപ്പോയി അനുദിനം ദിവ്യ പൂജയിൽ സംബന്ധിക്കുകയെന്നതു് അവളുടെ പതിവായിരുന്നു. 1890– മുതൽ അവൾ അനുദിനം ദിവ്യകാരുണ്യം സ്വീകരിച്ചു പോന്നു. അവൾ പറയുന്നു: "എൻെറ ഹൃദയത്തിലുള്ള തൻെറ വാസം കൂടുതൽ കൂടുതൽ വ്യക്തമാക്കിക്കൊണ്ടു് ഈശോ എന്നെ സദാ സമാശ്വസിപ്പിച്ചിരുന്നു".

ഇപ്രകാരമുള്ള ധാരാളം പ്രസ്താവനകൾ അവളുടെ കത്തിൽ കാണുന്നുണ്ടു്. ദിവ്യകാരുണ്യനാഥനുമായുള്ള അവളുടെ നിരന്തരസഹവാസത്തെയല്ലേ ഇതു വിശദമാക്കുന്നതു്? ഈ നിത്യ സഹവാസം അവളുടെ അനുദിനജീവിതചൎയ്യകൾക്കു യാതൊരു

വിഘ്നവും വരുത്തിയിരുന്നില്ല. ജെമ്മാ സമത്ഥയായ ഒരു വിദ്യാത്ഥിനിയായിരുന്നതിനാൽ പലപ്പോഴും സമ്മാനങ്ങാംക്ക് അർഹയായിട്ടുണ്ട്. 1893-ലെ മതപഠനത്തിനുള്ള ഒന്നാം സമ്മാനം അവാംക്കാണ ലഭിച്ചതു്. വാഷികയോഗാവസരങ്ങളിൽ അവാം പദ്യങ്ങാം നിമ്മിച്ചു പാടിയിട്ടുണ്ട്. സംഗീതത്തിൽ ജന്മനാ വാസനയുണ്ടായിരുന്ന ജെമ്മായെക്കൂടാതെ സ്കൂളിൽ വിനോദ പ്രകടനങ്ങാം നടക്കാറില്ലായിരുന്നു. കോംവിക്കാരെ ആകഷിക്കുവാൻ പര്യാപ്തമാംവിധം ശ്രുതിമധുരമായി അവാം പാടിയിരുന്നു. മററുള്ളവരുടെ സന്തോഷത്തിനുവേണ്ടിയായിരുന്നു അവാം പലപ്പോഴും കളികളിൽ ഭാഗഭാക്കായിരുന്നതു്.

കുട്ടികാം ഒരുമിച്ചു വിനോദങ്ങളിൽ ഏപ്പെട്ടിരുന്ന ഒരവസരത്തിൽ കൂദാശകാം സ്വീകരിക്കാതെ മരിക്കുവാൻ പോകുന്ന ഒരാാംക്കുവേണ്ടി പ്രാത്ഥിക്കുവാൻ ശ്രേഷ്ഠത്തി അവരോടാവശ്യപ്പെട്ടു. നിദ്ദേശാനുസരണം എല്ലാവരും പ്രാത്ഥിച്ചു. അല്പം കഴിഞ്ഞപ്പോാം ജെമ്മാ പറഞ്ഞു: “അമ്മേ, നാം പ്രാർത്ഥിച്ച അനുഗ്രഹം ദൈവം സാധിച്ചുതന്നിരിക്കുന്നു.” അവാം പറഞ്ഞതു വാസ്തവമാണെന്നു താമസംവിനാ എല്ലാവരും ഗ്രഹിച്ചു. തങ്ങളിൽ ആക്കാണു് ഒരു പുണ്യവതിയാകാനുള്ള ഭാഗ്യമുള്ളതെന്നു പരീക്ഷിക്കുന്നതിനായി കന്യാസ്ത്രീകളും വിദ്യാത്ഥിനികളും ചേന്നു് ഒരിക്കൽ നറുക്കിട്ടു. ജെമ്മായുടെ പേരിലാണു കുറി വീണതു്. സ്വതസ്സിദ്ധമായ പുഞ്ചിരിയോടുകൂടി ജെമ്മാ അപ്പോാം പറഞ്ഞു: “ഞാൻ ഒരു പുണ്യവതിയാകും.”

# നാലാം അദ്ധ്യായം

## ജീവിതക്ലേശങ്ങൾ.

ജെമ്മായ്ക്കിപ്പോൾ പതിനാറു വയസ്സുണ്ട്. സൗഭാഗ്യവതിയായ അവൾ കുടുംബാംഗങ്ങളുടെ വാത്സല്യഭാജനവും സകലക്കും സുകൃതമാതൃകയുമായി പരിലസിക്കുന്നു. വിദ്യാലയത്തിൽനിന്നും മടങ്ങിയെത്തിയാൽ ജെമ്മാ പിതാവിനോടൊന്നിച്ചു സായാഹ്നസവാരിക്കു പോകുക പതിവാണ്. ഈ അവസരങ്ങളിലാണ് തന്റെ ഹൃദയരഹസ്യങ്ങളിൽ ചിലതെങ്കിലും പിതാവിനു വെളിപ്പെടുത്തിയിരുന്നത്. ക്രൂശിതനായ ക്രിസ്തുവിനോടുള്ള ഭക്തിയിൽ കൂടുതൽ അഭിവൃദ്ധിപ്പെടണമെന്ന് ആന്തരികമായ ഒരു സ്വരം തന്നെ സദാ അനുസ്മരിപ്പിച്ചുകൊണ്ടിരിക്കുന്നതായി അവൾക്കു തോന്നിയിരുന്നു. ഫാദർ വില്യംസൺ പറയുന്നു: "ജെമ്മാ തന്റെ ഇളയസഹോദരികളുടെ അധ്യാപികയും സഹോദരന്മാരുടെ വഴികാട്ടിയുമായിരുന്നു."

ഒരിക്കൽ ഒരു സ്വർണ്ണവാച്ചും ചെയിനും ജെമ്മായ്ക്കു സമ്മാനം ലഭിച്ചു. ദാതാവിനെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി ഒരുദിവസം അവൾ അതു ധരിച്ചു. അടുത്തദിവസം തന്റെ കാവൽദൂതൻ ഇപ്രകാരം പറയുന്നത് അവൾ കേട്ടു: "ക്രിസ്തുവിന്റെ മണവാട്ടികളുടെ ആഭരണം സ്വർണ്ണനിർമ്മിതമല്ല, പ്രത്യുത കുരിശുമരത്തിലേ ആണികളും പഴുതുകളുമാണ്." പിന്നീടൊരിക്കലും സ്വർണ്ണാഭരണങ്ങൾ അവൾ ഉപയോഗിച്ചിട്ടില്ല. ക്രൂശിതനായ ക്രിസ്തുവിനോടു ജെമ്മായ്ക്കുണ്ടായിരുന്ന ഭക്തി അന്നുമുതൽ അഭിവൃദ്ധിപ്പെട്ടുതുടങ്ങി. പാസ്സിയിലേ വിശുദ്ധ മറിയം മഗ്ദലനയെപ്പോലെ അവളും പറഞ്ഞിരുന്നു: "എനിക്കു പീഡകൾ സഹിക്കണം." പുണ്യവതിയാകണമെന്നുള്ള തന്റെ നിശ്ചയത്തേയും അവൾ നവീകരിച്ചു. അന്നുമുതൽ വിശുദ്ധ ബർത്തെലോമ്മിയാ കപ്പിത്താനോയെ തന്റെ മാതൃകയും സംരക്ഷകയുമായി തെരഞ്ഞെടുത്തു. ക്രൂശിലേറിയാണ് പുണ്യ

പൂർണ്ണതാപദവി ആർജ്ജിക്കേണ്ടതു് എന്നു് അവരം ഗ്രഹിച്ചിരുന്നു. അതിൻെറ അവശ്യാവശ്യഘടകമാണു് സഹനം.

സ്വസഹോദരങ്ങളിൽ ജെമ്മായുടെ സവിശേഷമായ സ്നേഹവാത്സല്യങ്ങൾക്കു പാത്രീഭൂതനായതു് ജീനോയാണു്. സൗമ്യതയും മാധുര്യവും നിറഞ്ഞതായിരുന്നു അവൻെറ സ്വഭാവം. ജീവിതസാധർമ്മ്യം അവരുടെ രക്തബന്ധത്തെ സുദൃഢമാക്കി. 1894—ൽ ക്ഷയരോഗംമൂലം വൈദികവിദ്യാലയത്തിൽ പഠിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹം ചരമം പ്രാപിച്ചു. "എൻെറ ഇഷ്ടമല്ല, ദൈവതിരുമനസ്സു നിറവേറട്ടെ" എന്നു് ജെമ്മാ ഈ അവസരത്തിൽ പ്രസ്താവിച്ചു. താദൃശസന്ദർഭങ്ങളിൽ കഥാനായിക പ്രദർശിപ്പിച്ചിരുന്ന മനസ്സാന്നിദ്ധ്യം അവളുടെ സ്വഭാവത്തിൻെറ തനിനിറം കാണിക്കുന്നു. ദൈവസ്നേഹനിർഭരയായിരുന്ന അവൾ സകലതിലും ദൈവത്തെ ദർശിച്ചിരുന്നു.

പരിപൂർണ്ണതാസൗധത്തിൻെറ അടിത്തറ അനുസരണത്തിലാണു കെട്ടിപ്പടുക്കേണ്ടതെന്നു ജെമ്മാ നല്ലവണ്ണം ഗ്രഹിച്ചിരുന്നു. സുകൃതിനിയും ഭക്തയുമായിരുന്ന അവൾക്കു കുരിശിൽനിന്നു യഥാർത്ഥഭക്തിയുടെ തനിനിറം മനസ്സിലാക്കുവാൻ കഴിഞ്ഞു. "ജെമ്മാ"യെ സഹനത്തിൻെറ ഉലയിൽ ഊതി ദൈവസ്നേഹപ്രകാശത്താൽ പ്രശോഭിതയാക്കുവാനാണു് സർവ്വശക്തൻ നിശ്ചയിച്ചിരുന്നതു്. ക്ലേശങ്ങളുടെ കൈപ്പുരസം രുചിച്ചും നിന്ദനവും അവമാനങ്ങളും സഹിച്ചും ദൈവസേവനം നിർവ്വഹിക്കുന്നതായി അവളെ നാം കാണുന്നു. ജീനോയ്ക്കു ചെയ്ത നിരന്തരശുശ്രൂഷയുടേയും അദ്ദേഹത്തിൻെറ മരണംമൂലമുണ്ടായ ഹൃദയവ്യഥയുടേയും ഫലമായി ജെമ്മാ രോഗിണിയായിത്തീർന്നു. രോഗവിമുക്തയായെങ്കിലും ക്ഷീണഗാത്രയായിരുന്നതിനാൽ സ്കൂളിൽ പോകരുതെന്നു വൈദ്യൻ വിധിച്ചു. ഇങ്ങനെ തൻെറ ദ്വിതീയഭവനമായ വിദ്യാലയത്തിലെ വാസവും മാതൃതുല്യം തന്നെ സ്നേഹിച്ചിരുന്ന കന്യാസ്ത്രീകളുടെ സംരക്ഷണവും എന്നന്നേയ്ക്കുമായി അവൾക്കു നഷ്ടപ്പെട്ടു.

സ്വർഗ്ഗത്തിൽ ചെന്നെത്തുന്നതിനു ശൈശവം മുതൽ

ജെമ്മാ അത്യധികം ആഗ്രഹിച്ചിരുന്നു. അവൾ അതേ സംബന്ധിച്ചു പറയുന്നതിപ്രകാരമാണ്: "വത്സലയായ എൻെറ മാതാവു സ്വർഗ്ഗത്തെ സംബന്ധിച്ചു പഠിപ്പിച്ചിരുന്നതെല്ലാം നിരന്തരം ഞാൻ അനുസ്മരിച്ചിരുന്നു. തത്ഫലമായി വേഗം മരിച്ചു സ്വർഗ്ഗത്തിൽ പോകുവാൻ എനിക്കാഗ്രഹമുണ്ടായി. ഏതൽക്കാരണത്താൽ എൻെറ ആരോഗ്യം ക്ഷയിച്ചുവന്നപ്പോൾ ഞാൻ സന്തോഷിക്കുകയും അതു് അഭിവൃദ്ധിപ്പെട്ടപ്പോൾ സങ്കടപ്പെടുകയും ചെയ്തു. ദിവ്യകാരുണ്യസ്വീകരണാനന്തരം ഒരിക്കൽ "എന്തുകൊണ്ടാണ് എന്നെ സ്വർഗ്ഗത്തിലേയ്ക്കു കൊണ്ടുപോകാത്തതു്?" എന്നു ഞാൻ ഈശോയോടു ചോദിച്ചു. "പ്രിയ മകളേ, സ്വർഗ്ഗം പ്രാപിക്കുന്നതിനുള്ള നിൻെറ ആഗ്രഹം അനുദിനം വർദ്ധിപ്പിച്ചുകൊണ്ടും ജീവിതയാത്ര വിജയപൂർവ്വം തുടരുന്നതിനുള്ള അനുഗ്രഹം നല്കിക്കൊണ്ടും കൂടുതൽ പുണ്യയോഗ്യത സമ്പാദിക്കുന്നതിനുള്ള വരം നിനക്കു ഞാൻ നല്കും" എന്നു് ഈശോ പറഞ്ഞു.

സ്വശക്തിക്കനുസരണമായി ജോലികൾ ചെയ്തു സഹോദരീസഹോദരന്മാരെ സഹായിച്ചുകൊണ്ടു് ജെമ്മാ സ്വഭവനത്തിൽത്തന്നെ കഴിച്ചുകൂട്ടി. അവളുടെ പ്രാർത്ഥനാസക്തി വർദ്ധിച്ചുകൊണ്ടേ വന്നിരുന്നു. ദിവസത്തിൽ പലപ്രാവശ്യം ദീർഘനേരം ദിവ്യനാഥനുമായി സംഭാഷണം നടത്തുന്നതിൽ അവൾ അത്യാനന്ദം കണ്ടെത്തി. പ്രസാദവരമാകുന്ന ഹിമബിന്ദുക്കളേററു വികസിച്ചുതുടങ്ങിയിരുന്ന അവളുടെ ആത്മസൂനം ദിവ്യസൂര്യകിരണങ്ങൾ തട്ടി പൂർണ്ണവികാസം പ്രാപിച്ചു പുണ്യപരിമളം പരത്തിത്തുടങ്ങിയതു് ഈ അവസരത്തിലാണ്. സീയന്നായിലെ വിശുദ്ധ കത്രീനായ്ക്കു് ഈശോ പ്രത്യക്ഷനായി കാനോനാജപം അവളോടൊന്നിച്ചു ചൊല്ലിയിരുന്നുവെന്നു നാം ചരിത്രത്തിൽ കാണുന്നുണ്ടു്. സങ്കീർത്തനവാക്യങ്ങൾ ചൊല്ലിയതിനുശേഷം "പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതിയായിരിക്കട്ടെ" എന്നു ചൊല്ലുന്നതിനു പകരം അവൾ "പിതാവിനും നിനക്കും പരിശുദ്ധാത്മാവിനും സ്തുതിയായിരിക്കട്ടെ"

എന്നു ചൊല്ലിയിരുന്നതായിപ്പറയപ്പെടുന്നു. ഏതാണ്ടീവിധത്തിലാണ് ജെമ്മായുടെ ജീവിതത്തിലും സംഭവിച്ചത്. പ്രാണപ്രിയനോടെന്നപോലെ അവരം ഈശോയോടു സംസാരിക്കയും ഉപചാരപൂവ്വം കുശലങ്ങരം അന്വേഷിക്കയും ചെയ്തിരുന്നു. 1895—ൽ പുതിയ ഒരു കൊടുങ്കാററ തൻെറ ആത്മനൗകയെ അടിച്ചുടയ്ക്കുവാൻ ശ്രമിക്കുമെന്നു് ഈ സംഭാഷണങ്ങളിൽ ഒന്നിൽ അവരം ഈശോയിൽനിന്നും ഗ്രഹിച്ചു. അതേസംബന്ധിച്ചു് അവരം എഴുതുന്നു: "എന്തു് അപകടമായിരിക്കുമോ എനിക്കുണ്ടാകുവാൻ പോകുന്നതു്? നാഥാ, ഞാൻ അങ്ങിൽ പരിപൂർണ്ണമായി ആശ്രയിക്കുന്നു. എൻെറ ആശ്രയവും രക്ഷാകവചവും നീ തന്നെ. ബലഹീനയായ ഞാൻ അങ്ങിൽ ശരണപ്പെടുന്നു."

വിനാവിളംബം, അവരം കാലിൽ 'നെക്രോസിസ്' എന്ന രോഗം പിടിപെട്ടു കിടപ്പിലായി. കുറെ ദിവസങ്ങരം നിശ്ശബ്ദമായി അവരം സഹിച്ചു. എന്നാൽ രോഗം അത്യധികമായി വദ്ധിച്ചതിനാൽ വൈദ്യസഹായം അത്യന്താപേക്ഷിതമായിത്തീൎന്നു. കാലിലെ പഴുപ്പുനിമിത്തം ശസ്ത്രക്രിയ ആവശ്യമാണെന്നു ഡോക്ടർ വിധിച്ചു. വേദന സഹിക്കുന്നതിനുള്ള ആഗ്രഹംമൂലം ബോധംകെടുത്തുന്നതിനുള്ള മരുന്നു് ഉപയോഗിക്കാതെയാണു് അവരം ശസ്ത്രക്രിയയ്ക്കു വിധേയയായതു്. ക്രൂശിതരൂപത്തിൽ നോക്കിക്കൊണ്ടു വേദനയുടെ യാതൊരു ലക്ഷണവും കാണിക്കാതെ ആ സമയമെല്ലാം അവരം കഴിച്ചുകൂട്ടി.

സ്വകുടുംബപരിതസ്ഥിതികരം പരുങ്ങലിലായി വരുന്നതു ജെമ്മാ മനസ്സിലാക്കാതിരുന്നില്ല. സാധുക്കളോടു് അവരംക്കുണ്ടായിരുന്ന സ്നേഹം കണ്ടാൽ, ദീനാനുകമ്പയുടെ മൂൎത്തീഭാവമാണു് അവരം എന്നു തോന്നിപ്പോകും. പിതാവിൽനിന്നു് അവരംക്കു ലഭിച്ചിരുന്ന കൊച്ചു കൊച്ചു സമ്മാനങ്ങളെല്ലാം സാധുക്കളുടെ പോക്കററിലാണു ചെന്നു വീണുകൊണ്ടിരുന്നതു്. ദാരിദ്ര്യത്തിൻെറ കൊടുംയാതനകരം അനുഭവിച്ചിരുന്നവരും എന്നാൽ ഭിക്ഷാടനം നടത്തുവാൻ അഭിമാനം അനുവദിക്കാത്ത

വരുമായ അനേകം ആളുകളെ അവർ സഹായിച്ചു പോന്നു. പണം കൈവശമില്ലാതിരുന്ന സമയങ്ങളിൽ വസ്ത്രവും ഭക്ഷണവും നല്കി അവരെ അവർ സഹായിച്ചു പോന്നു. സ്വയം കൃതചരിത്രത്തിൽ അവർ പറയുന്നു: "പുറത്തുപോയിരുന്ന അവസരങ്ങളിലെല്ലാം സാധുക്കളെ സഹായിക്കുവാൻ ഞാൻ പിതാവിനോടു പണം ചോദിക്കുക പതിവായിരുന്നു. ചില അവസരങ്ങളിൽ അദ്ദേഹം യാതൊന്നും തന്നിരുന്നില്ല. അങ്ങനെ വരുമ്പോൾ വല്ല വസ്ത്രമോ ഭക്ഷണമോ ഞാൻ അവക്കു നല്കിയിരുന്നു. രണ്ടുമൂന്നു ഭിക്ഷുക്കളെയെങ്കിലും വഴിക്കു ഞാൻ കണ്ടുമുട്ടാതിരിക്കയില്ല. ഭിക്ഷ യാചിക്കുവാൻ വീട്ടിൽ വന്നിരുന്ന യാതൊരുത്തരേയും ഞാൻ വൃഥാ വിടുക പതിവില്ലായിരുന്നു. പണമില്ലെങ്കിൽ മററന്തെങ്കിലും ഞാൻ നല്കും. കുമ്പസാരക്കാരൻ മുടക്കിയതുവരെ ഞാൻ ഇതേവിധം ചെയ്തുപോന്നു. എന്നാൽ കുറെക്കഴിഞ്ഞപ്പോൾ എനിക്കു പിതാവിൽനിന്നും ഒന്നും ലഭിക്കയില്ലെന്നായി. വീട്ടിൽനിന്നും ഒന്നും എടുത്തുപോകരുതെന്നു് അദ്ദേഹം ആജ്ഞാപിക്കുകയും ചെയ്തു. എങ്കിലും ഞാൻ പുറത്തുപോയിരുന്ന അവസരങ്ങളിലെല്ലാം ദരിദ്രരെ മാത്രമേ കാണുന്നുള്ളു എന്നു് എനിക്കു തോന്നിയിരുന്നു. അവരെല്ലാം എൻെറ പക്കൽ ഓടിക്കൂടി. കൊടുക്കുവാൻ ഒന്നും കൈവശം ഇല്ലാത്തതുനിമിത്തം ദുഃഖാധിക്യത്താൽ ഞാൻ കരഞ്ഞുപോകുമായിരുന്നു. മേലിൽ പുറത്തുപോകുന്നതല്ലെന്നു ഞാൻ നിശ്ചയിക്കുകയും ചെയ്തു."

എൻറിക്കോ ആദായകരമായ ഒരു വ്യവസായം നടത്തിക്കൊണ്ടിരുന്നു. പ്രസ്തുത വ്യവസായത്തിനു് അപ്രതീക്ഷിതമായി ഇടിവു തട്ടി. സത്യസന്ധനായ അദ്ദേഹം ഉത്തമവിശ്വാസത്തോടെ പലക്കും പണം കടംകൊടുക്കുകയും പലക്കുവേണ്ടി ജാമ്യം നില്ക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. ഇടപാടുകളുടെ തകിടംമറിച്ചിലും വ്യവസായത്തിൻെറ അധഃപതനവും അനുക്ഷണം അദ്ദേഹത്തിൻെറ ധനശക്തി ക്ഷയിപ്പിച്ചു. കടം വീട്ടുവാൻ നിർവാഹമില്ലാതെ അദ്ദേഹം നട്ടംതിരിഞ്ഞു. ഒരുദിവസം

കടക്കാർ അദ്ദേഹത്തിൻെറ സ്ഥാവരജംഗമ വസ്തുക്കളെല്ലാം ഒന്നാകെ കണ്ടുകെട്ടി കരസ്ഥമാക്കി. താമസംവിനാ അദ്ദേഹം രോഗബാധിതനുമായി. ജെമ്മാ, വത്സലപിതാവിൻെറ അടുക്കൽത്തന്നെയിരുന്നു് അദ്ദേഹത്തെ ശുശ്രൂഷിക്കുകയും, കൃദാശകാം സ്വീകരിക്കുന്നതിനു് ഒരുക്കുകയും ചെയ്തു. രോഗം വദ്ധിച്ചു്, അദ്ദേഹം 1897—ൽ ലോകയവനികയ്ക്കുള്ളിൽ മറഞ്ഞു. പിതാവിൻെറ മരണവാൎത്ത ഗ്രഹിച്ച ജെമ്മാ ദുഃഖപാരമ്യത്താൽ ബോധരഹിതയായിത്തീർന്നു. പിതാവിൻെറ മരണത്തെപ്പററി പറയുന്ന അവസരത്തിൽ അവാം പ്രസ്താവിക്കുന്നു: “അത്യധികമായ ദുഃഖം ഞാൻ അനുഭവിച്ചു. ആപത്തുകളുടെ നടുവിലും അചഞ്ചലയായി നില്ക്കുന്നതിനുള്ള പ്രത്യേക വരം ദൈവം എനിക്കു നല്കി. ഞാൻ വളരെ കരഞ്ഞു. ഈ അവസരങ്ങളിലെല്ലാം ഈശോ എൻെറ ഹൃദയഭിത്തികാംക്കുള്ളിൽ മറഞ്ഞിരുന്നുകൊണ്ടു് കൂടുതൽ സഹായിക്കുവാൻ എന്നെ ശക്തയാക്കുകയായിരുന്നു. പിതാവിൻെറ മരണത്തിനുശേഷം ഈശോതന്നെയായിരുന്നു എൻെറ പിതാവു്.

അവളുടെ കത്തുകളിൽ പിതാവിനെ സംബന്ധിച്ചുള്ള ധാരാളം പ്രസ്താവനകാം ഉണ്ടു്. അവ ജെമ്മായുടെ ഹൃദയവികാരങ്ങളുടെ പ്രകടനമല്ലാതെ മറെറാന്നുമല്ല. നിൎദ്ധനരായ ആറു സന്താനങ്ങളെ നിരാലംബരായി വിട്ടിട്ടാണു് അദ്ദേഹം ഇഹലോകവാസം വെടിഞ്ഞതു്.

# അഞ്ചാം അദ്ധ്യായം.

## അത്ഭുതകരമായ രോഗശാന്തി.

സമ്പൽസമൃദ്ധമായ മണിമേടയിൽനിന്നും ഗൽഗാനി കുടുംബം ദാരിദ്ര്യദുഷ്ടമായ പാഴ്കുടിലിലേക്കു നിപതിച്ചു. കഠിനദാരിദ്ര്യത്തിൽ കിടന്ന് അവരുടെ അഭിമാനം പിടഞ്ഞു. ജീവിതാവശ്യങ്ങൾ സാധിക്കുന്നതിനുള്ള മാർഗ്ഗംപോലും അവർക്കുണ്ടായിരുന്നില്ല. അനുദിനജീവസന്ധാരണത്തിനായി ബന്ധുമിത്രാദികളെ ആശ്രയിക്കയല്ലാതെ അവർ എന്തു ചെയ്യും? മാതാപിതാക്കന്മാരുടെ സഹായവും പരിരക്ഷണവും അനുഭവിച്ചു ജീവിക്കേണ്ട ഒരു കന്യകാരത്നം ദാരിദ്ര്യത്തിൻെറ കട്ടുംപിടിയിൽ അകപ്പെട്ടിരിക്കുന്നു. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ ഒരാൾ നിരാശാഗർത്തത്തിൽ നിപതിക്കുന്നുവെങ്കിൽ വലിയ അത്ഭുതത്തിന് അവകാശമില്ല. ജെമ്മായുടെ തീവ്രമായ പ്രാർത്ഥനകളുടേയും അനുദിനദിവ്യകാരുണ്യസ്വീകരണങ്ങളുടേയും കളങ്കരഹിതമായ ജീവിതത്തിൻേറയും ഫലമോ ഈ വിപത്തുകൾ? ദൈവസ്നേഹത്തിൽ ഹൃദയം ബലമായി ഉറപ്പിച്ചുകൊണ്ടു ജീവിതക്ലേശങ്ങളെല്ലാം അവൾ നിശ്ശബ്ദതയോടെ സഹിച്ചു. ഈശോ അവളെ നിരാശ്രയയായി ഉപേക്ഷിച്ചില്ല.

ലൂക്കായിൽനിന്നും വളരെ അകലെയല്ലാതെ കമയിറോ എന്ന സ്ഥലത്തു വസിച്ചിരുന്ന ജെമ്മായുടെ അമ്മാവി തന്നോടൊന്നിച്ചു താമസിക്കുന്നതിനായി അവളെ അങ്ങോട്ടു ക്ഷണിച്ചു. ഗൽഗാനികുടുംബത്തിന് ആശ്വാസവും കഥാനായികയ്ക്കു സുഖജീവിതത്തിനുള്ള സൗകര്യവും കിട്ടുമായിരുന്ന ആ ക്ഷണം അവൾ സ്വീകരിച്ചു. അവളോടൊന്നിച്ച് ഐശ്വര്യം ആ ഭവനത്തെ അനുഗ്രഹിച്ചു. പ്രത്യേക പ്രസാദവരങ്ങളും അനുഗ്രഹങ്ങളും നല്കിക്കൊണ്ടു തനിക്കായി നിർമ്മിക്കപ്പെട്ട ആ നിർമ്മലഹൃദയകവാടത്തിങ്കൽ ദിവ്യനാഥൻ മുട്ടിക്കൊണ്ടിരുന്നു. തൻെറ

സമയത്തിൽ അധികഭാഗവും വസ്ത്രവിഭൂഷകൾക്കും കളികൾക്കും അതിഥിസല്ക്കരണത്തിനുമായി ചെലവഴിക്കേണ്ടി വന്നിരുന്നതിനാൽ പുതിയ പരിതസ്ഥിതികൾ ആദ്ധ്യാത്മികപുരോഗതിക്ക് അത്ര പററുകയില്ലെന്നു ജെമ്മാ അതിവേഗം ഗ്രഹിച്ചു. സ്വപിതാവിൻെറ ഐശ്വര്യസമൃദ്ധമായ കാലങ്ങളിൽപ്പോലും ജെമ്മാ കളികളിലും സമ്മേളനങ്ങളിലും ഉദ്യാനവിരുന്നുകളിലും ഡാൻസുകളിലും പങ്കുകൊണ്ടിരുന്നില്ല. അവയെല്ലാം വെറും സമയനഷ്ടം മാത്രമായിട്ടാണ് അവൾ എണ്ണിയിരുന്നത്. ഔറേല്യാ ഇതിനൊന്നും മക്കളെ അനുവദിക്കുകയും ഇല്ലായിരുന്നു. ഒരു പ്രണയകഥയിലെ നായികയുടെ ഭാഗം അഭിനയിക്കുകയെന്ന കൃത്യം ഒരിക്കൽ ജെമ്മായ്ക്കു നല്കപ്പെട്ടു. അപ്രകാരമുള്ള യാതൊരു കളികളിലും ഭാഗഭാക്കാകുന്നതല്ലെന്ന് അപ്പോൾത്തന്നെ അവൾ നിശ്ചയിച്ചു.

ജെമ്മാ, ഇപ്പോൾ താരുണ്യം നിറഞ്ഞ ഒരു വനിതയാണ്. നൈസർഗ്ഗികമായ അവളുടെ രൂപലാവണ്യത്തിനു മാററു കൂടി. മന്ദസ്മിതം തൂവുന്ന മുഖകമലം കാണികളെ ആകർഷിക്കുവാൻ പോരുമായിരുന്നു. പ്രഭാപൂരിതമായ അവളുടെ നയനങ്ങളിൽ ആത്മനൈർമ്മല്യം പ്രതിഫലിച്ചിരുന്നു. പ്രശാന്തഗംഭീരമായിരുന്നു അവളുടെ വീക്ഷണം. ആധുനികവനിതകൾ വാനോളം പുകഴ്ത്തുന്ന ബാഹ്യസൗന്ദര്യപ്രകടനം വിനയശാലിനിയായിരുന്ന കഥാനായികയിൽ കണികാണുവാൻപോലും സാധിക്കുമായിരുന്നില്ല. "സൗമ്യവും പ്രശാന്തസുന്ദരവുമായ അവളുടെ പുഞ്ചിരിമന്ദഹാസം എൻെറ സ്മൃതിപഥത്തിൽനിന്നും ഇതേവരെയും മറഞ്ഞുപോയിട്ടില്ല" എന്നാണ് സിസ്റ്റർ ജെസുവാൾഡാ പറയുന്നത്.

ജെമ്മായുടെ ജന്മസിദ്ധമായ സൗന്ദര്യവും ലളിതമായ ജീവിതരീതിയും കണ്ട് ആകൃഷ്ടനായ ഒരു യുവാവ് അവളിൽ അനുരക്തനായിത്തീർന്നു. മാനുഷികമായ നിലയിൽ ആലോചിച്ചാൽ ജെമ്മായ്ക്ക് ആ യുവാവുമായുള്ള വിവാഹം അഭികാമ്യമായിരുന്നു. പ്രസ്തുത യുവാവു സൗന്ദര്യത്തിലും സ്വഭാവവൈശി

ഷ്ട്യത്തിലും അവരാംക്ഷ യോജിച്ച വരനുമായിരുന്നു. തൻെറ ആഗ്രഹം അയാരാം ജെമ്മായെ അറിയിച്ചു. ഈശോയ്ക്കുമാത്രമുള്ള വളായി ജീവിക്കുവാൻ ആഗ്രഹിക്കുന്നതിനാൽ അതു സാദ്ധ്യമല്ലെന്നു ജെമ്മാ അയാരാംക്ഷ മറുപടി നല്കി.

തലകൊട്ടത്തു ചിന്തിക്കുവാൻ തക്ക സംഗതി. ഈ സുവർണ്ണാവസരം ജെമ്മാ നഷ്ടപ്പെടുത്തിയതു് ബുദ്ധിശൂന്യതയാണെന്നു തോന്നിയേക്കാം. അതിൽ അത്ഭുതപ്പെടുവാനുമില്ല. മനുഷ്യവർഗ്ഗത്തിൻെറ നിലനില്പിനു ദൈവം സ്ഥാപിച്ച പരിപാവനമായ ഒരു ക്രൂദാശയാണു വിവാഹം. താരുണ്യവതിയായ യുവതിയെ മാതൃത്വത്തിൻെറ ചുമതലയേറിയ സരണിയിലേയ്ക്കു് അതു് ആനയിക്കുന്നു. സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും അവരാം വെമ്പൽകൊള്ളും. ജന്മനാ, സ്നേഹനിർഭരമായ സ്ത്രീയ്ക്ക തൻെറ ഹൃദയനിധി മറെറാരാംക്ഷ പങ്കുവെയ്ക്കുവാൻ അത്യധികമായ ഒരഭിനിവേശം ഉണ്ടാകും. ഇതിനെ പ്രാവർത്തികമാക്കുന്നതിനു പ്രകൃതിക്ക ശക്തിയുണ്ടു്. അന്യനായ ഒരു പുരുഷൻെറ പാദപത്മങ്ങളിൽ തൻെറ ജീവിതസൗഭാഗ്യങ്ങളെയെല്ലാം അടിയറ വയ്ക്കുന്നതിനായി ദൈവത്തിൻെറ അരാംത്താരയെ സമീപിക്കുന്ന തരുണിയെ ലോകം നമിക്കുന്നു. എന്നാൽ ദൈവസേവനത്തിനുവേണ്ടി പരിപൂർണ്ണമായി സ്വയം പരിത്യജിച്ചുകൊണ്ടും നിത്യകന്യാത്വം നേർന്നുകൊണ്ടും ജീവിക്കുന്ന ഒരു വനിത കൂടുതൽ അഭിനന്ദനാർഹയാണു്. അവളെപ്പോലെയുള്ളവരുടെ ജീവിതവിശുദ്ധിയും പ്രാർത്ഥനയും തപസ്സും ഇല്ലായിരുന്നുവെങ്കിൽ ലോകത്തിനു് എന്തു സംഭവിക്കുമായിരുന്നു?

പ്രസ്തുത യുവാവിൽനിന്നും ശല്യങ്ങരാം ഉണ്ടാകുമെന്നു ഭയന്നു്, അമ്മാവി, ജെമ്മായെ അവളുടെ ഭവനത്തിലേയ്ക്കു പറഞ്ഞയച്ചു. ഔറേല്യായുടെ മരണത്തിനുശേഷം മാതൃരഹിതരായ സന്താനങ്ങളെ സംരക്ഷിക്കുന്നതിനായി എൻറിക്കോ തൻെറ രണ്ടു സഹോദരികളെ സ്വഭവനത്തിൽ കൊണ്ടുവന്നു താമസിപ്പിച്ചിരുന്നു. അവരിൽ ഒരാളായ എലീശ്വായെ ജെമ്മാ ആത്മകഥാകഥനത്തിൽ സ്നേഹപൂർവ്വം അനുസ്മരിക്കുന്നുണ്ടു്.

അവറം മാതൃതുല്യം ജെമ്മായോടു വത്തിച്ചിരുന്നു. അവളിൽ നിന്നാണു ജെമ്മായെ സംബന്ധിച്ച പല കാര്യങ്ങളും നാം ഗ്രഹിക്കുന്നതു്.

ജെമ്മാ സ്വഗൃഹത്തിലേയ്ക്കു തിരിച്ചുവന്നപ്പോറം ലഭിച്ച സ്വീകരണം അത്ര ഹൃദ്യമായിരുന്നില്ല. സ്നേഹനിധിയായ ഏലീശ്വാപോലും ദുർമുഖമാണു കാണിച്ചതു്. വിവാഹാലോചന നിരസിച്ചതിനാലുള്ള അതൃപ്തിയായിരിക്കണം അതിനുള്ള കാരണം. ദാരിദ്ര്യപീഡിതമായ അവരുടെ ചെററക്കുടിലിൽ ഒരംഗംക്കൂടി വദ്ധിച്ചു. ജെമ്മായ്ക്കു ദാരിദ്ര്യം ക്ലേശഹേതുകമായിരുന്നില്ല. "ദൈവത്തിൽ ആശ്രയിച്ചാൽ അവിടുന്നു നമ്മെ നിരാശ്രയരായി ഉപേക്ഷിക്കയില്ല" എന്നു് അവറം അമ്മാവിയോടു പറയാറുണ്ടായിരുന്നു. "ദൈവം ഒരിക്കലും ഞങ്ങളെ മുഴുപ്പട്ടിണിക്കു വിധേയരാക്കിയിട്ടില്ല" എന്നാണു് ഏലീശ്വാ പ്രസ്താവിക്കുന്നതു്.

സഹനത്തിൻെറ ചാണയിൽ ഉരച്ചുവേണം സുകൃതങ്ങളുടെ മാററു നോക്കുവാൻ. തങ്ങളുടെ സഹനം വഴിയായി വിശുദ്ധാത്മാക്കറം നമ്മെ കുരിശിൻെറ മഹത്ത്വം മനസ്സിലാക്കുന്നു. അതിൻെറ മാധുര്യം ലോകത്തെ പഠിപ്പിക്കുന്നതും അവരാണു്. ചുറ്റുപാടുമുള്ള ചിന്തകറം തൻെറ മനസ്സിനെ തപിപ്പിച്ചിരുന്നപ്പോഴും വിശുദ്ധ യോബിനെപ്പോലെ ജെമ്മാ ദൈവത്തിൽ ആശ്രയിച്ചിരുന്നു. വീട്ടിൽ തിരിച്ചെത്തി അധികം താമസിയാതെ മൂത്രാശയസംബന്ധമായ രോഗം പിടിപെട്ടു് അവറം കിടപ്പിലായി. ഡോക്ടരുടെ പരിശോധനയ്ക്കു വിധേയയാകുവാനുള്ള മടിമൂലം കുറെനാറം രോഗവിവരം ആരേയും അറിയിക്കാതെ അവറം കഴിച്ചുകൂട്ടി. എന്നാൽ ഉഗ്രമായ വേദനയാൽ അവളുടെ സഹനശക്തി ഉലഞ്ഞുതുടങ്ങിയപ്പോറം വിവരം അമ്മാവിയെ അറിയിച്ചു. സ്വതേ ശാലീനയും ലജ്ജാവിവശയുമായ അവളെ വൈദ്യപരിശോധനയ്ക്കു് എങ്ങനെ സമ്മതിപ്പിക്കും? "ഒരു ഡോക്ടരെ സമീപിക്കുകയെന്ന ചിന്തപോലും എന്നെ വിറയൽ കൊള്ളിച്ചിരുന്നു" എന്നു ജെമ്മാ പ്രസ്താവിക്കുന്നു.

രോഗം വർദ്ധിച്ചു; കൈകാലുകൾ തളർന്നു; കാതുകൾക്ക കേൾവി നഷ്ടപ്പെട്ടു; തലമുടി കൊഴിഞ്ഞു; അനങ്ങുവാൻപോലും ശക്തിയില്ലാതെ ഒരു കൊല്ലത്തോളം രോഗശയ്യയിൽത്തന്നെ അവൾ കഴിച്ചുകൂട്ടി. കഴിവുള്ള സകല ചികിത്സകളും അവളുടെ സഹോദരൻ ചെയ്തു നോക്കി. എല്ലാം നിഷ്ഫലമായി. കുടുംബത്തിലെ സ്ഥിതി അവളുടെ ഹൃദയത്തെ ദുഃഖിപ്പിച്ചു കൊണ്ടിരുന്നു. സഹനത്തിൻെറ കാസായിൽനിന്നും സമചിത്തതയോടെ അവൾ ക്ലേശങ്ങളുടെ കൈപ്പുരസം പാനം ചെയ്തു. അശുദ്ധാരൂപിയുടെ നിരന്തരമായ ഉപദ്രവങ്ങൾ "കൂനിന്മേൽ കുരു" എന്നപോലെ അവളെ ഞെരുക്കിയിരുന്നു. "എന്നെ അനുസരിച്ചാൽ നിന്നെ ഞാൻ സുഖപ്പെടുത്താം" എന്നു് അവൻ അവളോടു മന്ത്രിച്ചു. ആദ്ധ്യാത്മികഗുരുവിൻെറ അനുമതിയോടുകൂടി ഈ അവസരത്തിലാണു് ജെമ്മാ നിത്യകന്യാത്വവ്രതം ചെയ്തതു്. സുഖം ലഭിക്കുന്നപക്ഷം സന്യാസസഭയിൽ പ്രവേശിച്ചുകൊള്ളാമെന്നും അവൾ നിശ്ചയിച്ചു. ഈ അവസരത്തിലാണു പീഡാനുഭവസഭാംഗമായ വിശുദ്ധ ഗബ്രിയേൽ അവൾക്ക പ്രത്യക്ഷനായതു്. "ഒരു സന്യാസിനിയാകാമെന്നു പ്രതിജ്ഞ ചെയ്യുക. എന്നാൽ മററു യാതൊരു വ്യവസ്ഥകളും കൂട്ടുകയും വേണ്ടാ" എന്നദ്ദേഹം അറിയിച്ചു. എന്തുകൊണ്ടാണു് മററു വ്യവസ്ഥകൾ യാതൊന്നും കൂട്ടേണ്ടാത്തതു് എന്ന സംഗതികൾ മനസ്സിലാകാഞ്ഞതിനാൽ ജെമ്മാ ചോദിച്ചു. അപ്പോൾ മന്ദഹാസം തൂകിക്കൊണ്ടു് "എൻെറ വാത്സല്യ സഹോദരീ" എന്നു് അവളെ വിളിക്കയും പീഡാനുഭവസഭക്കാർ ധരിക്കുന്ന 'ചങ്കമുദ്ര' എടുത്തു് അവളുടെ മാറിൽ തൊടുവിക്കയും ചെയ്തിട്ടു് അദ്ദേഹം അപ്രത്യക്ഷനായി.

ജെമ്മായുടെ രോഗം അനുദിനം വർദ്ധിച്ചുവന്നു. രോഗശാന്തിക്കുള്ള അവസാനമാർഗ്ഗമായി നട്ടെല്ലിൽ പന്ത്രണ്ടു സ്ഥലത്തു പൊള്ളിക്കണമെന്നു ഡോക്ടർ നിശ്ചയിച്ചു. ഇപ്രാവശ്യവും ബോധംകെടുത്തുവാൻ അവൾ സമ്മതിച്ചില്ല. താദൃശസന്ദർഭങ്ങളിൽ വിശുദ്ധ ഫ്രാൻസ്സീസ് അസ്സീസി കാവ്യരസം തുളുമ്പുന്ന

രീതിയിൽ ഇപ്രകാരം പാടിയിരുന്നു: "എന്റെ സഹോദരനായ അഗ്നീ, സൃഷ്ടികളിൽ നീതിമാനും ഉത്തമനുമായ നീ എന്നെ അസഹ്യമായി വേദനിപ്പിക്കയില്ലെന്നു കരുതട്ടയോ? നിന്റേയും എന്റേയും സ്രഷ്ടാവായ ദൈവത്തെപ്രതി നിന്നെ ഞാൻ സ്നേഹിക്കുന്നു." ഇപ്രകാരം വിശുദ്ധ ഫ്രാൻസ്സീസിനെപ്പോലെ പാടിയില്ലെങ്കിലും അദ്ദേഹത്തെപ്പോലെ വീരോചിതമായി അവയെല്ലാം അവൾ സഹിച്ചു. ധീരവും നിശ്ശബ്ദവുമായ അവളുടെ സഹനം പ്രേക്ഷകരിൽ അത്ഭുതം ഉളവാക്കി. പൊള്ളിക്കൽ ഫലശൂന്യമാകയാണുണ്ടായത്. ജെമ്മായുടെ അന്ത്യം സമീപിച്ചുവെന്ന് എല്ലാവരും കരുതി. സ്വയംകൃത ചരിത്രത്തിൽ ഇതുസംബന്ധിച്ച് അവൾ ഇപ്രകാരം എഴുതുന്നു: "ഫെബ്രുവരി 2-ാംതീയതി ഞാൻ അന്ത്യകൂദാശകൾ സ്വീകരിച്ചു. അന്ത്യയാത്രയ്ക്കുള്ള നിമിഷങ്ങൾ എണ്ണിക്കൊണ്ടു ഞാൻ കഴിച്ചുകൂട്ടി. എന്റെ ശ്രവണശക്തി നശിച്ചിരിക്കുമെന്നു കരുതി ഡോക്ടർ രോഗശയ്യയുടെ അടുക്കൽ നിന്നുകൊണ്ട് ഞാൻ അർദ്ധരാത്രിവരെ ജീവിക്കുകയില്ലെന്നു പറഞ്ഞു."

ജെമ്മായുടെ സുഖക്കേട് തളർവാത സംബന്ധമായ 'ഇസ്റ്റീരിയ'യാണെന്നും മാനസികചികിത്സയാണ് അതിനുള്ള പ്രതിവിധിയെന്നും ഒരു വിദഗ്ദ്ധൻ അഭിപ്രായപ്പെട്ടു. രോഗിക്കു പൂർണ്ണവിശ്വാസമുള്ള ഒരാളിനു മാത്രമേ രോഗം സുഖപ്പെടുത്തുവാൻ സാധിക്കയുള്ളൂ. ആകയാൽ അങ്ങനെയുള്ള ഒരാളിനെ കണ്ടുപിടിക്കണം. ജെമ്മായുടെ കുമ്പസാരക്കാരനായ മോൺസിഞ്ഞോർ വോൾപിയാണ് ഇതിനു പററിയ ആളെന്നു തീരുമാനിക്കപ്പെട്ടു. വിവേകിയും വിജ്ഞാനിയുമായ അദ്ദേഹം കാലാന്തരത്തിൽ ലൂക്കായിലെ മെത്രാപ്പോലീത്തായായിത്തീർന്നുവെന്നുള്ളതും ഇത്തരുണത്തിൽ സ്മർത്തവ്യമാണ്. ഡോക്ടരുടെ വാക്കുകളെ വിശ്വസിച്ചില്ലെങ്കിലും വിശുദ്ധ മാർഗരററമേരി അലക്കോക്കിന്റെ ഒരു അത്ഭുതം പ്രതീക്ഷിച്ചുകൊണ്ടു പരീക്ഷ നടത്തുവാൻ അദ്ദേഹം സമ്മതിച്ചു. വിശുദ്ധ മേരി അലക്കോക്കിന്റെ സ്തുതിക്കായി ഒരു നൊവേന കഴിക്കുവാൻ അദ്ദേഹം

അവളോട്ട് ആവശ്യപ്പെട്ടു. രാപകൽ അവളെ പരിചരിച്ചു കൊണ്ടിരുന്ന വിശുദ്ധ സീത്തായുടെ സഹോദരികളും ഇതിനായി അവളെ പ്രേരിപ്പിച്ചു. ഈ ദിവസങ്ങളിൽ സുകൃതിനിയും നിഷ്കളങ്കയുമായ അവളെ ധാരാളം ആളുകൾ സന്ദർശിച്ചുകൊണ്ടിരുന്നു. അടുത്ത ദിവസംതന്നെ അവൾ നൊവേന ആരംഭിച്ചു. രോഗാതുരയായ അവൾ പിറേറദിവസം നൊവേന എത്തിക്കുവാൻ മറന്നുപോയി. മൂന്നാം ദിവസം വിശുദ്ധ ഗബ്രിയേൽ പ്രത്യക്ഷനായി അവളോടൊന്നിച്ചു ജപങ്ങൾ ചൊല്ലി. അന്ന് അദ്ദേഹം ജെമ്മായോടൊന്നിച്ച് ഒൻപതു പ്രാവശ്യം "ആകാശങ്ങളിലിരിക്കുന്നതും നന്മനിറഞ്ഞമറിയവും ത്രിതപസ്ഥതിയും" ജപിച്ചു. അപ്രത്യക്ഷനാകുന്നതിനു മുമ്പ് "നിനക്ക് സുഖം പ്രാപിക്കണമോ" എന്ന് അദ്ദേഹം ചോദിച്ചു. ദൈവേഷ്ടമാണു താൻ ആഗ്രഹിക്കുന്നതെന്നു ജെമ്മാ അറിയിച്ചപ്പോൾ "നീ സുഖം പ്രാപിക്കും" എന്നു പറഞ്ഞിട്ട് അദ്ദേഹം അപ്രത്യക്ഷനായി. ആ ദിവസങ്ങളെ സംബന്ധിച്ചു ജെമ്മാ പറയുന്നു: "നൊവേനയുടെ അവസാനദിവസമായി. അന്നു മാസാദ്യവെള്ളിയാഴ്ചയായിരുന്നതിനാൽ ഞാൻ ദിവ്യകാരുണ്യം സ്വീകരിച്ചു. ഈശോയോടൊന്നിച്ചുള്ള വാസം ആനന്ദകരമായിരുന്നു. അവിടുന്നു ചോദിച്ചു: 'ജെമ്മാ, നീ സുഖലബ്ധി ആഗ്രഹിക്കുന്നുവോ?' യാതൊന്നും ഉത്തരം പറയുവാൻ എനിക്കു സാധിച്ചില്ല. ഞാൻ മനസ്സിൽ വിചാരിച്ചു: 'നാഥാ, അവിടുത്തെ ഹിതം.' ഉടനെ അവിടുന്ന് എന്നെ അനുഗ്രഹിച്ചു. ഞാൻ പരിപൂർണ്ണമായി സുഖം പ്രാപിക്കുകയും ചെയ്തു. അപ്പോൾ 'ജെമ്മാ, നീ എൻെറ ഓമനയാണ്; ഞാൻ നിൻെറ പിതാവായിരിക്കും.' പരിശുദ്ധ കന്യകയെ ചൂണ്ടിക്കാണിച്ചുകൊണ്ട് 'അവൾ നിൻെറ വത്സല മാതാവും' എന്ന സ്നേഹപൂർണ്ണമായ വാക്കുകൾ ഞാൻ കേട്ടു. അവ എൻെറ ഹൃദയത്തിൽ ആനന്ദത്തിൻെറ കോരിത്തരിപ്പ് ഉളവാക്കി."

ജെമ്മായുടെ പെട്ടെന്നുണ്ടായ സുഖപ്രാപ്തി വൈദ്യവിദഗ്ധന്മാരുടെ ജ്ഞാനത്തിനും സാമർത്ഥ്യത്തിനും ഒരു ചോദ്യ

ചിഹ്നമായിരുന്നു. ഈ സംഭവം കാട്ടുതീപോലെ പരന്നു. കാണികരം ഓടിക്കൂടി. മാനസികചികിത്സ (സജഷൻ) യുടെ ഫലമാണിതെന്നു ചിലർ തട്ടിവിട്ടു. ദൈവതൃക്കരങ്ങളുടെ അനന്തശക്തി വെളിപ്പെടുത്തുന്ന പ്രകൃത്യതീതമായ ഈദൃശ സംഭവങ്ങരം മഹാത്മാക്കളുടെ ജീവിതത്തിൽ അപൂർവമല്ല.

ഈ അത്ഭുതസംഭവം ശരിയായി മനസ്സിലാക്കണമെങ്കിൽ ചില പ്രത്യേക സംഗതികരം നാം ഗ്രഹിച്ചിരിക്കണം. 'ഇസ്റ്റീരിയാ'യുടെ യാതൊരു ലക്ഷണവും രോഗവേളയിൽ കഥാനായിക പ്രദർശിപ്പിച്ചിരുന്നില്ല. അവരം സദാ ശാന്തയും സൗമ്യയുമായിട്ടാണു കാണപ്പെട്ടിരുന്നതു്. ദൈവസ്നേഹനിർഭരമായിരുന്നു അവളുടെ ഹൃദയം. സങ്കടങ്ങളും ക്ലേശങ്ങളും പ്രകൃത്യതീതക്ഷമയോടെ അവരം സഹിച്ചിരുന്നുവെന്നു കാണികരം സമ്മതിക്കുന്നുണ്ടു്. ഇതിൽനിന്നെല്ലാം അവരം 'ഇസ്റ്റീരിയാ'യ്ക്കു വിധേയയായിട്ടില്ലെന്നു സുവ്യക്തമാകുന്നു.

താമസംവിനാ അനുദിനജീവിതചര്യകളിൽ അവരം വ്യാപൃതയായി. ഈ സന്ദർഭംമുതലാണു 'മിസ്റ്റിക്ക്' അനുഭവങ്ങരം ജെമ്മായിൽ പ്രത്യക്ഷമായി കണ്ടുതുടങ്ങിയതു്. ഏതു സമയത്തും അവരം ഈശോയുമായി ദൃഢബന്ധത്തിൽ കഴിഞ്ഞിരുന്നു. ചിലപ്പോഴെല്ലാം സമാധി അവരംക്കു് അനുഭവപ്പെട്ടു. ആദ്ധ്യാത്മികദർശനങ്ങളും സംഭവങ്ങളും അപൂർവമായിരുന്നില്ല. ഈശോ നേരിട്ടു പലപ്പോഴും അവരംക്കു പ്രത്യക്ഷപ്പെട്ടിരുന്നു. ഈ അസാധാരണദാനങ്ങരം അവരംക്കു് അത്യധികമായ ആദ്ധ്യാത്മികാശ്വാസങ്ങരം പ്രദാനംചെയ്തിരുന്നു. അമ്മത്രേസ്യാ, പാസ്സിയിലെ മറിയംമഗ്ദലേനാ മുതലായ മിസ്റ്റിക്ക് വിശുദ്ധരോടൊപ്പം അവളും ഒരു മിസ്റ്റിക്ക് ആയിത്തീൻ. താൻ ഒരു പാപിനിയാണെന്നു വിചാരിച്ചിരുന്നതിനാൽ ഇപ്രകാരമുള്ള അസാധാരണദാനങ്ങരം തനിക്കു നല്കപ്പെടുമെന്നു ചിന്തിക്കുവാൻപോലും ജെമ്മായ്ക്കു സാധ്യമായിരുന്നില്ല. ആകയാൽ അവരം ആദ്ധ്യാത്മികഗുരുവിൻെറ നിർദ്ദേശമനുസരിച്ചു സവ്വശക്തിയോടുംകൂടി അവയെ എതിർത്തു. എത്ര കൂടുതലായി എതിർത്തുവോ അത്ര

ക്രൂരതലായി അവ അവരാക്ക് അനുഭവപ്പെട്ടുതുടങ്ങിയെന്നു് അനന്തരചരിത്രം വിശദമാക്കുന്നു. ഈ അസാധാരണ സംഭവങ്ങളെപ്പററിയുള്ള വാർത്ത ആ പട്ടണത്തിൽ വലിയ ഇളക്കം തന്നെ ഉളവാക്കി.

---

# ആറാം അദ്ധ്യായം.

## കന്യകാലയകവാടത്തിങ്കൽ.

ജെമ്മായുടെ കത്തുകളിൽ ഒന്നിൽപ്പോലും സ്ഥലകാലങ്ങരം കുറിച്ചിരുന്നില്ല. ഇതു സമയനഷ്ടമായിട്ടായിരിക്കാം ആ സാധ്വി ഗണിച്ചിരുന്നതു്. ഒരേ ആശയങ്ങരംതന്നെ പല കത്തുകളിലും കാണുന്നതിനാലും സ്ഥലകാലങ്ങരം വ്യക്തമല്ലാത്തതിനാലും സംഗതികരം ശരിയായിട്ടു മനസ്സിലാക്കുന്നതിനുള്ള വൈഷമ്യം വർദ്ധിക്കുന്നു. 1900—ത്തോടടുത്തു് അവരം തൻെറ ആദ്ധ്യാത്മികഗുരുവായ ഫാദർ ജെർമ്മാനോസ്സെഴുതിയ ഒരു കത്തിൽ, മഠത്തിൽ പ്രവേശിക്കുന്നതിനു തനിക്കുണ്ടായിരുന്ന തീവ്രമായ ആഗ്രഹം രേഖപ്പെടുത്തിയിട്ടുണ്ടു്. ലോകത്തിൽ ജീവിച്ചിരുന്നെങ്കിലും അവരം ലോകത്തിനായിട്ടല്ല ജീവിച്ചിരുന്നതു്. പ്രകൃത്യതീതമായ ഒരു ശക്തി എപ്പോഴും അവളെ വലയംചെയ്തുകൊണ്ടിരുന്നു. മഠത്തിൽ ചേരണമെന്നുള്ള അവളുടെ ആഗ്രഹത്തെ ആദ്യം ആരും എതിർത്തില്ല. എന്നാൽ അവളുടെ സന്യാസസഭാപ്രവേശനശ്രമങ്ങളിൽ എന്തോ നിഗൂഢശക്തികരം എപ്പോഴും പ്രവർത്തനം നടത്തിക്കൊണ്ടിരുന്നുവെന്നു വിചാരിക്കാൻ ന്യായമുണ്ടു്. സന്യാസിനിയാകുവാനായിരുന്നില്ല ജെമ്മായുടെ ദൈവവിളിയെന്നു കാലക്രമത്തിൽ നമുക്കു വെളിപ്പെടും.

കന്യാസ്ത്രീയാകണമെന്നുള്ള ചിന്തയാണ് ഇക്കാലമെല്ലാം കഥാനായികയെ ഭരിച്ചിരുന്നതു്. താൻ ഏതു സഭയിലാണു ചേരേണ്ടതെന്ന് അവരം ഇതുവരേയും തീർച്ചയാക്കിയിട്ടില്ലായിരുന്നു.

ജെമ്മാ രോഗിണിയായിരുന്നപ്പോരം "ബർബെൻറിനി" എന്ന അപരനാമത്താൽ അറിയപ്പെട്ടുന്ന സന്യാസിനിസഭയിലെ സഹോദരിമാർ അവളെ സന്ദർശിക്കുക പതിവായിരുന്നു. ഒരിക്കൽ, പ്രായമാകാഞ്ഞതിനാൽ സഭയിൽ പ്രവേശം നല്കപ്പെടാതിരുന്ന ഒരു ബാലികയും അവരോടൊന്നിച്ചു വന്നിട്ടുണ്ടായിരുന്നു. അവളെക്കണ്ടു ജെമ്മാ വികാരാധീനയായി. ഒരു ദൈവദൂതൻ പ്രത്യക്ഷനായി, വിശേഷോപദിഷ്ടമായ വഴിയിൽക്കൂടി ക്രിസ്തുവിൻെറ പക്കലേയ്ക്കു പോകുവാൻ തന്നോടുപദേശിക്കുന്നതായിട്ടാണ് അപ്പോരം അവരംക്കു തോന്നിയതു്. അപ്പോരം ജെമ്മാ, അവിടെ സന്നിഹിതയായിരുന്ന 'നോവിസ് മിസ്ട്റസ്സി'നോട്ട് രോഗവിമുക്തയാകുമ്പോരം സഭയിൽ പ്രവേശിക്കുന്നതിനുള്ള അനുവാദം വാങ്ങി. പീഡാനുഭവസഭാംഗമായ വിശുദ്ധ ഗബ്രിയേൽ പലപ്പോഴും അവരംക്കു പ്രത്യക്ഷനായി അവളെ "എൻെറ സഹോദരീ" എന്നു വിളിച്ചിട്ടുണ്ട്. ആ സഭയിലെ അതികഠിനമായ നിയമങ്ങളും തപശ്ചര്യകളും അവളെ അങ്ങോട്ട് ആകർഷിക്കയും ചെയ്തിരുന്നു. ബാല്യംമുതൽ സുപരിചിതമായിരുന്ന വിസിറേറഷൻ സഭയോടും അനല്പമായ പ്രതിപത്തി അവരംക്കുണ്ടായിരുന്നു.

ഇങ്ങനെ ഒന്നിനു പിറകെ ഒന്നായി ചിന്തകരം അവളുടെ മനോദർപ്പണത്തിൽ ഉയൻവന്നുകൊണ്ടിരുന്നു. യാതൊരു നിശ്ചയവും ചെയ്യാൻ ശക്തയാകാതെ ഈ അവസരത്തിൽ അവരം ആദ്ധ്യാത്മികഗുരുവിൻെറ സഹായം അഭ്യർത്ഥിച്ചു. ജെമ്മായുടെ ആദ്ധ്യാത്മികരഹസ്യങ്ങളെല്ലാം അദ്ദേഹം മനസ്സിലാക്കിയിട്ടുണ്ട്. പരിതസ്ഥിതികളെല്ലാം സൂക്ഷ്മമായി പരിശോധിച്ചതിനുശേഷം വിസിറേറഷൻസഭയിൽ ചേരുവാൻ അദ്ദേഹം അവളോടുപദേശിച്ചു. 'സലേഷ്യൻ' കന്യകകരം എന്നുകൂടി അപരനാമ

മുള്ള അവരുടെ സഭ 1610—ൽ വിശുദ്ധ ഫ്രാൻസിസ് സാല സിൻെറ നിർദ്ദേശവും സഹകരണവുമനുസരിച്ചു വിശുദ്ധ ഷണ്ടാൾ സ്ഥാപിച്ചു. നല്ല ആരോഗ്യമില്ലാത്തവരും കഠിന മായ ശരീരികതപശ്ചര്യകൾ ചെയ്യുവാൻ സാധിക്കാത്തവരു മായ യുവതികൾക്കുംകൂടെ സന്യാസജീവിതത്തിനുള്ള സൗകര്യം കൊടുക്കുകയെന്നതായിരുന്നു ആ സഭാസ്ഥാപനത്തിൻെറ ഉദ്ദേശ്യം. നവസന്യാസകാലം കഴിയുമ്പോൾ പുറത്തുപോയി രോഗികളേയും ക്ലേശിതരേയും സഹായിക്കുന്നതിന് അവരെ അനുവദിക്കണമെന്നതായിരുന്നു വിശുദ്ധ ഫ്രാൻസിസ് സാലെ സിൻെറ പ്രഥമനിശ്ചയം. എന്നാൽ പിന്നീട്, ത്രെന്തോസ് സൂനഹദോസിൻെറ നിയമങ്ങളനുസരിച്ചുള്ള വ്യവസ്ഥകളോടു കൂടിയ ഒരു സന്യാസസഭയായി ആ സ്ഥാപനത്തെ ഉയത്തുവാൻ ലീനോസ് അതിരൂപതാദ്ധ്യക്ഷൻ നല്കിയ ഉപദേശം അദ്ദേഹം സ്വീകരിച്ചു. 300 കൊല്ലത്തെ പഴക്കമുള്ള ആ സഭ വ്യതിയാ നങ്ങൾക്കു വിധേയമാകാതെ ഇന്നും നിലനില്ക്കുന്നു. വിസിറേ ഷൻസഭാപുഷ്പവാടിയിൽ പരിമളം പരത്തിക്കൊണ്ടു പരില സിച്ചിരുന്ന ഒരു സുന്ദരസുമമാണ് വിശുദ്ധ മാർഗരററ മേരി അലക്കോക്ക്.

മോൺസിഞ്ഞോർ വോൾപ്പിയുടെ നിർദ്ദേശമനുസരിച്ചു വിസിറേഷൻസഭയിൽ ചേരുവാൻതന്നെ ജെമ്മാ തീരുമാനിച്ചു. 1899 മെയ്മാസം ഒന്നാം തീയതി അവൾ സന്യാസസഭാ ഭവനത്തിൽ ചെന്നുചേന്നു. അത്ഥിനികളോടൊന്നിച്ച് അവൾ അവിടെ വാസം ആരംഭിച്ചു. സഭാപ്രവേശനത്തിനുമുമ്പ് എട്ടു ദിവസത്തെ ധ്യാനം അവൾ കഴിക്കേണ്ടിയിരുന്നു. ആ ദിവസ ങ്ങൾ അത്രയും അവൾ വിശുദ്ധ കുർബാനയുടെ സന്നിധിയി ലാണു കഴിച്ചുകൂട്ടിയതു്. എന്നാൽ വിസിറേഷൻ സഭയായി രുന്നില്ല ദൈവം അവൾക്കു നിശ്ചയിച്ചിരുന്ന സ്ഥലം. ദൈവ ത്തിൻെറ നിഗൂഢരഹസ്യങ്ങളുടെ ഉള്ളു കണ്ടവൻ ആർ? സുഖ സന്തോഷങ്ങളെപ്പററി ദിവാസ്വപ്നം കണ്ടുകൊണ്ടിരിക്കുന്ന മനു ഷ്യൻ ഝടിതി അടിതെററി വീഴുന്നില്ലേ? എങ്കിലും ദുഃഖസങ്കട

ങ്ങറം പലരുടേയും കണ്ണു തുറപ്പിക്കുന്നതിനു പര്യാപ്തമാകുന്നുണ്ട്. ദൈവസന്നിധിയിൽ എത്തി അവർ സമാധാനം കണ്ടെത്തും.

വിസിറേറഷൻ സഭയിൽ തപസ്സ്, പ്രായശ്ചിത്തം, ജാഗരണം മുതലായ ശാരീരികപീഡകളെക്കാറം പ്രാധാന്യം നല്കിയിരുന്നത് ആന്തരികസംയമനത്തിനായിരുന്നു. ജെമ്മാ ദൃഢഗാത്രയല്ലാതിരുന്നതിനാൽ സഹോദരികറം അവറംക്കു വിശേഷാൽ ആനുകൂല്യങ്ങറം അനുവദിച്ചിരുന്നു. സ്വതേ പരിത്യാഗങ്ങളും പീഡകളും ആഗ്രഹിച്ചിരുന്ന ജെമ്മാ ഈദൃശ പരിതസ്ഥിതികളിൽ തൻെറ ദൈവവിളി വിസിറേറഷൻ സഭയിലേയ്ക്കാണോ എന്നു സംശയിക്കാൻ തുടങ്ങി. അധികാരികറം ആ വിവരം മനസ്സിലാക്കുകയും ചെയ്തു. എങ്കിലും സ്വഭവനത്തിലേയ്ക്കു തിരിച്ചുപോകുന്നതിനുള്ള ഭയംനിമിത്തം അവറം, സഭാപ്രവേശനത്തിനുള്ള അനുവാദം പ്രതീക്ഷിച്ചുകൊണ്ട് അർത്ഥിനികളോടൊന്നിച്ചു കുറെനാറം കഴിച്ചുകൂട്ടി. കുറെക്കഴിഞ്ഞപ്പോറം അവളുടെ അപേക്ഷ അതിരൂപതാദ്ധ്യക്ഷൻ നിരസിച്ചിരിക്കുന്നതായിട്ടാണ് അറിവു കിട്ടിയത്. കാരണം അവറംക്കു നല്ല ആരോഗ്യം ഇല്ലായിരുന്നു. ഈ അവസരത്തിൽ അവളുടെ ഹൃദയം ഉരുകി കണ്ണുനീർക്കണങ്ങളായി പുറത്തുവന്നു. ദുഃഖം അവളുടെ സമചിത്തതയെ തള്ളി താഴെ ഇടുമെന്ന് അവറം ഭയപ്പെട്ടു. എങ്കിലും ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് അവറം സമാധാനപ്പെട്ടു. ജെമ്മാ ഇതേസംബന്ധിച്ച് എഴുതുന്നു, "1899 – മേയ് മാസം 21–ാം തീയതി ഞാൻ മഠത്തിൽനിന്നു പറഞ്ഞയയ്ക്കപ്പെട്ടു. പെരുമാരിപോലെ ഞാൻ കണ്ണുനീർ പൊഴിച്ചു. തപിക്കുന്ന ഹൃദയത്തോടും വിറയ്ക്കുന്ന അധരങ്ങളോടും കൂടിയാണ് ഞാൻ കന്യാസ്ത്രീകളോടു യാത്ര പറഞ്ഞത്."

ഇതെപ്പററി ഫാദർ വില്യംസൺ പറയുന്നു, "സഹനം അവറംക്കു സുപരിചിതമായിക്കഴിഞ്ഞിരുന്നു. മഠത്തിൽനിന്നും തിരിച്ചുവന്ന കഥാനായിക വീണ്ടും അനുദിനകൃത്യങ്ങളിൽ വ്യാപൃതയായി വീട്ടിൽ താമസമാരംഭിച്ചു. ഞായറാഴ്ചകളിലും കടമുള്ള ദിവസങ്ങളിലും അവറം സ്വസഹോദരിയോടൊരുമിച്ചു

സിമിത്തേരിയിൽ പോയി മാതാപിതാക്കന്മാരുടെ ശവകുടീരത്തിങ്കൽ പ്രാൎത്ഥിക്കുക പതിവായിരുന്നു. അതു് അവൾക്ക് ആശ്വാസം നല്കി. സമയം അതിവേഗം പറന്നു പോകുന്നതായിട്ടാണ് അപ്പോഴൊക്കെ അവൾക്കു തോന്നിയിരുന്നതു്. ചിലപ്പോൾ അവൾ സിമിത്തേരിയിൽനിന്നും പുറത്തിറങ്ങുന്നതിനു മുൻപു വാതിൽ പൂട്ടപ്പെട്ടിരുന്നു. മററു ചിലപ്പോൾ വാതിൽ തുറക്കുന്നതിനായി വളരെ നേരം പുറത്തു മഴ നനഞ്ഞു കാത്തുനില്ക്കേണ്ടതായും വന്നിരുന്നു. ആ സ്ഥലത്തിനടുത്തു വസിച്ചിരുന്ന ഒരു നല്ല സ്ത്രീ അവളോട് അനുകമ്പതോന്നി സിമിത്തേരി സന്ദൎശിക്കുന്നതിനായി വരുന്ന അവസരങ്ങളിലെല്ലാം തന്റെ ഭവനത്തിൽ അവൾക്കു സ്വാഗതം ലഭിക്കുന്നതാണെന്നറിയിച്ചു.

വിസിറേറഷൻസഭയിൽ വീണ്ടും പ്രവേശിക്കുന്നതിനു കഥാനായിക ശ്രമം ചെയ്യാതിരുന്നില്ല. മെത്രാപ്പോലിത്താ അവളുടെ കാര്യത്തിൽ എന്തെങ്കിലും ആനുകൂല്യം ചെയ്യുമോ എന്നു് അവൾ അന്വേഷിച്ചുകൊണ്ടിരുന്നു. എന്നാൽ ഡോക്ടരുടെ ഒരു സർട്ടിഫിക്കററു ഹാജരാക്കുവാൻ അദ്ദേഹം അവളോടാവശ്യപ്പെട്ടു. അതു ലഭിക്കുക അത്ര എളുപ്പമായിരുന്നില്ല. ജെമ്മായുടെ നിൎദ്ധനാവസ്ഥയും മററും ഗ്രഹിച്ചിരുന്ന കന്യാസ്ത്രീകൾ അവളെ അവിടെ സ്വീകരിക്കുന്നതിനു വൈമനസ്യവും പ്രദൎശിപ്പിച്ചിരുന്നു. ഒടുവിൽ പ്രതികൂലമായ മറുപടിതന്നെ ലഭിച്ചു.

ഉള്ളുപൊള്ളുന്ന ചിന്തകൾ ഇതുസംബന്ധിച്ച് അവളെ നിരന്തരം അലട്ടിയിരുന്നു. ദൈവതൃക്കരങ്ങളിൽ തന്നെത്തന്നെ അൎപ്പിക്കുക മാത്രമായിരുന്നു കരണീയമായിട്ടുണ്ടായിരുന്നതു്. ദൈവമായിരുന്നു അവളുടെ ആശ; പ്രാൎത്ഥന ആശ്രയവും. വിസിറേറഷൻസഭാപ്രവേശനം സാദ്ധ്യമല്ലെന്നു മനസ്സിലാക്കിയതു മുതൽ, കർമ്മലീത്താ, ക്ലാര, മുതലായ പല സഭകളിലും പ്രവേശിക്കുന്നതിനു് അവൾ ശ്രമിച്ചു നോക്കി. എല്ലായിടത്തും അനാരോഗ്യവും നിൎദ്ധനസ്ഥിതിയും തന്റെ മുൻപിൽ വിലങ്ങടിച്ചു നിൽക്കുന്നതായിട്ടാണ് അവൾ കണ്ടതു്. ജെമ്മായ്ക്കു നിരന്തരം ഉണ്ടായിക്കൊണ്ടിരുന്ന പ്രകൃത്യതീതാനുഭ

വങ്ങളെപ്പററിയുള്ള അറിവ് ആയിരുന്നു സഭാപ്രവേശനത്തിന് അവൾക്കു കൂടുതൽ പ്രതിബന്ധമായിരുന്നത്.

1899—ൽ ലെയോ പതിമൂന്നാമൻ, പുതിയ ശതാബ്ദത്തിലേക്കു പ്രവേശിക്കുന്നതിനുള്ള ഒരുക്കമായിട്ട് ഇററലിയിലുള്ള പ്രധാനപട്ടണങ്ങളിലെല്ലാം പ്രത്യേക പ്രാർത്ഥനകളും ധ്യാനപ്രസംഗങ്ങളും നടത്തണമെന്നാജ്ഞാപിച്ചു. തദനുസരണം ലൂക്കാപ്പട്ടണത്തിൽ ധ്യാനപ്രസംഗങ്ങൾ നടത്തുന്നതിനായി പീഡാനുഭവസഭയിലെ ഏതാനും വൈദികന്മാർ ക്ഷണിക്കപ്പെട്ടു. അവരുടെ പ്രസംഗങ്ങൾ കേൾക്കുവാൻ ജെമ്മായും പോയിരുന്നു. തൻെറ ഉപകാരിയായ വിശുദ്ധ ഗബ്രിയേലിൻെറ സന്യാസസഭാവസ്ത്രം ധരിച്ചിരുന്ന ആ മിഷ്യനറിമാരെ കണ്ടപ്പോൾ തനിക്കനുഭവപ്പെട്ട വികാരങ്ങൾ വിവരിക്കുക സാധ്യമല്ലെന്ന് അവൾതന്നെ പറയുന്നു. അവസാനദിവസത്തെ ചടങ്ങുകളിൽ അവൾ സംബന്ധിക്കുകയും, അന്ന് ഭക്തിപൂർവ്വം ദിവ്യകാരുണ്യം സ്വീകരിക്കുകയും ചെയ്തു. അതിൻെറ ശേഷം ഉപകാരസ്മരണ നടത്തിക്കൊണ്ടിരുന്നപ്പോൾ ദിവ്യരക്ഷകൻ അവളോടു ചോദിച്ചു: "ജെമ്മാ, പീഡാനുഭവസന്യാസസഭാവസ്ത്രം നിനക്കിഷ്ടമാണോ?"

"ഞാൻ മറുപടി പറയേണ്ട ആവശ്യമില്ലായിരുന്നു. എൻെറ ഹൃദയത്തിൻെറ അടിപ്പുകൾ ചോദ്യത്തിനു സമാധാനം നല്കി" എന്ന് ഇതുസംബന്ധിച്ച് അവൾ സ്വയംകൃതചരിത്രത്തിൽ എഴുതിയിരിക്കുന്നു.

"ഈ സന്യാസസഭാവസ്ത്രം ധരിക്കുവാൻ നിനക്കാഗ്രഹമുണ്ടോ?" അവിടുന്നു വീണ്ടും ചോദിച്ചു.

"എനിക്കാഗ്രഹമുണ്ട്. നാഥാ,"

"നീ എൻെറ പീഡാനുഭവത്തിൻെറ സന്താനമായിരിക്കും, എൻെറ വത്സലപുത്രിയും. ഇവരിലൊരാൾ നിൻെറ ആദ്ധ്യാത്മികഗുരുവായിരിക്കും. നീ പോയി ഈ സംഗതികളെല്ലാം അദ്ദേഹത്തോടു പറയുക."

ജെമ്മായ്ക്കു തൻെറ പുതിയ ആദ്ധ്യാത്മികഗുരുവിനോടു

സ്വർഗ്ഗീയരഹസ്യങ്ങൾ പലതും അറിയിക്കുവാനുണ്ടായിരുന്നു. അവളുടെ ശരീരത്തിൽ പീഡാനുഭവക്ഷതങ്ങൾ നേരത്തേതന്നെ പ്രത്യക്ഷമാവുകയുണ്ടായി. ഈ വിവരം കുമ്പസ്സാരക്കാരനെ അറിയിക്കുവാൻ കാവൽമാലാഖായുടെ നിരന്തരമായ പ്രേരണ ഉണ്ടായിരുന്നിട്ടും അവൾ അതിനു വഴിപ്പെട്ടില്ല. എന്നാൽ ഇപ്പോൾ ദിവ്യനാഥന്റെ കല്പന നിരസിക്കുക സാദ്ധ്യമല്ല. ആകയാൽ അവൾ, അടുത്തു കുമ്പസാരിപ്പിച്ചുകൊണ്ടിരുന്ന ഒരു വൈദികനെ സമീപിച്ചു. എന്നാൽ ഒരു വാക്കുപോലും ഉച്ചരിക്കുവാൻ അവൾക്കു സാധിച്ചില്ല. അതിനാൽ ദൈവാലയത്തിന്റെ മറെറാരുഭാഗത്തു കുമ്പസാരിപ്പിച്ചുകൊണ്ടിരുന്ന ഫാദർ ഗയത്താനോയുടെ പക്കലേയ്ക്കു് അവൾ പോയി. അദ്ദേഹത്തെ ജെമ്മായ്ക്കു നേരിട്ടു പരിചയമുണ്ടായിരുന്നില്ല. എങ്കിലും തന്റെ ഹൃദയരഹസ്യങ്ങളെല്ലാം അദ്ദേഹത്തോടു പറയുവാൻ അവൾക്കു സാധിച്ചു. അദ്ദേഹം പീഡാനുഭവസഭാസന്യാസിനികളെ സംബന്ധിച്ചു സംസാരിച്ചു. അവരെപ്പററി കേട്ടപ്പോൾ പീഡാനുഭവസഭാംഗമാകുന്നതിന് അവൾക്ക് അത്യധികമായ ആഗ്രഹം ഉണ്ടായി. ജെമ്മാ ആ സംഗതി അദ്ദേഹത്തെ അറിയിച്ചപ്പോൾ അതു വളരെ നല്ലതുതന്നെ എന്നു പറഞ്ഞു് അദ്ദേഹം അതിന് അവളെ പ്രേരിപ്പിച്ചു. അന്നുമുതലാണ് വിശുദ്ധ ഗബ്രിയേലിനോടുള്ള ഭക്തി അവളിൽ കൂടുതൽ വർദ്ധിച്ചുതുടങ്ങിയതു്. അതിവേഗം ഒരു കന്യാസ്ത്രീയായിത്തീരുന്നതിനുള്ള അനുഗ്രഹം അവൾ അദ്ദേഹത്തോടഭ്യർത്ഥിക്കുകയും ചെയ്തു.

# ഏഴാം അദ്ധ്യായം

## പഞ്ചക്ഷതങ്ങൾ.

ആന്തരികപ്രേരണകൾക്കധീനയായി, വിശുദ്ധ ഫ്രാൻസീസ് അസ്സീസി 1224—ൽ അൽവേർണ്യാ മലയുടെ ഉപത്യകയിലുള്ള സന്യാസഭവനത്തിൽ ചെന്നു് ഏകാഗ്രചിത്തനായി പ്രാർത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു. വിശുദ്ധ കുരിശിൻെറ പുകഴ്ചയുടെ തിരുനാളിൽ അദ്ദേഹത്തിൻെറ ഹൃദയം അസാധാരണമായ ദൈവസ്നേഹത്താൽ എരിഞ്ഞുതുടങ്ങി. ഉടനെ വേദപുസ്തകമെടുത്തു മൂന്നു പ്രാവശ്യം തുറന്നു് അദ്ദേഹം വായിച്ചു. ഓരോ പ്രാവശ്യവും ക്രിസ്തുനാഥൻെറ പീഡാനുഭവമാണു ലഭിച്ചതു്. ദിവ്യരക്ഷകനെപ്രതി പീഡ സഹിക്കുന്നതിനുള്ള അതിശക്തിയായ ഒരഭിനിവേശം ഈ അവസരത്തിൽ അദ്ദേഹത്തിനു് അനുഭവപ്പെട്ടു. അടുത്തദിവസം ധ്യാനനിരതനായിക്കഴിഞ്ഞപ്പോൾ അദ്ദേഹത്തിനു് ഒരു ദർശനമുണ്ടായി. മനുഷ്യരൂപത്തിൽ ഒരു സെറാഫിൻ അവിടെ പ്രത്യക്ഷനായി. ആ ദൈവദൂതൻ ക്രൂശിതനായിട്ടാണു കാണപ്പെട്ടതു്. അത്യധികമായി പീഡ സഹിച്ചുകൊണ്ടിരിക്കുന്നതായി തോന്നിയ ആ ദൈവദൂതൻ തന്നെ അടിക്കുന്നതായി ഫ്രാൻസ്സീസിനു് അനുഭവപ്പെട്ടു. താമസംവിനാ ആ ദൈവദൂതൻ തിരോഭവിച്ചു.

ഫ്രാൻസ്സീസ്, തനിക്കുണ്ടായ ദർശനത്തെപ്പററി ചിന്തിച്ച് അല്പസമയം ചെലവഴിച്ചു. സന്തോഷസന്താപസമ്മിശ്രമായ ചിന്തകൾ അദ്ദേഹത്തിനുണ്ടായി. അല്പം കഴിഞ്ഞപ്പോൾ അതിദുസ്സഹമായ വേദന അദ്ദേഹത്തിനു തോന്നി. കാരണം കണ്ടുപിടിക്കുവാൻ അധികം റിഷമതയുണ്ടായില്ല. ക്രൂശിതനായി തനിക്കു കാണപ്പെട്ട ആ സെറാഫിനെപ്പോലെ താനും മുറിവുകളേററിരിക്കുന്നതായിട്ടു് അദ്ദേഹത്തിനു മനസ്സിലായി. കൈകളിലും കാലുകളിലും മാംസളമായ ആണികൾ ദൃശ്യമായി

രുന്നു. മാറിൻെറ വലത്തുഭാഗത്തു കുന്തത്താൽ മുറിക്കപ്പെട്ടതു പോലുള്ള ഒരു ക്ഷതവും കണ്ടു.

പഞ്ചക്ഷതങ്ങൾ സിദ്ധിച്ചവരുടെ കൂട്ടത്തിൽ ആദ്യമായി അറിയപ്പെടുന്ന ആൾ വിശുദ്ധ ഫ്രാൻസ്സീസ് അസ്സീസിയാണ്. അദ്ദേഹത്തിൻെറ ക്ഷതങ്ങളിൽ കാണപ്പെട്ടതുപോലെയുള്ള ആണികളുടെ രൂപം പിന്നീടും അവ സിദ്ധിച്ചിട്ടുള്ളവരുടെ മുറിവുകളിൽ കാണപ്പെട്ടിരുന്നില്ല.

വിശുദ്ധ ഫ്രാൻസ്സീസ് അസ്സീസിക്കുശേഷം ഇതുവരെ 321 പേർക്കു പ്രകൃത്യതീതമാംവിധം പഞ്ചക്ഷതങ്ങൾ സിദ്ധിച്ചിട്ടുള്ളതായി നമുക്കറിവുണ്ട്. കത്തോലിക്കരായ ചില ജീവശാസ്ത്രവിദഗ്ദ്ധന്മാർപോലും ഇപ്രകാരമുള്ള ക്ഷതങ്ങൾ മാനസിക പ്രവൎത്തനങ്ങളുടെ ഫലമായി ഉണ്ടാകുമെന്നഭിപ്രായപ്പെടുന്നു. ദിവ്യരക്ഷകൻെറ പീഡകളേയും തിരുമുറിവുകളേയും പററി ഒരാൾ തീവ്രമായി ചിന്തിക്കുമ്പോൾ അതു ശരീരത്തിൽ ക്ഷതമുളവാക്കുവാൻ പര്യാപ്തമാംവിധം അയാളുടെ ബാഹ്യേന്ദ്രിയങ്ങളിൽ പ്രവൎത്തനംനടത്തുമെന്നാണ് അവരുടെ അഭിമതം. എന്നാൽ ജീവശാസ്ത്രപണ്ഡിതന്മാർ ഇതുസംബന്ധിച്ച ഖണ്ഡിതമായ ഒരഭിപ്രായം പറയുന്നതിന് ഇന്നും അശക്തരായിട്ടാണിരിക്കുന്നത്. മാത്രമല്ല, പഞ്ചക്ഷതങ്ങൾ പ്രകൃത്യാ ഉണ്ടാകുമെന്നുള്ള അഭിമതത്തിന് അനുകൂലമായി ഇതുവരെ കൊണ്ടുവരപ്പെട്ടിട്ടുള്ള തെളിവുകളെല്ലാം അടിസ്ഥാനരഹിതങ്ങളാണെന്നു ഫാദർ തൃറിസൺ സ്ഥാപിക്കുന്നു.

അതിശയോക്തിയും തെററിദ്ധാരണയും നിറഞ്ഞ നിരൎത്ഥകജല്പങ്ങളാണ് അവയിൽ പലതും. മേലിൽ സാരവത്തായ വല്ല തെളിവുകളും വൈദ്യശാസ്ത്രപരമായോ ജീവശാസ്ത്രപരമായോ ഉന്നയിക്കപ്പെട്ടാലും അതു മതത്തെയോ ആദ്ധ്യാത്മിക ജീവിതത്തെയോ സ്പൎശിക്കുന്നതല്ലെന്നും നാം അനുസ്മരിക്കണം. മാത്രമല്ല, വിശുദ്ധപദപ്രഖ്യാപനപരിപാടികളിൽ പഞ്ചക്ഷതങ്ങൾ നിസ്സന്ദേഹമായ അത്ഭുതങ്ങളായി സ്വീകരിക്കപ്പെടുന്നുമില്ല. രണ്ടുമൂന്നു സംഗതികളെ സംബന്ധിച്ചിടത്തോളം വൈദ്യ

ശാസ്ത്രവിദഗ്ദ്ധന്മാൎക്കു യാതൊരു സമാധാനവും ഇതുവരെ പറയുവാൻ സാധിച്ചിട്ടുമില്ല. ഒന്നാമതു്, അത്ഭുതകരമായി സിദ്ധിച്ചിട്ടുള്ള മുറിവുകൾ സുഖപ്പെടുത്തുന്നതിനു വൈദ്യന്മാൎക്കു സാധിച്ചിട്ടില്ല. രണ്ടാമതു്, വിശുദ്ധ റീത്തായുടെ കാൎയ്യത്തിലൊഴികെ, മററാരുടേയും പഞ്ചക്ഷതങ്ങളിൽനിന്നും ദുർഗന്ധം പുറപ്പെട്ടിട്ടുള്ളതായറിവില്ല. ജെമ്മായുടെ മുറിവുകൾ മൂടിക്കെട്ടിവച്ച അവസരത്തിൽ പഴപ്പുണ്ടായെങ്കിലും കെട്ടു മാററിയതിനുശേഷം പിന്നീടൊരിക്കലും പഴപ്പു കാണപ്പെട്ടില്ല. മൂന്നാമതു്, പലരുടെ പഞ്ചക്ഷതങ്ങൾ സുഗന്ധം പുറപ്പെടുവിക്കക്കൂടി ചെയ്തിട്ടുണ്ടു്.

ജെമ്മായ്ക്കു സിദ്ധിച്ച അതിസ്വാഭാവികദാനങ്ങളെ ശരിയായി മനസ്സിലാക്കുന്നതിന്, 1899—ൽ അവൾക്കു ലഭിച്ച അത്ഭുതകരമായ രോഗശാന്തിമുതലുള്ള അവളുടെ ജീവിതകഥ ഗ്രഹിച്ചിരിക്ക ആവശ്യമാണു്. സഹനാഗ്നിയുടെ ഉലയിലാണു ജെമ്മായുടെ ജീവിതം സ്ഫുടം ചെയ്യപ്പെട്ടതു്. അവളുടെ ഹൃദയം വാൎത്തെടുത്തതു ക്ലേശനിർഭരമായ മൂശയിലാണു്. തൻെറ സ്നേഹിതരെ കൂടുതൽ കൂടുതൽ തന്നിലേയ്ക്കു് അടുപ്പിക്കുന്നതിനുവേണ്ടി ദിവ്യനാഥൻ, അവൎക്കു ലോകവസ്തുക്കളെ കൈപ്പുള്ളതാക്കി പകൎത്തുന്നു. തൻെറ അനാരോഗ്യംമൂലം കുടുംബാംഗങ്ങൾ വിഷമിക്കുന്നല്ലോ എന്നു വിചാരിച്ചു ജെമ്മാ ഒരിക്കൽ ദുഃഖിച്ചിരുന്നു. തദവസരത്തിൽ ഈശോ അവളോടു പറഞ്ഞു: "നീ നിനക്കുതന്നെ പൂൎണ്ണമായി മരിച്ചവളായിരുന്നാൽ ഇപ്രകാരം വിഷമിക്കേണ്ടിവരികയില്ല." അന്നുമുതൽ ലൗകികബന്ധങ്ങൾ പരിപൂൎണ്ണമായുപേക്ഷിച്ചു് ഈശോയ്ക്കുവേണ്ടി മാത്രം അവൾ ജീവിച്ചുപോന്നു. കുരിശാണു വിവിധതരക്കാരായ മനുഷ്യരെ തിരിച്ചറിയുന്നതിനുള്ള മാൎഗ്ഗം. ഒരുതരക്കാൎക്കു കുരിശു് അജ്ഞാതവസ്തുവും മറെറാരുതരത്തിൽ പെട്ടവൎക്കു് അതു ഭോഷത്തവും മൂന്നാമതൊരു കൂട്ടൎക്കു് മഹത്ത്വകാരണവുമാകാം. ഈ അവസാനത്തെ കൂട്ടത്തിൽ ഉൾപ്പെട്ടവൎക്കു ക്രിസ്തുവിൻെറ കുരിശാകുന്നു ശക്തിയും ജ്ഞാനവും. ആകയാൽ വിശുദ്ധ പൗലോസിനോടുകൂടി അവൎക്കു പറയാം: "നമ്മുടെ കൎത്താവീശോമിശി

ഹായുടെ കുരിശിലല്ലാതെ മറെറാന്നിലും ഞാൻ പ്രശംസി ക്കാതിരിക്കട്ടെ."

വിശുദ്ധാത്മാക്കളുടെ വസന്തകാലമായ വലിയ ആഴ്ച വന്ന ടുത്തു. ജെമ്മായും ക്രൂശിതനായ ക്രിസ്തുവിനെ ഹൃദയം തുറന്നു സ്നേഹിക്കാനുള്ള അവസരമാണത്. വിശുദ്ധ സീത്തായുടെ സഭ യിൽപ്പെട്ട സിസ്റ്റർ സെസ്തീനി ജെമ്മായെ രോഗവേളയിൽ സന്ദ ർശിച്ചു "തിരുമണിക്കൂർ ഭക്തി" പഠിപ്പിച്ചു. ഇന്നത്തെപ്പോലെ അന്ന് ആ ഭക്തി അത്ര സർവ്വസാധാരണമായിരുന്നില്ല. രോഗ വിമുക്തി ലഭിക്കുന്നപക്ഷം എല്ലാ വ്യാഴാഴ്ചയും ഈ ഭക്തകൃത്യം നടത്തുന്നതാണെന്നു കഥാനായിക നിശ്ചയം ചെയ്തു. പെസഹാ വ്യാഴാഴ്ച ഇതു് അവൾ ആരംഭിച്ചു. ഇതുസംബന്ധിച്ച് അവൾ കുറിക്കുന്നു: "രോഗവിമുക്തയായശേഷം ഞാൻ 'തിരുമണിക്കൂർ' നടത്തുവാൻ ആരംഭിച്ചു. ആരോഗ്യം ലഭിക്കുന്നപക്ഷം വ്യാഴാഴ്ച തോറും തിരുമണിക്കൂർ നടത്താമെന്നു് ഈശോയോടു ഞാൻ വാ ഗ്ദാനംചെയ്തിരുന്നു. എൻെറ പാപഭാരം എന്നെ ആകുലചിത്ത യാക്കുന്നുണ്ടായിരുന്നു. അതുമൂലം ഒരു രക്തസാക്ഷിത്വംതന്നെ യാണു ഞാൻ അനുഭവിച്ചുവന്നതു്. പെരുമാരിപോലുള്ള കണ്ണു നീർപ്രവാഹംമാത്രം അല്പം ആശ്വാസം നല്കി. ആരാധിക്കുന്ന തിനുള്ള സമയം മുഴുവൻ കരഞ്ഞു ഞാൻ കഴിച്ചുകൂട്ടി. പ്രാർത്ഥി ച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ പെട്ടെന്നു സമാധിയിൽ ലയിച്ചു. എൻെറ ശക്തിമുഴുവൻ നഷ്ടപ്പെട്ടിരിക്കുന്നതായി എനിക്കു തോന്നി. അപ്പോൾ രക്തത്തിൽ മുഴുകിനില്ക്കുന്ന ഈശോയെ ഞാൻ ദർശിച്ചു. ഈ കാഴ്ചയാൽ ഞാൻ വികാരഭരിതയായിത്തീർന്നു. ഞാൻ തൽക്ഷണം ദൃഷ്ടികൾ താഴ്ത്തിക്കൊണ്ടു കുരിശിൻെറ അട യാളം വരച്ചു. ഉടനെ എനിക്കാശ്വാസം ലഭിച്ചു. എൻെറ മഹാപാപങ്ങളെ സംബന്ധിച്ചുള്ള ചിന്ത എന്നെ വീണ്ടും ദഹിപ്പിച്ചു തുടങ്ങി. കണ്ണുകൾ ഉയർത്തി ദിവ്യനാഥനെ നോക്കു ന്നതിനുപോലും ധൈര്യമില്ലാതെ സാഷ്ടാംഗപ്രണാമം ചെയ്തു വളരെ നേരം ഞാൻ കിടന്നു. അപ്പോൾ ഈശോനാഥൻ പറഞ്ഞു: 'മകളേ, ഈ മുറിവുകൾ നിൻെറ പാപങ്ങളുടെ ഫല

മാണ്. എങ്കിലും സമാധാനമായിരിക്കുക. എന്തെന്നാൽ പശ്ചാത്താപജലം അവയെല്ലാം പ്രക്ഷാളനം ചെയ്തുകഴിഞ്ഞിരിക്കുന്നു. മേലാൽ പാപം ചെയ്യരുത്. ഞാൻ നിന്നെ സ്നേഹിച്ചതുപോലെ എന്നെ നീയും സ്നേഹിക്കണം.'

"അല്പംകഴിഞ്ഞു സ്നേഹപാരവശ്യത്തിൽനിന്നും ഞാൻ ഉണർന്നു. അന്നുമുതൽ ദിവ്യരക്ഷകൻെറ പീഡകളെ സംബന്ധിച്ചുള്ള ചിന്ത എന്നിൽ സദാ നിലനിന്നിരുന്നു. പിറേറ ദിവസം ദുഃഖവെള്ളിയാഴ്ചയായിരുന്നതിനാൽ വി. കർബാന സ്വീകരിക്കുവാൻ സാധിച്ചില്ല. പീഡാനുഭവചടങ്ങുകളിൽ സംബന്ധിക്കുന്നതിനു പോകുവാൻ വീട്ടിലുള്ളവർ എന്നെ അനുവദിച്ചുമില്ല. എൻെറ ആഗ്രഹം ഈശോയ്ക്കു ഞാൻ കാഴ്ചവച്ചു. ദയാനിധിയായ അവിടുന്ന് എനിക്കു സമ്മാനം നല്കി. ഞാൻ മുറിയിൽ പ്രവേശിച്ചു പ്രാർത്ഥന തുടങ്ങി. ഉടനെ എൻെറ കാവൽദൂതനും വന്ന് എന്നോടൊന്നിച്ചു പ്രാർത്ഥിച്ചു. ആ വെള്ളിയാഴ്ചയാണ് എന്നിൽ സ്ഥിതിചെയ്യുന്ന ഈശോയുടെ സാന്നിദ്ധ്യം ഇദംപ്രഥമമായി വളരെ വ്യക്തമായിട്ടെനിക്കനുഭവപ്പെട്ടത്. വി. കർബാനവഴിയായി ഈശോയെ അന്നു ഞാൻ സ്വീകരിച്ചിട്ടില്ലായിരുന്നുവെങ്കിലും അവിടുന്ന് എൻെറ പക്കൽ വന്ന് എന്നോടു വളരെ അടുത്തു പെരുമാറി."

ക്രൂശിതനായ ക്രിസ്തുവിനുവേണ്ടി പീഡകൾ സഹിക്കുവാനുള്ള അത്യധികമായ ഒരാഗ്രഹം അവൾക്കുണ്ടായി. ശാരീരികപീഡനത്തിനുള്ള കരുക്കൾ യാതൊന്നും അവിടെ ഇല്ലായിരുന്നതിനാൽ അവൾ ഒരു കയറെടുത്തു ദേഹം വരിഞ്ഞുമുറുക്കി വേദന സഹിക്കുവാൻ ശ്രമിച്ചു. ആ ദിവസങ്ങളിലാണ് കഥാനായിക ഈശോയെ അത്യധികമായി സ്നേഹിക്കുന്നതിനും അവിടുത്തേയ്ക്കുവേണ്ടി പീഡകൾ സഹിക്കുന്നതിനും അഭിലഷിച്ചു തുടങ്ങിയത്. അവളുടെ സ്നേഹവും ത്യാഗസന്നദ്ധതയും നിമിത്തം വിശുദ്ധ കത്രീനാ, വിശുദ്ധ വെറോനിക്കാ ഗിയുലാനി മുതലായവരെപ്പോലെ അവളും പഞ്ചക്ഷതങ്ങളാൽ അനുഗ്രഹിക്കപ്പെടുവാൻ യോഗ്യതയുള്ളവളായിത്തീർന്നു.

1899 ജൂൺ 8–ാം തീയതി തിരുഹൃദയത്തിരുനാളിനു തലേദിവസം വ്യാഴാഴ്ച ജെമ്മാ വിശുദ്ധ കുർബാന സ്വീകരിച്ചതിനുശേഷം ഉപകാരസ്മരണ നടത്തിക്കൊണ്ടിരുന്നപ്പോൾ ഈശോ അവളോടു പറഞ്ഞു, താൻ അവൾക്ക് അന്ന് ഒരു പ്രത്യേകദാനം നല്കുമെന്ന്. ഉടനെതന്നെ ആ വിവരം അവൾ കുമ്പസാരക്കാരനെ അറിയിച്ചു.

അന്നു സായാഹ്നത്തിൽ പതിവുപോലെ അവൾ തിരുമണിക്കൂർ കഴിക്കുന്നതിനായി സ്വന്തമുറിയിൽ പ്രവേശിച്ചു. സർവത്ര നിശ്ശബ്ദത വ്യാപിച്ചിരുന്നു. വൈദ്യുതദ്യുതി പരന്നാലെന്നവണ്ണം എല്ലായിടവും പ്രകാശിച്ചു. അന്തരീക്ഷത്തിൽ അഭൗമികമായ എന്തോ ഒരു ശക്തി വ്യാപിക്കുന്നതുപോലെ തോന്നി. ഭൂമി സ്വർഗ്ഗത്തോട് അടുക്കുന്നുവോ?

അപ്പോൾ തനിക്കുണ്ടായ അനുഭവങ്ങളെപ്പററി കഥാനായിക കുറിക്കുന്നത് ശ്രവിച്ചാലും, "ഞാൻ പെട്ടെന്നു സമാധി പൂണ്ടു. ഉടനെ ദൈവമാതൃസന്നിധിയിലേയ്ക്കു ഞാൻ ആനയിക്കപ്പെട്ടു. എൻെറ കാവൽമാലാഖയും അവിടെ ഉണ്ടായിരുന്നു. ഉത്തമമനസ്താപപ്രകരണം ചെയ്യുവാൻ ദൈവദൂതൻ എന്നോടാജ്ഞാപിച്ചു. അപ്രകാരം ചെയ്തയുടനെ വത്സലയായ ദൈവജനനി പറഞ്ഞു: "എൻെറ മകളേ, ഈശോ നിന്നെ വളരെയധികം സ്നേഹിക്കുന്നു. നിനക്ക് ഒരു പ്രത്യേകവരം നല്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നുണ്ട്. എങ്ങനെയാണ് അതിനു തയാറാകേണ്ടതെന്നു നിനക്കറിയാമോ?" ഒന്നും സംസാരിക്കുന്നതിനു ശക്തയാകാതെ ഞാൻ നിന്നുപോയി. ഉടനെ ദിവ്യജനനി തുടർന്നു, 'ഞാൻ നിൻെറ മാതാവായിരിക്കും. നീ വിശ്വസ്തയായ ഒരു പുത്രിയായിരിക്കുമോ?' അതിനുശേഷം അവൾ തൻെറ മേലങ്കികൊണ്ട് എന്നെ മൂടി."

"തൽക്ഷണം ഈശോനാഥൻ അവിടെ പ്രത്യക്ഷനായി. അവിടുത്തെ മുറിവുകളിൽനിന്നും ഇപ്പോൾ രക്തം പ്രവഹിക്കുന്നില്ല. പ്രത്യുത, അഗ്നിജ്ജ്വാലകളാണു പുറപ്പെടുന്നത്. ആ അഗ്നിജ്ജ്വാലകൾ വന്ന് എൻെറ കൈകാലുകളിലും മാറിലും

അടിച്ചു. ഞാൻ മരിക്കുവാൻപോകുന്നുവോ എന്നു തോന്നി. എൻെറ "അമ്മ" എന്നെ താങ്ങിയില്ലായിരുന്നുവെങ്കിൽ ബോധരഹിതയായി ഞാൻ നിലംപതിക്കുമായിരുന്നു. എൻെറ ദേഹം മുഴുവൻ അഗ്നികുണ്ഡത്തിൽ പതിച്ചാലെന്നവണ്ണം വെന്തു നീറുന്നുണ്ടായിരുന്നു. താമസംവിനാ എല്ലാം അപ്രത്യക്ഷമായി. ഞാൻ സമാധിയിൽനിന്ന് ഉണൎന്നു. അപ്പോഴും ഞാൻ മുട്ടിന്മേൽനിന്നു പ്രാൎത്ഥിക്കയായിരുന്നു. കരചരണങ്ങളിലും മാറിലും അതിദുസ്സഹമായ വേദന തോന്നി. അവിടെനിന്നെല്ലാം രക്തം പ്രവഹിക്കുന്നതായിട്ടാണ് അപ്പോൾ കണ്ടത്. വേദന അസഹനീയമായിരുന്നതിനാൽ എഴുന്നേല്ക്കുവാൻ ശക്തയാകാതെ ഞാൻ കിടക്കയിലേയ്ക്കു വീണു. വെള്ളിയാഴ്ച ഉച്ചകഴിഞ്ഞു മൂന്നുമണിവരെ ഈ വേദന നീണ്ടുനിന്നു."

അസാധാരണമായ ഈ സംഭവം ഉണ്ടായത്, ജെമ്മാ അന്നു വസിച്ചിരുന്ന വിയാഡൽബിസിയോണാഭവനത്തിൻെറ ഒന്നാമത്തെ നിലയിൽവച്ചാണ്. ഈ ഭവനം പേത്രോസൊമാൎഗി എന്ന ഇടവകയിലാണ് സ്ഥിതിചെയ്യുന്നത്.

രണ്ടുവൎഷക്കാലത്തേയ്ക്കു ജെമ്മായുടെ ശരീരത്തിൽ കാണപ്പെട്ട ക്ഷതങ്ങൾ എല്ലാ വ്യാഴാഴ്ചയും സായാഹ്നംമുതൽ വെള്ളിയാഴ്ച ഉച്ചകഴിഞ്ഞു മൂന്നുമണിവരെ ദൃശ്യമായിരുന്നു. ഞായറാഴ്ച ആകുമ്പോഴേയ്ക്കും മുറിവുകൾ തീൎത്തു കരിഞ്ഞതായിത്തോന്നും. പാടുകൾമാത്രം അവിടെ അപ്പോൾ കാണാം. സമാധിക്കു മുമ്പുള്ള പാരവശ്യം മാത്രമാണ്, മുറിവുകൾ പ്രത്യക്ഷപ്പെടുന്നതിൻെറ ബാഹ്യലക്ഷണമായി അനുഭവപ്പെടാറുള്ളത്. ആദ്ധ്യാത്മികഗുരുവായ ഫാദർ ജെമ്മാനോയുടെ നിൎദ്ദേശം അനുസരിച്ചു ജെമ്മാ പ്രാൎത്ഥിച്ചതിനാൽ അന്ത്യനാളുകളായപ്പോൾ ബാഹ്യമായി ആ മുറിവുകൾ അവളിൽ ദൃശ്യമായിരുന്നില്ല. എന്നാൽ അവയുടെ ദുസ്സഹമായ വേദന അവളുടെ മരണംവരെ നീണ്ടുനിന്നു. ഈ സംഭവം സംബന്ധിച്ചു സുദീൎഘവും വിശ്വാസയോഗ്യവുമായ വിവരണം ഫാദർ ജെമ്മാനോ നല്കുന്നുണ്ട്. "കൈപ്പത്തിയുടെ അകത്ത് ഏകദേശം അരയിഞ്ചു വട്ടത്തിലും പുറത്ത്

ഏകദേശം മുക്കാൽഇഞ്ചു നീളത്തിലും മുറിവുകൾ കാണപ്പെട്ടി രുന്നു. കാലുകളിലേ മുറിവുകൾ കരങ്ങളിലേതിനെക്കാൾ വലു തായിരുന്നു. കാല്പത്തികളുടെ അകത്തുവശത്ത് അവ ചെറു തായും പുറത്തു വലുതായും കാണപ്പെട്ടു. വലത്തെക്കാൽപ്പാദ ത്തിൻെറ പുറത്തും ഇടത്തെപ്പാദത്തിൻെറ അകത്തും ഉണ്ടായി രുന്ന മുറിവുകൾ ഏകദേശം സമമായിരുന്നു. വക്ഷസ്സിലേ മുറിവു ചന്ദ്രക്കലയുടെ ആകൃതിയിൽ മുകളിലേക്കു തിരിഞ്ഞാ ണിരുന്നത്. ഏകദേശം രണ്ടിഞ്ചു നീളമുള്ള ആ മുറിവിനു കാൽ ഇഞ്ചു വീതിയുണ്ടായിരുന്നു. വിജ്ഞാനികളും സുകൃതസമ്പന്നരു മായ പല മഹാത്മാക്കളും ഗ്യാനികുടുംബത്തിലേ പല അംഗ ങ്ങളും ഈ സംഗതികൾക്കു ശപഥപൂർവ്വം സാക്ഷ്യം നല്കിയി ട്ടുള്ളതാണ്.

# എട്ടാം അദ്ധ്യായം

## ഗ്യാനിനിഭവനത്തിൽ.

മോസസ്സിനെപ്പോലെ ദൈവദർശനം സിദ്ധിച്ചിട്ടുള്ള വരുടെ ഹൃദയവേദികളിൽ തിങ്ങിക്കൂടുന്ന വിചാരപരമ്പരകൾ വർണ്ണിക്കുക ആർക്കു സാധ്യമാകും? ഇഹലോകത്തിൽവച്ചുതന്നെ ദിവ്യദർശനം അനുഭവിച്ച വി. അപ്പസ്തോലൻ പറയുന്നില്ലേ, അതിൻെറ പരമാനന്ദം 'നയനങ്ങൾ ദർശിക്കുകയോ കാതുകൾ കേൾക്കുകയോ മനുഷ്യഹൃദയങ്ങളിൽ പ്രവേശിക്കുകയോ ചെയ്തി ട്ടില്ലെന്നു്.' സരസഗായകനായ വി. ഫ്രാൻസ്സീസ് അസ്സീസി സ്വർഗ്ഗസൗഭാഗ്യത്തെ വർണ്ണിക്കുന്നതിപ്രകാരമാണ്: "ദൈവങ്ങ ളുടെ ദൈവമായ അനന്തപരാപരൻെറ അധിവാസസ്ഥാനം

ആനന്ദപ്രദമല്ലാതെ എന്തു പറയട്ടെ." അദ്ദേഹം തുടൻ ദൈവ മഹത്വത്തെ വിവരിക്കുന്നതു് എത്ര ഹൃദ്യമായിരിക്കുന്നു! "ദൈവമേ, അവിടുന്നാണു നല്ലവനും ശക്തനും അനന്തനുമായ പിതാവു്. സർവ്വചരാചരങ്ങളുടേയും നാഥനും ലോകകർത്താവും അവിടുന്നുതന്നെ. ശക്തിയും സ്നേഹവും ജ്ഞാനവുമായുള്ളോവേ, നീതിസ്വരൂപനും നന്മസ്വരൂപനുമായ നാഥാ, അവിടുന്നല്ലോ ആകുന്നു സ്നേഹസാക്ഷാൽക്കാരം. ഞങ്ങളുടെ സന്തോഷവും സമാധാനവും സമൃദ്ധിയും അങ്ങല്ലോ ആകുന്നു. പ്രചണ്ഡമാരുതനിൽ അഭയവും പരീക്ഷയിൽ ശക്തിയും ആപത്തിൽ രക്ഷയും ഞങ്ങൾക്കു് അവിടുന്നല്ലാതെ ആരാണു്? അനന്തനന്മയായ ദിവ്യനാഥാ, അവിടുന്നുതന്നെ സർവ്വശക്തൻ."

ജെമ്മാ ഒരു കവയിത്രിയല്ല, ഒരു ഗ്രാമീണവനിത മാത്രം. തന്റെ ആത്മാവിന്റെ "മഹത്വഗീതം" അവൾ ആലപിച്ചിട്ടില്ല. വിനീതയും ശാലീനയുമായ അവൾ പഞ്ചക്ഷതം സിദ്ധിച്ചപ്പോൾ അതിമാത്രം തരളഹൃദയയായിത്തീർന്നു. എന്തു ചെയ്യേണ്ടു എന്നറിയാതെ അവൾ കുഴങ്ങി. "പ്രകൃത്യതീതമായ ഈ വക സംഗതികൾ എപ്രകാരം ഞാൻ രഹസ്യമായി സൂക്ഷിക്കും? ആരെയെങ്കിലും അറിയിച്ചാൽ അവയുടെ പുണ്യപരിമളം നഷ്ടപ്പെടുകയില്ലേ?" നിഷ്കപടയായ കഥാനായികയുടെ ചിന്താഗതി ഈ വിധത്തിലായിരുന്നു.

അവൾ കരുതി, ഈദൃശമായ ദിവ്യദാനങ്ങൾ സാധാരണമായി ദൈവം നല്കാറുണ്ടെന്നു്. ആകയാൽ, അമ്മാവിയോടു സകലതും അവൾ തുറന്നുപറഞ്ഞു. ഗുണവതിയായ ആ സ്ത്രീരത്നം അന്ധാളിച്ചുപോയി. ജെമ്മായിൽ പ്രകൃത്യതീതമായി എന്തോ സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്നു് അവൾ സംശയിച്ചിരുന്നു; എങ്കിലും അതിസ്വാഭാവികമായ ഈ സംഭവം അവളിൽ ഉണ്ടാകുമെന്നു് അവർ പ്രതീക്ഷിച്ചില്ല. അത്ഭുതങ്ങൾ സംഭവിക്കുവാൻ പാടുണ്ടു്; എന്നാൽ തന്റേതുപോലുള്ള ഒരു പാവപ്പെട്ട കുടുംബത്തിൽ അവ സംഭവിക്കുമെന്നോ? ഈ സംഭവം പൈശാചികമായിരിക്കുമോ? ജെമ്മായുടെ കരങ്ങൾ അവൾ

വീണ്ടും വീണ്ടും സൂക്ഷിച്ചു പരിശോധിച്ചു. ഒന്നും നിശ്ചയിക്കു വാൻ അവറ്റ ശക്തയായില്ല.

പല പ്രകൃത്യതീതദാനങ്ങളും ജെമ്മായ്ക്കു പിതൃഗൃഹത്തിൽവച്ചു ലഭിച്ചിട്ടുണ്ടെങ്കിലും ഇപ്പോറംമുതലാണ് അവറ്റ ഒരു "മിസ്റ്റിക്കാ"യി അറിയപ്പെടുന്നതു്. കഥാനായിക തന്റെ അവസാനനാളുകളിൽ പുതിയ ഭവനത്തിൽവച്ചാണ് ആദ്ധ്യാത്മിക പാരവശ്യത്തിന്റെ ഉന്നതശൃംഗങ്ങളിലേയ്ക്കു് ഉയർത്തപ്പെട്ടതു്. ആദ്ധ്യാത്മികപാരവശ്യങ്ങളും ദിവ്യദശ്നങ്ങളും മററം സവ്സാധാരണമായി അവറംക്കു് അനുഭവപ്പെട്ടു.

തന്റെ ദേഹത്തിൽ ഉണ്ടായ മുറിവുകളെ സംബന്ധിച്ചു മററുള്ളവർ അറിഞ്ഞതുമുതൽ ജെമ്മായ്ക്കു സ്വഭവനത്തിലെ വാസവും വിഷമതരമായിത്തീൎന്നു. അവറംക്കു് അനുഭവപ്പെട്ടുകൊണ്ടിരുന്ന പ്രകൃത്യതീതസംഭവങ്ങളെല്ലാം ചിലക്കു് അത്ഭുതവിഷയവും അതേസമയം മററു ചിലക്കു പരിഹാസകാരണവുമായി. ഗൽഗാനിക്കുടുംബം പഞ്ഞത്തിന്റെ കേളീരംഗമായിത്തീന്നതും ഈ അവസരത്തിലാണ്. ഏററവും ഹീനമായ ജോലികറംപോലും ചെയ്തു കുടുംബസ്ഥിതി നന്നാക്കുവാൻ കഥാനായിക സന്നദ്ധയായിരുന്നു. തിന്മയ്ക്കു നന്മയുടെ സാമീപ്യം സഹ്യമല്ലല്ലോ? ജെമ്മായുടെ സഹനവും വിശ്രമരഹിതമായ പരിശ്രമങ്ങളും ദൈവതിരുമനസ്സിലുള്ള അചഞ്ചലമായ വിശ്വാസവും മററുള്ളവക്കു വിദ്വേഷഹേതുകമായി.

അവളുടെ ഒരു സഹോദരൻ പലപ്പോഴും ദൈവദൂഷണം പറഞ്ഞിരുന്നു. ദൈവസ്നേഹാഗ്നിയിൽ കത്തിയെരിഞ്ഞിരുന്ന കഥാനായികയുടെ ഹൃദയത്തിൽ അതു ദുസ്സഹമായ വേദന ഉളവാക്കി. തപസ്സും പ്രാത്ഥനയുമായിരുന്നു അവളുടെ ആശ്രയം. സഹോദരരുടെ ഇടയിലുണ്ടായ വാഗ്വാദം വദ്ധിക്കയാൽ ഒരിക്കൽ അയാറം ദൈവത്തേയും അവിടുത്തെ വിശുദ്ധരേയും ദൂഷണം പറയുവാൻ തുടങ്ങി. അതു ശ്രവിച്ചപ്പോളുണ്ടായ ഹൃദയവ്യഥമൂലം ജെമ്മായുടെ രോമകൂപങ്ങളിൽക്കൂടി രക്തകണങ്ങറം പ്രവഹിച്ചു. അന്യദൃഷ്ടിയിൽ പെടാതിരിക്കുവാൻ അവറം

ചെയ്ത ശ്രമം ഫലിച്ചില്ല. രക്തപ്രവാഹം കണ്ടു കുപിതയായ ഇളയമ്മ ഓടിവന്ന് അവളുടെ കഴുത്തിനു പിടിച്ചു ഞെരിച്ചു കൊണ്ടു പറഞ്ഞു: "നിൻെറ അധികപ്രസംഗം അവസാനിപ്പിക്കേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. മനുഷ്യർ എന്തെല്ലാമാണു പറയുന്നതെന്നു നിനക്കറിയാമോ? ഈ രക്തം എവിടെ നിന്നാണു വരുന്നതെന്നു സത്യം പറയുക. അല്ലെങ്കിൽ ഇവിടെ നിന്നു പുറത്തിറങ്ങുന്നതിന് ഇനിയും നിന്നെ അനുവദിക്കുകയില്ല." ജെമ്മാ സത്യം മുഴുവനും തുറന്നു പറഞ്ഞു. "സഹോദരൻെറ ദൈവദൂഷണം ശ്രവിച്ചപ്പോൾ ദിവ്യനാഥനായ ഈശോ അത്യധികമായ പീഡ സഹിക്കുന്നതു ഞാൻ കണ്ടു. അങ്ങയോടൊന്നിച്ചു ഞാനും പീഡകൾ സഹിച്ചതിനാൽ എൻെറ ചങ്കിൽനിന്നും രക്തം പുറപ്പെട്ടു" ഇതല്ലാതെ മററൊന്നുമല്ല കാരണമെന്നു ജെമ്മാ ഉറപ്പിച്ചു പറഞ്ഞു. അപ്പോൾ ഇളയമ്മ ചോദിച്ചു: "നിൻെറ സഹോദരൻെറ പാപങ്ങൾ കൂടാതെ മററുള്ളവരുടെ പാപങ്ങളും ഇതിനു കാരണമാകുന്നുണ്ടോ?"

"ഞാൻ എപ്പോഴും പീഡയനുഭവിക്കുന്നുണ്ട്. എന്നാൽ സഹോദരൻെറ ദൈവദൂഷണം കേൾക്കുമ്പോൾ അതിദുസ്സഹമായി പീഡിപ്പിക്കപ്പെടുന്നു." ജെമ്മായ്ക്കു് ഇതു് അനുദിന സംഭവമായിരുന്നു. മററുള്ളവർ അതറിയാതിരിക്കുന്നതിനായി അവൾ പലപ്പോഴും സ്വന്തം മുറിയിൽ പ്രവേശിച്ചു കതകുകൾ ബന്ധിച്ച് അകത്തു കഴിച്ചുകൂട്ടും. "ലൂക്കായിൽവച്ചു നീ പലപ്പോഴും ദൈവദൂഷണങ്ങൾ ശ്രവിച്ചിട്ടില്ലേ? പിന്നെ നീ നിൻെറ സഹോദരൻെറ ദൈവദൂഷണത്തെ സംബന്ധിച്ച് ഇത്ര ഒച്ചപ്പാടുണ്ടാക്കുന്നതു് എന്തിന്?" അമ്മാവി വീണ്ടും ചോദിച്ചു. ഈ അവസരത്തിൽ ജെമ്മാ വിമ്മിവിമ്മിക്കരയുക മാത്രം ചെയ്തു.

സഹനത്തിൻെറ കാസായിൽനിന്നും അതിധാരാളമായി പാനംചെയ്യുവാൻ ദൈവം തൻെറ പ്രത്യേകസ്നേഹിതരെ അനുവദിക്കുമെന്നതിനു ജെമ്മാ ഉത്തമോദാഹരണമാണ്. മേൽ പ്രസ്താവിച്ചവയ്ക്കു പുറമെ വേറൊരു രക്തസാക്ഷിത്വം

അവരം അനുഭവിക്കേണ്ടിയിരുന്നു. ദൈവത്തിൻെറ പ്രത്യേക ദാനങ്ങളുടെ കടം പീഡാസഹനങ്ങരംവഴി വേണം വീട്ടുവാൻ. ജെമ്മായുടെ പ്രകൃത്യതീതമായ അനുഗ്രഹസിദ്ധിയാണ് എല്ലാ യിടത്തും സംസാരവിഷയം. അവരം കുമ്പസാരക്കാരന് എഴു തുന്നു: "എന്നെ സംബന്ധിച്ചുള്ള സംസാരമേ എല്ലായിടത്തും കേരംക്കുവാനുള്ളു. ഞങ്ങളുടെ ഒരു സ്നേഹിത ഇന്നു വീട്ടിൽവന്നു ഹാസ്യപൂർവ്വം എൻെറ സഹോദരനുമായി എന്നെപ്പററി സം സാരിക്കുന്നതു കേട്ടു. അവരം പലപ്പോഴും എൻെറ അടുക്കൽ വരും. സകലതും അറിയണം. എല്ലാം വിസ്തരിച്ചു ചോദിക്കും. ഇങ്ങനെ സദാ എന്നെ കഷ്ടപ്പെടുത്തുന്നു. ചിലപ്പോരം തൻെറ കൂട്ടുകാരൊന്നിച്ച് അവരം ഇവിടെ വരും. എന്നെ പരിഹസി ക്കുന്നതിനായി കൂട്ടുകാരോട് അവരം പറയും: 'നമുക്കു മിസ്റ്റി ക്കിനെ കാണാം, വരുവിൻ.' എന്നിട്ട് എൻെറ മുറിയിൽ കയറിവന്ന് എന്നെ അലട്ടിത്തുടങ്ങും."

പരുഷവും നിന്ദ്യവുമായ വാക്കുകരം മാത്രമല്ല അവരംക്കു ക്ലേശകാരണമായിരുന്നത്. ചിലപ്പോരം നിർദ്ദയമായ താഡന ങ്ങളും ലഭിച്ചിരുന്നു. സിനിമാശാലകളിൽ പോകുന്നതിന് അത്യധികമായ പ്രതിപത്തി കാണിച്ചിരുന്ന അവളുടെ ഒരു സഹോദരൻ പണമില്ലാതെ വിഷമിച്ചപ്പോരം തൻെറ വിധിയെ ശപിച്ചുകൊണ്ട് അസഭ്യവാക്കുകരം പറയുന്നതു കേട്ട്, സൗമ്യ വും മാധുര്യപൂർവ്വവുമായ ഉപദേശങ്ങളാൽ അയാളെ മനസ്സു തിരിക്കുവാൻ അവരം ശ്രമിച്ചു. എന്നാൽ, അവജ്ഞയോടെ അവയെ അവഗണിക്കുകയാണ് അവൻ ചെയ്തതു്.

സാധു; അവളുടെ മാതാവു ജീവിച്ചിരുന്നുവെങ്കിൽ! വത്സലയായ ഒരു മാതാവിൻെറ പരിചരണങ്ങരം ഏററവും കൂടുതലായി അവരംക്ക് ഇപ്പോരം ആവശ്യമുണ്ട്. സംഗതികരം തീരെ വഷളാകുന്നുവെന്നു കണ്ടതിനാൽ തനിക്കു നല്കപ്പെട്ടിരിക്കു ന്ന പ്രകൃത്യതീതദാനങ്ങരം പിൻവലിക്കുന്നതിനുപോലും അവരം ദൈവത്തോടു പ്രാർത്ഥിച്ചു. കുമ്പസാരക്കാരൻപോലും പരുഷ മായി അവളോടു പെരുമാറുവാൻ തുടങ്ങി. സുകൃതിനിയായ

ഈ ബാലിക അന്യരുടെ പാപങ്ങൾക്കു പരിഹാരമായി, ക്രൂശിതനായ ക്രിസ്തനാഥൻ തെരഞ്ഞെടുത്ത ഒരു ബലിവസ്തുതന്നെ.

ഈ കാലഘട്ടത്തിലേ കഥാനായികയുടെ ചരിത്രം പാരായണംചെയ്യുന്നവരുടെ ഹൃദയത്തിൽ എന്തെല്ലാം വികാരങ്ങളായിരിക്കും തള്ളിക്കയറുന്നതു്? അവൾ അത്യധികമായി ആഗ്രഹിച്ചിരുന്ന ഏകാന്തതയും നിഗൂഢജീവിതവും സ്വകുടുംബത്തിൽ ലഭ്യമല്ലാതെ വന്നതിനാൽ കന്യകാലയത്തിൽ ചേരുവാൻ വീണ്ടും അവൾ ആഗ്രഹിച്ചു. ഈ ക്ലേശങ്ങളെല്ലാം സുസ്മേരവദനയും പ്രശാന്തയുമായി സഹിച്ചതിലാണു് ജെമ്മായുടെ മഹത്ത്വം അടങ്ങിയിരിക്കുന്നതു്. അസംതൃപ്തിയോ അക്ഷമതയോ ഒരിക്കലെങ്കിലും അവൾ പ്രദർശിപ്പിച്ചിട്ടില്ല.

1899—ൽ ലൂക്കായിൽ മിഷ്യൻപ്രസംഗങ്ങൾ നടത്തിക്കൊണ്ടിരുന്ന ഫാദർ ഗയെത്താനോയുടെ പക്കൽ ദിവ്യനാഥൻെറ നിർദ്ദേശമനുസരിച്ചു ജെമ്മാ പാപസങ്കീർത്തനം ചെയ്ത വിവരം നാം അറിഞ്ഞിട്ടുള്ളതാണല്ലോ. പീഡാനുഭവസഭക്കാർക്കു സ്വന്തമായി ലൂക്കായിൽ ഭവനമുണ്ടായിരുന്നില്ല. അതിനാൽ എന്തെങ്കിലും കാര്യത്തിനായി ലൂക്കായിൽ വരുമ്പോൾ ഗ്യാനിനിഭവനത്തിലാണു് അവർ വസിച്ചിരുന്നതു്. അവിടെ എപ്പോഴും അവർക്കു ഹൃദ്യമായ സ്വീകരണം ലഭിച്ചുമിരുന്നു. ഫാദർ ഗയെത്താനോയുടെ ശുപാർശമൂലം നിർധനയും നിരാശ്രയയുമായ ജെമ്മായ്ക്കു് അഭയം ലഭിച്ചതും ഈ ഭവനത്തിലാണു്.

ഫാദർ ഗയെത്താനോ ഒരിക്കൽ ഗ്യാനിനികുടുംബനാഥൻെറ സുകൃതിനിയും വിശാലഹൃദയയുമായ സഹോദരി സിസിലിയോടു തൻെറ ആദ്ധ്യാത്മികപുത്രിയായ ജെമ്മായ്ക്കു സിദ്ധിച്ചുകൊണ്ടിരിക്കുന്ന അത്ഭുതകരമായ സ്വർഗ്ഗീയാനുഗ്രഹങ്ങളേയും അവളുടെ നിർധനാവസ്ഥയേയും സംബന്ധിച്ചു പറകയുണ്ടായി. കുറെ ദിവസങ്ങൾക്കുശേഷം ഗ്യാനിനികുടുംബം ജെമ്മായെ ഒരു വിരുന്നിൽ പങ്കുകൊള്ളുന്നതിനായി ക്ഷണിച്ചു. അവളുടെ അന്നത്തേ പെരുമാററം അവർക്കു വളരെ തൃപ്തികര

മായിരുന്നു. പിന്നീടു പല അവസരങ്ങളിലും ജെമ്മാ ഗ്യാനിനിഭവനത്തിൽ പോകുന്നതിനിടയായി. ഗ്യാനിനികുടുംബാംഗങ്ങൾ വേനൽക്കാലവസതിയിലേയ്ക്കു പോയ അവസരത്തിൽ, സിസിലി വീട്ടിൽത്തന്നെ കഴിച്ചുകൂട്ടിയതിനാൽ തന്നോടൊന്നിച്ചു താമസിക്കുന്നതിനായി ജെമ്മായെ ക്ഷണിച്ചു. സസന്തോഷം ജെമ്മാ ആ ക്ഷണം സ്വീകരിക്കുകയും അന്നുമുതൽ ഗ്യാനിനികുടുംബത്തിലെ ഒരംഗമെന്നവണ്ണം അവിടെ വസിക്കുകയും ചെയ്തുപോന്നു. ഇങ്ങനെ 1900 സെപ്റ്റംബർമുതൽ ജെമ്മാ ഗ്യാനിനിഭവനത്തിൽ സ്ഥിരതാമസമാക്കി. തന്റെ ജീവിതശിഷ്ടം മിക്കവാറും അവൾ അവിടെയാണു കഴിച്ചതു്. ഉണ്ണിയീശോയെപ്പോലെ അവൾ അവിടെ "ദൈവത്തിന്റേയും മനുഷ്യരുടേയും മുമ്പിൽ പ്രായത്തിലും ജ്ഞാനത്തിലും ദൈവപ്രസാദത്തിലും വളർന്നുവന്നു."

ഋജുബുദ്ധിയും സത്യസന്ധനുമായ മത്തേയോയാണു് ഗ്യാനിനികുടുംബനായകൻ. "അവൾ എന്റെ പന്ത്രണ്ടാമത്തെ സന്താനമായിരിക്കട്ടെ" എന്നു പറഞ്ഞുകൊണ്ടു ജെമ്മായെ ആ മഹാനുഭാവൻ തന്റെ ഭവനത്തിൽ സ്വീകരിച്ചു. മത്തേയോയുടെ ഗുണവതിയായ ഭാര്യ ജൂസ്റ്റീനാ ജെമ്മായെ ഹൃദയപൂർവ്വം സ്വാഗതംചെയ്തുകൊണ്ടു പറഞ്ഞു: "ഇപ്രകാരമുള്ള ഒരു 'മാലാഖാ'യെ ലഭിക്കുന്നതു ഞങ്ങൾക്കു് ആനന്ദപ്രദം തന്നെ." മത്തേയോയുടെ സഹോദരി സിസിലിയായിരുന്നു ജെമ്മായുടെ "മമ്മാ." വളരെ ചുരുക്കംപേർ മാത്രമേ അവരെപ്പോലെ ജെമ്മായുടെ അതിസ്വാഭാവികദാനങ്ങളെ അടുത്തു മനസ്സിലാക്കിയിട്ടുള്ളു.

ഗ്യാനിനിഭവനത്തിൽ സ്ഥിരവാസമാക്കിയതുമുതൽ പുണ്യസമ്പാദനമായിരുന്നു ജെമ്മായുടെ ഏകജീവിതലക്ഷ്യം. സുകൃതത്തിൽ അഭിവൃദ്ധിപ്പെടുന്നതിനുള്ള മാർഗ്ഗമായിരുന്നു അവളുടെ ചിന്താവിഷയം. അതിന്റെ പുരോഗതിയിലായിരുന്നു അവളുടെ ആനന്ദം. ഈ അവസരത്തിലാണു് ആദ്ധ്യാത്മികപാരവശ്യങ്ങൾ അടുക്കലടുക്കലും അനിതരസാധാരണമായ വിധ

ത്തിലും കഥാനായികയ്ക്കു് അനുഭവപ്പെട്ടതു്. നമ്മുടെ ദിവ്യരക്ഷകൻ പലപ്പോഴും, വിശേഷിച്ച് ദിവ്യകാരുണ്യസ്വീകരണത്തിനു ശേഷം അവൾക്കു പ്രത്യക്ഷപ്പെട്ടിരുന്നു. "ഈശോയും ഞാനും തമ്മിൽ വേർപിരിയുന്നില്ല" എന്നു പറയത്തക്കവിധം അത്ര അടുത്തു് അവൾ ഈശോയോടു സഹവസിച്ചിരുന്നു. ദീർഘദർശനവരവും ഭാവികാര്യങ്ങൾ മനസ്സിലാക്കുന്നതിനുള്ള അനുഗ്രഹവും അവൾക്കു ലഭിച്ചു. സ്വർഗ്ഗവാസികളുമായുള്ള ബന്ധം, അനുദിനകൃത്യങ്ങളിൽ ഏർപ്പെട്ടിരിക്കുമ്പോൾപോലുമുള്ള സമാധി മുതലായവ ഈ അവസരത്തിലാണ് ക്രൂടതലായി അവൾക്കനുഭവപ്പെട്ടതു്. സ്വഭവനത്തിലേയ്ക്കു തിരിച്ചുപോയാൽ ഇവയെല്ലാം പരസ്യമായേക്കുമെന്നു സംശയിച്ചതിനാൽ അതിന് അവൾ ഇഷ്ടപ്പെട്ടില്ല. മാത്രമല്ല, സുകൃതിനിയും ബുദ്ധിമതിയുമായ സിസിലിയുടെ സഹവാസം അവൾക്ക് പ്രിയംകരവുമായിരുന്നു.

# ഒമ്പതാം അദ്ധ്യായം

## ജെമ്മാ നൂതനഭവനത്തിൽ.

പുതിയ പരിസരങ്ങൾ ജെമ്മായുടെ ജീവിതരീതിയിലും പുതുമ പകന്നു. രാവിലെ എഴുന്നേററ 'മമ്മാ'യോടൊന്നിച്ച് അവൾ ദൈവാലയത്തിൽ പോകും. അന്യചിന്തകൾക്കൊന്നിനും ഇടംകൊടുക്കാതെ ധ്യാനനിരതയായി ആ സമയം അവൾ ചെലവഴിക്കും. മററാളുകൾ ഉണരുന്നതിനുമുമ്പ് അവൾ പള്ളിയിൽ എത്തിക്കഴിയും; ദിവ്യനാഥനെ ആരാധിക്കുവാൻ അത്രമാത്രമുണ്ട് അവൾക്കു വെമ്പൽ. ദിവ്യകാരുണ്യസ്വീകരണ

ത്തിന് ഒരുക്കമായിട്ടും അതിനുപകാരസ്മരണയായിട്ടും ഓരോ കുർബാന അവരം കാണും.

ഗ്യാനിനിഭവനത്തിലേ ജെമ്മായുടെ ജീവിതരീതിയെ സംബന്ധിച്ച മത്തേയോ പ്രസ്താവിക്കുന്നതു ശ്രദ്ധേയമാണ്: "ജെമ്മാ എല്ലാ സമയവും എൻെറ സഹോദരി സിസിലിയോടൊന്നിച്ചായിരിക്കും. ഞായറാഴ്ചദിവസങ്ങളിൽ ഞങ്ങരം സായാഹ്നസവാരിക്കു പോകുമ്പോരം, അവർ ഭക്തിവിഷയങ്ങളെ സംബന്ധിച്ചു സംസാരിച്ചുകൊണ്ടു വീട്ടിൽ ഇരിക്കും. സന്ധ്യയ്ക്കു ഞങ്ങരം എല്ലാവരും വി. കുർബാനയുടെ വാഴ്വിൽ സംബന്ധിക്കുവാൻ പോകും. ജെമ്മായെ തനിച്ച് ഒരിക്കലും വീടിനു വെളിയിൽ അയയ്ക്കാറില്ല. അവരം എവിടെയെങ്കിലും പോകുമ്പോരം – സാധാരണമായി എൻെറ സഹോദരി – കൂട്ടത്തിൽ ഉണ്ടായിരിക്കും. ഞങ്ങളുടെ കുടുംബത്തിലേ ഒരംഗമായിട്ടാണ് അവളെ കരുതിയിരുന്നത്. വർഷകാലങ്ങളിൽ ആറരമണിക്കും വേനൽക്കാലങ്ങളിൽ ആറുമണിക്കും അവരം സിസിലിയുമൊന്നിച്ചു പള്ളിയിൽ പോകും. ജെമ്മാ ഒരിക്കലും അലസയായിരുന്നില്ല. ദൈവാലയത്തിൽനിന്നും തിരിച്ചുവന്നാലുടനെ മററു കുടുംബാംഗങ്ങളോടോ വേലക്കാരോടോ ഒരുമിച്ചു ജോലികളിൽ ഏപ്പെടും. ബാല്യത്തിൽത്തന്നെ നല്ല വിദ്യാഭ്യാസവും മഠത്തിൽ വച്ചു തയ്യൽവേലയിൽ നല്ല വൈദഗ്ദ്ധ്യവും സമ്പാദിച്ചിട്ടുണ്ടായിരുന്നുവെങ്കിലും അതിൻെറ യാതൊരു പ്രകടനവും അവരം ഇഷ്ടപ്പെട്ടിരുന്നില്ല. വെള്ളം കോരുക, ഭക്ഷണം പാകംചെയ്യുക മുതലായ സാധാരണ ജോലികളാണ് അവരംക്കു കൂടുതൽ ഇഷ്ടമായിരുന്നത്. രോഗികളെ ശുശ്രൂഷിക്കുവാൻ അവരംക്കു നല്ല പാടവമുണ്ടായിരുന്നു. രോഗം പിടിപെട്ടാൽ വീട്ടിലേ കുട്ടികളെയെന്നപോലെ വേലക്കാരേയും അവരം സസ്നേഹം ശുശ്രൂഷിച്ചുപോന്നു. തന്നെ അത്യധികമായി ദ്വേഷിച്ചിരുന്ന ഒരു വേലക്കാരി രോഗിണിയായപ്പോരം പ്രത്യേകവാത്സല്യത്തോടെ ജെമ്മാ അവളെ ശുശ്രൂഷിച്ചു. സ്നേഹിതരേയും ശത്രുക്കളേയും ഒന്നുപോലെ ഹൃദയപൂർവ്വം സ്നേഹിക്കണമെന്ന് ഉപദേശിച്ചു

ക്രിസ്തുനാഥന്റെ വാക്കുകൾ അവൾ അക്ഷരശഃ നിറവേററി. തന്റെ ശക്തിയിൽ കവിഞ്ഞു് അവൾ പണി എടുത്തിരുന്നു."

ചിലപ്പോൾ സിസിലിയോടൊന്നിച്ച് അവൾ തോട്ടത്തിൽ ഉല്ലസിച്ചും ദൈവകാര്യങ്ങളെപ്പററി സംസാരിച്ചും സമയം ചെലവഴിക്കും. കുടുംബാംഗങ്ങളൊന്നിച്ചാണു് അവൾ ഭക്ഷണം കഴിച്ചിരുന്നതു്. മററുള്ളവരുടെ ദൃഷ്ടിയിൽപ്പെടാതെ അവൾ തപശ്ചര്യകൾ അനുഷ്ഠിച്ചിരുന്നു. ഭക്ഷണംകഴിഞ്ഞു പാത്രങ്ങൾ വൃത്തിയാക്കിയതിനുശേഷം അവൾ നേരെ തന്റെ മുറിയിലേയ്ക്കു പോകും. ജീവിക്കുന്നതിനായിട്ടാണു് അവൾ ഭക്ഷിച്ചിരുന്നതു്. 'ഭക്ഷണത്തിനുള്ള പ്രതിപത്തി തന്നിൽനിന്നും എടുത്തുകളയുന്നതിന്നു് ഈശോയോടു പ്രാർത്ഥിക്കട്ടെ' എന്നവൾ ഒരിക്കൽ കുമ്പസാരക്കാരനോടു ചോദിക്കുകയുണ്ടായി.

ജെമ്മാ ആജീവനാന്തം ഇഷ്ടപ്പെട്ടിരുന്ന ഒരു പ്രവൃത്തിയാണു സാധുക്കളെ സഹായിക്കുകയെന്നതു്. ചെറുപ്പത്തിൽ പിതാവിനോടൊന്നിച്ചു സായാഹ്നസഞ്ചാരത്തിനു പോയിരുന്ന ജെമ്മാ ഏതെല്ലാം പ്രകാരത്തിൽ നിർധനരെ സഹായിച്ചിരുന്നുവെന്നതു് നാം ഗ്രഹിച്ചിട്ടുള്ളതാണു്. അന്യരുടെ സുഖമായിരുന്നു അവളുടെ സുഖം. ഗ്യാനിനികുടുംബത്തിൽവച്ചു ലഭിച്ചിരുന്ന സംഭാവനകളെല്ലാം സാധുജനസംരക്ഷണാർത്ഥം അവൾ വിനിയോഗിച്ചിരുന്നു. എന്തെങ്കിലും സംഭാവന ലഭിക്കുമ്പോൾ "ദൈവമേ, ഞാൻ ഇതിനെല്ലാം എങ്ങനെ നന്ദി പറയും? അജ്ഞതയും അപരിഷ്കൃതയുമാകയാൽ കൃതജ്ഞത പ്രകടിപ്പിക്കുവാൻപോലും എനിക്കറിഞ്ഞുകൂടാ. ഈ ഉദാരമതികളെ അനുഗ്രഹിച്ചു നൂറിരട്ടിയായി പ്രതിസമ്മാനിക്കണമേ. അവരുടെ ക്ലേശങ്ങൾ ഞാൻ സഹിച്ചുകൊള്ളാം" എന്നിങ്ങനെയാണു് അവൾ പ്രാർത്ഥിച്ചിരുന്നതു്. ഈ പ്രാർത്ഥന വെറും പൂച്ചവേലയായിരുന്നില്ല. ജൂസ്തീനാ ഒരിക്കൽ രോഗബാധിതയായി അപകടനിലയിലെത്തി. തന്റെ ഉപകാരിണിക്കുവേണ്ടി താൻ അതു സഹിച്ചുകൊള്ളട്ടെയോ എന്നു ജെമ്മാ കർത്താവിനോടു ചോദിച്ചു. ഈശോ അതിനു സമ്മതിച്ചു. തന്മൂലം ജൂസ്തീനാ

രോഗവിമുക്തയാകുകയും ജെമ്മാ രോഗിണിയായിത്തീരുകയും ചെയ്തു. ആ രോഗംമൂലം വളരെനാഠം അവഠം കഷ്ടപ്പെടേണ്ട തായി വന്നു.

നിരന്തരം ജോലികളിൽ വ്യാപൃതയായിരുന്നുവെങ്കിലും വളരെ അടങ്ങിയൊതുങ്ങിയാണു ജെമ്മാ അവിടെ വസിച്ചിരുന്നത്. നൈസർഗ്ഗികമായ ശാലീനതമൂലം പുറത്തുനിന്നും വരുന്ന അതിഥികളുമായി വളരെ അപൂർവ്വമായിട്ടുമാത്രമേ ജെമ്മാ ഇടപെട്ടിരുന്നുള്ളു. അതിഥികഠം ആരെങ്കിലും വന്നാൽ അവഠം സ്വന്തം മുറിയിലേയ്ക്കു പൊയ്ക്കളയും, ആവശ്യമില്ലാത്ത യാതൊന്നും കേഠക്കരുതെന്നുള്ള അതിപ്രധാനമായ ഉദ്ദേശ്യത്തോടുകൂടി. ദീർഘനാഠം ഗ്യാനിനിക്കുടുംബത്തിൽ വസിച്ചിട്ടും, അവിടെ സാധാരണ വന്നുകൊണ്ടിരുന്ന ചിലയാളുകളെപ്പോലും അവഠക്കു പരിചയമില്ലായിരുന്നുവെന്ന സംഗതിയിൽനിന്നും ഈ വാസ്തവം വെളിവാകുന്നുണ്ട്. ഒരിക്കൽ കുടുംബാംഗങ്ങളെല്ലാവരും സന്ദർശനശാലയിൽ ഒന്നിച്ചുകൂടി ഉല്ലസിച്ചിരുന്ന അവസരത്തിൽ മോൺസിഞ്ഞോർ ആൻഡ്രൂചേററി അവിടെ വന്നു. സ്വല്പം കഴിഞ്ഞപ്പോഠം ജെമ്മാ സവിനയം അവിടെനിന്നും പോയി. അവഠം എന്തുകൊണ്ടാണ് ഓടിപ്പോയതെന്നുള്ള അദ്ദേഹത്തിൻെറ ചോദ്യത്തിനു സന്ദർശകർ ആരെങ്കിലും വരുമ്പോഠം അവക്കു സ്വാതന്ത്ര്യമായി സംസാരിക്കുന്നതിനും മററും സൗകര്യം നല്കുന്നതിനുവേണ്ടി താൻ അപ്രകാരം ചെയ്യുക പതിവാണ് എന്നായിരുന്നു മറുപടി. "ജെമ്മാ ഈശോയുടെ നിർമ്മല മണവാട്ടിയായിരുന്നു" എന്നു് അവളെ അടുത്തു പരിചയമുള്ളവരെല്ലാം ഐകകണ്ഠ്യേന സമ്മതിച്ചിരുന്നു. നമ്മുടെ കർത്താവിൻെറ പീഡാനുഭവവും വിശുദ്ധരുടെ ജീവചരിത്രവും അവഠം ആകർഷകമായ രീതിയിൽ കുട്ടികളെ പറഞ്ഞു കേഠപ്പിച്ചിരുന്നു. ദിവ്യകാരുണ്യഭക്തിയായിരുന്നു ജെമ്മായുടെ ആദ്ധ്യാത്മിക ശക്തികേന്ദ്രം. ദൈവാലയത്തിൽ പ്രവേശിച്ചു നയനങ്ങഠം ദിവ്യസക്രാരിയിൽ സശ്രദ്ധം ഉറപ്പിച്ചുകൊണ്ടു നിശ്ചലയായി അവഠം പ്രാർത്ഥിക്കുന്നതു കാണുന്നതുതന്നെ ആനന്ദകര

മായിരുന്നു. ഈദൃശാവസരങ്ങളിൽ പലരും അവളോടു പ്രാർത്ഥന യാചിച്ചിരുന്നു. എങ്കിലും സ്നേഹപാരവശ്യത്തിൽ മുഴുകിയിരുന്ന അവൾ അതു കേട്ടിരുന്നേയില്ല. ആകയാൽ അവൾക്കുവേണ്ടി സിസിലിയാണു പ്രത്യുത്തരം നല്കിയിരുന്നതു്.

സ്നേഹരാജനായ ഈശോയേയും നിർമ്മലകന്യകയായ ദൈവമാതാവിനേയും സ്നേഹിക്കുവാൻ ജെമ്മായെ മാതാവു ചെറുപ്പത്തിലേ പഠിപ്പിച്ചിട്ടുണ്ടായിരുന്നു. കന്യകാംബികയുടെ തിരുനാളുകൾ അവൾക്കു സന്തോഷത്തിൻെറ ദിനങ്ങൾ തന്നെ. ദൈവമാതാവിനെപ്പററി സംസാരിക്കുന്നതു് അവൾക്കു് പ്രിയംകരമായിരുന്നു. പ്രവൃത്തിയും പ്രാർത്ഥനയും ഒരേ ചരടിൽ കോർത്ത മുത്തുമണികൾപോലെ അവൾ യോജിപ്പിച്ചു കൊണ്ടുപോന്നു. അതായിരുന്നു അവളുടെ ആദ്ധ്യാത്മികജീവിതത്തിൻെറ പ്രത്യേകത.

പുതിയ ഭവനത്തിൽ ജെമ്മായുടെ ജീവിതം എപ്പോഴും ആനന്ദസംദായകമായിരുന്നുവെന്നു വിചാരിക്കുവാൻ പാടില്ല. റോസപ്പുഷ്പത്തിനു ചുററും കാണുന്ന മുള്ളുകൾപോലെ ക്ലേശങ്ങൾ എപ്പോഴും അവളെ വലയംചെയ്തിരുന്നു. എങ്കിലും കൂർത്ത മുള്ളുകളും കടുത്ത കല്ലുകളും നിറഞ്ഞ വഴിത്താരയിലൂടെ ആനന്ദനിർഭരമായ ഗാനങ്ങൾ ആലപിച്ചുകൊണ്ടു് അവൾ നടന്നുപോയി. പുതിയ ഭവനത്തിൽ സ്നേഹസമന്വിതമായ പരിലാളനങ്ങൾ ലഭിച്ചിരുന്ന അവസരത്തിലും തൻെറ നിർധനസ്ഥിതിയും പരാശ്രയത്വവും അവൾ അനുസ്മരിച്ചു. എന്നാൽ തന്മൂലമുളവായ ദുഃഖത്തിൻെറ കരിനിഴൽ മുഖത്തു സ്ഫുരിപ്പിക്കാതിരിക്കുന്നതിനുള്ള ശ്രമത്തിൽ സ്വതസ്സിദ്ധമായ അവളുടെ സുസ്മേരപ്രകൃതി അവൾക്കു സഹായകമായിരുന്നു. സ്വകുടുംബത്തിലേ ക്ലേശങ്ങളും അവളെ അലട്ടിയിരുന്നു. ജെമ്മാ പ്രസ്താവിക്കുന്നു: "ക്രിസ്തുവാണു് എൻെറ ഹൃദയവല്ലഭൻ; ഞാൻ അവിടുത്തെ വിനീത ദാസിയും." കഥാനായികയുടെ അനുദിനജീവിതത്തെ സംബന്ധിച്ചു് അടുത്തറിയാവുന്ന ചിലർ പ്രസ്താവിക്കുന്നതു് ശ്രദ്ധേയമാണു്. സിസിലി പറയുന്നു: "ജെമ്മായോ

ടൊന്നിച്ച കഴിച്ചുകൂട്ടുന്നതുതന്നെ എനിക്കു സന്തോഷസന്ദായകമാണ്. അവഠം അടുത്തുള്ളപ്പോഠം ധ്യാനനിരതയായി ജീവിതക്ലേശങ്ങളെല്ലാം മറന്നു ജീവിക്കുവാൻ എനിക്കു സാധിക്കും. ദൈവം ഞങ്ങഠംക്കു നല്കിയ ആ വലിയ നിധിയുടെ മാഹാത്മ്യം ഞങ്ങഠം ശരിയായി ഗ്രഹിച്ചില്ല." ജുസ്റ്റീനാ രേഖപ്പെടുത്തുന്നതും വിലയേറിയ അഭിപ്രായം തന്നെ. "അതിസ്വാഭാവികസംഭവങ്ങഠം ജെമ്മായിൽ നിരന്തരം കാണപ്പെട്ടിരുന്നു. അവളെ കാണുന്നതുതന്നെ ആനന്ദകരമായി എനിക്കു തോന്നുന്നു. ആ മാലാഖാക്കുഞ്ഞിനെ ലഭിച്ചതു ഞങ്ങളുടെ വലിയ ഭാഗ്യമല്ലാതെ മററെന്താണ്? ഞങ്ങളോടൊന്നിച്ചു വസിച്ചിരുന്ന കാലമത്രയും ഏററവും ചെറിയ ഒരു കുററംപോലും അവഠം ചെയ്തതായി അറിവില്ല. പ്രസന്നതയും പ്രസരിപ്പുമുള്ള മററു പതിനൊന്നു കുട്ടികളൊന്നിച്ചാണ് അവഠം വസിച്ചിരുന്നതെന്നോക്കുമ്പോഠം ഇതു് അത്ഭുതകരമല്ലേ?"

# പത്താം അദ്ധ്യായം.

## കുരിശുകഠം.

ജെമ്മായെ ഗ്യാനിനിക്കുടുംബത്തിനു പരിചയപ്പെടുത്തിയതു് ഫാദർ ഗയെത്താനോ ആണെന്നു നാം നേരത്തെ കണ്ടുകഴിഞ്ഞു. കുറെക്കാലങ്ങഠംക്കുശേഷം അദ്ദേഹം വീണ്ടും ലൂക്കായിൽ എത്തിയപ്പോഠം ജെമ്മായിൽ പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്ന പ്രകൃത്യതീതമായ സംഗതികളെ സംബന്ധിച്ചു പലവിധത്തിലുള്ള സംസാരങ്ങഠം കേഠംക്കുന്നതിനിടയായി. ആകയാൽ അവയെപ്പററി സനിഷ്കൃഷ്ടമായ ഒരന്വേഷണം നടത്തുവാൻതന്നെ അദ്ദേഹം തീരുമാനിച്ചു. ആദ്ധ്യാത്മികപാരവശ്യ

ങ്ങരം, ദശ്നങ്ങരം, മുറിവുകരം മുതലായ പ്രകൃത്യതീതസംഗതികരം അദ്ദേഹംതന്നെ നേരിട്ടു പരിശോധിക്കുന്നതിനും, മോൺസിഞ്ഞോർ വോരംപ്പിയെക്കണ്ടു് ഇവയെപ്പററി ശാസ്ത്രീയമായും തത്വശാസ്ത്രപരമായുമുള്ള ചച്ചകരം നടത്തുന്നതിനും നിശ്ചയം ചെയ്തു.

വിജ്ഞാനവിചക്ഷണന്മാരുടേയും ശാസ്ത്രവിദഗ്ധന്മാരുടേയും പരീക്ഷണനിരീക്ഷണങ്ങളെല്ലാം ജെമ്മായുടെ യശോധാവള്യത്തിൻെറ മാററു കൂട്ടുന്നതിനു മാത്രമാണ് ഉപകരിച്ചതു്. തത്ഫലമായി അവയുടെ അതിസ്വാഭാവികസ്ഥിതിയും യാഥാത്ഥ്യവും എല്ലാവരും ഗ്രഹിച്ചു. സ്ഥലംവിടുന്നതിനുമുമ്പു് തൻെറ പരിശോധനയുടെ ഫലമായി രൂപവൽക്കരിച്ച അഭിപ്രായവും അതിനു് ഉപോദ്ബലമായി നില്ക്കുന്ന സുശക്തങ്ങളായ ന്യായങ്ങളും, അവയെ സുവിശദമാക്കുന്ന രേഖകളുമുണ്ടാക്കി അദ്ദേഹം മോൺസിഞ്ഞോർ വോരംപ്പിയെ ഏല്പിച്ചു. അതിൽ പറയുന്നു: "ജെമ്മായുടെ ശരീരത്തിൽ കാണപ്പെടുന്ന ക്ഷതങ്ങരം 1899—ൽ ഞാൻ നേരിട്ടു പരിശോധിച്ചുവെന്നു സാക്ഷ്യപ്പെടുത്തി എൻെറ സ്വന്തം കരങ്ങരംകൊണ്ടുതന്നെ ഒപ്പുവച്ചിരിക്കുന്നു. കൈപ്പത്തികളുടെ അകത്തു് ആണികളുടെ മൊട്ടുകരംപോലെ മാംസം ഉയന്നു കാണപ്പെടുന്നു. ഇതിനു് ഏകദേശം അരപ്പെനിയുടെ വലിപ്പമുണ്ടു്. കൈപ്പത്തികളുടെ പുറത്തുഭാഗത്തും മുറിവുകരം കാണപ്പെടുന്നു. ഈ മുറിവുകരം പ്രകൃത്യാ ലഭിച്ചതാണെന്നു് എൻെറ സഹസന്ദശ്കന്മാക്കോ എനിക്കോ അഭിപ്രായമില്ല. വ്യാഴാഴ്ച പ്രഭാതത്തിൽ കരങ്ങളിൽ ക്ഷതങ്ങരം കാണ്മാനില്ല. വെള്ളിയാഴ്ച അവ പ്രത്യക്ഷപ്പെടും. വീണ്ടും ശനിയാഴ്ചയാകുമ്പോഴേയ്ക്കും മുറിവുകരം അദൃശ്യമാകും."

ഫാദർ ഗയെത്താനോയുടെ അനന്തരനടപടികരം അത്യത്ഭുതാവഹമല്ലെന്നല്ലാതെ എന്തു പറയട്ടെ! മനുഷ്യരുടെ അഭിപ്രായങ്ങരം വ്യതിയാനങ്ങരംക്കു വിധേയമാണു്. അല്പകാലങ്ങരംക്കുശേഷം ഫാദർ ഗയെത്താനോ ജെമ്മായുടെ പരമശത്രു

വായി രംഗപ്രവേശനം ചെയ്യുന്നു. അദ്ദേഹം ചെയ്ത നിശിതമായ നിരൂപണങ്ങളും ഭർത്സനങ്ങളും അതികക്ശമായിരുന്നു.

ഫാദർ ഗയെത്താനോയുടെ അതിനിഷ്ഠുരമായ നയം വ്യക്തിപരമായ വിദ്വേഷംമൂലം ഉളവായതാണെന്നു സംശയിക്കപ്പെടുന്നു. ദൈവനിവേശനത്താൽ ജെമ്മാ അദ്ദേഹത്തിൻെറ വ്യക്തിപരമായ എന്തോ വീഴ്ചകരം തിരുത്തുവാൻ അദ്ദേഹത്തിനു നിർദ്ദേശം നല്കി. അതു് അദ്ദേഹം ഹൃദയപൂർവ്വം സ്വീകരിച്ചില്ല. അപ്പോരംമുതൽ നിഷ്കളങ്കയായ അവളുടെനേരെ അദ്ദേഹം തൻെറ നിശിതനിരൂപണശരങ്ങരം വർഷിച്ചു തുടങ്ങി. പണ്ഡിതനും ബുദ്ധിമാനും ഉന്നതസ്ഥാനിയുമായ ഒരാളിൽ നിന്നു് ഉയൻവന്ന വിമർശനങ്ങരം പ്രചണ്ഡമാരുതനു സമം അവിടത്തെ അന്തരീക്ഷത്തെ പ്രക്ഷുബ്ധമാക്കി. സ്വജനങ്ങരം പോലും ജെമ്മായുടെ പരിപാവനജീവിതത്തെപ്പററി സംശയം പ്രകടിപ്പിച്ചു. ഈ സംഭവംമൂലമാണു് പീഡാനുഭവസന്യാസസഭാകവാടം എന്നേയ്ക്കുമായി അവരംക്കു് അടയ്ക്കപ്പെട്ടതു്. “അവിചാരിതമായി ഫാദർ ഗയെത്താനോയ്ക്കു് എന്നെ സംബന്ധിച്ചുണ്ടായ തെററിദ്ധാരണകളുടെ കാരണം അവസാനനാളിൽ മാത്രമേ വെളിപ്പെടുകയുള്ളു” എന്നിങ്ങനെയാണു് തൽസംബന്ധമായി ജെമ്മാ പറയുന്നതു്. അദ്ദേഹം സഭയിൽ നിന്നും നിഷ്കാസിതനാകുമെന്നുള്ള അവളുടെ പ്രവചനം പൂർത്തിയായി. ജെമ്മായുടെ പ്രാർത്ഥനകളുടെ ഫലമായിട്ടാണു ജീവിതസായാഹ്നത്തിൽ അദ്ദേഹം മനസ്സുതിരിഞ്ഞതെന്നു വിശ്വസിക്കപ്പെടുന്നു.

ഫാദർ ഗയെത്താനോയുടെ രേഖാമൂലമായ അഭിപ്രായത്തിനു മോൺസിഞ്ഞോർ വോരംപ്പിയിൽ പരിവർത്തനമുളവാക്കുവാൻ സാധിച്ചു. അദ്ദേഹം ബാല്യംമുതൽ ജെമ്മായെ കാണുകയും അവളുടെ അസാധാരണ ജീവിതരീതി മനസ്സിലാക്കുകയും ചെയ്തിരുന്നു. ആകയാൽ അവരം വഞ്ചിക്കുന്നവളാണെന്നു വിചാരിക്കുക അദ്ദേഹത്തിനു സാധ്യവുമായിരുന്നില്ല. എങ്കിലും ഉന്നതങ്ങളിൽനിന്നുള്ള പ്രത്യേകമായ അറിയിപ്പുമൂലമല്ലാതെ അവ

താൻ വിശ്വസിക്കയില്ലെന്നു് അദ്ദേഹം ശഠിച്ചു. അതേസമയം കഴിയുന്നത്ര ശരിയായി അദ്ദേഹം കാര്യങ്ങൾ പഠിച്ചുകൊണ്ടുമിരുന്നു. പഞ്ചക്ഷതങ്ങൾ സിദ്ധിച്ചവരെന്നും, സമാധി അനുഭവിക്കുന്നവരെന്നും ലോകം ഉൽഘോഷിച്ചിരുന്ന ചിലൎക്കുണ്ടായിട്ടുള്ള ദയനീയമായ അധഃപതനം അദ്ദേഹം അറിഞ്ഞിട്ടുണ്ടു്. അങ്ങനെയുള്ളവർ അധികാരികളെ നിഷേധിച്ചു പ്രവൎത്തിച്ചിട്ടുള്ളതിനും ഉദാഹരണങ്ങൾ ഇല്ലാതില്ല. ഒരു രൂപതയുടെ വികാരി ജനറാളായ താൻ വളരെ കരുതലോടെ പ്രവൎത്തിക്കണമെന്നു് അദ്ദേഹത്തിനറിയാമായിരുന്നു. ആകയാൽ ഇപ്രകാരമുള്ള അതിസ്വാഭാവികാനുഭവങ്ങളിൽ തനിക്കു വലിയ വിശ്വാസമില്ലെന്നും, അസാധാരണ ദൎശനങ്ങളും സമാധിലയങ്ങളും മററും ഉപേക്ഷിച്ചില്ലെങ്കിൽ അതു പുണ്യാഭിവൃദ്ധിക്കു് ഹാനികരമാണെന്നും അവളെ അദ്ദേഹം അറിയിക്കുകയും അവ ഉപേക്ഷിക്കുന്നില്ലെങ്കിൽ അവളുടെ ദിവ്യകാരുണ്യസ്വീകരണംപോലും മുടക്കിക്കളയുമെന്നു പറഞ്ഞു ഭീഷണിപ്പെടുത്തുകയും ചെയ്തു.

എങ്കിലും, പതിവുപോലെ വ്യാഴാഴ്ചതോറും അവളുടെ ശരീരത്തിൽ പഞ്ചക്ഷതങ്ങൾ കാണപ്പെട്ടിരുന്നു. വിജ്ഞാനികളും വിശുദ്ധരുമായ പലരും അവയെ നേരിട്ടുകണ്ടിട്ടുണ്ടു്. പീഡാനുഭവസഭാസുപ്പീരിയർ ഫാദർ പേത്രോപൗലോ അവർകൾ ജെമ്മായെ 1899-ൽ സന്ദൎശിച്ചു. തനിക്കു പീഡാനുഭവസഭയിൽ ചേരുവാനുള്ള ആഗ്രഹം തദവസരത്തിൽ ജെമ്മാ പ്രകടിപ്പിച്ചുവെങ്കിലും അത്ര അനുകൂലമായ മറുപടിയല്ല ലഭിച്ചതു്. അതിനുശേഷം അദ്ദേഹം പറഞ്ഞു: “നിന്നെ മഠത്തിൽ ചേൎക്കുന്നതിനു ഞാൻ ശുപാൎശചെയ്യണമെങ്കിൽ നിനക്കു ദൈവവിളിയുണ്ടെന്നു് എനിക്കു പൂൎണ്ണബോധമുണ്ടാകണം. അതിനു ഞാൻ രണ്ടു് അടയാളങ്ങൾ ആവശ്യപ്പെടുന്നു. അവ കാണിച്ചുതരുന്നതിനു് ഈശോയോടു പ്രാൎത്ഥിക്കുക.” ജെമ്മാ രക്തം വിയൎക്കുന്നതും അവളുടെ ശരീരത്തിലെ ക്ഷതങ്ങളും അദ്ദേഹത്തിനു കാണണം.

അന്നു രണ്ടുമണിയോടുകൂടി ജെമ്മാ ഗ്യാനിനിഭവന

ത്തിലേ ഭക്ഷണശാലയിലുള്ള വലിയ ക്രൂശിതരൂപത്തിന്റെ മുമ്പിൽ ചെന്നു പ്രാത്ഥിക്കുവാൻ തുടങ്ങി.

പ്രസ്തുത ക്രൂശിതരൂപത്തെ നോക്കിയിരുന്ന പല അവസരങ്ങളിലും അവരം ആദ്ധ്യാത്മികപാരവശ്യം അനുഭവിച്ചിട്ടുണ്ട്. ചിലപ്പോഴെല്ലാം അത്ഭുതകരമാംവിധം അവരം അന്തരീക്ഷത്തിൽ ഉയത്തപ്പെട്ടുകയും ആ ക്രൂശിതരൂപത്തെ ചുംബിക്കുകയും ചെയ്തിട്ടുണ്ട്. 1901 സെപ്റ്റംബർമാസത്തിലേ ഒരു ദിവസം അവരം ജോലിയിൽ വ്യാപൃതയായി ഇരിക്കുകയായിരുന്നു. പെട്ടെന്നു ദൃഷ്ടികരം ഉയത്തി അവരം ആ ക്രൂശിതരൂപത്തെ നോക്കി. അപ്രതിരോദ്ധ്യമായ ഒരു ശക്തി അവളെ അങ്ങോട്ടു ആകഷിച്ചു. ദിവ്യസ്നേഹനിർഭരമായിത്തീന്ന അവളുടെ അന്തരാത്മാവു് ആ സ്നേഹജ്വാലയിൽ എരിഞ്ഞുകൊണ്ടു് "ഈശോയേ, അവിടുത്തെ സ്നേഹാഗ്നിയിൽ ഞാൻ എരിഞ്ഞു മരിക്കട്ടെ" എന്നു വിളിച്ചുപറഞ്ഞു. ക്രൂശിതരൂപം ചലിക്കുന്നതായി അവരം കണ്ടു. അതു കരം ഉയത്തി അവളെ അങ്ങോട്ടു മാടിവിളിച്ചു. സ്നേഹമാകുന്ന ചിറകുകളാൽ ഒരു പക്ഷിയെപ്പോലെ അവരം ഈശോയിലേയ്ക്കു പറന്നുയന്നു് അവിടുത്തെ ഗാഢാശ്ലേഷത്തിൽ അമന്നു. അവിടുത്തേ സ്നേഹനിർഭരമായ ഹൃദയത്തിൽനിന്നു സ്നേഹാമൃതം മതിവരെ അവരം പാനം ചെയ്തു. ഈ സംഭവത്തിന്റെ ഓമ്മയ്ക്കായി ഇന്നും ആ ക്രൂശിതരൂപത്തിന്റെ മുമ്പിൽ ഒരു കെടാവിളക്കു പ്രകാശിക്കുന്നു.

പ്രാത്ഥിക്കുന്നതിനായി സ്വന്തം മുറിയിലേയ്ക്കുപോയ ജെമ്മായെ അനുഗമിച്ച സിസിലി അവിടെ എത്തി. ജെമ്മാ ഇതിനകം ആദ്ധ്യാത്മികപാരവശ്യത്തിൽ ലയിച്ചുകഴിഞ്ഞിരുന്നു. ഫാദർ പേത്രോപൗലോയേയും അവരം അങ്ങോട്ടു ക്ഷണിച്ചു. കഥാനായികയുടെ മുഖം ജീവച്ഛവംപോലെ കാണപ്പെട്ടു. അവളുടെ കണ്ണുകളിലും കാതുകളിലും വായിലും കരങ്ങളിലുംനിന്നു രക്തം പ്രവഹിച്ചിരുന്നു. അരമണിക്കൂർനേരത്തേയ്ക്കു ഈ രക്തപ്രവാഹം തുടന്നു.

അന്നു സന്ധ്യകഴിഞ്ഞുണ്ടായ സംഭവത്തെപ്പറ്റി പീഡാ

നുഭവസഭാശ്രേഷ്ഠൻ പ്രസ്താവിക്കുന്നു: "ജെമ്മാ ചലനരഹിതയായി കിടക്കുകയായിരുന്നു. അവളുടെ മുഖത്തു രക്തപ്രസാദം ഉണ്ടായിരുന്നില്ല. അവളുടെ കരങ്ങളിൽ അരയിഞ്ചുവട്ടത്തിൽ മുറിവുകൾ പ്രത്യക്ഷപ്പെട്ടു. ശിരസ്സിലും രക്തകണങ്ങൾ കാണ്മാനുണ്ടായിരുന്നു. ഏകദേശം പത്തുമിനിററു കഴിഞ്ഞപ്പോൾ സകലതും അപ്രത്യക്ഷമായി.

ഈ സന്ദർശനത്തിനുശേഷം അദ്ദേഹം മോൺസിഞ്ഞോർ വോൾപ്പിക്ക് ഇപ്രകാരം എഴുതി: "ജെമ്മായുടെ കരങ്ങളിലെ മുറിവുകൾ ഞാൻ നേരിട്ടു കണ്ടു. അവ വ്രണസമാനം കാണപ്പെട്ടു. ആദ്ധ്യാത്മികപാരവശ്യാനന്തരം അവ അപ്രത്യക്ഷമായി. ഒരു ചെറിയ രേഖമാത്രം അവിടെ ശേഷിച്ചു. എങ്ങനെയാണ് ഇപ്രകാരമുള്ള മുറിവുകൾ അനുക്ഷണം സുഖപ്പെടുന്നതെന്നു മനസ്സിലാകുന്നില്ല. സരളയും നിഷ്കപടയുമായ ആ പെൺകുട്ടിയിൽ ദൈവം ചെയ്യുന്ന ഒരത്ഭുതമാണ് ആ സംഭവം എന്നു പറയുവാൻ ഞാൻ മടിക്കുന്നില്ല."

കൂടുതൽ ലളിതവും വ്യക്തവുമായ തെളിവുകൾ കാണാതെ മോൺസിഞ്ഞോർ വോൾപ്പി, ഈവക സംഭവങ്ങൾ ദൈവികങ്ങൾ എന്നു സമ്മതിക്കുകയില്ല. ദൈവികമായാലും പൈശാചികമായാലും ഇത്തരം അസാധാരണ സംഭവങ്ങളിൽനിന്ന് അകന്നു നില്ക്കുവാൻ അദ്ദേഹം ജെമ്മായോട് ആജ്ഞാപിച്ചു. അവൾ എന്താണു ചെയ്യുക. "ദൈവത്തിനുവേണ്ടി അവിടുത്തെ ഉപേക്ഷിക്കുക" എന്ന തത്വം സ്വീകരിക്കുവാൻ വി. അലോഷ്യസ് നിർബന്ധിതനായതുപോലെ കഥാനായികയും "ദൈവത്തിനുവേണ്ടി ദൈവത്തിൽനിന്നും മാറി ജീവിക്കണം." ആദ്ധ്യാത്മികപാരവശ്യങ്ങളിൽ ഉൾപ്പെടാതിരിക്കുന്നതിനായി ദൈവസാന്നിധ്യചിന്ത പരിവർജ്ജിച്ചുകൊണ്ട് പ്രാർത്ഥനാസമയങ്ങളിൽ അന്യചിന്തകൾക്കു വിധേയയാകണം. അന്ധമായി അനുസരിക്കുവാൻ അവൾ ശ്രമിച്ചു. എന്നാൽ അത് എല്ലായ്പ്പോഴും വിജയപ്രദമായില്ല. അവൾ പറയുന്നു: "നാഥാ, എന്നെ ഇതിനെല്ലാം പഴിക്കല്ലേ. എൻെറ ശക്തിക്കതീതമാണിവ. . . . .

സ്നേഹനാഥാ, അവിട്ടന്നു് എന്നോട്ട് ഇത്രമാത്രം കാരുണ്യം കാണിച്ചതാണ് ഇതിനെല്ലാം കാരണം. അവിടുന്നു് എന്നെ അത്യധികമായി സ്നേഹിച്ചതിനാലല്ലേ അങ്ങയെ ഇത്രയധികം ഞാൻ സ്നേഹിച്ചതു്. . . . അവിട്ടന്നാണ് ഇതെല്ലാം ചെയ്യുന്ന തെങ്കിൽ അങ്ങയെക്കൂടാതെ എനിക്കു ജീവിക്കുക സാധ്യമല്ല. അങ്ങനെയെങ്കിൽ ഇവയെല്ലാം എല്ലാവരേയും ഗ്രഹിപ്പിക്കുക. ഇവയെല്ലാം ദുഷ്ടാരൂപിയുടെ വേലയാണെങ്കിൽ എനിക്കിവ യൊന്നും വേണ്ടാ."

അനന്തരം, തൻെറ അന്തരംഗത്തെ പ്രക്ഷുബ്ധമാകുന്ന പ്രചണ്ഡമാരുതനെ പ്രശാന്തമാക്കുവാൻ അവൾ മന മുരുകി പ്രാർത്ഥിക്കുന്നു. സമാധാനരാജനായ ഈശോതന്നെ അവ ളുടെ ആശയും ആശ്രയവും. സംശയിച്ചതിന്ന് അവിടുന്നു് അവളെ ശാസിച്ചു. കൊച്ചുകുഞ്ഞിനെപ്പോലെ അപ്പോൾ അവൾ പറകയാണ്: "ഈശോയെ, ഞാൻ സംശയിച്ചതു മററു ള്ളവർ സംശയിച്ചതുകൊണ്ടാണ്. അവിടുന്നു് ഈശോതന്നെ യെങ്കിൽ അതു് അവരെക്കൂടി ഗ്രഹിപ്പിക്കുക. ഇപ്പോഴത്തെ സ്ഥിതിയിൽ എൻെറ ആദ്ധ്യാത്മികഗുരുവിനോ എനിക്കോ യാതൊന്നും ചെയ്യുക സാധ്യമല്ല."

ശാസ്ത്രീയ പരീക്ഷണങ്ങൾക്കു ജെമ്മായെ വിധേയയാക്കുവാൻതന്നെ മോൺസിഞ്ഞോർ വോൾപ്പി തീരുമാനിച്ചു. ഒരു ഡോക്ടരെക്കൊണ്ടു് അവളെ പരിശോധിപ്പിക്കുന്നതാ ണെന്നു സിസിലിയെ അദ്ദേഹം അറിയിച്ചു. അവൾ ഈ സംഗതി ഏററവും രഹസ്യമായിട്ടാണ് വച്ചിരുന്നതു്. പക്ഷെ ഹൃദയങ്ങളുടെ നിഗൂഢരഹസ്യങ്ങളെപ്പോലും വ്യക്തമായി ദശി ക്കുന്ന സവ്വശക്തൻ വിവരം ജെമ്മായെ ധരിപ്പിച്ചു. മാത്രമല്ല, കുമ്പസാരക്കാരൻ തനിച്ചുവന്നാൽ എന്തു് അടയാളം വേണ മെങ്കിലും കാണിക്കാമെന്നും എന്നാൽ ഡോക്ടരെ കൊണ്ടു വന്നാൽ യാതൊരു അടയാളവും കാണിക്കുന്നതല്ലെന്നും അദ്ദേ ഹത്തെ അറിയിക്കുവാൻ അവിടുന്നു ജെമ്മായോടു കല്പിച്ചു.

കന്യകാംബികയുടെ പിറവിത്തിരുനാളായ സെപ്ററം

ബർ 8–ാം തീയതി അക്കൊല്ലം ഒരു വെള്ളിയാഴ്ചയായിരുന്നു. അന്നു് ഒരു മണി കഴിഞ്ഞപ്പോൾ ജെമ്മായ്ക്കു് ആദ്ധ്യാത്മിക പാരവശ്യം ഉണ്ടായി. ശിരസ്സിൽനിന്നും കരങ്ങളിലെ മുറിവുകളിൽനിന്നും രക്തം പ്രവഹിച്ചു തുടങ്ങി. മത്തേയോഗ്യാനിനിയും അദ്ദേഹത്തിന്റെ ഭാര്യയും അത്ഭുതവിവശരായി പ്രകൃത്യതീതമായ ഈ സംഭവം വീക്ഷിച്ചുകൊണ്ടിരുന്ന സമയം ഡോക്ടരേയും കൂട്ടിക്കൊണ്ടു് മോൺസിഞ്ഞോർ വോൾപ്പി അവിടെ എത്തി. ഡോക്ടർ ഒരു തുവാല നനച്ചു് അവളുടെ ശിരസ്സും കരങ്ങളും തുടച്ചു. തൽക്ഷണം രക്തപ്രവാഹം നിലച്ചു. മുറിവുകൾ അപ്രത്യക്ഷമാവുകയും ചെയ്തു. ഇതു് 'ഹിസ്റ്റീരിയാ'യുടെ ഫലമാണു്. ഇപ്രകാരമുള്ള രോഗികൾ മൊട്ടുസൂചികൊണ്ടും മററും കുത്തിമുറിച്ചു ദേഹത്തുനിന്നും രക്തം പുറപ്പെടുത്തും" എന്നു ഡോക്ടർ പ്രസ്താവിച്ചു.

ലോകവ്യാപാരങ്ങളിൽനിന്നും വേർപെട്ടു്, തന്റെ മുമ്പിൽ അഭിനയിക്കപ്പെടുന്ന കാൽവരിയിലെ ശോകാന്തനാടകം ദർശിച്ചുകൊണ്ടു് ആദ്ധ്യാത്മികപാരവശ്യത്തിൽ ലയിച്ചിരിക്കുന്ന ജെമ്മാ അവിടെ നടന്ന സംഗതികൾ യാതൊന്നും അറിഞ്ഞതേയില്ല. ആദ്ധ്യാത്മികപാരവശ്യത്തിൽ നിർലീനയായ അവൾ പ്രാർത്ഥനാനിരതയായി ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെടുവാൻ തന്നത്തന്നെ കയ്യാളിക്കുകയായിരുന്നു. അതിന്റെ ഫലമായിട്ടായിരിക്കണം പാരവശ്യത്തിന്റെ അന്ത്യഘട്ടത്തിൽ, അവിടെ നിന്നിരുന്നവരുടെ ഹൃദയമാന്ദ്യം, തന്നെപ്പററിയുള്ള സംശയം മുതലായവ അവൾ ദർശനത്തിൽ ഗ്രഹിച്ചതു്. പാരവശ്യത്തിൽനിന്നു് ഉണർന്ന ജെമ്മായ്ക്കു്, അത്ഭുതവിവശരായി തന്റെ ചുററം നിന്നിരുന്നവരെക്കണ്ടപ്പോൾ ഉണ്ടായ വികാരങ്ങൾ വർണ്ണിക്കുക സാദ്ധ്യമല്ല.

അന്നു നടന്ന സംഭവങ്ങളെപ്പററി പിന്നീടു് ഒരിക്കൽ അവൾ ഫാദർ ജെമ്മാനോയ്ക്കു് എഴുതുന്നു: "ഒരു 'നിദ്രാസഞ്ചാരിണി'യാണു ഞാൻ എന്നു് ഒരാളും 'ഹിസ്റ്റീരിയാ' പിടിപെട്ടവളെന്നു മററുചിലരും വിചാരിച്ചു. ഞാൻതന്നെ ഉണ്ടാക്കിയ

കൃത്രിമമുറിവുകളാണ് എന്നിൽക്കാണപ്പെട്ടതെന്ന് ഇനിയും ഒരു ക്രൂട്ടർ വിധിച്ചു."

ഈ ക്ലേശങ്ങളെല്ലാം കാലാന്തരത്തിൽ വരുവാനിരിക്കുന്ന കഠിനപീഡകളുടെ നാന്ദിയാണെന്നും താൻ ഒരു പുതിയ ആദ്ധ്യാത്മികപാലകനെ അവൾക്കു നല്കുമെന്നും അദ്ദേഹംവഴി മോൺസിഞ്ഞോർ വോൾപ്പി സത്യമെല്ലാം ഗ്രഹിക്കുമെന്നും ദിവ്യരക്ഷകൻ ഈ സന്ദർഭത്തിൽ അവളെ അറിയിച്ചു.

അന്നു സായാഹ്നത്തിൽ സിസിലിയും ജെമ്മായുംകൂടി പൂന്തോട്ടത്തിൽ നടക്കുകയായിരുന്നു. ഉടനെ, തന്നെ ദൈവാലയത്തിലേയ്ക്കു കൊണ്ടുപോകണമെന്നു കഥാനായിക സിസിലിയോടപേക്ഷിച്ചു. അവർ ദൈവാലയത്തിൽ പ്രവേശിച്ച് ഒരു മണിക്കൂർ സമയം പ്രാത്ഥിച്ചു. ജെമ്മാ തൽക്ഷണം സമാധിയിൽ ലയിച്ചു. വിവിധവികാരങ്ങൾ അവളുടെ മുഖത്തു പ്രതിഫലിക്കുന്നതു സിസിലിക്കു കാണാമായിരുന്നു. ദൈവാലയത്തിൽ നിന്നു പുറത്തുവന്നയുടനെ ജെമ്മാ തൻെറ കരങ്ങളിൽ പ്രത്യക്ഷപ്പെട്ട മുറിവുകൾ അവരെ കാണിച്ചു. മോൺസിഞ്ഞോർ വോൾപ്പിയും അതു കണ്ടു. ഇതുസംബന്ധിച്ചു പിന്നീട് അദ്ദേഹം രേഖപ്പെടുത്തുന്നു: "പ്രകൃത്യതീതമായ ഒരു സംഭവമാണു ഞാൻ ദശിക്കുന്നതെന്ന് എനിക്കു നിശ്ചയമുണ്ടായിരുന്നു. പിറേറ ദിവസം ആ മുറിവുകൾ അപ്രത്യക്ഷമായി എന്നറിഞ്ഞപ്പോൾ എൻെറ അഭിപ്രായം കുറേക്കൂടി പ്രബലമാകുകയാണു ചെയ്തതു്. തൻെറ പ്രത്യേകസ്നേഹത്തിനു വിഷയമായ ആളുകളുടെ അന്തരംഗത്തിൽ നടക്കുന്ന പ്രസാദവരപ്രവത്തനം മററുള്ളവരെ ഗ്രഹിപ്പിക്കുന്നതിനു ദൈവം താദൃശമായ അലൗകികസംഭവങ്ങൾ ഉണ്ടാകുവാൻ അനുവദിക്കുമെന്ന് എൻെറ ദീർഘകാലത്തെ പരിചയംകൊണ്ടു മനസ്സിലാക്കുന്നതിന് എനിക്കു സാധിച്ചിട്ടുണ്ട്."

ദൈവത്തിൻെറ നിഗൂഢമാർഗ്ഗങ്ങൾ മനുഷ്യക്കു സുഗ്രഹങ്ങളല്ല. വി. ഫ്രാൻസ്സീസ് അസ്സീസിയുടെ പഞ്ചക്ഷതങ്ങൾ, വ്യക്തിപരമായ ഒരു ദാനംമാത്രമായിരുന്നില്ല. സാന്മാർഗ്ഗിക

മായി അധഃപതിച്ചിരുന്ന അന്നത്തെ ലോകത്തിൽ ആദ്ധ്യാത്മികപുനരുദ്ധാരണമുളവാക്കുവാൻ ശ്രമിച്ചിരുന്ന അദ്ദേഹത്തിൻെറ ദൌത്യത്തിനു സാക്ഷ്യംവഹിക്കുന്ന ദൈവസ്വരമായിരുന്നു അവ. അന്നു മനുഷ്യർ വിശ്വാസസ്ഥിരതയുള്ളവരായിരുന്നു. ദൈവാസ്തിത്വം ആരും നിഷേധിച്ചിരുന്നില്ല. എന്നാൽ ജെമ്മാ ഗൽഗാനി ജീവിച്ചിരുന്നതു് വിശ്വാസം അധഃപതിച്ചുകൊണ്ടിരുന്ന ഒരു യുഗത്തിലാണ്. പത്തൊമ്പതാം നൂററാണ്ടിലേ അത്ഭുതാവഹവും നവീനവുമായ കണ്ടുപിടുത്തങ്ങളുടെ ഫലമായി തള്ളിക്കയറിയ വിപ്ലവതരംഗപരമ്പരകളിൽപ്പെട്ടു് ആളുകളുടെ ആസ്തിക്യബോധം നശിച്ചു. സ്വകപോലകല്പിതങ്ങളായ അഭ്യൂഹങ്ങളിലും നിഗമനങ്ങളിലും ഉറച്ചുനിന്നുകൊണ്ടും പ്രകൃതിശക്തിയുടെ സ്വയംപര്യാപ്തതയെപ്പററി ഉൽഘോഷിച്ചുകൊണ്ടും, സ്ഥലകാലങ്ങാംക്കു് അതീതവും പ്രകൃതിശക്തികാംക്കു് അപ്രാപ്യവും ബാഹ്യേന്ദ്രിയങ്ങാംക്കു് അജ്ഞാതവുമായവയെല്ലാം നിരാകരിക്കുവാൻ പണ്ഡിതമ്മന്യന്മാർ ശ്രമം ചെയ്തു. തെരസാന്യൂമാനിൽ ഉണ്ടായിക്കൊണ്ടിരുന്ന സ്വഭാവാതീതസംഭവങ്ങളെ തങ്ങളുടെ അന്ധമായ മുൻവിധിമൂലം നിഷേധിക്കുന്നവർ ഇന്നും ഉണ്ടല്ലോ. ആദ്ധ്യാത്മികചൈതന്യം ഉള്ളവനു മാത്രമേ ഒരു ദീർഘദർശിയുടെ വാക്കുകാം ഗ്രഹിക്കുന്നതിനും അത്ഭുതങ്ങളുടെ സംഭവ്യത ശരിയായി മനസ്സിലാക്കുന്നതിനും സാധിക്കയുള്ളു. പക്ഷപാതപരമായ മുൻവിധിക്കടിമപ്പെട്ടിരിക്കുന്ന ആളിനു് ഈ രണ്ടു ദിവ്യദൌത്യങ്ങളും സ്വീകാര്യങ്ങളല്ല തന്നെ. ഹോറബ്ബു് മലയിൽ എരിഞ്ഞുകൊണ്ടിരിക്കുന്ന അഗ്നിയെ സമീപിക്കുവാൻ പാദരക്ഷ നീക്കിക്കളയുക ആവശ്യകമല്ലേ?

ജെമ്മായിൽ പ്രത്യക്ഷപ്പെട്ടിരുന്ന അത്ഭുതാവഹമായ സംഗതികാം, വിശുദ്ധ ഫ്രാൻസീസ് അസ്സീസിയിൽ ദൃശ്യമായിരുന്ന അലോകസാധാരണമായ സംഭവങ്ങളോടു് എന്നതിനെക്കാം തെരസാന്യൂമാനിൽക്കാണപ്പെടുന്ന സ്വഭാവാതീതകാര്യങ്ങളോടാണ്, അവയുടെ ഉദ്ദേശ്യത്തിലും ഫലത്തിലും സാധർമ്മ്യം വഹിക്കുന്നതു്. പ്രത്യേകമായി യാതൊന്നും അവ

കൊണ്ടു സാധിക്കാനില്ലെന്നു പ്രഥമ വീക്ഷണത്തിൽ തോന്നിയേക്കാം. സാധാരണജീവിതം കഴിക്കുന്ന എളിയ ആത്മാക്കാംക്കും ദൈവം തൻെറ പ്രത്യേകദാനങ്ങാം നല്കുമെന്നു ലോകത്തിൽ വെളിപ്പെടുത്തുക മാത്രമായിരിക്കാം ഒരുപക്ഷെ അവയുടെ ഉദ്ദേശ്യം. ഏതായാലും നൈസർഗ്ഗികമായ വിനയംമൂലം തൻെറ ആദ്ധ്യാത്മികാനുഭവങ്ങളൊന്നും അന്യദൃഷ്ടിയിൽപ്പെടാതെ സൂക്ഷിക്കുന്നതിനാഗ്രഹിച്ച കഥാനായികയുടെ ആദ്ധ്യാത്മികരഹസ്യങ്ങാം ദിവ്യനാഥൻ സ്വഹൃദയത്തിൽത്തന്നെ സൂക്ഷിക്കുവാൻ തിരുമനസ്സായി.

"എൻെറ ആത്മകഥാകഥനത്തിൻെറ കൈയെഴുത്തുപ്രതി മററാരെങ്കിലും കാണുന്നതിനു സംഗതിയാകുന്നുവെങ്കിൽ അതു വെറും വെള്ളക്കടലാസായി രൂപാന്തരപ്പെടുന്നതിന് ഓ! ദൈവമേ, നീ ഇടയാക്കേണമേ" എന്ന് അവാം പ്രാർത്ഥിക്കുന്നു.

# പതിനൊന്നാം അദ്ധ്യായം

## ജെമ്മായും പുതിയ ആദ്ധ്യാത്മികഗുരുവും.

ഇരുപത്തിയെട്ടാമത്തെ വയസ്സിൽ വിധവയായിത്തീൎന്ന ജോൺഫ്രാൻസെസ് ഡിഷൻറാം എന്ന മഹതി കന്യാതപവാദ്ധാനം ചെയ്തതിനുശേഷം, തനിക്ക് ആദ്ധ്യാത്മികനിയന്താവായി ഒരാളെ നല്കണമെന്നു ദൈവത്തോടു പ്രാർത്ഥിച്ചു. അവളുടെ അപേക്ഷ ഫലശൂന്യമായില്ല. വസന്തകാലത്തിലെ ഒരു സുപ്രഭാതത്തിൽ ബർബില്ലിവനത്തിൽക്കൂടി യാത്രചെയ്യുമ്പോാം ഭക്തനും ദയാലുവുമായ ഒരു മെത്രാൻെറ ദർശനം അവാംക്കു സിദ്ധിച്ചു. 'അദ്ദേഹമാണു നിൻെറ ആദ്ധ്യാത്മികഗുരു' എന്ന

ഒരു വെളിപാടും ലഭിച്ചു. മൂന്നുകൊല്ലങ്ങൾക്കുശേഷം ഡിയോൺ എന്ന സ്ഥലത്തു് പ്രസംഗിച്ചുകൊണ്ടിരുന്ന ഫ്രാൻസീസ്സാലസിനെ കണ്ടപ്പോൾ തനിക്കു പ്രത്യക്ഷപ്പെട്ട മെത്രാൻ അദ്ദേഹമാണെന്നു് അവൾ മനസ്സിലാക്കുകയും അദ്ദേഹത്തിൻെറ നിയന്ത്രണത്തിനു തന്നെത്തന്നെ ഭരമേല്പിക്കുകയും ചെയ്തു.

ഏതാദൃശമായ ഒരു സംഭവം ജെമ്മായുടെ ജീവിതത്തിലും ഉണ്ടായി. ആദ്ധ്യാത്മികശുഷ്കതയും അസമാധാനവും അത്യധികമായി തൻെറ അന്തരാത്മാവിനെ പീഡിപ്പിച്ചുകൊണ്ടിരുന്ന അവസരങ്ങളിൽ ആദ്ധ്യാത്മികപാലകനിൽനിന്നും ആശ്വാസം ലഭിക്കാതെ കഥാനായിക ദിവ്യനാഥനായ ഈശോയെ അഭയംപ്രാപിക്കാറുണ്ടായിരുന്നു. ഒരിക്കൽ ഈശോ ഒരു വൃദ്ധവൈദികനോടൊന്നിച്ചു് അവൾക്കു പ്രത്യക്ഷനായി, "ഇനിമേൽ ഇദ്ദേഹം നിൻെറ ആത്മപാലകനായിരിക്കും" എന്നു പറഞ്ഞു. അദ്ദേഹത്തെ കണ്ടപ്പോൾ അവൾക്ക് അത്യധികമായ ആദ്ധ്യാത്മികാനന്ദം ഉളവായി. എങ്കിലും ഇതു പിശാചിൻെറ കെണിയായിരിക്കുമോ എന്ന സംശയം അവൾക്കു് ഉണ്ടാകാതിരുന്നില്ല. ആകയാൽ സംഗതികൾ തൻെറ കുമ്പസാരക്കാരനായ മോൺസിഞ്ഞോർ വോൾപ്പിയെ അറിയിച്ചു. തികഞ്ഞ പണ്ഡിതനും വിവേകിയുമായ അദ്ദേഹം അതുസംബന്ധിച്ചു് ഉടനടി യാതൊന്നും പ്രസ്താവിച്ചില്ല. ആത്മീയപിതാവായി ദൈവത്താൽ നിയോഗിക്കപ്പെട്ട അദ്ദേഹത്തിനു് ഒരു കത്തു് അയയ്ക്കുന്നതിനുപോലും ജെമ്മായെ ഉടനെ കുമ്പസാരക്കാരൻ അനുവദിച്ചുമില്ല. പിന്നീടു ജെമ്മാ ആ സംഭവത്തെപ്പററി പറയുന്നുണ്ടു്.

1900—ൽ അവൾ തൻെറ ആദ്ധ്യാത്മികപാലകനായ ഫാദർ ജെർമ്മാനോയ്ക്കു് ഒരു കത്തെഴുതി. "അങ്ങയെ കാണുവാൻ വളരെനാളായി ഞാൻ ആഗ്രഹിച്ചുതുടങ്ങിയിട്ടു്. ഒരു കത്തെഴുതുന്നതിനുള്ള അനുമതി കഴിഞ്ഞദിവസം മാത്രമാണു് ലഭിച്ചതു്. എഴുതുവാൻ തുടങ്ങുമ്പോൾത്തന്നെ, ഞാൻ പറയുവാൻ പോകുന്ന അസാധാരണ സംഗതികൾ അങ്ങിൽ എന്തെല്ലാം

വികാരങ്ങളായിരിക്കാം ഉളവാകുന്നതു് എന്ന വിചാരത്താൽ ഞാൻ അത്യധികം ഭയപ്പെടുന്നു. ചില അവസരങ്ങളിൽ എൻെറ വിചാരങ്ങളും വികാരങ്ങളും ദർശനങ്ങളും എല്ലാം അലൗകികമായി തോന്നുന്നുവെന്ന സംഗതി ഞാൻ തുറന്നു പറഞ്ഞുകൊള്ളട്ടെ. അത്ഭുതാവഹമായ സംഗതികൾ ഞാൻ കാണുകയും കേൾക്കുകയും ചെയ്യുന്നു. ഒരു മഹാപാപിനിയായ എനിക്കു് ഇവയെല്ലാം സംഭവിക്കുന്നതു് എങ്ങനെയെന്നു ഞാൻ സംശയിക്കുന്നു."

പന്ത്രണ്ടു പുറങ്ങളുള്ള ദീർഘലിഖിതമായിരുന്നു അതു്. കഴിഞ്ഞകാലങ്ങളിൽ അവളിൽ സംഭവിച്ച അതിസ്വാഭാവികമായ സകല സംഗതികളും വ്യക്തമായി അതിൽ പ്രസ്താവിച്ചിരുന്നു. അവളുടെ രോഗം, അത്ഭുതകരമായ രോഗശാന്തി, കന്യകാലയപ്രവേശനശ്രമങ്ങൾ, ലൂക്കായിൽ ഉണ്ടാകുവാനിരിക്കുന്ന പീഡാനുഭവസ്വഭാവനത്തിൻെറ കാര്യം മുതലായവ അതിൽ പ്രസ്താവിച്ചിരുന്നു. അധികംതാമസിയാതെ മററൊരു കത്തും അവൾ അദ്ദേഹത്തിനയച്ചു. അതിൽ അവൾ പറയുന്നു: "ദിവ്യസക്രാരിയുടെ മുമ്പിൽ ഈശോയെ ആരാധിച്ചുകൊണ്ടു ഞാൻ നില്ക്കുകയായിരുന്നു. ഈശോ എന്നെ തൻെറ അടുക്കലേയ്ക്കു വിളിച്ചു. (പിതാവേ, മുഴുവൻ വായിക്കുന്നതിനുമുമ്പേ ഇവയൊന്നും വിശ്വസിക്കല്ലേ എന്നു ഞാൻ അഭ്യർത്ഥിക്കുന്നു. അനുസരണത്താൽ ഞാൻ ഇതെല്ലാം എഴുതുന്നതാണു്.) എൻെറ കുമ്പസാരക്കാരൻ അങ്ങുമായി എഴുത്തുകുത്തുകൾ നടത്തുവാൻ ഇഷ്ടപ്പെടുന്നുവെന്നും അതു് തൻെറ ദിവ്യഹിതമാകുന്നുവെന്നും അങ്ങേയ്ക്കെഴുതുവാൻ ഈശോ എന്നോടു കല്പിച്ചു. അദ്ദേഹം അപ്രകാരം ചെയ്യുമെന്നും ഈശോ അരുളിച്ചെയ്തു." ഫാദർ ജെമ്മാനോയും മോൺസിഞ്ഞോർ വോൾപ്പിയുമായി സുദീർഘമായ എഴുത്തുകുത്തുകൾ പിൽക്കാലത്തു് നടക്കുകയുണ്ടായി. തൽഫലമായി ഫാദർ ജെമ്മാനോ ജെമ്മായുടെ ആദ്ധ്യാത്മികനിയന്ത്രണം സസന്തോഷം സ്വീകരിച്ചു. മോൺസിഞ്ഞോർ വോൾപ്പിയുടെ ക്ഷണമനുസരിച്ചു് അദ്ദേഹം 1900-ൽ ലൂക്കായിൽ

വന്നു. അദ്ദേഹത്തിൻെറ വരവിനെപ്പററി ജെമ്മായ്ക്കു യാതൊരു മുന്നറിവുമില്ലായിരുന്നുവെങ്കിലും കണ്ടയുടനെ അദ്ദേഹത്തെ അവരം മനസ്സിലാക്കുകയും ഹൃദയപൂർവ്വം സ്വാഗതമരുളുകയും ചെയ്തു.

ആദ്യം ജെമ്മായുടെ ജീവചരിത്രം എഴുതിയ ഗ്രന്ഥകാരൻ വിവരിച്ചിരിക്കുന്ന ഒരു സംഭവം അവളുടെ സ്വഭാവത്തിനു നിറപ്പകിട്ടു നല്കുവാൻ പര്യാപ്തമാണ്. ഏകാഗ്രചിത്തയായിരുന്ന അവളെ സംബന്ധിച്ച് ഉപരിപ്ലവജ്ഞാനംമാത്രം ഉണ്ടായിരുന്ന ആളുകരം അവരം ഗർവ്വിഷ്ഠയും വക്രബുദ്ധിയുമാണെന്നു വിധിച്ചുകളഞ്ഞു. ഫാദർ ഫേബറിൻെറ ഭാഷയിൽ പറഞ്ഞാൽ "കുഞ്ഞു സുകൃതങ്ങരം"മാത്രം അനുഷ്ഠിക്കുന്നവളായി അന്നു പലരും അവളെ ചിത്രീകരിച്ചിരുന്നു.

പാപികളുടെ മാനസാന്തരത്തിനായി ജീവാർപ്പണം ചെയ്ത കഥാനായിക ഈശോയോട് ഒരാളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കുന്നതാണ് പ്രസ്തുത സംഭവം. ഒരിക്കൽ ആദ്ധ്യാത്മികപാരവശ്യാവസരത്തിൽ, "എന്നെ അനുഗ്രഹിച്ചില്ലെങ്കിൽ ഇവിടെനിന്നും പോകുന്നതിനു ഞാൻ അനുവദിക്കുകയില്ല" എന്നു പറഞ്ഞുകൊണ്ടു മാലാഖായുമായി മൽപ്പിടുത്തം നടത്തിയ യാക്കോബിനെപ്പോലെ, അവരം ഈശോയോടു തീവ്രമായി വാദിക്കുകയായിരുന്നു. എന്തിനാണെന്നോ? ഒരു പാപിയുടെ മാനസാന്തരത്തിനുവേണ്ടി. അവരംക്കു തൻെറ ആഗ്രഹം സാധിച്ചുകിട്ടാതെ പിൻമാറുവാൻ മനസ്സില്ലായിരുന്നു.

ഫാദർ ജെമ്മാനോ ഈ സംഭവം വിവരിക്കുന്നതു നമുക്കു ശ്രവിക്കാം: "ഒരു വ്യാഴാഴ്ച സായാഹ്നത്തിൽ അത്താഴംകഴിച്ചുകൊണ്ടിരുന്ന ജെമ്മാ താൻ ഒരു ആദ്ധ്യാത്മികപാരവശ്യത്തിൽ ലയിക്കുവാൻപോകുന്നുവെന്നു മനസ്സിലാക്കി എഴുന്നേററു സ്വന്തം മുറിയിലേയ്ക്കു പോയി. സിസിലി അല്പംകഴിഞ്ഞ് അവളെ അനുഗമിച്ചു. അവർ എന്നെയും ക്ഷണിച്ചു. ഞങ്ങരം മുറിയിൽ പ്രവേശിച്ചു. ഇതിനകം സമാധിയിൽ ലയിച്ചുകഴി

ഞ്ഞിരുന്ന ജെമ്മാ ഒരു പാപിയുടെ മാനസാന്തരത്തിനായി തീക്ഷ്ണതാപൂർവ്വം പ്രാർത്ഥിക്കുകയാണ്. ഈശോയും ജെമ്മായും തമ്മിൽ ഒരു വാക്സമരംതന്നെ അവിടെവച്ചു നടന്നു. ഇത്ര അത്ഭുതാവഹമായ സംഭവങ്ങൾ ഇതിനുമുമ്പ് എനിക്കനുഭവപ്പെട്ടിട്ടില്ല. കഥാനായിക ഒരു മൂലയിലേയ്ക്കു ദൃഷ്ടിതിരിച്ചു തൻെറ കിടക്കയിൽ ഇരിക്കയാണ്. ഈശോയും അവിടെ സന്നിഹിതനായിട്ടുണ്ട്. അവൾ അസ്വസ്ഥയല്ലായിരുന്നുവെങ്കിലും ആവേശത്തോടും ദൃഢനിശ്ചയത്തോടുംകൂടിയ ഒരു വിജിഗീഷുവിനെപ്പോലെ സമരം നടത്തിയിരുന്നു. അവൾ പറഞ്ഞു: 'ഈശോനാഥാ, അങ്ങ് ഇവിടെ വന്നിരിക്കുന്നതിനാൽ അവിടുത്തെ ആദ്ധ്യാത്മികസുതനും എൻെറ വത്സല സോദരനുമായ ആ പാപിക്കുവേണ്ടിയുള്ള എൻെറ അഭ്യർത്ഥന ഞാൻ ആവർത്തിക്കുന്നു.'

ലൂക്കായിൽവച്ച് അവൾ കണ്ടുപരിചയിച്ചിട്ടുള്ള ഒരാളാണ് ആ പാപി. അയാളെ സന്മാർഗ്ഗത്തിലേയ്ക്കു തിരിച്ചുകൊണ്ടുവരുന്നതിന് ആന്തരികപ്രേരണകൾക്കു വിധേയയായി കത്തുകളും ഉപദേശങ്ങളുംമൂലം അവൾ ശ്രമിച്ചുനോക്കി. എല്ലാം വിഫലമാകുകയാണു ചെയ്തത്. ആകയാൽ ഈശോയോട് അവൾ അവനുവേണ്ടി പ്രാർത്ഥിക്കുകയായിരുന്നു. ഈശോ നീതിമാനായ ഒരു വിധിയാളനെപ്പോലെ നിർവികാരനായി നിലകൊണ്ടു. 'സ്നേഹനാഥാ, അവിടുന്ന് എന്നെ എന്തുകൊണ്ടാണ് ഇന്നു ശ്രവിക്കാത്തത്? അവിടുന്ന് ഒരാത്മാവിനുവേണ്ടി എത്രമാത്രം സഹിച്ചു? ഈ പാപിയുടെ കാര്യത്തിൽമാത്രം എന്തുകൊണ്ടാണു യാതൊന്നും ചെയ്യാതിരിക്കുന്നത്? കരുണക്കടലായ ദിവ്യനാഥാ, അവനെ രക്ഷിച്ചാലും. മനമുരുകിയുള്ള എൻെറ പ്രാർത്ഥന ഉപേക്ഷിക്കല്ലേ! പാപികൾക്കു വേണ്ടിയുള്ള അഭ്യർത്ഥന അവിടുന്നു നിരസിക്കയില്ലെന്ന് എനിക്കറിയാം. അവൻെറ പാപഭാരം പരിഗണിക്കാതെ അവനെ അനുഗ്രഹിക്കുക.' എന്തുകൊണ്ടാണ് മഹാപാപിയായ അയാളോടു താൻ ക്ഷമിക്കാത്തതെന്ന് ഈശോ അപ്പോൾ അവളെ മനസ്സിലാക്കി.

അയാളുടെ പാപങ്ങളെല്ലാം അവയുടെ സ്ഥലകാലസാഹചര്യങ്ങളോടൊന്നിച്ച് അവരംക്കു ദൃശ്യമാക്കിക്കൊടുത്തു. വർണ്ണനാതീതമാംവിധം അവ ഭയങ്കരങ്ങളായിരുന്നു. അല്പസമയത്തേയ്ക്ക് അവരം വികാരാധീനയായിക്കാണപ്പെട്ടു. കൈകാലുകരം തളന്നു. ദീർഘമായി ഒന്നു നിശ്വസിച്ചു. നിരാശാകൂപത്തിൽ അവരം നിപതിച്ചുവെന്നോ? ഇല്ല. പുഞ്ചിരിപ്പോടേ വീണ്ടും വാഗ്വാദം തുടങ്ങി. 'അയാരം നിരവധി ദുഷ്കർമ്മങ്ങരം ചെയ്തുവെന്നു് എനിക്കറിയാം. എന്നാൽ എന്തു്? ഞാൻ അതിനെക്കാരം വലിയ ഒരു പാപിനിയല്ലേ? എൻെറ അപേക്ഷകരം സാധിച്ചുതരുവാൻമാത്രം ഞാൻ യോഗ്യയല്ല. എന്നാൽ അനന്തശക്തിയുള്ള അവിടുത്തെ അമ്മയുടെ മാദ്ധ്യസ്ഥ്യത്തിലാണു് എൻെറ ശക്തി. അവരം ആ പാപിക്കുവേണ്ടി അങ്ങേപ്പക്കൽ മാദ്ധ്യസ്ഥ്യം വഹിക്കുന്നു. അവിടുന്നു് അവളെ ശ്രവിക്കയില്ലെന്നോ? അവളുടെ അഭ്യർത്ഥന നിരസിക്കുവാൻ അവിടുന്നു ശക്തനല്ലെന്നു് എനിക്കറിയാം. ആകയാൽ, നാഥാ, ആ പാപിയെ രക്ഷിക്കാമെന്നു വാഗ്ദാനംചെയ്താലും.' കരിംകാർക്കൂട്ടങ്ങരം മാറി; അന്തരീക്ഷം പ്രകാശിച്ചു. അവളുടെ അഭ്യർത്ഥന സാധിതമായി. ആനന്ദത്തിൻെറ തരംഗപരമ്പരയിൽ ആമോദപൂർവ്വം അവരം നീന്തിത്തുടിച്ചു. അപ്പോരം അവരം വിളിച്ചുപറഞ്ഞു: 'അയാരം രക്ഷിക്കപ്പെട്ടിരിക്കുന്നു. ഈശോയെ, അവിടുന്നു വിജയിച്ചിരിക്കുന്നു. വിജയശ്രീലാളിതനായി അങ്ങു് എന്നെന്നും വിരാജിച്ചാലും.' തൽക്ഷണം അവരം ആദ്ധ്യാത്മിക പാരവശ്യത്തിൽനിന്നും ഉണന്നു. ഞാൻ എൻെറ മുറിയിലേയ്ക്കു തിരിച്ചുപോയി.

"എൻെറ ചേതന എവിടേയ്ക്കോ ചിറകടിച്ചു പറക്കുകയായിരുന്നു. പെട്ടെന്നു് ആരോ എൻെറ മുറിയുടെ വാതില്ക്കൽ മുട്ടി. അപരിചിതനായ ഒരാരം എൻെറ മുറിയിലേയ്ക്കു് ആനീതനായി. അയാളുടെ ഹൃദയം ഉരുകി കണ്ണുനീർക്കണങ്ങളായി പ്രവഹിച്ചുകൊണ്ടിരുന്നു. മുഴംകാലുകരം മടക്കി, അഞ്ജലിബദ്ധനായി, കരഞ്ഞുകൊണ്ടു് 'പിതാവേ, എനിക്കു പാപസങ്കീ

ത്തനം നടത്തണം' എന്നയാരം പറഞ്ഞു. അത്ഭുതമേ! ജെമ്മായുടെ പ്രാർത്ഥനകളുടെ ഫലമായി മാനസാന്തരപ്പെട്ട പാപിയായിരുന്നു അയാരം. അയാരം കുമ്പസാരിച്ചു. ജെമ്മാ സമാധിയിൽ പറഞ്ഞതവയെല്ലാമായിരുന്നു അയാളുടെ പാപങ്ങരം. ഒരു പാപം അയാരം വിസ്മരിച്ചുപോയതു ഞാൻ അയാളെ അനുസ്മരിപ്പിച്ചു. സ്നേഹവചസ്സുകരംകൊണ്ടു് അയാളെ ഞാൻ സമാശ്വസിപ്പിക്കുകയും അല്പംമുമ്പു നടന്ന സംഭവം മുഴുവൻ വിസ്തരിച്ചു കേരംപ്പിക്കുകയും ചെയ്തതിനുശേഷം ഈ സംഭവങ്ങരം പ്രസിദ്ധം ചെയ്യുന്നതിനുള്ള അനുമതി അയാളിൽനിന്നു വാങ്ങുകയും ചെയ്തു."

അപ്പോസ്തലന്മാരും പ്രേഷിതപ്രമുഖന്മാരും പ്രാപിച്ച ക്രിസ്തീയസ്നേഹത്തിൻെറ ഉത്തുംഗശൃംഗങ്ങളിലേയ്ക്കു കഥാനായികയേയും ഈ സംഭവം ഉയർത്തിയിട്ടില്ലെന്നു പറയുവാൻ ആർക്കു സാധിക്കും? ആദ്ധ്യാത്മികജീവിതമാർഗ്ഗത്തിൽ സുകൃതസുമങ്ങരം വിതറിയ വിശുദ്ധ ചെറുപുഷ്പത്തെപ്പോലെ ജെമ്മായും, ഏകാന്തതയിൽ വസിച്ചുകൊണ്ടു് വിശുദ്ധ ഫ്രാൻസീസ് അസ്സീസിയുടെ ചൈതന്യപ്രകർഷം ലോകത്തിനു പ്രത്യക്ഷമാക്കി.

കഥാനായികയുടെ ആദ്ധ്യാത്മികനിയന്താവായി അത്ഭുതകരമാംവിധം ദൈവത്താൽ നിയുക്തനായ ഫാദർ ജമ്മാനോ, അവളുടെ ആദ്ധ്യാത്മികസ്ഥിതി ശരിയായി മനസ്സിലാക്കുന്നതിനുവേണ്ടി നിഷ്കർഷാപൂർവ്വം പഠനം നടത്തിത്തുടങ്ങി. നിരന്തരമായ പരീക്ഷണങ്ങളുടേയും അവധാനപൂർവ്വമായ നിരീക്ഷണങ്ങളുടേയും ഫലമായി സംശയരഹിതമായ ചില അഭിപ്രായങ്ങരം രേഖപ്പെടുത്തുവാൻ അദ്ദേഹത്തിനു കഴിഞ്ഞു. ആദ്ധ്യാത്മികജീവിതത്തിൽ നല്ല തഴക്കവും പഴക്കവും സിദ്ധിച്ചിട്ടുള്ള ഒരാളെ തൻെറ ഉപദേഷ്ടാവായി ലഭിച്ചതിൽ ജെമ്മാ സന്തോഷിക്കുയും അദ്ദേഹത്തിൻെറ തീരുമാനം അറിയുന്നതിനു പ്രത്യാശാപൂർവ്വം പാർത്തിരിക്കുകയും ചെയ്തു. ഫാദർ ജെമ്മാനോയുടെ ആവിർഭാഗം മോൺസിഞ്ഞോർ വോരംപ്പിക്കും ആശ്വാസസംദായകമായിരുന്നു. ജെമ്മായുടെ അന്തരംഗത്തിൽ നടന്നു

കൊണ്ടിരുന്ന അതിസ്വാഭാവികസംഗതികൾ പ്രസാദവരപ്രവ ത്തനത്തിൻെറ ഫലമാണെന്നായിരുന്നു അദ്ദേഹത്തിൻെറ വിധി. ഈ തീരുമാനം ശ്രവിച്ചമാത്രയിൽ ജെമ്മായുടെ സംശ യങ്ങളെല്ലാം സൂര്യപ്രകാശമേററ മൂടൽമഞ്ഞുപോലെ തിരോ ധാനം ചെയ്തു. കൃതജ്ഞതാഭരിതയായി അവൾ പറയുന്നതു കേട്ടാലും: "പ്രിയ പിതാവേ, മഹാപാപിനിയായ എനിക്കു വേണ്ടി ഇത്ര കഷ്ടപ്പെടുന്ന അങ്ങേയ്ക്കു് എങ്ങനെ നന്ദിപ്രകടി പ്പിക്കണമെന്നു് എനിക്കറിഞ്ഞുകൂടാ. അങ്ങയുടെ സഹായ ത്താൽ ഞാൻ രക്ഷപ്രാപിച്ച സ്വർഗ്ഗത്തിൽ എത്തുമ്പോൾ അങ്ങയേയും ഞാൻ അങ്ങോട്ടു കൊണ്ടുപോകും. അങ്ങയുടെ കത്തുകൾ എനിക്കു ദിവ്യാമൃതമാണ്. അവ ആദ്ധ്യാത്മികമായി എന്തുമാത്രം എന്നെ സഹായിക്കുന്നുവെന്നു് അങ്ങു് അറിഞ്ഞിരു ന്നുവെങ്കിൽ!"

പ്രധാനമായി കത്തുകൾവഴിയാണ് താൻ ജെമ്മായെ നയിച്ചുകൊണ്ടിരുന്നതെന്നു ഫാദർ ജെർമ്മാനൊ പ്രസ്താവിക്കുന്നു. അദ്ദേഹം തുടരുന്നു: "ദൈവസഹായത്താൽ പലപ്രാവശ്യം ലൂക്കായിൽ പോകുന്നതിനും ഗ്യാനിനികുടുംബാംഗങ്ങളൊ ന്നിച്ചു വസിക്കുന്നതിനും ഭക്തയായ ജെമ്മായെ നേരിട്ടുകണ്ടു് അവളെപ്പററി പഠനം നടത്തുന്നതിനും ആദ്ധ്യാത്മികസഹായം നല്കുന്നതിനും എനിക്കു സൗകര്യം ലഭിച്ചിട്ടുണ്ടു്. സരളവും ലളി തവുമായിരുന്നു അവളുടെ ജീവിതരീതി. സ്നേഹവും ത്യാഗവുമാ കുന്ന പൂഞ്ചിറകുകൾ വിരിച്ചാണ് അവളുടെ ആത്മവിഹഗം പുണ്യപൂർണ്ണതയുടെ ഗിരിശൃംഗത്തിലേയ്ക്കു് പറന്നുയർന്നുകൊണ്ടി രുന്നതു്. വിനയാന്വിതവും പ്രശാന്തഗംഭീരവുമായ അവളുടെ മുഖഭാവം പ്രേക്ഷകരിൽ ആനന്ദാമൃതം പകർന്നിരുന്നു. ദൈവ സ്നേഹത്തിൽ അവളുടെ ഹൃദയം സദാ കത്തിയെരിഞ്ഞിരുന്നു വെങ്കിലും സാധാരണസ്ത്രീകളിൽനിന്നും വ്യത്യസ്തമായി യാ തൊന്നും അവളിൽ കാണപ്പെട്ടിരുന്നില്ല. കാണികളെ ആകർഷി ക്കുവാൻ പര്യാപ്തമായ ഉടുപ്പോ നടപ്പോ സംസാരമോ പ്രവൃ ത്തിയോ അവൾ ഇഷ്ടപ്പെട്ടിരുന്നില്ല. അവളുടെ ജീവിതത്തിനു്

ആദ്ധ്യാത്മികോത്തേജനം നല്കിയിരുന്നതു് ദൈവവിശ്വാസമാണു്. ഒരു കുഞ്ഞു കുട്ടി വത്സലതാതനോടെന്നവിധമാണു് ജെമ്മാ ദൈവത്തോടു വര്‍ത്തിച്ചിരുന്നതു്.

ജെമ്മായെ സംബന്ധിച്ചുള്ള മോണ്‍സിഞ്ഞോര്‍ വോഠപ്പിയുടെ സംശയങ്ങഠം ഇനിയും തീര്‍ന്നിട്ടില്ല. അദ്ദേഹത്തിനു് ഫാദര്‍ ജെമ്മാനൊ എഴുതുന്ന മറുപടിക്കത്തുകഠം ഈ സംഗതി വിശദമാക്കുന്നുണ്ടു്. അദ്ദേഹം പറയുന്നു: "അവളില്‍ 'ഹിസ്റ്റീരിയാ'യുടെ യാതൊരു ലക്ഷണവും കാണുന്നില്ല. അവളെപ്പററി വിധി പറയുമ്പോഠം അവളില്‍ക്കാണുന്ന ബാഹ്യ ചിഹ്നങ്ങളെല്ലാം അവഗണിച്ചിട്ടു് ആഭ്യന്തരസ്ഥിതിമാത്രം നാം വീക്ഷിച്ചാല്‍ മതി." മറെറാരു കത്തില്‍ അദ്ദേഹം തുടരുന്നു: "ജെമ്മായുടെ ആത്മനൗകയെ സംസാരസാഗരത്തിലേ പ്രക്ഷുബ്ധമായ തരംഗപരമ്പരയിലൂടെ അപകടരഹിതമായി നയിക്കുവാന്‍ ദൈവം നിശ്ചയിച്ചിരിക്കുന്നതു് അങ്ങയെ അല്ലാതെ മററാരെയാണു്? ശാസ്ത്രീയപരീക്ഷണത്തിനു് അവളെ വിധേയയാക്കുന്നതുമൂലമുളവാകുന്ന അനര്‍ത്ഥങ്ങഠംക്കെല്ലാം അങ്ങായിരിക്കും ഉത്തരവാദി. അവളില്‍ പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്ന പ്രകൃത്യതീതമായ പ്രവര്‍ത്തനങ്ങഠം അന്യദൃഷ്ടിയില്‍പ്പെടാതിരിക്കുന്നതിനായി ദൈവം എന്തെല്ലാം മുന്‍കരുതലുകഠം ചെയ്യുന്നുണ്ടെന്നു് അങ്ങും മനസ്സിലാക്കിയിട്ടുള്ളതാണല്ലോ. അവളുടെ ആദ്ധ്യാത്മികരഹസ്യങ്ങളെല്ലാം നാം പരസ്യപ്പെടുത്തുകയെന്നോ? ഒരു ഡോക്ടര്‍ മറെറാരു ഡോക്ടരോടു പറയും; ഒരു വൈദികന്‍ മറെറാരു വൈദികനോടും. ഇങ്ങനെ 'അരമനരഹസ്യം അങ്ങാടിപ്പരസ്യ'മായിത്തീരും. ഈ സംഗതികഠം സംബന്ധിച്ചു മററു യാതൊരുത്തരോടും സംസാരിക്കരുതു്. ജെമ്മായില്‍ കാണുന്ന പ്രകൃത്യതീതസംഭവങ്ങളെല്ലാം എത്ര പ്രശാന്തമായിട്ടാണു നടന്നുകൊണ്ടിരിക്കുന്നതെന്നു നോക്കുക. അങ്ങു് ഇനിയും സംശയാധീനനെന്നോ? ഒന്നുകൂടി നേരിട്ടു പരിശോധിക്കുക. അതിനു ശേഷം വിധികല്പിക്കുക."

സിസിലിക്കു ഫാദര്‍ ജെമ്മാനോ എഴുതുന്നതും ശ്രദ്ധേ

യമാണ്: "ദൈവത്തിന്റെ ഓമനസ്സന്താനമായ ആ യുവതിയുടെ കാര്യത്തെ സംബന്ധിച്ച് അല്പംപോലും അസ്വസ്ഥയാകേണ്ടതില്ല. അവളിൽ കാണപ്പെടുന്നവയെല്ലാം ദൈവത്തിന്റെ കൈവേലതന്നെ. അവളെ സംരക്ഷിക്കുവാൻ നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു എന്നതു് നിങ്ങൾക്ക് ഏററവും അഭിമാനകരംതന്നെയാണ്. നിങ്ങൾ സമൃദ്ധമായി പ്രതിസമ്മാനിക്കപ്പെടാതിരിക്കയില്ല."

---

# പന്ത്രണ്ടാം അദ്ധ്യായം.

## ജെമ്മായുടെ വീരസുകൃതങ്ങൾ.

ജെമ്മായ്ക്കു വിശുദ്ധപദം നേടിക്കൊടുക്കുന്നതിനു പര്യാപ്തമാംവിധം അവളിൽ തെളിഞ്ഞു പ്രകാശിച്ചിരുന്ന സുകൃതപുണ്യങ്ങളെപ്പററി നമുക്ക് അല്പം പ്രസ്താവിക്കാം. പുണ്യപട്ടം നല്കുന്നതിനു പ്രകൃത്യതീതസംഭവങ്ങൾ ഒരാളിൽ കാണണമെന്നില്ല. "സൗജന്യമായി നല്കപ്പെടുന്ന പ്രസാദവര"മെന്നു ദൈവശാസ്ത്രജ്ഞന്മാർ സാധാരണമായി നിർവചിക്കാറുള്ള അതിസ്വാഭാവികമായ ദാനങ്ങൾ, ഒരാളെ വിശുദ്ധനെന്നു നാമകരണംചെയ്യുവാൻ സ്വീകരിക്കുന്ന നടപടികളിൽ പരിഗണിക്കപ്പെടാറില്ല. ജെമ്മായുടെ സുകൃതങ്ങളെ സംബന്ധിച്ചുള്ള ഔദ്യോഗികപ്രസ്താവനയിൽ അതിസ്വാഭാവികമായി അവൾക്കനുഭവപ്പെട്ടിരുന്ന സംഭവങ്ങളെ സംബന്ധിച്ച യാതൊന്നും പറഞ്ഞുകാണുന്നില്ല. കഥാനായികയെ വിശുദ്ധയെന്നു നാമകരണം ചെയ്തതിനാൽ അവളിൽ നടന്നിട്ടുള്ള പ്രകൃത്യതീതസംഭവങ്ങളുടെ അതിസ്വാഭാവികതയെ പരോക്ഷമായി സഭ അംഗീകരിക്കുന്നുവെന്നല്ലാതെ അവയെ സംബന്ധിച്ച പ്രത്യക്ഷമായി യാതൊന്നും പ്രസ്താവിക്കുന്നില്ല.

"ജെമ്മാ സകല പുണ്യങ്ങളുടേയും വിളനിലമായിരുന്നു" എന്നു് അവളെ അടുത്തു പരിചയമുള്ള ഒരാൾ രേഖപ്പെടുത്തിയിരിക്കുന്നു. രോഗാതുരയായിരുന്ന ജെമ്മായോടു് അവളെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന കന്യാസ്ത്രീകളിൽ ഒരാൾ ഒരിക്കൽ 'ഏററവും പ്രധാനവും ദൈവത്തിനു് ഏററവും പ്രിയങ്കരവുമായ പുണ്യം ഏതാണു്' എന്നു ചോദിച്ചപ്പോൾ "എല്ലാ പുണ്യങ്ങളുടേയും അടിസ്ഥാനമായ എളിമയാണു്" എന്നവൾ ഉറപ്പിച്ചു പറഞ്ഞു. യൗവനത്തിന്റെ പടിവാതൽ കടന്നിട്ടില്ലായിരുന്നുവെങ്കിലും പുണ്യസോപാനത്തിന്റെ പടികൾ പലതും തരണംചെയ്തു കഴിഞ്ഞവരെക്കാൾ കൂടുതലായി ജെമ്മാ ദൈവദാനങ്ങളെ സംബന്ധിച്ചു ഗ്രഹിച്ചിരുന്നു. തന്റെ മഹത്ത്വം പ്രത്യക്ഷപ്പെടുത്തുന്നതിനുവേണ്ടിയാണു് ദൈവം നമ്മുടെമേൽ പ്രത്യേകവരങ്ങൾ ചൊരിയുന്നതു്. ഈ തത്ത്വം ജീവിതസായാഹ്നത്തിൽപ്പോലും പലരും മനസ്സിലാക്കുന്നില്ല.

സ്വന്തശക്തിയിൽ ജെമ്മാ അല്പംപോലും വിശ്വസിച്ചിരുന്നില്ല. ദൈവത്തിലുള്ള അവളുടെ വിശ്വാസം അത്ഭുതാവഹമായിരുന്നു. എപ്പോഴും ആദ്ധ്യാത്മികശക്തിയും പ്രകാശവും അവൾ ദൈവത്തിൽനിന്നു പ്രാപിച്ചിരുന്നു. ജെമ്മായിൽ പ്രശോഭിച്ചിരുന്ന എളിമയുടെ പാരമ്യം ഫാദർ ജെമ്മാനോയുടെ വാക്കുകൾ വ്യക്തമാക്കുന്നുണ്ടു്: "അവളുടെ ആന്തരികസ്ഥിതി ശരിയായി ഗ്രഹിക്കുന്നതിനുള്ള മാനദണ്ഡമായി എളിമയാണു് ഞാൻ സ്വീകരിച്ചതു്. എളിമകൊണ്ടു് ഇന്നു് അവളുടെ പുണ്യവിസ്തൃതി ഞാൻ തിട്ടപ്പെടുത്തി." തന്റെ കത്തുകളിലെല്ലാം അവൾ "എളിയ ജെമ്മാ" എന്നെഴുതി ഒപ്പുവച്ചിരിക്കുന്നു. "ഈശോയുടെ ജെമ്മാ" എന്നെഴുതി ഒപ്പിടുവാൻ ഫാദർ ജെമ്മാനോ അവളോടുപദേശിച്ചു. അനുസരിക്കുന്നതിനു് അവൾ ശ്രമിച്ചു; എങ്കിലും ചിലപ്പോഴെല്ലാം പഴയപടി എഴുതിപ്പോകും. ആദ്ധ്യാത്മികപാരവശ്യാവസരങ്ങളിൽപ്പോലും മഹാപാപിനിയും നിസ്സാരയുമെന്നാണു് അവൾ തന്നെത്തന്നെ വിളിച്ചിരുന്നതു്. ജെമ്മായ്ക്കു തന്നെസ്സംബന്ധിച്ചുണ്ടായിരുന്ന

അഭിപ്രായം മററുള്ളവരിലും ഉണ്ടാകുന്നതിനുവേണ്ടി, സ്വഭാവാതീതമായി തന്നിൽ പ്രത്യക്ഷപ്പെട്ടിരുന്ന സകല കാര്യങ്ങളും അന്യരുടെ ദൃഷ്ടിയിൽനിന്നു മറയ്ക്കുവാൻ, അവഠ അതീവശ്രദ്ധയുള്ളവളായിരുന്നു. കുശാഗ്രബുദ്ധിയായ അവളിൽ അനന്യസാധാരണമായ ധൈര്യ്യവും മനസ്സാന്നിദ്ധ്യവും പ്രസ്പഷ്ടമായി കണ്ടിരുന്നു. വിശാലഹൃദയയും സ്വാത്ഥരഹിതയുമായിട്ടാണ് അടുത്തറിയുന്നവർ അവളെ ചിത്രീകരിക്കുന്നത്. സ്വന്തമായി യാതൊരു ഹിതവും ഇല്ലാത്തവിധം അവഠ എപ്പോഴും വത്തിച്ചിരുന്നു. അദ്ധ്യയനകാലത്ത് ഫ്രഞ്ചുഭാഷയിലും ചിത്രമെഴുത്ത്, തയ്യൽ മുതലായ സുന്ദരകലകളിലും അവഠ വേണ്ടത്ര പ്രാവീണ്യം സമ്പാദിച്ചിരുന്നുവെങ്കിലും അവയിലുള്ള തൻെറ സാമത്ഥ്യം മററുള്ളവരെ ഗ്രഹിപ്പിക്കാതെയാണ് അവഠ ജീവിച്ചുപോന്നത്. കീറിപ്പറിഞ്ഞ കാൽച്ചട്ടകളും മററും നന്നാക്കുകയെന്ന എളിയ പ്രവൃത്തിയായിരുന്നു അവഠ ഇഷ്ടപ്പെട്ടിരുന്നത്.

മററുള്ളവക്കു തന്നെപ്പററി മോശമായ അഭിപ്രായം ഉണ്ടാകണമെന്നുള്ള ഉദ്ദേശ്യത്തോടേ കഥാനായിക ചില അവസരങ്ങളിൽ ഭോഷത്തം അഭിനയിക്കുന്നതിനുപോലും മടിച്ചിട്ടില്ല. അവളുടെ ആദ്ധ്യാത്മികഗുരു അവിടെ ഉണ്ടായിരുന്ന അവസരത്തിൽ ഒരു മെത്രാൻ ജെമ്മായെ സന്ദശിക്കുവാൻ വന്നു. അദ്ദേഹത്തിന് അവളോട്ട് അസാമാന്യമായ സ്നേഹവാത്സല്യങ്ങളുണ്ടായിരുന്നുവെന്നനുമാനിക്കുവാൻ ന്യായമുണ്ടായിരുന്നു. ആകയാൽ, അദ്ദേഹത്തിൻെറ മുമ്പിൽ പ്രത്യക്ഷപ്പെടുവാൻ അവഠക്കിഷ്ടമില്ലായിരുന്നു. എങ്കിലും അതിനു നിർബന്ധിതയായതിനാൽ ഒരു ഭോഷത്തം അഭിനയിക്കുവാൻ അവഠ തീച്ച്യാക്കി. ഒരു പൂച്ചക്കുഞ്ഞിനെ എടുത്ത് ഓമനിച്ചുകൊണ്ട് അവഠ അദ്ദേഹത്തിൻെറ മുമ്പിൽ ആഗതയായി. അഭിനയം കുറിക്കുകൊണ്ടു. അവജ്ഞാപൂവ്വം അദ്ദേഹം അവളെ ഒന്നു നോക്കുകമാത്രം ചെയ്തു. സന്ദശകനെ അസഹ്യപ്പെടുത്താതെ അവഠ തിരിച്ചുപോന്നു. " എന്നെ മററുള്ളവർ മൂഢയും അവ

ഹേളനപാത്രവുമായി ഗണിക്കുമ്പോൾ ഞാൻ ആനന്ദിക്കുന്നു" എന്നു് അവൾ ഫാദർ ജെമ്മാനോയ്ക്കെഴുതുന്നു. "അഹങ്കാരം പിശാചിൻെറ കുലമുദ്രയാണു്; ദൈവസുതരുടെ ലക്ഷണം എളിമയും."

കഥാനായിക ആജീവനാന്തം അഭ്യസിച്ചിരുന്ന ശിശുസഹജമായ അനുസരണം അത്ഭുതാവഹമെന്നല്ലാതെ എന്തു പറയട്ടെ. തൻെറ ഉപകർത്താവിനെ അക്ഷരംപ്രതി അനുസരിക്കുന്നതാണെന്നുള്ള ദൃഢനിശ്ചയത്തോടുകൂടിയാണു് അവൾ മത്തേയോ ഗ്യാനിനിയുടെ ഭവനത്തിൽ എത്തിയതു്. "ഏതാജ്ഞയും ഉടനടി അനുസരിക്കുകയെന്നതായിരുന്നു അവളുടെ ജീവിതാദർശം" എന്നു സിസിലി പ്രസ്താവിക്കുന്നു. ചുററും നടന്നുകൊണ്ടിരിക്കുന്ന സംഗതികൾ യാതൊന്നും അറിയാതെ സമാധിയിൽ ലയിച്ചിരുന്ന അവസരങ്ങളിൽപ്പോലും വിസ്മയാവഹമായ അനുസരണമാണു് അവൾ കാണിച്ചിരുന്നതു്. അതു തെളിയിക്കുവാൻ സിസിലി ഒരു സംഭവം രേഖപ്പെടുത്തുന്നു: "ഒരു ദിവസം വിശുദ്ധ കുർബാന സ്വീകരിച്ചുകഴിഞ്ഞു് സ്വന്തം സ്ഥലത്തേയ്ക്കു പോകുവാൻ ഞാൻ ജെമ്മായോടു പറഞ്ഞു. അവൾ അതിനകം ആദ്ധ്യാത്മികപാരവശ്യത്തിൽ ലയിച്ചുകഴിഞ്ഞിരുന്നു. സംഗതികൾ അന്യദൃഷ്ടിയിൽ എത്തുപെട്ടുമല്ലോ എന്നുള്ള ഭയത്തോടുകൂടി ഞാൻ ആത്മഗതം ചെയ്തു. 'ഈശോ, അവിടുത്തെ ഇഷ്ടമെങ്കിൽ അവൾ പൂർവ്വസ്ഥലത്തേയ്ക്കു പോകട്ടെ.' അത്ഭുതമേ! അവൾ തലയുയർത്തി എഴുന്നേററു. സ്വന്തസ്ഥലത്തേയ്ക്കു പോകുവാൻ ഞാൻ ആംഗ്യം കാണിച്ചു. തൽക്ഷണം അവൾ അനുസരിച്ചു. ഇപ്രകാരമുള്ള വിദ്യകൾ പലപ്പോഴും പ്രയോഗിക്കേണ്ടിവന്നിട്ടുണ്ടു്." അത്യത്ഭുതകരമായ മറെറാരു സംഭവം ഫാദർ ജെമ്മാനോ കുറിക്കുന്നു: ജെമ്മാ രോഗിണിയായി കിടന്നിരുന്ന അവസരത്തിൽ അദ്ദേഹം മററു ചിലരോടൊന്നിച്ചു് അവളെ സന്ദർശിച്ചു. അവളുടെ അനുസരണത്തിൻെറ മാററുരയ്ക്കുവാൻ അദ്ദേഹം അപ്പോൾ ഒരവസരം ഉണ്ടാക്കി. "എൻെറ ആശീർവാദം സ്വീകരിച്ച

വേഗം ഉറങ്ങിക്കൊള്ളുക. ഞങ്ങൾ പോകുകയാണ്" എന്ന ദ്ദേഹം പറഞ്ഞു. വാക്കുകൾ അവസാനിപ്പിച്ചില്ല, അതിനു മുമ്പ് അവൾ മറുവശത്തേയ്ക്കു തിരിഞ്ഞുകിടന്നു സുഷുപ്തിയിൽ ലയിച്ചു. ഉടനെ അദ്ദേഹം അഞ്ജലിബദ്ധനായി മുട്ടിന്മേൽ നിന്നുകൊണ്ട് "ഉറക്കമുണരുക" എന്നു മനസ്സുകൊണ്ട് കല്പന നല്കി. തൽക്ഷണം അവൾ ഉറക്കമുണന്നു സുസ്മേരവദനയായി അദ്ദേഹത്തിൻെറ നേരെ നോക്കി. "എന്തു് നിന്നോടു് ഉറങ്ങു വാൻ പറഞ്ഞിട്ടു്?" ശാസനാരൂപത്തിൽ അദ്ദേഹം വീണ്ടും ചോദ്യം ചെയ്തു. വികാരങ്ങളെ സംയമനം ചെയ്തിട്ട് അവൾ പറഞ്ഞു. "പിതാവേ, ക്ഷമിക്കണം. എൻെറ തോളിൽ ആരോ തട്ടിക്കൊണ്ട് 'അച്ചൻ നിന്നെ വിളിക്കുന്നു, എഴുന്നേല്ക്കുക' എന്നു പറഞ്ഞു." അതു് അവളുടെ കാവൽമാലാഖായായിരുന്നു വെന്നതിൽ സന്ദേഹത്തിനവകാശമില്ല.

അനുസരണം അത്ര വിഷമമായ കാര്യമല്ലെന്നു പലരും പറഞ്ഞേക്കാം; നവസന്യാസികൾ അതിനെ അത്ര അസാദ്ധ്യ മായിക്കരുതുന്നുമില്ല. യുവസന്യാസികളുടെ അഭിപ്രായത്തിൽ അനുസരണമായിരിക്കാം സന്യസ്തജീവിതത്തിലേ മററു രണ്ടു വ്രതങ്ങളെക്കാളും എളുപ്പം. എന്നാൽ, താപസവീരന്മാരുടെ സുകൃതത്തിൻെറ മാററു് ഉരച്ചറിവാനുള്ള ചാണയാണ് അനു സരണമെന്നുള്ളതു് അവർ മനസ്സിലാക്കുന്നുണ്ടോ എന്തോ? അതു കൊണ്ടുതന്നെയായിരിക്കണം നമ്മുടെ ദിവ്യനാഥൻെറ അനു സരണത്തെ അപ്പോസ്തലൻ എടുത്തുകാണിക്കുന്നതു്. "അവൻ മരണത്തോളം – കുരിശുമരണത്തോളം – അനുസരണമുള്ളവനാ യിക്കൊണ്ടു് തന്നെത്തന്നെ താഴ്ത്തി." ജെമ്മായുടെ അനുസരണ ത്തിൻെറ ഹേതു ഭയമോ ബുദ്ധിമാന്ദ്യമോ മനശ്ശക്തിക്കുറവോ ആയിരുന്നില്ല. അനുസരിക്കുന്നതിനെക്കാൾ ആജ്ഞാപിക്കുന്ന തിനായിരുന്നു നൈസർഗ്ഗികമായ അവളുടെ വാസന. നിര ന്തരമായ ആത്മസംയമനത്തിൻെറ ഫലമായിട്ടാണു വളരെ എളുപ്പം അനുസരിക്കുവാൻ അവൾക്കു സാധിച്ചിരുന്നതു്. അവൾക്കു സിദ്ധിച്ചുകൊണ്ടിരുന്ന ആദ്ധ്യാത്മികപാരവശ്യ

ങ്ങൾക്കും ദിവ്യദർശനങ്ങൾക്കും എതിരായി കമ്പസാരക്കാരൻെറ നിർദ്ദേശമനുസരിച്ച് പോരാടേണ്ടിവന്നപ്പോൾ മാത്രമാണ് ഈ പുണ്യം അഭ്യസിക്കുന്നതിനുള്ള സാക്ഷാൽ വൈഷമ്യം അവൾ മനസ്സിലാക്കിയതു്. അറിയാതെതന്നെ പലപ്പോഴും അവൾക്കു സമാധി ഉണ്ടാകും. ഇതേസംബന്ധിച്ചുള്ള അവളുടെ പ്രസ്താവന രസാവഹമാണ്: "സമാധിയുണ്ടായേക്കുമെന്നു ഭയപ്പെട്ടു ഞാൻ എഴുന്നേററ് ഓടും. അങ്ങനെ ഈശോയെ വിട്ടുമാറും. എനിക്കു മനസ്സമാധാനം ലഭിക്കുകയും ചെയ്യും."

നവയൗവനംമുതൽ ജെമ്മാ ആത്മസംയമനവും തപസ്സും അനുഷ്ഠിച്ചിരുന്നു. തൻെറ ശരീരത്തേയും പഞ്ചേന്ദ്രിയങ്ങളേയും അന്നുമുതൽ അവൾ മർദ്ദിച്ചുപോന്നു. കർക്കശമായ നിയമങ്ങൾ മൂലം അവയെ അവൾ ബന്ധിച്ചു നിറുത്തി. വിശുദ്ധ അലോഷ്യസിനെപ്പോലെ മററുള്ളവരുടെ മുഖം ദർശിക്കാതെ അവൾ കഴിച്ചുകൂട്ടി. ഏററവും നിർദ്ദോഷമായ സന്തോഷങ്ങൾപോലും നിഷ്കർഷപൂർവം അവൾ വെടിഞ്ഞു. "ഭക്ഷണത്തിനുള്ള തൃപ്തി എന്നിൽനിന്നും എടുത്തുകളയുന്നതിന് ഈശോയോടു ഞാൻ പ്രാർത്ഥിക്കട്ടേ" എന്ന് അവൾ ആദ്ധ്യാത്മികഗുരുവിനോട് ഒരിക്കൽ ചോദിച്ചതല്ലേ? ഏററവും കുറച്ചുമാത്രം ഭക്ഷിക്കണം; എന്നാൽ അതു് ആരും അറിയുകയുമരുതു്. അതിനവൾ എന്തു ചെയ്തെന്നോ? സ്വന്തം ഉപയോഗത്തിന് ഒരു കയിൽ അവൾ സൂക്ഷിച്ചിരുന്നു. അതിന് ഏകദേശം അതിനോളംതന്നെ വലിയുള്ള ഒരു ദ്വാരമുണ്ടായിരുന്നു. എന്തെങ്കിലും അതിൽ കോരിയെടുത്താൽ താഴോട്ടുതന്നെ വീഴും. ആകയാൽ ആരും അറിയാതെ ഉപവാസം അനുഷ്ഠിക്കുവാൻ അവൾക്കു സാധിച്ചു.

ജെമ്മായെ ശസ്ത്രക്രിയ ചെയ്ത ഡോക്ടർ അത്ഭുതാവഹമായ അവളുടെ സഹനശീലത്തെ വാനോളം പുകഴ്ത്തുന്നു. ശസ്ത്രക്രിയ ചെയ്ത അവസരത്തിൽ ബോധംകെടുത്തുന്നതിന് അവൾ സമ്മതിച്ചില്ല. "ഞാൻ ശസ്ത്രക്രിയ നടത്തി. അവൾ ഒരക്ഷരം പോലും ഉരിയാടാതെ കിടന്നു. നിർജ്ജീവമായ ശരീരത്തിൽ നടത്തുന്ന ഒരു ശസ്ത്രക്രിയപോലെയാണ് അതു് എനിക്കനുഭവ

പ്പെട്ടതു്. 'നിനക്കു വേദനയില്ലായിരുന്നുവോ'? എന്നു ഞാൻ ഒടുവിൽ ചോദിച്ചു. സുസ്മേരവദനയായി 'അല്പം ഉണ്ടായിരുന്നു' എന്നവൾ ഉത്തരം പറഞ്ഞു."

ജെമ്മായ്ക്കനുഭവപ്പെട്ടുകൊണ്ടിരുന്ന പ്രകൃത്യതീതാനുഭവങ്ങൾ ഹിസ്റ്റീരിയായുടെയൊ, പൈശാചിക പ്രവൎത്തനങ്ങളുടെയൊ ഫലമാണു് എന്ന തെററിദ്ധാരണയോടുകൂടി പെരുമാറിയിരുന്ന അയൽവാസികളിൽനിന്നും അവൾക്കു വളരെ വിഷമതകൾ സഹിക്കേണ്ടിവന്നു. വിശുദ്ധ മിഖായേലിൻെറ ദൈവാലയത്തിലെ വൈദികന്മാരിൽ ചിലർ വളരെ പരുഷമായിട്ടാണു് അവളോടു വൎത്തിച്ചിരുന്നതു്. കുമ്പസാരക്കാരനെക്കാണുന്നതിനായി അവൾ അവിടെച്ചെന്നാൽ വളരെ സമയം കഴിഞ്ഞു മാത്രമേ അവർ അവളുടെ ആഗമനോദ്ദേശ്യം അന്വേഷിക്കയുള്ളു. ചിലപ്പോൾ മൎമ്മഭേദകമാംവിധം അവളെ പരിഹസിക്കുകയും ഹിസ്റ്റീരിയാക്കാരത്തിയെന്നു വിളിക്കുകയും ചെയ്യും. ഒരിക്കൽ കഥാനായിക തൻെറ ഒരു സ്നേഹിതയോടൊന്നിച്ചു് ആദ്ധ്യാത്മികഗുരുവായ മോൺസിഞ്ഞോർ വോൾപ്പിയെ സന്ദൎശിക്കുന്നതിനായി അവിടെ ചെന്നു നില്ക്കുകയായിരുന്നു. അപ്പോൾ അവിടെയുണ്ടായിരുന്ന വൈദികന്മാരിൽ ഒരാൾ "അവളെ അവിടെനിന്നു് ഓടിച്ചു കളയുക. അവളുടെ കെട്ടുകഥകളൊക്കെ മററുവല്ല വൈദികന്മാരോടും പറയട്ടെ" എന്നു പറഞ്ഞു. സാധു ജെമ്മാ! മൃദുലഹൃദയയായ അവൾ ഉള്ളു പൊള്ളിക്കരഞ്ഞു. എങ്കിലും യാതൊരു നീരസഭാവവും പ്രകടിപ്പിച്ചില്ല. അതെസ്സംബന്ധിച്ച തൻെറ ആദ്ധ്യാത്മികഗുരുവിനെഴുതിയപ്പോൾ അവൾ പറയുകയാണു്: "അത്യധികമായ ലജ്ജതോന്നിയെങ്കിലും, ഈശോയെപ്രതി അവയെല്ലാം ഞാൻ സഹിച്ചു." അവളുടെ സഹനശക്തിയുടെ യഥാൎത്ഥനിറം കാണിക്കുന്ന മറെറാരു സംഭവം കൂടെ പറയാം. ഒരിക്കൽ ഗ്യാനിനിക്കുടുംബാംഗങ്ങളൊന്നിച്ചു് അവൾ ദൈവാലയത്തിലേയ്ക്കു പോകുകയായിരുന്നു. വഴിയിൽവച്ചു് ഒരാൾ അവളുടെ മുഖത്തു തുപ്പി അധിക്ഷേപിച്ചു. ഒരു തൂവാല എടുത്തു മുഖം തുടച്ചതിനുശേഷം

അവൾ പറഞ്ഞു, "പിശാചിന്റെയും ലോകത്തിന്റെയും പ്രലോഭനങ്ങളെ ജയിച്ച് ഒരു വിശുദ്ധയാകുവാൻ ഞാൻ ആഗ്രഹിക്കുന്നു."

ആത്മശരീരശുദ്ധതയായിരുന്നു ജെമ്മായുടെ അനർഘരത്നം. തന്മൂലം ഗ്യാനിനികുടുംബാംഗങ്ങൾ 'മാലാഖാക്കുഞ്ഞു്' എന്നാണ് അവളെ വിളിച്ചിരുന്നതു്. തന്നെ ആരെങ്കിലും സ്പർശിക്കുന്നതു് ശൈശവത്തിൽപ്പോലും അവൾ വെറുത്തിരുന്നു. തന്നിമിത്തമല്ലേ വത്സലപിതാവിന്റെ സ്നേഹസമന്വിതവും നിഷ്കപടവുമായ ലാളനകളിലും ചുംബനങ്ങളിലുംനിന്നു് അവൾ ഒഴിഞ്ഞുമാറിയിരുന്നതു്? തനിക്കു ചിലപ്പോൾ ഉണ്ടായിട്ടുള്ള പൈശാചിക പ്രലോഭനങ്ങളെയെല്ലാം വിദഗ്ദ്ധമായി തരണം ചെയ്തു് ആദ്ധ്യാത്മികശുദ്ധത അന്യൂനം അവൾ നിരന്തരം സൂക്ഷിച്ചുപോന്നു. ജീവിതകാലത്തിൽ ഒരിക്കലും അവൾ മുഖക്കണ്ണാടി ഉപയോഗിച്ചിട്ടില്ല. അവൾ പറയുന്നു: "പാപത്തിനു കാരണമാകുമെന്നുണ്ടെങ്കിൽ എന്റെ കണ്ണുകളുടെ കാഴ്ച നഷ്ടപ്പെടട്ടെ. അവയിൽനിന്നും രക്ഷപെടുന്നതിനുവേണ്ടി പഞ്ചേന്ദ്രിയങ്ങളെല്ലാം നഷ്ടപ്പെട്ടാലും എനിക്കു സങ്കടമില്ല." ഈശോയുടെ സ്വന്തമായിരിക്കുവാനാഗ്രഹിക്കുന്ന ഒരാളിനു മുഖക്കണ്ണാടിയുടെ ആവശ്യമെന്താണ്? ഉള്ളംകൈകളിൽ മുട്ടുകുത്തിക്കൊണ്ടു് ജെമ്മാ എല്ലാ ദിവസവും മൂന്നു 'നന്മനിറഞ്ഞ മറിയം' എന്ന ജപം ശുദ്ധതപാലിക്കുന്നതിനായി ചൊല്ലിവന്നിരുന്നു. തന്റെ വല്യമ്മ ചെറുപ്പത്തിൽ പഠിപ്പിച്ച ഒരു ഭക്തികൃത്യമാണിതെന്നു് അവൾ സിസിലിയോടു് ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. ഈ വിധം പരിശുദ്ധ കന്യകയോടു നാം അനുദിനം പ്രാർത്ഥിക്കുന്നുവെങ്കിൽ അശുദ്ധപാപങ്ങളിൽ ഉൾപ്പെടാതെ അവൾ നമ്മെ സദാ കാത്തുകൊള്ളും" എന്നു ജെമ്മാ പറയുന്നു. ജെമ്മാ ഗ്യാനിനിഭവനത്തിൽ വസിച്ചിരുന്ന അവസരത്തിൽ അവിടെയെല്ലാം സ്വർഗ്ഗീയമായ ഒരു സുഗന്ധം വ്യാപിച്ചിരുന്നതായി പല സന്ദർശകരും രേഖപ്പെടുത്തിയിരിക്കുന്നു. അതും ജെമ്മായുടെ ശുദ്ധതയുടെ ഫലമായി

രുന്നുവെന്നു വിശ്വസിക്കുവാൻ ന്യായം കാണുന്നുണ്ട്.

സഹനസന്നദ്ധതയോടൊപ്പം ദാരിദ്ര്യസ്നേഹവും ആത്മസംയമനവും ഉപവിയും കഥാനായികയിൽ പ്രശോഭിച്ചിരുന്നു. സരളവും ലളിതവും വിനയസമന്വിതവുമായ അവളുടെ വസ്ത്രധാരണരീതി ലൂക്കാനിവാസികൾക്കു സുപരിചിതമായിരുന്നു. ക്ഷതങ്ങളുള്ള തൻെറ കരങ്ങൾ മറച്ചുവയ്ക്കുവാൻ അവൾ ധരിക്കാറുണ്ടായിരുന്ന ഉത്തരീയം ലൂക്കാനിവാസികൾ വിസ്മരിക്കുകയില്ല. പട്ടണത്തിലെ 'പരിഷ്ക്കാരപ്പെണ്ണു'ങ്ങളുടെ പരസ്യമായ പരിഹാസപാത്രമായിരുന്നു അവളുടെ 'പഴഞ്ചൻ' തൊപ്പി. "അപരിഷ്കൃതരീതിയിൽ വസ്ത്രംധരിച്ചുകൊണ്ട് അവൾ ഞങ്ങളൊന്നിച്ചു ദൈവാലയത്തിലും മററും പോന്നിരുന്ന അവസരങ്ങളിൽ ഞങ്ങൾക്കു ലജ്ജതോന്നിയിട്ടുണ്ട്" എന്നു മത്തേയോ പറയുന്നു. ക്രൈസ്തവവിനയാന്വിതമായ അവളുടെ വസ്ത്രധാരണരീതി തികച്ചും ലളിതവും അകൃത്രിമവുമായിരുന്നു. വിലപിടിച്ച പട്ടാടകളും വെട്ടിത്തിളങ്ങുന്ന സ്വർണ്ണാഭരണങ്ങളും അവൾ വെറുത്തിരുന്നു. അങ്ങനെയുള്ള സാധനങ്ങൾ എവിടെനിന്നെങ്കിലും സംഭാവനയായി ലഭിച്ചാൽ അതു സസന്തോഷം സ്വീകരിച്ചു സാധുക്കൾക്കു വീതിച്ചുകൊടുക്കുകയായിരുന്നു അവളുടെ പതിവ്. അമ്മാവി നല്കിയിരുന്ന സംഭാവനകൾ സാധുക്കളുടെ പോക്കററിലാണ് ചെന്നു വീണിരുന്നത്. സൻടീന എന്ന പെൺകുട്ടി ജെമ്മായുടെ ദീനാനുകമ്പ വെളിപ്പെടുത്തുവാൻ പര്യാപ്തമായ ഒരു സംഭവം വിവരിക്കുന്നു: "ഞങ്ങൾ ഒരുമിച്ചു രാജവീഥിയിൽക്കൂടി നടന്നുപോയപ്പോൾ തണുപ്പുകൊണ്ടു വിറയ്ക്കുന്ന ഒരു വൃദ്ധയെ ജെമ്മാ കാണുവാൻ ഇടയായി. ഉടനെ തൻെറ രോമച്ചട്ട എടുത്ത് ആ സാധുവിനു നല്കിയിട്ട് അവൾ പറഞ്ഞു. 'തൻെറ ദിവ്യസ്നേഹാഗ്നിജ്വാലകളാൽ എന്നെ ചുട്ടുപിടിപ്പിക്കുന്നതിന് ഈശോയോടു പ്രാർത്ഥിക്കണം' എന്ന്. ആ സംഭവം എന്നിൽ അത്ഭുതം ഉളവാക്കി."

തപസ്സ് ജെമ്മായ്ക്കു സന്തതസഹചാരിയായിരുന്നു. കയറു ധരിച്ചും മറേറാരോ പ്രകാരത്തിലും ശരീരത്തെ അവൾ

സദാ പീഡിപ്പിച്ചു പോന്നു. ആദ്ധ്യാത്മികഗുരുവിൻെറ അതികഠിനമായ നിയന്ത്രണത്തിനു മാത്രമേ കാലാന്തരത്തിൽ അവളുടെ തപശ്ശക്തിയെ അല്പം കുറയ്ക്കുവാൻ കഴിഞ്ഞുള്ളു. 'ജെമ്മാ' എന്ന നാമധേയം സ്വീകരിച്ച വിസിറേഷൻസഭാംഗമായിത്തീൎന്ന ജെമ്മായുടെ സഖിയായ എവുഫേബിയാഗ്യാനിനിയുടെ സാക്ഷ്യത്തോടുകൂടി ഈ അദ്ധ്യായം സമാപിക്കാം: ദൈവാനുഗ്രഹത്താൽ ഒരു സന്യാസിനിയാകുന്നതിനുള്ള സൗഭാഗ്യം ലഭിച്ചിരിക്കുന്ന എനിക്കു 'വീരോചിതമായി സുകൃതങ്ങൾ അനുഷ്ഠിക്കുന്നതെപ്രകാരമാണെന്നു മനസ്സിലാക്കുവാൻ സൗകര്യം ലഭിച്ചിട്ടുണ്ട്. എൻെറ എളിയ ജ്ഞാനം വച്ചുകൊണ്ടു നോക്കിയാൽ ജെമ്മാ എല്ലാ സുകൃതങ്ങളും വീരോചിതമായ വിധം അനുഷ്ഠിക്കുന്നതിനു ശ്രമിച്ചിരുന്നുവെന്നു തീൎത്തുപറയാം. ഈ പ്രസ്താവന ഞാൻ ചെയ്യുന്നതു സകാരണമാനു്. ഞങ്ങളുടെ ഭവനത്തിൽ വസിച്ചിരുന്ന നാളുകളിൽ ഏററവും ചെറിയ ഒരു കുററമെങ്കിലും അവൾ ചെയ്തതായിട്ടറിവില്ല. പ്രയോജനപ്രദമല്ലാത്തതു യാതൊന്നും അവൾ ചെയ്തിരുന്നില്ല; ഉപയോഗശൂന്യമായി ഒററ വാക്കുപോലും ഉച്ചരിച്ചിട്ടില്ല. അപാരമായ പീഡകൾപോലും സുസ്മേരവദനയും ധീരോദാത്തയുമായിട്ടാണ് അവൾ സഹിച്ചിരുന്നതു്. ശത്രുക്കൾക്കു ലഭിച്ചിരുന്ന സമ്മാനം പുഞ്ചിരി. രോഗമോ ശാരീരികവേദനകളോ മാനസികപീഡകളോ പ്രശാന്തമായ അവളുടെ ആത്മാവിനെ തകിടംമറിക്കുവാൻ ശക്തമല്ലായിരുന്നു. ഇതു് എൻെറ മാത്രം അഭിപ്രായമല്ല, അവളെ നേരിട്ടറിയുന്ന സകലരുടേയും അഭിപ്രായം ഇതുതന്നെയാണ്."

# പതിമ്മൂന്നാം അദ്ധ്യായം

## ജെമ്മായുടെ ഭക്തിതീക്ഷ്ണത.

പ്രാത്ഥന — അതാണ് നമ്മുടെ ആത്മാവിനെ ദൈവവുമായി സംയോജിപ്പിക്കുന്നത്. ആന്തരികവും ബാഹ്യവുമായ നമ്മുടെ ജീവിതത്തിലേ സകല പ്രവത്തനങ്ങളേയും അതു വലയംചെയ്യുന്നു. തഴച്ചുവളരുന്ന മുന്തിരിവള്ളിയിലെ അട്ടക്കാലുകരംപോലെ അതു നമ്മുടെ സകല ജീവിതചര്യകളിലും നുഴഞ്ഞുകയറും. നമ്മുടെ അന്തരാത്മാവിൽ പ്രവേശിച്ച് അതിനെ പ്രവത്തനോദ്യുക്തമാക്കുവാൻ ശക്തമാണ പ്രാത്ഥന. ജീവിതത്തിൽ സ്നേഹാമൃതം പൊഴിഞ്ഞുകൊണ്ട് ആശാവല്ലിയെ അതു ശക്തിപ്പെടുത്തും. പ്രാത്ഥനയുടെ നിറകുടങ്ങളായിരുന്നു വിശുദ്ധാത്മാക്കളെല്ലാവരും. മത്സ്യം ജലത്തിലെന്നപോലെ ജെമ്മാ പ്രാത്ഥനയിൽ ജീവിച്ചു. അവളുടെ ജീവാമൃതം അതായിരുന്നു. "ശുഷ്കാന്തിയോടെ സദാ പ്രാത്ഥിച്ചുകൊള്ളുക." എന്ന നമ്മുടെ ദിവ്യരക്ഷകൻെറ ഉപദേശം അവരം തൻെറ ജീവിതത്തിൽ അനുവത്തിച്ചു. ദൈവസാന്നിധ്യചിന്തയിൽ അവരം നിരന്തരം ജീവിച്ചുപോന്നു. അല്പസമയത്തേയ്ക്കു ദൈവസാന്നിധ്യചിന്ത അവരംക്കില്ലാതിരുന്ന ഒരു സംഭവം പറയപ്പെട്ടുന്നുണ്ട്. അതിദുഷ്കരമായ ഒരു കണക്കു ശരിയാക്കിക്കൊടുക്കുവാൻ ഒരിക്കൽ അവരം നിയുക്തയായി. ഏകാഗ്രചിത്തയായി കുറേനേരം അവരം അതെസംബന്ധിച്ചു ചിന്തിച്ചു. ആ സന്ദർഭത്തിൽ ദൈവസാന്നിധ്യചിന്ത അവരം വിസ്മരിച്ചുപോലും. അവരം പറയുകയാണ്: "കുറേനാളത്തേയ്ക്ക് അത് എന്നെ വിഷമിപ്പിച്ചിരുന്നു. അതുസംബന്ധിച്ചു ദൈവത്തോടു ഞാൻ മാപ്പു ചോദിച്ചു. അവിടുന്നു ക്ഷമിക്കുകയും ചെയ്തു." നാം അത്ഭുതമൂകരാകുന്നുണ്ടാവാം, വിശുദ്ധാക്കളുടെ ഈദൃശപ്രവത്തനങ്ങളെപ്പററി കേരംക്കുമ്പോരം. അവരെപ്പോലെ ആദ്ധ്യാത്മിക

ജീവിതത്തിൻെറ ഉന്നതപദവികളിലേയ്ക്കു് ഓടിക്കയറിയില്ലെങ്കിലും നമുക്കും മന്ദം മന്ദം കയറുവാൻ കഴികയില്ലെന്നുവരുമോ?

ഒരു പ്രത്യേക രീതിയിലാണു് ദിവ്യമണവാളനായ ഈശോയുടെ നേരെ അവരം വർത്തിച്ചുപോന്നതു്. വീട്ടിലെ അനുദിനപ്രാർത്ഥനകളിൽ അവരം സംബന്ധിച്ചിരുന്നു. എങ്കിലും മാനസികപ്രാർത്ഥനയായിരുന്നു അവരംക്കു കൂടുതൽ ഇഷ്ടമായിരുന്നതു്. അവരം പറയുന്നു: "വാചികപ്രാർത്ഥനകളെക്കാരം മാനസികപ്രാർത്ഥനയാണു് എനിക്കു കൂടുതൽ പ്രിയംകരം. എന്തുകൊണ്ടെന്നാൽ പുസ്തകങ്ങളിലെ പ്രാർത്ഥനകരം വായിക്കുകയോ 'ആകാശങ്ങളിലിരിക്കുന്നതും നന്മനിറഞ്ഞ മറിയവും' ജപിക്കുകയോ ചെയ്യുമ്പോരം, മാനസികപ്രാർത്ഥന നടത്തുമ്പോരം അനുഭവപ്പെടുന്നത്ര സംതൃപ്തി എനിക്കുണ്ടാകുന്നില്ല." ഏതാണ്ടിപ്രകാരമുള്ള ഒരഭിപ്രായം വി. ചെറുപുഷ്പം പുറപ്പെടുവിച്ചിട്ടുള്ളതും നമുക്കറിവുണ്ടല്ലോ. ആത്മകഥാകഥനത്തിൽ അവരം കുറിക്കുന്നു: "നല്ല പ്രാർത്ഥനകരം നോക്കി ആദ്ധ്യാത്മികഗ്രന്ഥങ്ങരം തെരയുന്നതു് എനിക്കത്ര ഇഷ്ടമല്ല. അതു് എനിക്കു തലവേദനയുണ്ടാക്കുന്നതിനേ കാരണമാകുന്നുള്ളു. മാത്രമല്ല, എന്തുമാത്രം പ്രാർത്ഥനകളാണു് പുസ്തകത്തിൽ കാണുന്നതു്! ആകയാൽ, വായിക്കുന്നതിനറിഞ്ഞുകൂടാത്ത ഒരു കൊച്ചുകുഞ്ഞിനെപ്പോലെ എനിക്കു ദൈവത്തോടു പറയുവാനുള്ളതു് വിനയപൂർവ്വം ഞാൻ പറയും. അവിടുന്നൊരിക്കലും എൻെറ പ്രാർത്ഥനകരം നിരസിച്ചിട്ടുമില്ല." നമ്മുടെ "കുഞ്ഞു വിശുദ്ധകരം" രണ്ടുപേരും സകല വിഷമതകരംക്കും പ്രാർത്ഥനവഴിയായി പരിഹാരം നേടുവാൻ — വിശുദ്ധ ഫിലിപ്പിൻെറ ഭാഷയിൽ "മുട്ടുകുനിച്ചു കാര്യംകാണാൻ" — ചെറുപ്പത്തിലേ പഠിച്ചുവച്ചിരുന്നു.

ദിവ്യകാരുണ്യഭക്തിയായിരുന്നു ജെമ്മായുടെ ആദ്ധ്യാത്മികസൗധത്തിൻെറ ബലമുള്ള കോട്ട. പ്രാർത്ഥന ആത്മാവിൻെറ ജീവനാണെങ്കിൽ ദിവ്യകാരുണ്യം അതിൻെറ ശക്തികേന്ദ്രമാണു്. ദിവ്യകാരുണ്യമല്ലേ ക്ഷീണിച്ചു തളന്ന ആദ്ധ്യാത്മികാധ്വഗൻെറ താങ്ങും തണലും. ജെമ്മായുടെ ജീവിതകഥതന്നെ

ഈശോയുമായുള്ള അപാരമായ സ്നേഹബന്ധത്തിൻെറ സംഗ്രഹമാണ്. എരിഞ്ഞുകത്തുന്ന ദീപത്തിനുചുററും പറന്നുനടക്കുന്ന പൂമ്പാററാകണക്കു ജെമ്മായുടെ പരിപാവനമായ ആത്മശലഭം ദിവ്യകാരുണ്യദീപത്തിനു ചുററും സദാ പറന്നുനടന്നിരുന്നു. തൻെറ പ്രഥമദിവ്യകാരുണ്യസ്വീകരണദിനത്തിൽ അനുഭവപ്പെട്ട വികാരങ്ങളെക്കുറിച്ചു കുറേനാളുകൾക്കുശേഷം ഒരു കൂട്ടുകാരിയോടു ജെമ്മാ പറയുന്നു: "എൻെറ ആത്മാവിൽ അന്ന് ഒരു ദീപം കത്തിയെരിഞ്ഞുകൊണ്ടിരുന്നതായി എനിക്കു തോന്നി. എൻെറ ആത്മാവും ശരീരവും ദിവ്യനാഥനോടുള്ള സ്നേഹത്താൽ ജ്വലിക്കുകയായിരുന്നു. നിനക്കും അപ്രകാരം അനുഭവപ്പെട്ടായിരിക്കുമല്ലോ. അന്ന് ഉജ്ജ്വലിച്ചുതുടങ്ങിയ സ്നേഹാഗ്നി ഒരിക്കലും അണഞ്ഞില്ല; പ്രത്യുത, അത് ഒരഗ്നികുണ്ഡമായിത്തീൻ. തൽസംബന്ധമായി അവൾ ആദ്ധ്യാത്മികഗുരുവിനെഴുതുന്നു: "പ്രിയ പിതാവേ, 'ജെമ്മാ സ്നേഹബലിയായി സ്നേഹത്തിനുവേണ്ടി മരിച്ചു' എന്നു താമസംവിനാ അവിടുന്നു ഗ്രഹിച്ചേക്കും. എത്ര ആനന്ദസംദായകമായ ഒരു ചരമമായിരിക്കും അത്.' ഹാ! ഈശോനാഥാ, എൻെറ ഹൃദയം എരിഞ്ഞു ചാമ്പലായിത്തീരുന്നുവെങ്കിൽ! അപ്പോൾ എല്ലാവരും പറയും 'ജെമ്മായുടെ ഹൃദയത്തെ ഈശോ ദഹിപ്പിച്ചുകളഞ്ഞുവെന്ന്."

ഈശോയെ ഉൾക്കൊള്ളുവാൻ ജെമ്മാ ഒരുങ്ങിയവിധം എത്ര അനുകരണീയം! ദിവ്യകാരുണ്യസ്വീകരണത്തെക്കുറിച്ചു തലേരാത്രിമുതൽ അവൾ ചിന്തിച്ചുതുടങ്ങും. രാത്രി കഴിയുവാൻ അവൾ അക്ഷമയോടേ പാത്തിരിക്കും. ഓരോ വിനാഴികയും ഓരോ യുഗംപോലെ അനുഭവപ്പെടും. തന്നോടുതന്നെ അവൾ ചോദിക്കും: 'നാഥാ, അങ്ങെ ആദ്യം ആരാണു കണ്ടുമുട്ടുന്നത്?' അവൾതന്നെ ഉത്തരം പറയും: 'ഞാൻതന്നെ.'

പനിപിടിപെട്ട് അത്യധികമായ വേദന സഹിച്ചുകൊണ്ടിരുന്ന അവസരങ്ങളിൽപ്പോലും അവൾ വലിഞ്ഞെഴ

ന്നേററ് ദൈവാലയത്തിലേയ്ക്കു പോകും, 'ശക്തിയുടെ ദിവ്യാമൃതം' ഭക്ഷിക്കുവാൻ.

ദിവ്യപാരവശ്യാവസരത്തിൽ ജെമ്മാ ഒരിക്കൽ പറയുകയാണ്: "ഈശോ നാഥാ, എൻെറ ആദ്ധ്യാത്മികഗുരു എന്നോടു ചിലപ്പോഠം ചോദിക്കുന്ന ചോദ്യം ഒന്നു കേഠക്കേണ്ടേ? 'ജെമ്മാ, നീ ഈശോയോടൊന്നിച്ചായിരിക്കുമ്പോഠം എന്തു ചെയ്യുന്നു?' ഞാൻ എന്തു ചെയ്യുന്നെന്നോ? ക്രൂശിതനായ ഈശോനാഥനൊന്നിച്ചിരിക്കുമ്പോഠം അവിടുത്തോടൊന്നിച്ചു ഞാൻ പീഡകഠം സഹിക്കുന്നു. ദിവ്യകാരുണ്യനാഥനോടുകൂടെയിരിക്കുമ്പോഠം അവിടുത്തെ സ്നേഹിക്കുന്നു." വിശുദ്ധ ബെർനാർദിനെപ്പോലെ "ഈശോ" എന്ന തിരുനാമം അവഠം സദാ ഉരുവിട്ടിരുന്നു. ദിവ്യനാഥനോടുള്ള സ്നേഹം പ്രകടിപ്പിക്കുന്നതിനുള്ള മാർഗ്ഗമായിരുന്നു അതു്. അവളുടെ "കത്തുകളിലും സമാധികളിലു"മായി "ഈശോ" എന്ന തിരുനാമം 2322 പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു.

സ്നേഹോദ്ദീപകമായ അവളുടെ വാക്കുകഠം ശ്രവിച്ചാലും: "ഈശോ നാഥാ, അങ്ങേയ്ക്കുവേണ്ടി ഞാൻ ധീരസമരം ചെയ്യുന്നു; ഞാൻ മരിക്കുന്നു. ഞാൻ സഹിക്കുന്നതു് അങ്ങേയ്ക്കു വേണ്ടിയാണ്. ശക്തന്മാരുടെ കർത്താവേ, ഈശോനാഥാ, എന്നെ വിശുദ്ധീകരിച്ചു ശക്തിപ്പെടുത്തേണമേ. പ്രതാപവാനായ ദൈവമേ, വല്ലഭനായ നാഥാ, എന്നെ സഹായിക്കുക. എൻെറ രക്ഷകാ, ദൈവത്തിൽനിന്നുള്ള ദൈവമേ, എന്നെ അനുഗ്രഹിക്കുക. ഈശോ, അങ്ങയെ ഞാൻ ആഗ്രഹിക്കുന്നു. എൻെറ ഹൃദയത്തിൽ ആദ്യമായി അങ്ങു് എഴുന്നള്ളിവന്നതിൻെറ തലേനാഠം എത്ര ആർത്തിയോടെയാണ് അങ്ങയെ ഞാൻ പ്രതീക്ഷിച്ചുകൊണ്ടിരുന്നതെന്നു് അങ്ങു് അറിഞ്ഞിട്ടുള്ളതാണല്ലോ. . . . നാഥാ, എൻെറ ഹൃദയസ്നേഹത്തെ എരിയിക്കുന്ന അഗ്നിജ്വാലകഠം അവിടുന്നാണ്. എൻെറ ഈശോയേ, അങ്ങെമാത്രം ഞാൻ സ്നേഹിക്കട്ടെ! അതിനായി സ്വർഗ്ഗവാസികളുടെ ഹൃദയം എനിക്കു തരിക."

"തിരുമുഖ"ഭക്തിയിൽ സുപ്രസിദ്ധിനേടിയിരുന്ന ലൂക്കാ നിവാസികരം ക്രൂശിതനായ ക്രിസ്തുവിനെ സവിശേഷം ആരാധിച്ചു വണങ്ങിയിരുന്നുവെന്നു നേരത്തെ പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. ആ ഭക്തി ജെമ്മായുടെ ഹൃദയത്തിലും അതിപ്രധാനമായ ഒരു സ്ഥാനം കരസ്ഥമാക്കിയിരുന്നു. ക്രൂശിതനായ ദിവ്യനാഥൻെറനേരെ സ്വഭവനത്തിൽവച്ചെന്നപോലെ ഗ്യാനി നിക്കുടുംബത്തിൽ വച്ചും അവരം പ്രത്യേകമായ ഭക്തി പ്രകടിപ്പിച്ചുപോന്നു. മററു ഭക്തിയിൽ ഒന്നിലും അവരം അഭിവൃദ്ധിപ്പെട്ടിരുന്നില്ലെന്നു് ഇതിൽനിന്നും കരുതുന്നതു് അബദ്ധമായിരിക്കും. വിശുദ്ധ ബത്തലോമ്മിയാ കപ്പീത്താനിയോ, വിശുദ്ധ ഗബ്രിയേൽ, കാവൽമാലാഖാ മുതലായവരോടു് അവരം പ്രത്യേക ഭക്തി പ്രകടിപ്പിച്ചിരുന്നു. ഒരു സ്നേഹിതനും സുഹൃത്തും എന്നവണ്ണം കാവൽമാലാഖാ അവളോടൊന്നിച്ചു് പലപ്പോഴും പ്രാത്ഥിക്കുകയും കളിക്കുകയും ചെയ്തിരുന്നതായി നാം അറിയുന്നുണ്ടല്ലോ.

പരിശുദ്ധ കന്യകാമറിയം രണ്ടു വിധത്തിൽ ജെമ്മായുടെ മാതാവാണു്. ശൈശവത്തിൽത്തന്നെ അവളുടെ ജനനി പരലോകപ്രാപ്തയായതിനാൽ കന്യകാംബികയെ സ്വമാതാവായി വണങ്ങിപ്പോന്നു. ദൈവമാതാവിനെ "എൻെറ അമ്മ" എന്നാണു് പലപ്പോഴും അവരം വിളിച്ചിരുന്നതു്. ജെമ്മായുടെ ജീവിതം പരിത്യാഗപൂൎണ്ണവും തപശ്ചര്യാനിരതവുമായിരുന്നു; എങ്കിലും പരിശുദ്ധ കന്യകയുടെ തിരുനാളിനൊരുക്കമായി പ്രത്യേക പരിത്യാഗങ്ങളും തപസ്സും അവരം അനുഷ്ഠിച്ചിരുന്നു. ഈശോയോടുള്ള സ്നേഹംതന്നെ അവിടുത്തെ മാതാവിനോടുള്ള സ്നേഹത്തിനും അവളെ പ്രേരിപ്പിച്ചു. സ്വന്തംകുടുംബത്തിലെ അംഗങ്ങളോടെന്നപോലെയാണു ജെമ്മാ ഈശോയോടും ദൈവജനനിയോടും പെരുമാറിയിരുന്നതു്. ഈശോയുടെ തിരുനാമം പോലെ കന്യകാംബികയുടെ പരിപാവനമായ നാമധേയവും ആദ്ധ്യാത്മികപാരവശ്യാവസരങ്ങളിൽ അവരം കൂടെക്കൂടെ ആവൎത്തിക്കുക പതിവായിരുന്നു.

ജെമ്മായുടെ മാതാപിതാക്കാം അവളിൽനിന്നും മരണം മൂലം ശാരീരികമായി വേർപിരിഞ്ഞതിനുശേഷമായിരിക്കണം ഒരുദിവസം ഈശോ അവാംക്ക പ്രത്യക്ഷനായി ദൈവജനനിയുടെ തിരുസ്വരൂപം കാണിച്ചുകൊണ്ടു് "അവാം നിൻെറ മാതാവായിരിക്കും" എന്നരുളിച്ചെയ്തതു്. ഈശോയെ പിതാവും മറിയത്തെ മാതാവുമായി ലഭിക്കുകയെന്നതിനെക്കാാം കാമ്യമായി അവാംക്കു യാതൊന്നുമുണ്ടായിരുന്നില്ല. ഈശോയുടെ പീഡാനുഭവങ്ങളെപ്പററി ധ്യാനിച്ചിരുന്നപ്പോാം വ്യാകുലയായ മാതാവിനോടു കഥാനായിക നടത്തിയിരുന്ന സംഭാഷണങ്ങാം എത്ര ഹൃദ്യമായിരിക്കുന്നു! "വത്സലമാതാവേ, അവിടുത്തെ ദിവ്യസുതനെ ദുഷ്ടന്മാർ കുരിശിൽ തറച്ചപ്പോാം അവിടുന്നനുഭവിച്ച വ്യസനം എത്ര അധികമായിരുന്നു! അങ്ങും തിരുകുമാരനോടൊന്നിച്ചു കുരിശിൽ തറയ്ക്കപ്പെട്ടില്ലേ? എന്നിട്ടും ഒരക്ഷരംപോലും ഉരിയാടാതെ അവയെല്ലാം സഹിച്ചു. എൻെറ വത്സലനാഥേ, ഞാനും പീഡകാം സഹിക്കുവാൻ തയ്യാറായിരിക്കുന്നു. എൻെറ ക്ലേശങ്ങളേയും കഷ്ടതകളേയും സംബന്ധിച്ചു ഞാൻ ആവലാതി പറയാതിരിക്കട്ടെ." ദൈവമാതാവിൻെറ തിരുനാളുകാം എത്ര ആനന്ദത്തോടെയാണു് അവാം കാത്തിരുന്നതു്. അന്നു് ആ വത്സലമാതാവിൻെറ മഹത്ത്വവും പുണ്യങ്ങളുമായിരിക്കും അവളുടെ ഏക ചിന്താവിഷയം. അവാം പറയുന്നു: ആ പ്രേഷ്ഠനാഥയുടെ തിരുനാളുകളിൽ അവളോടൊന്നിച്ചു ദീർഘനേരം കഴിച്ചുകൂട്ടുവാൻ ഞാൻ ആഗ്രഹിച്ചിരുന്നു. അവിടുന്നു് എത്ര വത്സലയായ ഒരു മാതാവാണു്. മഹത്ത്വത്തിൻേറയും ആനന്ദത്തിൻേറയും മകുടം അവളുടെ ശിരസ്സിൽ നിത്യപിതാവു ചാർത്തിയില്ലേ? അവളുടെ പുണ്യരത്നങ്ങളല്ലേ ആ മകുടത്തിൽ വിളങ്ങുന്നതു്?.... ദൈവം സ്വർഗ്ഗത്തിലെ ആനന്ദംകൊണ്ടു് അവളെ നിറച്ചു. അവാംവഴിയല്ലാതെ പ്രസാദവരങ്ങാം നല്കപ്പെടുന്നില്ല. സ്നേഹത്താൽ ഞാൻ അവളെ സ്നേഹിക്കും. അവളുടെനേരെയുള്ള അതീവസ്നേഹത്തിൻെറ ഒരു നിറകുടമാണു് എൻെറ ആത്മാവു്. അതു പോരാ; അവളുടെനേരെയുള്ള നിസ്സീമമായ

സ്നേഹത്താൽ നിറഞ്ഞൊഴുകുന്ന ഒരു ഹൃദയം അവളോടുതന്നെ ഞാൻ ചോദിക്കും."

പീഡാനുഭവസഭാംഗമായ ഫാദർ ഷിവേർസ് രസാവഹമായ ഒരു സംഭവം ജെമ്മായെ സംബന്ധിച്ചു രേഖപ്പെടുത്തിയിട്ടുണ്ട്. കന്യകാംബികയുടെ മാറിലേയ്ക്കു തലചായിച്ചു താൻ ഇരിക്കുന്നതായ ഒരു ദർശനം ജെമ്മായ്ക്കു് ഒരിക്കൽ ഉണ്ടായി. ദൈവജനനി അപ്പോഠം അവളോടു ചോദിച്ചു: "ജെമ്മാ, മററാരേയുംകാഠം കൂടുതലായി നീ എന്നെ സ്നേഹിക്കുന്നുണ്ടോ?"

"ഇല്ല. എൻെറ അമ്മേ, മറെറാരാളെ നിന്നെക്കാഠം കൂടുതൽ ഞാൻ സ്നേഹിക്കുന്നു."

"അതാരെന്നു് എന്നോടു പറയാമോ മകളേ?"

"അമ്മേ, അതാരെന്നു ഞാൻ പറയണമോ? അഞ്ചു് കഴിഞ്ഞ ദിവസം ഇവിടെ വന്നിരുന്നുവെങ്കിൽ അങ്ങെപ്പോലെ ആനന്ദപൂർണ്ണനും സ്നേഹമൂർത്തിയുമായ ഒരാളെ ഇവിടെ കാണുമായിരുന്നു."

"അദ്ദേഹത്തിൻെറ പേരെന്താണു്?"

"എൻെറ പ്രാണപ്രിയൻ; അവിടുത്തെ വത്സലസൂതനായ ഉണ്ണിയീശോതന്നെ."

"ഹാ, അവനെ സ്നേഹിച്ചുകൊള്ളുക. വളരെക്കൂടുതൽ അവനെ സ്നേഹിക്കണം. അവനെമാത്രം സ്നേഹിച്ചാൽ മതി." ഇതിനുശേഷം അവളെ ഗാഢമായി ആശ്ലേഷിച്ചനുഗ്രഹിച്ചിട്ടു് സ്വർല്ലോകരാജ്ഞി അപ്രത്യക്ഷയായി.

ജെമ്മായുടെ സുകൃതം പ്രധാനമായി അടങ്ങിയിരുന്നതു് പ്രാർത്ഥനയിലും പരിത്യാഗത്തിലും ആയിരുന്നു. അവളുടെ ജീവിതം പരിശുദ്ധിയിൽ ആരംഭിച്ചു്, പരിശുദ്ധിയിൽ വളൎന്നു് പരിശുദ്ധിയുടെ പരമകോടിയിൽ എത്തിച്ചേർന്നു. അതു് അവളുടെ അന്തരാത്മാവിൽ പ്രവേശിച്ചു് അതിനെ ചൈതന്യപൂർണ്ണമാക്കിത്തീർത്തു.

ദിവ്യസൂര്യൻെറ പ്രകാശസ്ഫുരണങ്ങളാൽ ഉത്തേജിപ്പി

ക്കപ്പെടുന്ന ഒരാത്മാവിന്, ഏററം ആയാസകരമായ സുകൃതാഭ്യാസങ്ങാംപോലും ദുഷ്കരമായി തോന്നിയില്ലെന്നു വരാം. എന്നാൽ, ആത്മാവിൻെറ "കാളരാത്രി"യെന്നു കുരിശിൻെറ വിശുദ്ധ യോഹന്നാൻ വിളിക്കുന്ന "ആദ്ധ്യാത്മികശുഷ്കത" യാണ് വിശുദ്ധാത്മാക്കളുടെ പുണ്യപൂർണ്ണതയുടെ മാററു നോക്കുവാനുള്ള ഉരകല്ല്.

ജെമ്മായുടെ കത്തുകാം പാരായണംചെയ്യുന്ന ഒരാംക്ക് അവ "പാട്ടുകളുടെ പാട്ടി"ലേ മണവാട്ടിയുടെ ആനന്ദനിർഭരമായ ഗാനങ്ങാംപോലെ തോന്നിപ്പോകും. കഥാനായിക ഒരു മനുഷ്യവ്യക്തിയല്ല; പ്രത്യുത, വല്ല കെട്ടുകഥകളിലേയും നായികയായിരിക്കാം എന്നും സന്ദേഹിച്ചേക്കാം. എന്നാൽ, അവളുടെ കത്തുകളിലേ ചില ഭാഗങ്ങാം കാണുമ്പോാം, ദിവ്യകാരുണ്യം സ്വീകരിക്കുന്ന അവസരങ്ങളിൽ അവാംക്ക് ഉണ്ടാകാറുള്ള ആദ്ധ്യാത്മികസന്തോഷവും ദിവ്യദശ്നം ലഭിക്കുമ്പോാം അനുഭവപ്പെടുന്ന ആനന്ദവും എല്ലാം പരിപൂർണ്ണമായി വിസ്മൃതമാകും. മാത്രമല്ല, ആദ്ധ്യാത്മികശുഷ്കതയും, തനിക്കുണ്ടെന്നു വിചാരിക്കപ്പെടുന്ന പാപങ്ങളെപ്പററിയുള്ള വ്യഥയും അത്യധികമായി അവാം അനുഭവിക്കുന്നതായും കാണാം.

ഫാദർ ജെമ്മാനോയോട്ട് അവാം പറയുന്നു: "എൻെറ ആത്മാവ് ആദ്ധ്യാത്മികാന്ധകാരത്തിൽപ്പെട്ടു നട്ടംതിരിയുന്നതിനാൽ യാതൊന്നും കാണുന്നതിന് എനിക്കു ശക്തിയില്ല. ഹാ! എനിക്കെന്തുപററി? എനിക്കു ലഭിച്ചിരുന്ന ദിവ്യദശ്നങ്ങാം എവിടെ? ഞാൻ ശ്രവിച്ചിരുന്ന ആനന്ദാത്മകമായ ഗാനം ഇപ്പോാം കോംക്കുന്നില്ലല്ലോ! ആ ദിനങ്ങളെല്ലാം കടന്നുപോയി. . . . . അതോ, ചിറകടിച്ചു പറന്നുപോയ ഒരു സ്വപ്നം ഞാൻ ദശിക്കുകയായിരുന്നുവോ? അതെപ്പററി സങ്കടപ്പെട്ടുകയോ? അല്ല, ഈശോ ഇപ്പോാം എവിടെ? . . . . അവിടുത്തെ കാൽപ്പെരുമാററം ഇപ്പോാം കോംക്കുന്നില്ലല്ലോ? എൻെറ ദീനസ്വരം അവിടുത്തെ കാതുകളിൽ എത്തുപെടുന്നില്ലെന്നോ? എൻെറ ആത്മാവ് ഉഴറുന്നു, ഹൃദയം പിടയുന്നു, അവിടുത്തെ

ദർശിക്കുവാൻ. എൻെറ ചോദ്യങ്ങൾക്ക് എന്തുകൊണ്ടാണ് മറുപടി ലഭിക്കാത്തത്? അവിടുത്തെ സ്നേഹസാമീപ്യം എനിക്കു നഷ്ടപ്പെട്ടു; എന്നിരുന്നാലും ഹൃദയപൂർവ്വം അങ്ങയെ ഞാൻ സ്നേഹിക്കുന്നു."

പല ദിവസങ്ങൾ ദീർഘിച്ച അതിദാരുണമായ പരീക്ഷകൾ ചില അവസരങ്ങളിൽ കഥാനായികയ്ക്കു് അനുഭവപ്പെട്ടിട്ടുണ്ടെന്നു് അവളുടെ ചില കത്തുകൾ വിശദമാക്കുന്നുണ്ടു്. "നാശത്തിൻെറ പുത്രി" എന്നു് അഭിസംബോധനംചെയ്തുകൊണ്ടു സാത്താൻ നിരാശാജനകമായ വികാരങ്ങളാൽ അവളെ അലട്ടിയിരുന്നു. ഹൃദയം തകർന്നു് അപ്പോൾ പ്രാർത്ഥിക്കും: "ഈശോനാഥാ, അവിടുന്നു് എവിടെയാണ്? ദൈവമേ, എൻെറമേൽ കരുണയായിരിക്കുക! എൻെറ അഭയമായി ഓടിവരിക!"

ജെമ്മായുടെ ആദ്ധ്യാത്മികശ്രേഷ്ഠതയുടെ പാരമ്യം തെളിഞ്ഞുകാണുവാൻ പര്യാപ്തമായ ഒരു സംഭവംകൂടി പ്രസ്താവിച്ചുകൊണ്ടു് ഈ ഭാഗം നമുക്കവസാനിപ്പിക്കാം. അവൾ ആദ്ധ്യാത്മികഗുരുവിനെഴുതുന്നു: "ഞാൻ ജീവിക്കുന്നുവോ? സംശയമാണു്. ഈശോ എൻെറ നിലവിളി കേൾക്കുന്നില്ല. അവിടുത്തെ മാധുര്യപൂർണ്ണമായ സ്വരം കേൾക്കുവാൻ എൻെറ കാതുകൾ കൊതിക്കുന്നു. പണ്ടൊക്കെ ഈശോ എൻെറ അടുക്കലേയ്ക്കു വന്നിരുന്നു. ഇന്നാകട്ടെ ഞാൻ അവിടുത്തെപക്കൽ ചെന്നിട്ടും അവിടുന്നു് എന്നെ ശ്രവിക്കുന്നില്ലെന്നു മാത്രമല്ല, എന്നെ വിട്ടകന്നുപോകുകയും ചെയ്യുന്നു. എന്നെ അവിടുന്നു ചിലപ്പോൾ ആട്ടിപ്പായിക്കും. വീണ്ടും അവിടുത്തെപ്പക്കലേയ്ക്കു ഞാൻ തിരിയും. കഷ്ടം! വീണ്ടും ഞാൻ ഉപേക്ഷിക്കപ്പെടും.... എൻെറ ആനന്ദസന്ദായകങ്ങളായ ദിനങ്ങളെ സംബന്ധിച്ച് ഇപ്പോൾ ഞാൻ ഓർക്കുന്നുപോലുമില്ല. ഈശോയെന്ന തിരുനാമം പോലും എൻെറ മനസ്സിൽ ഉദിക്കുന്നില്ല. ദൈവത്തെപ്പററി ചിന്തിക്കണമെന്നു കരുതുമ്പോൾ ലൗകികചിന്തകൾ എൻെറ ചേതനയിൽ തടിച്ചുകൂടുന്നു. ഹാ! എന്തു ചെയ്യട്ടെ. പ്രാർത്ഥന

യിൽ അനുഭവപ്പെടുന്ന ആദ്ധ്യാത്മികശുഷ്കതയും മന്ദതയും അതിഭയങ്കരം. ഇപ്പോഴ് പ്രാൎത്ഥന എനിക്കു സന്തോഷപ്രദമല്ല. മാനസികപ്രാൎത്ഥന രക്തസാക്ഷിത്വംപോലെയാണു് എനിക്കിപ്പോഴ്. അല്ല, ഞാൻ എത്രമാത്രം അധഃപതിച്ചു. അവയെല്ലാം ദൈവേഷ്ടമാകയാൽ ഞാൻ സന്തോഷിക്കുന്നതേയുള്ളു. എങ്കിലും പ്രാൎത്ഥനയും ധ്യാനവും ഞാൻ ഉപേക്ഷിക്കുകയില്ല. പ്രത്യുത, അതിൻെറ തീക്ഷ്ണത വൎദ്ധിപ്പിക്കുന്നതിനുതന്നെയാണു് നിശ്ചയിച്ചിരിക്കുന്നതു്.

# പതിന്നാലാം അദ്ധ്യായം

## സമാധിയും മററു് ആദ്ധ്യാത്മികദാനങ്ങളും.

ആദ്ധ്യാത്മികപാരവശ്യങ്ങൾ ജെമ്മായുടെ ജീവിതത്തിൽ കാണുന്ന ഒരു പ്രത്യേകതയാണു്. അതു ബാല്യംമുതൽ അവൾ ക്കനുഭവപ്പെട്ടിരുന്നു. പഞ്ചക്ഷതങ്ങൾ സിദ്ധിച്ചതിനുശേഷം എല്ലാ ദിവസവും ആദ്ധ്യാത്മികപാരവശ്യങ്ങൾ അവൾക്കനുഭവപ്പെട്ടിരുന്നതായിപ്പറയപ്പെടുന്നു. വൈദ്യുതപ്രവാഹംപോലെ മനസ്സിൽക്കൂടി കടന്നുപോയിരുന്ന ഒരു ദൈവസാന്നിദ്ധ്യചിന്തയോ തീക്ഷ്ണമായ ഒരു ദൈവസ്നേഹപ്രകരണമോ പോരുമായിരുന്നു അവളെ സമാധിയിൽ ലയിപ്പിക്കുവാൻ. വിദ്യുല്ലതപോലെ അതു പ്രത്യക്ഷപ്പെടും. സമാധിസമയത്തും അതു തുടങ്ങുന്നതിനുമുമ്പുണ്ടായിരുന്ന അംഗവിന്യാസംതന്നെ അവളിൽ നിലനില്ക്കും. എന്നാൽ ഗ്രഹണശക്തി പൂൎണ്ണമായി നഷ്ടപ്പെട്ടിരിക്കും; ശരീരത്തിൽ നുള്ളുകയോ ചുട്ടുപൊള്ളിക്കുകയോ ചെയ്താലും അവൾ അതു് അറിയുകയില്ല. ഇതിനുംപുറമേ അഭൗ

മികമായ ഒരു പ്രഭ അവളുടെ മുഖത്തു വിളയാടുകയും ചെയ്തിരുന്നു. ഇവയല്ലാതെ മററു യാതൊരു ബാഹ്യചിഹ്നങ്ങളും പ്രത്യക്ഷ്യമായിരുന്നില്ല.

ജെമ്മായ്ക്കു്, അപൂർണ്ണം, പൂർണ്ണം, അസാധാരണം എന്നിങ്ങനെ ത്രിവിധസമാധികൾ ഉണ്ടായിരുന്നുവെന്നു് ഫാദർ ജെർമ്മാനോ പ്രസ്താവിക്കുന്നു. ഒന്നാംഗണത്തിൽപ്പെട്ടവയാണു് സാധാരണ സിദ്ധിച്ചിരുന്നതു്. ദിവസത്തിൽ പലപ്രാവശ്യം അതു് അവൾക്കു ലഭിച്ചിരുന്നു. ദിവ്യപ്രകാശത്താൽ പൂരിതയാകുന്നതോ, എന്തോ സ്വർഗ്ഗീയദർശനം ഉണ്ടാകുന്നതോമൂലം ബാഹ്യലോകം അവൾക്കു് അദൃശ്യമായിത്തീരുന്നതായും പറദീസായിലേയ്ക്കു് അവൾ എടുക്കപ്പെടുന്നതായും അനുഭവപ്പെടും. ആകാശത്തിലേയ്ക്കോ താൻ ദർശിക്കുന്ന ദിവ്യരൂപത്തിലേയ്ക്കോ തിരിച്ചിരിക്കുന്ന അവളുടെ പ്രകാശപൂർണ്ണമായ നയനങ്ങളിൽനിന്നുമാത്രമേ അവൾ ദിവ്യപാരവശ്യം അനുഭവിക്കുന്നുവെന്നു മററുള്ളവർക്കു് ഗ്രഹിക്കുവാൻ സാധിക്കയുള്ളു. അവളോടൊന്നിച്ചു പ്രാർത്ഥിച്ചിരുന്നപ്പോൾ ഫാദർ ജെമ്മാനോ ഈദൃശസംഭവങ്ങൾ ദർശിച്ചിട്ടുണ്ടു്. അവർ ഒരുമിച്ചു സങ്കീർത്തനങ്ങൾ ആലപിച്ചിരുന്ന അവസരങ്ങളിൽ ജെമ്മാ സമാധിയിൽ ലയിച്ചാലും യാതൊരു തെററുംകൂടാതെ അവൾ അവ പാടിയിരുന്നു. എന്നാൽ മറെറാന്നും അവൾക്കു ദൃശ്യമായിരുന്നില്ല. പ്രാർത്ഥന അവസാനിപ്പിക്കുകയോ, ഇടയ്ക്കുവച്ചു നിറുത്തുകയോ ചെയ്താൽ തൽക്ഷണം അവൾ സമാധിയിൽനിന്നു് ഉണരും.

രണ്ടാംഗണത്തിൽപ്പെട്ട ആദ്ധ്യാത്മികപാരവശ്യങ്ങൾ അത്ര സാധാരണമായിരുന്നില്ല. അതു് ഏകദേശം ഒരു മണിക്കൂർ നീണ്ടുനില്ക്കും. താദൃശാവസരങ്ങളിൽ അവളുടെ പ്രജ്ഞ പൂർണ്ണമായി നഷ്ടപ്പെടും. ദിവ്യകാരുണ്യസ്വീകരണാനന്തരവും വിശുദ്ധ കുർബാനയ്ക്കു വിസീത്തകഴിക്കുന്ന അവസരങ്ങളിലുമാണു് ഇപ്രകാരമുള്ള പാരവശ്യങ്ങൾ സാധാരണമായി ഉണ്ടായിക്കൊണ്ടിരുന്നതു്.

അസാധാരണപാരവശ്യങ്ങൾ ആഴ്ചയിൽ രണ്ടുപ്രാവശ്യം

ഉണ്ടാകും — വ്യാഴാഴ്ച രാത്രി എട്ടുമണിക്കും, വെള്ളിയാഴ്ച സായാഹ്നത്തിൽ മൂന്നുമണിക്കും. ചിലപ്പോഠം മററു ദിവസങ്ങളിലും ഈ പാരവശ്യം കാണാറുണ്ടായിരുന്നു. ഉല്ലാസാവസരത്തിൽ സ്നേഹപാരവശ്യത്തിൻെറ നേരിയനിഴൽ കാണുമ്പോഠംതന്നെ അവഠം സ്വന്തം മുറിയിലേയ്ക്കു പോകും.

പാരവശ്യാവസരങ്ങളിൽ സ്വർഗ്ഗവാസികളിൽ ആരെങ്കിലുമായി സംസാരിക്കുകയോ അവരെ ശ്രവിക്കുകയോ ആയിരിക്കും അവഠം ചെയ്യുക. ഏതെങ്കിലുമൊരു വിശുദ്ധനോടോ പരിശുദ്ധ ജനനിയോടോ ദിവ്യരക്ഷകനോടോ ആയിരിക്കും സാധാരണമായി സംസാരിക്കുന്നതു്. ചിലപ്പോഠം അവഠം ദൈവസ്നേഹപ്രകരണങ്ങഠം ചെയ്യുകയായിരിക്കും. മററു ചിലപ്പോഠം ദൈവത്തിൻെറ അനന്തശക്തിയേയും പ്രതാപത്തേയും സംബന്ധിച്ച കീത്തനങ്ങഠം ആലപിക്കുകയായിരിക്കും. അനുഗ്രഹസിദ്ധിക്കായുള്ള അഭ്യത്ഥനകളും പാപികളുടെ മാനസാന്തരത്തിനുവേണ്ടിയുള്ള പ്രാത്ഥനകളുമായിരിക്കും മററു സന്ദർഭങ്ങളിൽ. എളിമയുടെ മാഹാത്മ്യത്തെപ്പററിയുള്ള മാധുര്യപൂണ്ണമായ വണ്ണനകളോ സ്വനിസ്സാരതയെപ്പററിയുള്ള ഏററുപറച്ചിലുകളോ ആയിരിക്കും അവളുടെ അധരങ്ങളിൽനിന്നും മററവസരങ്ങളിൽ പ്രവഹിക്കുന്നതു്.

ജെമ്മായുടെ ആദ്ധ്യാത്മികപാരവശ്യങ്ങളിലേ സംഭാഷണങ്ങളും പ്രസ്താവനകളും മിക്കവാറും എല്ലാംതന്നെ നമുക്കു ലഭിച്ചിട്ടുണ്ടു്. അതിനു ഫാദർ ജെമ്മാനോയോടാണ് നാം കടപ്പെട്ടിരിക്കുന്നതു്. അവയിൽ പലതും പൂണ്ണങ്ങളല്ല. മററു ചിലതു് സുഗ്രഹങ്ങളുമല്ല. പാരവശ്യാവസരങ്ങളിൽ ചിലപ്പോഠം അവഠം സംസാരിക്കും. ഇടയ്ക്കിടയ്ക്കു ദശ്നത്തിൽ കാണപ്പെടുന്ന ആഠം പറയുന്നതു് അവഠം ശ്രദ്ധിക്കുകയും അതിനു മറുപടി പറയുകയും ചെയ്യും. ഇങ്ങനെ മറുപടിമാത്രം നാം കേഠംക്കുന്നതിനാൽ ആശയം മുഴുവൻ ഗ്രഹിക്കുക സാദ്ധ്യമല്ലല്ലോ. എന്നാൽ സാഹചര്യങ്ങഠം ശരിയായി മനസ്സിലാക്കിയാൽ പാരവശ്യാവസരങ്ങളിലേ സംഭാഷണം ഗ്രഹിക്കുവാൻ സാധിക്കും.

ജെമ്മായുടെ സംഭാഷണങ്ങളെല്ലാം പ്രസിദ്ധീകൃതങ്ങളായിട്ടില്ല. ജെമ്മാനോയുടെ ഗ്രന്ഥത്തിലുള്ള 150 എണ്ണത്തിൽ 33 എണ്ണം മാത്രമേ പ്രസിദ്ധീകരിച്ചിട്ടുള്ളു. കൂടുതൽ ദൈർഘ്യമുള്ളവ താരതമ്യേന കൂടുതൽ സ്പഷ്ടങ്ങളാണ്. പഞ്ചക്ഷതങ്ങൾ സിദ്ധിച്ചതിനുശേഷമുള്ളവയുടെ കാര്യത്തിൽ ഇതു കൂടുതൽ വാസ്തവമാണ്. എന്നാൽ അത് എല്ലാം വിശ്വസനീയമോ എന്ന പ്രശ്നം ഇവിടെ ഉത്ഭവിക്കുന്നു. മരിയാ ഓഫ് അഗ്രേഡായുടേയും മരിയാ ലത്താസ്തയുടേയും ആവിഷ്കരണങ്ങൾ പ്രസിദ്ധം ചെയ്തവർ ചില വ്യതിയാനങ്ങൾ വരുത്തിയെന്നതു് ഒരു വാസ്തവമാണ്. അതുപോലെ ജെമ്മായുടെ ആവിഷ്ക്കരണങ്ങളുടെ കാര്യത്തിലും സംഭവിച്ചിട്ടില്ലെന്നുള്ളതിനു നമുക്കുറപ്പുണ്ടോ? ജെമ്മായുടെ ആവിഷ്ക്കരണങ്ങൾ അപ്പോഴപ്പോൾ കുറിച്ചിടുന്നതിനു സെക്രട്ടറിമാർ ഇല്ലായിരുന്നുവെന്നു നമുക്കറിയാം.

രണ്ടു വനിതകൾ സത്യപ്രതിജ്ഞ ചെയ്തു പ്രസ്താവിച്ചിരിക്കുന്നതുമാത്രമാണ് അതുസംബന്ധിച്ചുള്ള നമ്മുടെ ആധാരം. അവർ രേഖപ്പെടുത്തുന്നു: "ജെമ്മായുടെ ആദ്ധ്യാത്മികഗുരുവായിരുന്ന ഫാദർ ജെമ്മാനോയുടെ നിർദ്ദേശവും കല്പനയും അനുസരിച്ചു കഴിഞ്ഞ മൂന്നുസംവത്സരക്കാലം അവൾ ദിവ്യപാരവശ്യാവസരങ്ങളിൽ പറഞ്ഞിരുന്നതെല്ലാം സൂക്ഷ്മം ഞങ്ങൾ കുറിച്ചെടുത്തിരുന്നു. പ്രജ്ഞാരഹിതയായിരുന്നതിനാൽ അവൾ അതൊന്നും അറിഞ്ഞിരുന്നില്ല. ദൈവത്തിൻെറ മഹത്ത്വത്തിനും സത്യത്തിൻെറ സുരക്ഷിതത്ത്വത്തിനുംവേണ്ടി ഞങ്ങൾ കേട്ട സംഗതികൾ യാതൊന്നും കൂട്ടാതെയും കുറയ്ക്കാതെയും കുറിച്ചെടുത്തിരിക്കുന്നുവെന്നു ഞങ്ങൾ സത്യം ചെയ്തുകൊള്ളുന്നു."

ഗ്യാനിനിക്കുടുംബാംഗങ്ങളായ സിസിലിയും എവുഫെമിയായുംകൂടി എഴുതി ഒപ്പുവച്ചതാണ് മേലുദ്ധരിച്ച സാക്ഷ്യം. എവുഫെമിയാ കഥാനായികയുടെ സകല രഹസ്യങ്ങളും നല്ലവണ്ണം അറിഞ്ഞിരുന്ന ഒരു ആത്മസഖിയാണ്. അവൾ "ജെമ്മാ" എന്ന നാമധേയം സ്വീകരിച്ച് കാലാന്തരത്തിൽ

കന്യാസ്ത്രീയായിത്തീൻവെന്നുള്ളത് പ്രത്യേകം പ്രസ്താവാർഹമാണ്. മേൽപ്രസ്താവിച്ച രേഖകൾ ചരിത്രപ്രാധാന്യം അർഹിക്കുന്നവ തന്നെ.

ജെമ്മായുടെ ആദ്ധ്യാത്മികപാരവശ്യങ്ങൾ അന്ത്യനാളുകൾവരെ നീണ്ടുനിന്നു; എങ്കിലും പഞ്ചക്ഷതങ്ങൾ 1901-നു ശേഷം അദൃശ്യമായി. തന്നിൽ പ്രത്യക്ഷപ്പെട്ടിരുന്ന ക്ഷതങ്ങൾ മാററിക്കളയണമെന്ന്, ആദ്ധ്യാത്മികഗുരുക്കന്മാരുടെ ഉപദേശമനുസരിച്ച് കഥാനായിക പ്രാൎത്ഥിച്ചു. തൽഫലമായി ദൈവം അവ അവളിൽനിന്നും മാററിക്കളഞ്ഞു. എന്നിരുന്നാലും ദിവ്യപാരവശ്യങ്ങൾ സിദ്ധിച്ചിട്ടുള്ള മഹാവിശുദ്ധന്മാരിൽ എന്നതുപോലെ ജെമ്മായിലും ദൈവത്തിൻെറ പ്രത്യേകപ്രവൎത്തനങ്ങളുടെ അടയാളങ്ങൾ തെളിഞ്ഞുകണ്ടിരുന്നു. അവയിൽ ചിലതിനെ സംബന്ധിച്ചുകൂടി അല്പം പ്രസ്താവിക്കാം.

കാൽവരിമലമുകളിൽ നടന്ന ശോകാന്തനാടകത്തിലേ സകല ദുഃഖസങ്കടങ്ങളും ജെമ്മായ്ക്കനുഭവപ്പെട്ടിരുന്നു. അതു സംബന്ധിച്ച് അവൾ പ്രസ്താവിക്കുന്നു: "ഈശോ ക്ലേശങ്ങളുടെ മനുഷ്യനാണ്. അവിടുത്തെപ്പോലെ ഞാനും ക്ലേശങ്ങളുടെ പുത്രിയായിരിക്കണം." ഗത്സേമ്മനിൽ രക്തംവിയൎത്ത ക്രിസ്തുവിനെപ്പോലെ ജെമ്മാ പലപ്രാവശ്യം രക്തം വിയൎത്തിട്ടുണ്ട്. സ്വസഹോദരൻെറ ദൈവദൂഷണങ്ങളും മററുള്ളവരുടെ പാപത്തെപ്പററി അവൾക്കു ലഭിച്ച ജ്ഞാനവും അവളുടെ ദേഹത്തിൽനിന്നും രക്തം പ്രവഹിക്കുന്നതിനു കാരണമായിരുന്നതായി നാം കണ്ടുകഴിഞ്ഞു. ചില അവസരങ്ങളിൽ രക്തം വസ്ത്രങ്ങളിൽ പ്രത്യക്ഷപ്പെട്ടിരുന്നു. പുറംകുപ്പായംകൂടെ നനഞ്ഞു പുറത്തു കാണപ്പെടത്തക്കവിധം അത്യധികം രക്തം വിയൎത്ത അവസരങ്ങളും വിരളമല്ല. പാപികൾക്കുവേണ്ടി തന്നെത്തന്നെ പരിഹാരബലിയായി അവൾ അൎപ്പിച്ച 1901-ൽ അടുക്കലടുക്കൽ രക്തവിയൎപ്പുണ്ടായി. പാരവശ്യത്തിൽ ലയിച്ച ചിലപ്പോൾ ദീനദീനം അവൾ വിളിച്ചുപറയും: "ഈശോനാഥാ, എന്നോടു പ്രതികാരംചെയ്തിട്ടു പാപികളെ രക്ഷിക്കണമേ!" മററുള്ളവ

രുടെ അനാസ്ഥകൾക്കും പാപങ്ങൾക്കും പരിഹാരം ചെയ്യു വാൻ പ്രത്യേകവിധത്തിൽ അവൾ ഒരു നിശ്ചയം ചെയ്തു. 1901 ആഗസ്ററുമാസത്തിലാണ് ഏററവും ക്രൂരതലായി അവൾ രക്തം വിയർത്തതു്. വൈദികന്മാരുടെ പാപത്തിനു വേണ്ടി ബലിയായി അവൾ തന്നെത്തന്നെ അർപ്പിച്ചതു് അന്നാണ്.

ജെമ്മായുടെ അതിസ്വാഭാവികാനുഭവങ്ങളിൽ മുൾക്കി രീടവും ഉൾപ്പെടുന്നുണ്ടു്. 1900 ജൂലൈ പത്താം തീയതി യിലെ ഡയറിയിൽ അവൾ എഴുതുന്നു: "കഴിഞ്ഞ ആറു ദിവസ ങ്ങൾ ആദ്ധ്യാത്മികശുഷ്കതയാൽ വലഞ്ഞിരുന്ന ഞാൻ ഇന്നു സായാഹ്നത്തിൽ ധ്യാനം നടത്തിക്കൊണ്ടിരുന്നപ്പോൾ ഈശോ യെക്കണ്ടു. സാധാരണ വ്യാഴാഴ്ച്ചദിവസങ്ങളിൽ ചെയ്യാറുള്ളതു പോലെ ഞാൻ അന്നും ദിവ്യരക്ഷകൻെറ പീഡകളെപ്പററി യാണ് ധ്യാനിച്ചിരുന്നതു്." എങ്ങനെയാണു പാരവശ്യാവസ രത്തിൽ തനിക്കു മുൾക്കിരീടം ലഭിച്ചതെന്നു വിശദമായി അവൾ ഡയറിയിൽ വിവരിച്ചിട്ടുണ്ടു്. അവൾ ഇങ്ങനെ തുടരുന്നു: "പിറേറദിവസം ജൂലൈ 20—ാം തീയതി ഉച്ചകഴിഞ്ഞു മൂന്നു മണിയായപ്പോൾ ഞാൻ ധ്യാനം ആരംഭിച്ചു. ദിവ്യനാഥൻ വന്നു് മുൾമുടി എൻെറ തലയിൽനിന്നും നീക്കി അവിടുത്തെ ശിരസ്സിൽ വച്ചു. വ്യാഴാഴ്ച്ച സായാഹ്നംമുതൽ ഞാൻ സഹിച്ചു കൊണ്ടിരുന്ന അതിദുസ്സഹമായ വേദനകൾ പാടേ അവസാ നിച്ചു." ആ സംഭവം ദർശിച്ചവരിൽ ചിലർ സവിസ്തരം അതെ പ്പററി പറയുന്നുണ്ടു്. ഏററവും പ്രധാനസാക്ഷി മദർ ജെമ്മാ ഗ്യാനിനിയാണ്. പ്രസ്തുത സംഭവത്തെ സംബന്ധിച്ചു് അവർ പ്രസ്താവിക്കുന്നു: "വ്യാഴാഴ്ച്ച ഉച്ചകഴിഞ്ഞു മൂന്നുമണിമുതൽ വെള്ളിയാഴ്ച്ച സായാഹ്നത്തിൽ ഏകദേശം അഞ്ചുമണിവരെ ആ സംഭവം നീണ്ടുനിന്നു. അപ്രകാരം മൂന്നാഴ്ച്ചകളിൽ തുടച്ചയായി ഉണ്ടായിട്ടുണ്ടു്."

ജെമ്മായ്ക്കു് ജീവിതകാലമത്രയും പ്രത്യേകിച്ചു്, ജീവി താന്ത്യത്തോടടുത്തപ്പോൾ അനുഭവപ്പെട്ടുകൊണ്ടിരുന്ന പീഡ

കം ഒരു രക്തസാക്ഷിണിയുടെ പദവിയിലേയ്ക്കു് അവളെ ഉയത്തിയിട്ടുണ്ടെന്നു നിസ്സംശയം പറയാം. അവം ആദ്ധ്യാത്മിക ഗുരുവിന്ന് എഴുതുന്നു: "വത്സലപിതാവേ, ഇന്നു വ്യാഴാഴ്ചയാണ്; പീഡസഹിക്കാനുള്ള ദിനം. പീഡകളും ക്ലേശങ്ങളും സഹിക്കുന്ന നല്ല ഈശോയോടൊന്നിച്ച് ഒരു മണിക്കൂർ ചെലവഴിക്കുന്നതു് എൻെറ ആത്മാവിന്ന് ആനന്ദപ്രദം തന്നെ. വ്യാഴാഴ്ച എനിക്കു സന്തോഷകരമായ ദിവസംതന്നെ. എന്നാൽ, വെള്ളിയാഴ്ച എനിക്കൊരു തിരുനാംപോലെയാണ്."

അന്ത്യനാളുകം ആയതോടേ, ചമ്മട്ടിയടി മുതലായ ക്രൂരദണ്ഡനങ്ങളും അവം സഹിച്ചുതുടങ്ങി. എങ്കിലും വൈദികന്മാക്കുവേണ്ടി തന്നെത്തന്നെ ബലിയായി സമപ്പിച്ച 1901-ൽ സഹിച്ചതുപോലെ ഭയങ്കരമായി മറെറാരിക്കലും സഹിച്ചിട്ടില്ലെന്നാണ് ദൃക്സാക്ഷികളുടെ അഭിപ്രായം.

സഹനനിർഭരമായ ഒരു ആദ്ധ്യാത്മികപാരവശ്യത്തിൽ ജെമ്മാ വിളിച്ചുപറഞ്ഞു: "എൻെറ പ്രാണനാഥനായ ഈശോയേ, അങ്ങേയ്ക്കെന്തു സംഭവിച്ചു? സകലരും അവിടുത്തെ നിന്ദിക്കുകയും പരിഹസിക്കുകയും ചെയ്യുന്നുവല്ലോ. എല്ലാവരും എൻെറ ആത്മനാഥനെ ദൂഷണം പറയുന്നു; നിന്ദിക്കുന്നു; പരിഹസിക്കുന്നു; അത്യധികം ഉപദ്രവിക്കുന്നു. . . . . . പാപികം അങ്ങെ ഉപദ്രവിക്കുന്ന സ്ഥലങ്ങളെല്ലാം പാടുണ്ടെങ്കിൽ എൻെറ ജീവരക്തംകൊണ്ടു കഴുകുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടുത്തേ ദിവ്യഹൃദയത്തിലെ സ്നേഹം എത്ര ശക്തിമത്താണ്. കഷ്ടം, മഹാപാപ്പികം അവിടുത്തെ എന്താണു ചെയ്യുന്നതു്? അങ്ങയെ അടിക്കുകയും പീഡിപ്പിക്കുകയും ചെയ്യുന്നതിൽ അവക്കു യാതൊരു ക്ഷീണവും തോന്നുന്നില്ലേ? അങ്ങയെ അടിക്കുന്ന അടികം അവർ നിറുത്തട്ടെ. അവിടുന്ന് അവ അർഹിക്കുന്നില്ല. എന്നാൽ ഞാൻ അവ അർഹിക്കുന്നു. പാപംചെയ്തതു ഞാൻതന്നെയാണ്. അവിടുന്നു നിഷ്കളങ്കൻ. ഞാനോ, പാപത്താൽ നിറഞ്ഞവം. നാഥാ, ഇന്നുരാത്രി ഞാൻ തനിച്ചു പീഡകം സഹിക്കുവാൻ ആഗ്രഹിക്കുന്നു. അഥവാ, അവിടുന്ന് ഇഷ്ട

പ്പെട്ടുന്നുവെങ്കിൽ നമുക്ക് ഒരുമിച്ചു സഹിക്കാം. നമുക്ക് ഒററ ദഹനബലിയായിത്തീരാം...... നാഥാ, എനിക്കു ശക്തി നല്കുക. മറെറാന്നും ഞാൻ ആവശ്യപ്പെട്ടുന്നില്ല. ഈശോനാഥാ, എത്രമാത്രം അടികൾ! . . . അവർ അവിട്ടത്തെ തുടച്ചയായി അടിച്ചുകൊണ്ടിരിക്കുന്നു! അവിടുന്നോ ക്ഷമാപൂർവ്വം അവയെല്ലാം സഹിക്കുന്നു. അല്ലയോ സഹോദരന്മാരേ, അവിട്ടത്തെ നിങ്ങൾ ഇനിയും അടിക്കല്ലേ! എന്നെ അടിച്ചുകൊള്ളുവിൻ. നിങ്ങളുടെ കുററത്തിന് എന്തിനാണ് അവിട്ടത്തെ നേരെ നിങ്ങൾ പക വീട്ടുന്നത്? എന്നോട്ടു പ്രതികാരം ചെയ്തുകൊള്ളുവിൻ. എന്നെ വീണ്ടും വീണ്ടും അടിച്ചുകൊള്ളുവിൻ. ഈശോയെ ഇനിയും അടിക്കല്ലേ! ദൈവമേ, എന്നെ ശക്തിപ്പെടുത്തുക. ഈശോ നാഥാ, അങ്ങിലല്ലാതെ മററാരിൽ ഞാൻ ആശ്രയിക്കും?"

ജെമ്മായുടെ പ്രാർത്ഥന സാധിതമായി. അവൾ അടിയ്ക്കപ്പെട്ടു; അതിഭയങ്കരമായിരുന്നു അടികൾ. മാംസരക്തങ്ങൾ ചിതറി. ശരീരം ക്ഷതനിർഭരമായി. കാണികളുടെ കരൾ അലിയുവാൻമാത്രം അത്ര ഭയങ്കരമായിരുന്നു അവ.

# പതിനഞ്ചാം അദ്ധ്യായം.

## ജെമ്മായും കാവൽമാലാഖായും.

കാവൽമാലാഖാമാരെപ്പററിയുള്ള സഭയുടെ പഠനം വേദപുസ്തകത്തിലും പാരമ്പര്യത്തിലും ദൈവശാസ്ത്രത്തിലും അടിയുറച്ചതാണ്. നമ്മുടെ ദിവ്യരക്ഷകൻെറ വാക്കുകൾ ശ്രവിച്ചാലും: "ഈ ചെറിയവരിൽ ഒരുവനെയും നിന്ദിക്കാതിരിക്കുവാൻ നിങ്ങൾ സൂക്ഷിച്ചുകൊള്ളുവിൻ. സ്വർഗ്ഗത്തിൽ അവരുടെ ദൂതന്മാർ സ്വർഗ്ഗത്തിലുള്ള എൻെറ പിതാവിൻെറ മുഖം

എപ്പോഴും കണ്ടുകൊണ്ടിരിക്കുന്നു." വിശുദ്ധ അപ്പോസ്തലൻ എബ്രായക്കാർക്കുള്ള ലേഖനത്തിൽ എഴുതുന്നു: "അവരെല്ലാം രക്ഷയെ അവകാശപ്പെടുത്തുവാനിരിക്കുന്നവർക്കുവേണ്ടിയുള്ള ശുശ്രൂഷയ്ക്കായി അയയ്ക്കപ്പെടുന്ന സേവകാത്മാക്കളല്ലയോ?" സങ്കീർത്തനങ്ങളിലെ താഴെവരുന്ന ഭാഗവും ശ്രദ്ധേയമാണ്: "നിന്നെ, സകല വഴികളിലും സൂക്ഷിക്കുന്നതിനായി അവൻ തൻെറ ദൂതന്മാരോടു നിന്നെക്കുറിച്ചു കല്പിക്കും." വേദപാരംഗതനായ വിശുദ്ധ ബനവന്തുരാ അഭിപ്രായപ്പെടുന്നു: "അധഃപതിച്ച മനുഷ്യനെ ദൈവദൂതന്മാർ സംരക്ഷിക്കുകയും നയിക്കുകയും ചെയ്യുകയെന്നതു് ഏററവും സ്തുത്യർഹമാകുന്നു. ദൈവത്തിൻെറ ശക്തിയുടേയും ജ്ഞാനത്തിൻേറയും കരുണയുടേയും ബഹിഃസ്ഫുരണമാണതു്."

വ്യക്തികൾക്കെന്നപോലെ സമൂഹങ്ങൾക്കും കാവൽ മാലാഖാമാരെ ദൈവം നിയമിച്ചിട്ടുണ്ടെന്നാണ് പൊതുവായ വിശ്വാസം. തൻെറ സംരക്ഷകനും മദ്ധ്യസ്ഥനുമായി വിശുദ്ധ മിഖായേലിനെ സഭ കാനോനാനമസ്കാരത്തിൽ അനുസ്മരിക്കുന്നു. ഓരോ സന്യാസസഭയ്ക്കും, രാജ്യത്തിനും സമുദായത്തിനും ഓരോ പ്രത്യേക ദൈവദൂതൻെറ സംരക്ഷണം ലഭിക്കുന്നുണ്ട്. ഇന്ദ്രിയഗോചരമായ സകല വസ്തുക്കളും നിയന്ത്രിക്കുന്നതു മാലാഖാമാരാണെന്നുള്ള ക്രൈസ്തവവിശ്വാസം അവിശ്വാസികളുടെ ഇടയിലുമുണ്ടെന്നാണ് വിശുദ്ധ തോമസ് അക്വീനാസ് അഭിപ്രായപ്പെടുന്നതു്.

പഴയനിയമത്തിൽക്കാണുന്നതുപോലെ ആകർഷകവും രസകരവുമായ ഒരു സംഭവം മററതെങ്കിലും വേദഗ്രന്ഥങ്ങളിലോ സാഹിത്യഗ്രന്ഥങ്ങളിലോ ഉള്ളതായിട്ടറിവില്ല. തോബിയാസും റഫായേൽ മാലാഖായും തമ്മിലുള്ള സഖ്യമാണ് ഈ സംഭവം. റഫായേൽ മാലാഖാ തോബിയാസിനെ അനുയാത്ര ചെയ്യുന്നു; ആവശ്യങ്ങളിലെല്ലാം സഹായിക്കുന്നു; അദ്ദേഹത്തിൻെറ പിതാവിന് അന്ധതനീക്കി കാഴ്ച നല്കുന്നു. ഇതെപ്പററി ചെറിയ തോബിയാസ് പറയുന്നു: "അദ്ദേഹംമൂലം

ഞങ്ങൾക്കു സകല നന്മയും ലഭിച്ചു." "രക്തസാക്ഷികളുടെ നടപടികളി"ൽ കാവൽമാലാഖാമാരെപ്പററിയും മററു വിശുദ്ധരെ സംബന്ധിച്ചെന്നപോലെ പല സംഗതികളും രേഖപ്പെടുത്തിയിട്ടുണ്ട്. അവ വിശ്വാസയോഗ്യങ്ങൾതന്നെ. കന്യകകളായ സിസിലിയേയും ആഗ്നസിനേയും അത്യാപത്തിൽനിന്നും രക്ഷിച്ചതു സ്വർഗ്ഗീയദൂതന്മാരാണ്. മാർപ്പാപ്പായായ വിശുദ്ധ സെലസ്റ്റിനെ സംബന്ധിച്ചുള്ള ഐതിഹ്യങ്ങളിൽ ദൈവദൂതന്മാർ ദൈവാലയം പണിയുന്നതിന് അദ്ദേഹത്തെ സഹായിച്ചിരുന്നതായും അദ്ദേഹത്തിൻെറ ദിവ്യപൂജയുടെ സമയത്ത് സ്വർഗ്ഗീയ ഗാനങ്ങൾ ആലപിക്കുകയും അത്ഭുതകരമായ മണിനാദം കേൾപ്പിക്കുകയും ചെയ്തിരുന്നതായും നാം വായിക്കുന്നു. പതിനഞ്ചാം നൂററാണ്ടിലെ ഏററവും വലിയ മിസ്റ്റിക്കായ ഫ്രാൻസെസ് എന്ന പുണ്യവതിയുടെ ചരിത്രം കുറെക്കൂടി അത്ഭുതാവഹമാണ്. ദൈവദൂതനെ അവൾക്കു നേരിട്ടുകാണാമായിരുന്നു. എന്നു മാത്രമല്ല അദ്ദേഹം ഒരു മിത്രമെന്നവണ്ണം അവളോടൊന്നിച്ചു വസിക്കുകയും ചെയ്തിരുന്നു.

വിശുദ്ധ ഫ്രാൻസെസിനെന്നപോലെ നമ്മുടെ കഥാനായികയ്ക്കും കാവൽമാലാഖായുമായി സംസർഗ്ഗമുണ്ടായിരുന്നു. കാവൽമാലാഖാ അവൾക്കു പലപ്പോഴും പ്രത്യക്ഷനായി ഒരാത്മസുഹൃത്തിനെപ്പോലെ അവളോടൊന്നിച്ചു വസിച്ചിരുന്നു.

മിസ്റ്റിക്കനുഭവങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഒരാത്മാവിനു സ്വർഗ്ഗീയദൂതന്മാരുടെ സഹായവും സംരക്ഷണവും ലഭിക്കുന്നത് ഏററവും ഉപകാരപ്രദമാണല്ലോ. തൻെറ ആദ്ധ്യാത്മികജീവിതത്തിൻെറ വിജയത്തിനു കാവൽദൂതൻ എത്രമാത്രം സഹായിച്ചിട്ടുണ്ടെന്നു ജെമ്മാ ആത്മകഥാകഥനത്തിൽ എടുത്തു പറയുന്നുണ്ട്: "എല്ലായ്പോഴും എന്നോടൊന്നിച്ചു വസിക്കുവാൻ എൻെറ കാവൽമാലാഖായോട് ഈശോ ആജ്ഞാപിച്ചിരിക്കുന്നു."

കാവൽദൂതനുമായുള്ള ഗാഢമൈത്രിയേയും നിരന്തര സംസർഗ്ഗത്തേയും സംബന്ധിച്ചുള്ള ജെമ്മായുടെ വിവരണം

കേശക്കമ്പോശ ഫാദർ ജെമ്മാനോ ഇതികർത്തവ്യതാമൂഢനായി ഇരുന്നുപോയിട്ടുണ്ട്. അവയെല്ലാം നിരർത്ഥകങ്ങളായ പ്രസ്താവനകളോ എന്നും, മാലാഖായോടുള്ള അവളുടെ പെരുമാററം ആദരപൂർവ്വമാണോ എന്നും ചിലപ്പോശ അദ്ദേഹം സംശയിച്ചിരുന്നു. മാലാഖായോടു കൂടുതൽ ബഹുമാനം കാണിക്കുവാൻ അവളോട്ട് അദ്ദേഹം ചിലപ്പോശ ഉപദേശിച്ചിട്ടുമുണ്ട്.

ജെമ്മാ ആദ്ധ്യാത്മികപാലകൻെറ ഉപദേശങ്ങശ സ്വീകരിച്ചു. അവശ അദ്ദേഹത്തിനെഴുതുന്നു: "പിതാവേ, അവിടുന്നു പറഞ്ഞതു ശരിയാണ്. മേലിൽ ഞാൻ ബഹുമാനഹീനമായി മാലാഖായോടു വർത്തിക്കുകയില്ല. ഇന്നുമുതൽ ദൈവദൂതനോടു ഞാൻ കൂടുതൽ ആദരം കാണിച്ചുകൊള്ളാം." പിന്നീടു കാവൽ മാലാഖായെ കണ്ടയുടനെ ശിശുസഹജമായ നിഷ്കപടതയോടെ അവശ പറഞ്ഞു: "എൻെറ കാവൽമാലാഖായേ, അവിടുന്നു ക്ഷമിക്കണം. അങ്ങയുടെനേരേയുള്ള എൻെറ പെരുമാററം എൻെറ ആദ്ധ്യാത്മികഗുരുവിനു തൃപ്തികരമാകുന്നില്ല. കുറേക്കൂടെ ആദരപൂർവ്വം പെരുമാറുവാൻ എന്നോട്ട് ഉപദേശിച്ചിരിക്കുന്നു. ചില അവസരങ്ങളിൽ ഞാൻ അല്പം അനാദരം കാണിച്ചുപോയെങ്കിൽ ക്ഷമിക്കണേ!"

ജെമ്മാ ഒരിക്കൽ മത്തലേത്ത എന്ന സ്ഥലത്തുള്ള തൻെറ മിത്രങ്ങളായ കന്യാസ്ത്രീകളെക്കാണുന്നതിനായിപ്പോയി. അവിടത്തെ കന്യാസ്ത്രീകളിൽ ഒരാശ ജെമ്മായുടെകൂടെ ആരേയും കാണാഞ്ഞതിനാൽ അവളോടു ചോദിച്ചു:

"ജെമ്മാ, നീ തനിച്ചാണോ വന്നത്?"

"അല്ല, എൻെറ സഹോദരിയും മറെറാരാളും കൂട്ടത്തിൽ ഉണ്ട്."

"അതാരാണ്?"

"എൻെറ കാവൽദൂതൻ."

"അദ്ദേഹത്തെ നീ കാണുന്നുണ്ടോ?"

"അദ്ദേഹം എൻെറ അടുക്കൽ ഉണ്ട്. അദ്ദേഹത്തെ എനിക്കു കാണാം."

മറെറാരിക്കൽ ജെമ്മാ തീക്ഷ്ണതാപൂർവ്വം കാവൽമാലാഖായോടു പ്രാർത്ഥിക്കുകയായിരുന്നു. ഉടനെ അദ്ദേഹം അവളോടു പറഞ്ഞു: "ഞാൻ നിൻെറ വഴികാട്ടിയും നിത്യസഹചാരിയുമായിരിക്കാം. ആരാണു നിന്നെ എൻെറ സംരക്ഷണയിൽ ഏല്പിച്ചിരിക്കുന്നതെന്നു നിനക്കറിയാമോ? കരുണാനിധിയായ ഈശോയാണ്." ഈ വാക്കുകൾ ശ്രവിച്ച ജെമ്മാ തൽക്ഷണം ആദ്ധ്യാത്മികപാരവശ്യത്തിൽ ലയിച്ചു. ഇതെപ്പററി അവൾ ഫാദർ ജെർമ്മാനോയ്ക്കെഴുതുന്നു: "പ്രിയ പിതാവേ, ഞങ്ങൾ ഇരുവരും ഈശോയോടൊന്നിച്ചു വസിക്കുന്നു. അങ്ങും ഞങ്ങളോടുകൂടെ ഉണ്ടായിരുന്നെങ്കിൽ! ദിവ്യസ്നേഹസാഗരത്തിൻെറ അഗാധത്തിൽ മുങ്ങി അതിലേ ഗഹനമായ ദിവ്യരഹസ്യാമൃതം മതിവരെ ആസ്വദിക്കുക എന്നാണ് ഈശോയോടൊന്നിച്ചു വസിക്കുകയെന്നതിൻെറ സാരം."

മാലാഖാ ചിറകുകൾ വിരിച്ച്, കൈകൾ വിടർത്തി തൻെറ മീതെ ചിലപ്പോൾ ഉയർന്നുനില്ക്കുന്നതായും മററുചിലപ്പോൾ തന്നോടൊന്നിച്ചു പ്രാർത്ഥിക്കുന്നതായും ജെമ്മാ കണ്ടിട്ടുണ്ട്. കൊന്തജപിക്കയോ കീർത്തനങ്ങൾ പാടുകയോ ചെയ്യുമ്പോൾ മാറി മാറി അവർ അവ ചൊല്ലിയിരുന്നു. ചില അവസരങ്ങളിൽ ദൈവസ്നേഹാഗ്നിയാൽ എരിയുവാൻ തക്കവിധം അവർ സുകൃതജപങ്ങൾ ഉരുവിട്ടിരുന്നു. "ഈശോയെ, ജയിക്ക" എന്ന സുകൃതജപം ആരാണ് കൂടുതൽ തീക്ഷ്ണതാപൂർവ്വം ഉച്ചരിക്കുന്നതെന്നറിയുന്നതിനായി അവർ കളിച്ചെങ്ങാതികളെപ്പോലെ ഒരു മത്സരം നടത്തിയിട്ടുണ്ടെന്നു ജെമ്മാ രേഖപ്പെടുത്തുന്നു. അതിൽ താൻ അതീവസന്തുഷ്ടനായിരിക്കുന്നു എന്ന് ഈശോ അവളെ അറിയിച്ചു.

മാനസികപ്രാർത്ഥന നടത്തുന്നതിനു ജെമ്മായെ സഹായിക്കുകയായിരുന്നു മാലാഖായുടെ പ്രധാന കൃത്യം. ഈശോയോടുള്ള സ്നേഹത്തിൽ അഭിവൃദ്ധിപ്പെടുന്നതിന് അവളെ പ്രോത്സാഹിപ്പിച്ചതും മാലാഖാതന്നെയാണ്. തൻെറ സ്വർഗ്ഗീയസഖാവിൻെറ ഉപദേശങ്ങൾ ജെമ്മാ ഒരിക്കലും നിരാകരിച്ചിരു

ന്നില്ല. അവരം പറയുന്നു: "മാലാഖാ എന്നെ പല സ്ഥലങ്ങളിലും കൊണ്ടുനടക്കുന്നു. അദ്ദേഹം പ്രത്യക്ഷനാകുമ്പോരം ആദ്യം ഒരു പ്രകാശം കാണാം. ക്രൂരിരുട്ടിൽ പെട്ടെന്നു തെളിക്കുന്ന ദീപംപോലെ അത് അനുഭവപ്പെടും. ചിലപ്പോരം അദ്ദേഹം എൻെറ മുമ്പിലും മററു ചിലപ്പോരം ഞങ്ങരം ഒരേ നിരയിലും നടക്കും." ചില അവസരങ്ങളിൽ അടുത്തുനില്ക്കുന്ന ആരേയോ അവരം നിന്നിമേഷം നോക്കുന്നതുപോലെ കാണപ്പെട്ടിരുന്നു. മാലാഖായുടെ സാന്നിദ്ധ്യം സൂചിപ്പിക്കുന്ന മററുയാതൊരു ബാഹ്യലക്ഷണവും ദൃശ്യമായിരുന്നില്ല.

ജെമ്മാഗൽഗാനിയുടെ ചരിത്രം ഫാദർ ജെമ്മാനോ പ്രസിദ്ധീകരിച്ചതിനുശേഷം അദ്ദേഹം പരിശുദ്ധപിതാവു പത്താം പീയൂസ്സ് മാപ്പാപ്പായെ മുഖംകാണിച്ചപ്പോരം അവിടുന്നു സുസ്മേരവദനനായി ചോദിച്ചു:

"നിങ്ങരം എഴുതിയിരിക്കുന്ന അത്ഭുതാവഹമായ സംഗതികളെല്ലാം വാസ്തവമാണോ?"

"അവ, സംഭവിച്ച സംഗതികളുടെ ചെറിയ ഒരംശം മാത്രമേ ആകുന്നുള്ളു" എന്നു് അദ്ദേഹം മറുപടി നല്കി.

ജെമ്മാ തൻെറ കാവൽമാലാഖായോടു് ഒരാത്മസുഹൃത്തിനോടെന്നപോലെയാണു വത്തിച്ചിരുന്നതു്. അദ്ദേഹംവഴി അവരം പല സന്ദേശങ്ങളും അയച്ചിരുന്നു. ഒരു അനാഥയെന്ന നിലയിൽ അന്യഭവനത്തിൽ വസിച്ചിരുന്നതിനാലും പ്രകൃത്യതീതമായ അനുഭവങ്ങരം കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരുന്നതിനാലും തൻെറ ആദ്ധ്യാത്മികരഹസ്യങ്ങളെല്ലാം അറിയിക്കുവാൻ ഒരാളെ ലഭിക്കുക ജെമ്മായ്ക്കു് ആവശ്യമായിരുന്നു. ആദ്ധ്യാത്മികഗുരുവിനെ സകല രഹസ്യങ്ങളും അറിയിക്കുക തന്നെ ഉത്തമമായ മാർഗ്ഗം. വിശുദ്ധാത്മാക്കരം അപ്രകാരം ചെയ്തിട്ടുണ്ടല്ലോ. ആകയാൽ എന്തുകൊണ്ടു് ഫാദർ ജെമ്മാനോയുമായി എഴുത്തുകുത്തുകരം ആരംഭിച്ചുകൂടാ? പക്ഷേ, അവരം നിർദ്ധനയായിരുന്നതിനാൽ സ്റ്റാമ്പു വാങ്ങുന്നതിനു പണമില്ലായിരുന്നു. ജെമ്മായുടെ നിത്യസഹചാരിയായ കാവൽമാലാഖാ

അവളെ ഇക്കാര്യത്തിൽ സഹായിക്കുകയില്ലെന്നോ? ഫാദർ ജെമ്മാനോയെ അറിയിക്കേണ്ട വളരെ അത്യാവശ്യമായ ഒരു സന്ദേശത്തെ സംബന്ധിച്ച ജെമ്മാ ഒരിക്കൽ സ്വാതസ്സിദ്ധമായ നിഷ്കളങ്കതയോടേ തൻെറ കാവൽമാലാഖായോടു പറഞ്ഞു. തൽക്ഷണം ആഗ്രഹം സാധിച്ചു. ഫാദർ ജെമ്മാനോ അന്നു റോമ്മിൽ വസിക്കുകയായിരുന്നു. ഒരു സായാഹ്നത്തിൽ സ്റ്റാമ്പ് ഒട്ടിച്ചിട്ടില്ലാത്ത ഒരു കത്തു മേശപ്പുറത്തു കിടക്കുന്നതായി അദ്ദേഹം കണ്ടു. ആരാണതു് അവിടെ കൊണ്ടുവന്നതെന്നു് ആക്കും നിശ്ചയമുണ്ടായിരുന്നില്ല. തുറന്നുനോക്കിയപ്പോൾ അതു ജെമ്മായുടെ കത്തായിരുന്നു.

ജെമ്മായുടെ സകല കത്തുകളും ഇങ്ങനെ പ്രകൃത്യതീതമായ വിധത്തിലാണു് അയച്ചിരുന്നതെന്നു നാം ധരിക്കരുതു്. അത്ഭുതങ്ങൾ മനുഷ്യരുടെ ഇഷ്ടമനുസരിച്ചു് എപ്പോഴും സംഭവിക്കുന്നവയല്ല. എന്നിരുന്നാലും ദൈവികപ്രേരണയാൽ ജെമ്മാ മാലാഖായെ ഏല്പിച്ചിട്ടുള്ള കത്തുകൾ ഒന്നുപോലും നഷ്ടപ്പെട്ടിട്ടില്ല. ശുദ്ധമായവിധം ജെമ്മാ കത്തുകൾ അയയ്ക്കുന്നുവെന്ന സംഗതി ഗ്യാനിനികുടുംബാംഗങ്ങളുടെ ഇടയിൽ വലിയ കോളിളക്കമുണ്ടാക്കി. തന്മൂലം ജെമ്മാ സംശയവിഷയമായിത്തീന്നു. പണംമോഷ്ടിച്ച സ്റ്റാമ്പുകൾ വാങ്ങിച്ചോ പിശാചിൻെറ സഹായത്താലോ ആണു് അവൾ കത്തുകൾ അയയ്ക്കുന്നതെന്നു് അവർ വിചാരിച്ചു. കാര്യങ്ങളുടെ യാഥാത്ഥ്യം ശരിയായി മനസ്സിലാകാതെ സിസിലിയും അന്നു ഗ്യാനിനിഭവനത്തിൽ വസിച്ചിരുന്ന മോൺസിഞ്ഞോർ തേയും വിഷമിച്ചു. സ്വാഭാവാതീതമായ മാഗ്ഗം ഉപയോഗിച്ചു മേലിൽ കത്തുകൾ അയയ്ക്കാതിരിക്കുവാൻ മോൺസിഞ്ഞോർ ജെമ്മായോടു് ഉപദേശിച്ചു. ഇതു സംബന്ധിച്ചു ജെമ്മാ ഫാദർ ജെമ്മാനോയ്ക്കെഴുതുന്നു: "എൻെറ കത്തുകൾ അങ്ങയുടെ അടുക്കൽ കൊണ്ടുവരുന്നതു് പിശാചാണെങ്കിൽ അവിടുന്നു് അവനെ തിരിച്ചറിയേണ്ടതായിരുന്നു. മാത്രമല്ല, അങ്ങനെയെങ്കിൽ അവൻവഴി മേലിൽ ഞാൻ അങ്ങേയ്ക്കു കത്തുകൾ അയയ്ക്കുകയില്ല."

ഫാദർ ജെമ്മാനോയും കാര്യങ്ങൾ ശരിയായി ഗ്രഹിക്കുവാൻ സാധിക്കാതെ വിഷമിച്ചു. പിശാചിൻെറ തന്ത്രമാണോ എന്ന് അദ്ദേഹം സംശയിച്ചു. ഈദൃശസംഭവങ്ങളൊന്നും പൈശാചികസൂത്രങ്ങൾക്കതീതമല്ലെന്നു വേദപുസ്തകവും ദൈവശാസ്ത്രവും ചരിത്രസംഭവങ്ങളും തെളിയിക്കുന്നു. വാസ്തവം വെളിപ്പെടുത്തുവാൻ അദ്ദേഹം തീക്ഷ്ണതാപൂർവ്വം ദൈവത്തോടു പ്രാർത്ഥിച്ചു. 'ഇതേവരെയും കത്തുകൾ ദൈവദൂതനാണ് കൊണ്ടുവന്നിരുന്നതെങ്കിൽ ഇനിയും കൊണ്ടുവന്നുകൊള്ളട്ടെ' എന്നദ്ദേഹം മനസ്സിൽ നിശ്ചയിച്ചു; അതേസമയം അദ്ദേഹം, തനിക്കുള്ള കത്തുകൾ മാലാഖാവഴിയായി അയയ്ക്കേണ്ടതില്ലെന്നും അവ എഴുതി സിസിലിയെ ഏല്പിച്ചാൽ മതിയെന്നും ജെമ്മായെ അറിയിക്കുകയും ചെയ്തു. ജെമ്മാ തനിക്കെഴുതുന്ന കത്തുകൾ വാങ്ങി രഹസ്യമായി സൂക്ഷിച്ചുകൊള്ളണമെന്നുകാണിച്ച് ഉടനെതന്നെ അദ്ദേഹം സിസിലിക്കും എഴുതി. ഈ സംഗതി പുറത്തുവിടരുതെന്നും നിഷ്കർഷിച്ചു. ഇങ്ങനെ സംഗതികളെല്ലാം ദൈവപരിപാലനയ്ക്കായി വിട്ടുകൊടുത്തിട്ട് അദ്ദേഹം ശ്രദ്ധാപൂർവ്വം പാർത്തിരുന്നു. അദ്ദേഹത്തിൻെറ ആജ്ഞയനുസരിച്ചു ജെമ്മാ പ്രവർത്തിച്ചു.

1901 ജൂൺ 21-ാം തീയതി മാലാഖാവഴി ഒരു കത്ത് ഫാദർ ജെമ്മാനോയ്ക്കെഴുതുവാൻ ഒരാഗ്രഹം ജെമ്മായ്ക്കുണ്ടായി. എങ്കിലും അപ്രകാരം ചെയ്യാതെ കത്തെഴുതി സിസിലിയെ ഏല്പിച്ചു. അവൾ അതു രഹസ്യമായി സൂക്ഷിക്കുകയും ചെയ്തു. കുറേക്കഴിഞ്ഞ് സിസിലിയോടൊരുമിച്ചു തോട്ടത്തിൽ നില്ക്കുമ്പോൾ ഒരു ദൈവദൂതൻ ഒരു കത്തുമായി പോകുന്നതു ജെമ്മാ കണ്ട് ഉടനെ വിവരം അവൾ സിസിലിയെ അറിയിച്ചു. താൻ കത്തുസൂക്ഷിച്ചുവച്ചിരുന്ന സ്ഥലത്തുചെന്നു നോക്കിയപ്പോൾ കത്തു കാണ്മാനില്ല. ഇതിനകം ആ കത്തു മാലാഖാ എടുത്തുകൊണ്ടുപോയി ഫാദർ ജെമ്മാനോയ്ക്കു കൊടുത്തു.

പിറേറദിവസം ജെമ്മാ രണ്ടു കത്തുകൾ, ഒന്നു ഫാദർ ജെമ്മാനോയ്ക്കും മറെറാന്ന് പീഡാനുഭവസഭാശ്രേഷ്ഠത്തിയായ

ഗ്രസേപ്പാശ്ശും എഴുതി. അതിൻെറ ഉടമസ്ഥക്ക് അത് എത്തിച്ച കൊടുക്കണമെന്നു മനസ്സുകൊണ്ട് മാലാഖായോടു പ്രാൎത്ഥിച്ചു. അതിനുശേഷം രണ്ടു കത്തുകളും ഒരു കവറിൽ ഇട്ട് സിസിലിയെ ഏല്പിച്ചു. സിസിലി ആ കത്തുകൾ മുദ്രവച്ച് ഫാദർ അഗ്രിമോണ്ടിയുടെ മുറിയിൽ ഉണ്ടായിരുന്ന രണ്ടു രൂപങ്ങളുടെ ഇടയിൽ സൂക്ഷിച്ചുവച്ചു. അടുത്തദിവസം ജെമ്മാ സിസിലിയോടു പറഞ്ഞു ആ കത്തുകളുമായി ദൈവദൂതൻ പോകുന്നതു് താൻ കണ്ടുവെന്നു്. പരിശോധനയുടെ ഫലമായി സംഗതി വാസ്തവമെന്നു തെളിഞ്ഞു. അവ ലക്ഷ്യസ്ഥാനങ്ങളിൽ ചെന്നു ചേൎന്നു. മാലാഖായിൽനിന്നു നേരിട്ട് ഒരു കത്തെങ്കിലും തനിക്കു കിട്ടണമെന്നായിരുന്നു ഫാദർ ജെൎമ്മാനോയുടെ ആഗ്രഹം. മേൽപ്രസ്താവിച്ച കത്ത് ഏതു വിധത്തിലാണ് തനിക്കു ലഭിച്ചതെന്നു് അദ്ദേഹം പറയുന്നില്ല. കൊർനേത്തോയിലേ പീഡാനുഭവസഭാസുപ്പീരിയർ പ്രസ്തുത സംഭവം സവിസ്തരം പറയുന്നുണ്ട്. ഒരു സായാഹ്നത്തിൽ ഒരു അപരിചിതൻ ഫാദർ ജെമ്മാനോയെക്കാണുന്നതിനായി അദ്ദേഹത്തിൻെറ മുറിയിലേയ്ക്കു പോകുന്നതു കണ്ടു. ആ മനുഷ്യൻ ആരാണെന്നു് ആശ്രമത്തിലുള്ള ആൎക്കും നിശ്ചയമില്ലായിരുന്നു. അവിടെ വന്നിരുന്ന ആൾ ദൈവദൂതനാണെന്നുള്ള സംഗതി ഫാദർ ജെമ്മാനോ മനസ്സിലാക്കിയോ എന്നു് നമുക്കു നിശ്ചയമില്ല. ഏതായാലും അന്നുമുതൽ ജെമ്മായെ സംബന്ധിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന സംശയങ്ങളെല്ലാം നീങ്ങി. അതുമുതൽ മാലാഖാവഴി ഇഷ്ടംപോലെ കത്തുകൾ അയച്ചുകൊള്ളുവാൻ അവളെ അദ്ദേഹം അനുവദിക്കുകയും ചെയ്തു.

# പതിനാറാം അദ്ധ്യായം.

## പൈശാചികപ്രലോഭനങ്ങൾ.

തൻെറ തിരഞ്ഞെടുക്കപ്പെട്ടവർപോലും ചില പ്പോൾ പിശാചിൻെറ ഉപദ്രവങ്ങൾക്കു വിധേയരാകുവാൻ ദൈവം അനുവദിക്കാറുണ്ടു്. പിശാചിൽനിന്നും ജെമ്മായ്ക്കു ണ്ടായ ക്ലേശങ്ങളെപ്പററി കേൾക്കുമ്പോൾ വിശുദ്ധ ജോൺ വിയാനിയുടെ ജീവചരിത്രത്തിലേ ചില സംഭവങ്ങൾ നമ്മുടെ സ്മരണയിൽ ഉദിക്കുന്നു. ഈ രണ്ടു വിശുദ്ധാത്മാക്കളും തങ്ങളുടെ പരമശത്രുവായ പിശാചിനെ ഓരോ ഹാസ്യനാമധേയത്തി ലാണു് വിളിച്ചിരുന്നതു്. വിശുദ്ധ ജോൺവിയാനി "ഗ്രപ്പെ" എന്നും, ജെമ്മാ "ച്യാപ്പിനോ" എന്നും. ഈ രണ്ടു സംജ്ഞ കളും അവൻെറ സ്വഭാവം വ്യക്തമാക്കുന്നുണ്ടു്. പിശാചിനെ ആത്മാക്കളുടെ "മോഷ്ടാവാ"യിട്ടാണു് സാധാരണമായി ചിത്രീ കരിക്കുന്നതു്. വിശുദ്ധ പത്രോസിൻെറ വാക്കുകൾ ഈ ആശയ മല്ലേ വ്യക്തമാക്കുന്നതു്? "നിങ്ങളുടെ ശത്രുവായ സാത്താൻ ആരെ വിഴുങ്ങേണ്ടു എന്നന്വേഷിച്ചു സിംഹത്തെപ്പോലെ അലറിക്കൊണ്ടു നടക്കുന്നു."

സാത്താൻെറ തന്ത്രങ്ങളും പ്രലോഭനങ്ങളും ഇല്ലായിരു ന്നുവെങ്കിൽ ആദ്ധ്യാത്മിക ജീവിതം ഇത്ര ക്ലേശപൂർണ്ണമാകയില്ലാ യിരുന്നു. ലോകവും ജഡവും നമ്മുടെ അരൂപിക്കെതിരായി നിരന്തരസമരം നടത്തുന്നുണ്ടെങ്കിലും ആ സമരം ഉഗ്രമാക്കി ത്തീർക്കുന്നതു സാത്താനാണെന്നുള്ളതിനു സന്ദേഹമില്ല. പിശാചു് ഇല്ലെന്നും ഉണ്ടെങ്കിൽത്തന്നെ മനുഷ്യരെസംബന്ധിച്ച കാര്യ ങ്ങളിൽ അവനു യാതൊരു ഔൽസുക്യവുമില്ലെന്നും വളരെ ആളുകളെ ധരിപ്പിക്കുന്നതിനു് അവനു സാധിച്ചിട്ടുണ്ടു്. പല പണ്ഡിതമ്മന്യന്മാരും ഇക്കാര്യത്തിൽ അവനെ സഹായിച്ചു കൊണ്ടുമിരിക്കുന്നു.

ദൈവത്തിനും അവിടുത്തേ സൃഷ്ടികൾക്കും എതിരായി അന്ധകാരത്തിന്റെ സന്തതികൾ നിരന്തരസമരം നടത്തുന്നു വെന്നു വേദപുസ്തകം ആവർത്തിച്ചാവർത്തിച്ച് പ്രസ്താവിക്കുന്നുണ്ട്. നമ്മുടെ ആദിമാതാപിതാക്കന്മാരെ അധഃപതിപ്പിച്ചതു സാത്താനാണെന്നു് സൃഷ്ടിയുടെ പുസ്തകത്തിൽനിന്നു നാം മനസ്സിലാക്കുന്നു. "അവൻ ആദിമുതൽ ഒരു കൊലപാതകിയായിരുന്നു" വെന്നു് ക്രിസ്തുനാഥൻ പറയുന്നില്ലേ? വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ നാം വായിക്കുന്നു: "സാത്താനും അവന്റെ സന്തതികൾക്കുമായി അനാദിമുതൽ സജ്ജമാക്കിയിരിക്കുന്ന നരകാഗ്നിയിലേയ്ക്കു ദുഷ്ടന്മാർ വീഴും." വി. പൗലോസ് പറയുന്നു: "നമ്മുടെ യുദ്ധം ശരീരത്തോടും രക്തത്തോടുമല്ല; പ്രഭുത്വങ്ങളോടും അധികാരങ്ങളോടും അന്ധകാരമയമായ ഈ ലോകത്തെ കീഴടക്കിയിരിക്കുന്നവരോടും ആകാശത്തിനുകീഴുള്ള ദുഷ്ടാത്മാക്കളോടുമാകുന്നു." സാത്താൻ അവന്റെ അധഃപതിച്ച സ്വഭാവത്തിന് അനുയോജ്യമായി മനുഷ്യർക്കെതിരായി നിരന്തരം സമരം നടത്തുന്നുവെന്നാണ് വേദപുസ്തകവും സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളും ആധാരമാക്കിക്കൊണ്ടു് ദൈവശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നതു്.

ദൈവദൂതന്മാർ അധഃപതിച്ചപ്പോൾ അവരുടെ സ്വഭാവത്തിനും അധഃപതനമുണ്ടായി. തന്മൂലം സ്വാഭാവികമായി നന്മ ചെയ്യുവാനുണ്ടായിരുന്ന വാസന തിന്മചെയ്യുന്നതിനുള്ള വാസനയായിത്തീർന്നു. മാത്രമല്ല, ദൈവച്ഛായയിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്നുവെന്ന കാരണത്താൽത്തന്നെ പിശാച് മനുഷ്യനെ വെറുക്കുന്നു. ദൈവം മനുഷ്യനെ സ്നേഹിക്കുന്നുവെന്ന സംഗതി അവനു മനുഷ്യന്റെനേരേയുള്ള വിദ്വേഷാഗ്നി ആളിക്കത്തുന്നതിനു കാരണമാകുന്നു.

പിശാചിനു മനുഷ്യനെ പരീക്ഷിക്കുന്നതിനു ശക്തിയും അനുമതിയും ഉണ്ടു്. ജോബിന്റെ പുസ്തകത്തിൽ നാം വായിക്കുന്നു: "നീ ദൈവസന്നിധിയിൽ സ്വീകാര്യനാകയാൽ പ്രലോഭനങ്ങളാൽ പരീക്ഷിക്കപ്പെടുക ആവശ്യകമാകുന്നു." ഇതു

വിശുദ്ധിയുടെ ഒരു നിയമം മാത്രമാണ്. ഈ നിയമത്തിനു ജെമ്മാ മററു പല വിശുദ്ധരേയുംകാൾ കൂടുതൽ വിധേയയായിട്ടുണ്ട്.

ഫാദർ ജെമ്മാനോസ്സുള്ള കത്തിൽ അവൾ കുറിക്കുന്നു: "കഴിഞ്ഞ രണ്ടു ദിവസങ്ങളിൽ ദിവ്യകാരുണ്യസ്വീകരണത്തിനു ശേഷം ദിവ്യനാഥൻ എന്നോടു പറഞ്ഞു: 'എൻെറ മകളേ, ദുഷ്ടാരൂപി ഒരു ഭയങ്കരസമരം നിനക്കെതിരായി അഴിച്ചുവിടും' എന്ന്. ആ വാക്കുകൾ എൻെറ ചെവികളിൽ ഇപ്പോഴും മുഴങ്ങിക്കൊണ്ടിരിക്കുന്നു. ആകയാൽ പ്രിയ പിതാവേ, എനിക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമേ....... ആരായിരിക്കും അതിൽ വിജയം കൈവരിക്കുന്നത്? ദുഷ്ടാത്മാവോ ഞാനോ? ഹാ, ഞാൻ ഭയചകിതയാകുന്നു. എന്തായിരിക്കും സമരം? കഷ്ടം! ആദ്ധ്യാത്മികശക്തിക്കുവേണ്ടി ഈശോയോടു പ്രാർത്ഥിക്കുന്നതിനു പകരം അതും ഇതും ചിന്തിച്ചു ഞാൻ വൃഥാ സമയം കളയുന്നു. കാര്യങ്ങളെല്ലാം ഞാൻ യഥാസമയം അങ്ങയെ അറിയിക്കുകയും സകലതും അങ്ങയുടെ കരങ്ങളിൽ ഏല്പിക്കുകയും ചെയ്തിരിക്കുന്നു. അങ്ങയുടെ സഹായമാണെനിക്കാവശ്യം."

സാത്താനുമായുള്ള ജെമ്മായുടെ സഹനസമരം സമാരംഭിച്ചു. സാത്താൻ ദൃഢനിശ്ചയത്തോടും അതീവപരാക്രമത്തോടുംകൂടിയാണ് അതിനായി ഒരുങ്ങി ഇറങ്ങിയിരിക്കുന്നത്. ജെമ്മായുടെ ഭാവിവിശുദ്ധിയെപ്പററി അവളുടെ ശൈശവത്തിൽ തന്നെ സാത്താൻ സംശയിച്ചിരുന്നുവെന്നാണു തോന്നുന്നത്.

"ശൈശവത്തിൽ അവളുടെ ഭവനത്തിൽവച്ചു പിശാച് പട്ടി, പൂച്ച, കുരങ്ങ് മുതലായ മൃഗങ്ങളുടെ രൂപത്തിൽ പ്രത്യക്ഷപ്പെട്ട് അവളെ ഭയപ്പെടുത്തുവാൻ ശ്രമിച്ചിട്ടുണ്ട്. അവൻ ചിലപ്പോൾ കയറുകൊണ്ടു ഭയങ്കരമായി അവളെ പ്രഹരിക്കും. ഈദൃശസംഭവങ്ങൾ ശ്രവിച്ച അവളുടെ ആദ്ധ്യാത്മികഗുരു ഈ കാര്യങ്ങളെ സംബന്ധിച്ചു ശരിയായി അന്വേഷണംനടത്തി വിവരമറിയിക്കണമെന്ന് എന്നോട്ട് ആജ്ഞാപിച്ചു," എന്നിങ്ങനെ സിസിലി രേഖപ്പെടുത്തിയിരിക്കുന്നു.

സാത്താൻ പ്രത്യക്ഷസമരം ജെമ്മായുടെനേരെ അഴിച്ചു വിട്ടു. ജഡികചിന്തകളും വികാരങ്ങളുംമൂലം അവൻ അവളെ അതികഠിനമായി അലട്ടിത്തുടങ്ങി. നിഷ്കളങ്കയായ ജെമ്മാ അശുദ്ധപാപങ്ങളെ സംബന്ധിച്ചു യാതൊന്നും ഗ്രഹിച്ചിരുന്നില്ല. എങ്കിലും അവളുടെ മനസ്സിൽ അശ്ലീലചിന്തകൾ അവൻ നിറച്ചു. അവളുടെ പരിപാവനമായ ആത്മാവു വെന്തുനീറിത്തുടങ്ങി. വി. പൗലോസിനെപ്പോലെ കരുണാമൂർത്തിയായ ഈശോയിൽ അവൾ അഭയം തേടി. അതിനുപകരം മറേറതു പീഡകൾ വേണമെങ്കിലും സഹിക്കാമെന്നവൾ അവിടുത്തെ അറിയിച്ചു. എങ്കിലും പ്രലോഭനങ്ങൾ പല ദിവസത്തേയ്ക്കു് നീണ്ടുനിന്നു. എന്നാൽ, അവൾതന്നെയാണ് സമരത്തിൽ എപ്പോഴും വിജയം കൈവരിച്ചിരുന്നതു്.

ദുഷ്ടാരൂപി, ആശ്വസിക്കുവാൻ ഒരിക്കലും അവളെ അനുവദിച്ചില്ല. അവളുടെ കുടുംബസ്ഥിതി മോശമായിരുന്നു. മാതാപിതാക്കളും സ്നേഹിതരും അവൾക്കു നഷ്ടപ്പെട്ടിരിക്കുന്നു. അവൾ ഏകാകിനിയും പരാശ്രയയുമാണ്. സ്വന്തം ആളുകളുടെയിടയിൽപ്പോലും അവൾക്കു ശത്രുക്കൾ ഉണ്ടായിരുന്നു. അവളെ ഭഗ്നാശയാക്കുവാൻ പിശാചു് ഈ സാഹചര്യങ്ങളെല്ലാം അനുസ്മരിപ്പിച്ചു. ആദ്ധ്യാത്മികശുഷ്കതയാലും അവൾ പീഡിപ്പിക്കപ്പെട്ടിരുന്നു. താദൃശാവസരങ്ങളിൽ സാത്താൻ, അവളുടെ പ്രാർത്ഥനകളെല്ലാം ഫലശൂന്യങ്ങളാണെന്നും അവൾക്കു നിത്യരക്ഷ കിട്ടുകയില്ലെന്നും മററുമുള്ള വിചാരങ്ങൾകൊണ്ടു് നൈരാശ്യം ഉളവാക്കുവാൻ ശ്രമിക്കാതിരുന്നില്ല. അവളുടെ അതിസ്വാഭാവികാനുഭവങ്ങളെ സംബന്ധിച്ചു മററുള്ളവർ സംശയിച്ചിരുന്നുവെന്ന സംഗതി അവളെ കഷ്ടപ്പെടുത്തുന്നതിനുള്ള പ്രത്യേകോപകരണമായി സാത്താൻ സ്വീകരിച്ചു. ജഡികസന്തോഷങ്ങൾ, ദൈവദൂഷണം മുതലായവയിലുള്ള പ്രലോഭനങ്ങളാണ് വളരെ സാധാരണമായി അവൾക്കു് ഉണ്ടായിക്കൊണ്ടിരുന്നതു്. മിക്കവാറും ജീവിതാന്ത്യംവരെ ഈ പ്രലോഭനങ്ങൾ അവളിൽ നീണ്ടുനിന്നിരുന്നു.

നിരന്തരം അനുഭവപ്പെട്ടുകൊണ്ടിരുന്ന അതിഭയങ്കരവും അസഹ്യവുമായ പ്രലോഭനങ്ങൾക്കെതിരായി താൻ നടത്തിയ അവിച്ഛിന്നമായ സമരത്തെക്കുറിച്ചു ജെമ്മാ തൻെറ ആദ്ധ്യാത്മികപിതാവിനെഴുതിയിട്ടുള്ള വിവരണങ്ങൾ കേൾക്കുവാൻ പോലും ഭയംതോന്നിക്കുന്നവയാണ്. ദൈവം അവളെ കൈവെടിഞ്ഞിരിക്കുന്നുവെന്നും നിത്യനാശത്തിൻെറ വക്കിലാണ് അവൾ സ്ഥിതിചെയ്യുന്നതെന്നും ചിലപ്പോൾ സാത്താൻ അവളോടു പറയും. മററു ചിലപ്പോൾ അവൻ ചോദിക്കും: "ഈശോ നിൻെറ അഭ്യർത്ഥനകൾ ശ്രവിക്കുകയോ നിന്നെ സ്നേഹിക്കുകയോ ചെയ്യുന്നില്ലെന്നുള്ള സംഗതി നിനക്കറിയാമോ?"

ചില പാപികൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു കമ്പസാരക്കാരൻ ഒരിക്കൽ കഥാനായികയോടാവശ്യപ്പെട്ടു. അപ്രകാരം ചെയ്യാമെന്ന് അവൾ സമ്മതിച്ചു. അവൾ വീട്ടിൽ തിരിച്ചെത്തിയ ഉടനെ സാത്താൻ അവളുടെ അടുക്കൽവന്നു പറഞ്ഞു: "സ്വന്തം ആവശ്യങ്ങൾക്കുവേണ്ടി നീ എത്രമാത്രം വേണമെങ്കിലും പ്രാർത്ഥിച്ചുകൊള്ളുക. എന്നാൽ പാപികൾക്കു വേണ്ടി പ്രാർത്ഥിച്ചുപോകരുത്. ഇതിനു വിരുദ്ധമായി ചെയ്താൽ അതിൻെറ ഫലം അപ്പോൾ നീ അനുഭവിക്കും."

ചിലപ്പോൾ ഭയങ്കരനായ നായുടെ വേഷത്തിലും മററു ചിലപ്പോൾ ഭീമാകാരനായ രാക്ഷസൻെറ രൂപത്തിലും സാത്താൻ അവൾക്കു പ്രത്യക്ഷനായിരുന്നു. ഒരു കത്തിൽ അവൾ എഴുതുന്നു: "കഴിഞ്ഞ രാത്രി എനിക്കൊരു കാളരാത്രിയായിരുന്നു. അതിഭയങ്കരനായ ഒരു രാക്ഷസൻെറ രൂപത്തിൽ പിശാച് പ്രത്യക്ഷനായി 'നിനക്കു നിത്യരക്ഷ കിട്ടുകയില്ല; നീ എനിക്കുള്ളതാണ്,' എന്നിങ്ങനെ പറഞ്ഞുകൊണ്ട് എന്നെ തുടച്ചയായി പ്രഹരിച്ചുകൊണ്ടിരുന്നു. 'ദൈവം കാരുണ്യവാരിധിയാകയാൽ ഒന്നും ഞാൻ ഭയപ്പെടുന്നില്ല' എന്നു ഞാൻ പ്രത്യുത്തരം നല്കി. ഉടനെ 'നീ ശപിക്കപ്പെട്ടവളാകട്ടെ' എന്നട്ടഹസിച്ചുകൊണ്ട് അതിഭയങ്കരമായ ഒരു പ്രഹരം എൻെറ ശിരസ്സിൽ ഏല്പിച്ചിട്ട് അവൻ മറഞ്ഞുകളഞ്ഞു. അല്പം ആശ്വസിക്കാ

മെന്നു കരുതി ഞാൻ മുറിയിലേയ്ക്കു പോയി. അവിടെയും അവ നെത്തി. ഇടയ്ക്കിടയ്ക്കു കെട്ടുകളുള്ള ഒരു കയറുകൊണ്ടു വീണ്ടും വീണ്ടും എന്നെ പ്രഹരിക്കുകയും പാപംചെയ്യുന്നതിനു പ്രേരിപ്പിക്കുകയും ചെയ്തു. 'ഞാൻ പാപംചെയ്യുകയില്ല' എന്നു പറഞ്ഞപ്പോൾ വീണ്ടും ഭയങ്കരമായി മർദ്ദിക്കുകയും തല പിടിച്ചു നിലത്തു മുട്ടിക്കുകയും ചെയ്തു. അസഹനീയമായ വ്യഥയാൽ ഞാൻ 'നിത്യപിതാവേ, ഈശോമിശിഹായുടെ തിരുരക്തത്തെക്കുറിച്ച് എന്നെ രക്ഷിക്കണമേ' എന്നു നിലവിളിച്ചു പറഞ്ഞു. ഉടനെ എന്താണു സംഭവിച്ചതെന്ന് എനിക്കു നിശ്ചയമില്ല. ഏതായാലും ദുഷ്ടാരൂപി കിടക്കയിൽനിന്നും എന്നെ വലിച്ചു നിലത്തുചാടിച്ചു; എൻെറ തല നിലത്തുചെന്നടിച്ചു; വേദനയാൽ ഞാൻ പുളഞ്ഞു. വീഴ്ചയുടെ ശക്തിയാൽ ബോധരഹിതയായിത്തീർന്നു. സുബോധമുണ്ടാകുന്നതുവരെ അവിടെത്തന്നെ കിടന്നു."

ആദ്ധ്യാത്മികപിതാവിനു മറെറാരവസരത്തിൽ അവൾ എഴുതി: "എൻെറ അച്ചാ, ഓടിവരണേ. അല്ലെങ്കിൽ ദൂരെ ഇരുന്നുകൊണ്ട് പിശാചിനെ ഓടിച്ചുകളയുക. അവൻ ഇതാ എന്നെ അതിദുസ്സഹമായി പീഡിപ്പിക്കുന്നു. ഞാൻ എത്രമാത്രം സഹിച്ചുവെന്ന് അങ്ങ് അറിഞ്ഞിരുന്നുവെങ്കിൽ! കഴിഞ്ഞ രാത്രി അവന് എന്തൊരാനന്ദമായിരുന്നു. 'അനുസരണക്കേട്, അനുസരണക്കേട്, ഇനിയും സമയമില്ല, ഇനിയും സമയമില്ല' എന്നു പറഞ്ഞുകൊണ്ട് എൻെറ തലമുടിക്കുത്തിനുപിടിച്ച് അവൻ എന്നെ വലിച്ചിഴക്കുകയും 'എൻെറ കൂട്ടത്തിൽ വരിക' എന്നട്ടഹസിച്ചുകൊണ്ട് എന്നെ നരകത്തിലേയ്ക്കു തള്ളിച്ചാടിക്കുവാൻ ശ്രമിക്കുകയും ചെയ്തു. ഇങ്ങനെ നാലഞ്ചുമണിക്കൂർ സമയം അവൻ എന്നെ അലട്ടിക്കൊണ്ടിരുന്നു."

ഫാദർ ജെമ്മാനോയ്ക്കു കഥാനായിക ഒരു കത്തെഴുതിക്കൊണ്ടിരുന്നപ്പോൾ ഒരു ദിവസം സാത്താൻ അവിടെ കയറിവന്ന്, പേനാ അവളുടെ കരങ്ങളിൽനിന്നും പിടിച്ചെടുക്കുകയും കത്ത് ഛിന്നഭിന്നമായി വലിച്ചു കീറുകയും ചെയ്തു. അനന്തരം

അവൻ അവളെ മുടിക്കു പിടിച്ചു വലിച്ചിഴച്ചുകൊണ്ട് "നിൻെറ ആദ്ധ്യാത്മികഗുരുവിനെതിരായി ഞാൻ സമരം ഉടൻ തുടങ്ങും" എന്നലറി.

പിന്നീടൊരിക്കൽ ജെമ്മാ പാപസങ്കീത്തനം നടത്തുന്നതിനായി വരുമെന്നു മനസ്സിലാക്കിക്കൊണ്ടു സാത്താൻ പാപനിവേദനവേദിയിൽക്കയറിയിരുന്നു. ജെമ്മാ പതിവുപോലെ പാപസങ്കീർത്തനം നടത്തുന്നതിനു ചെന്നു കുരിശുവരച്ച്, എന്തോ പറയുന്നതിനു തുടങ്ങി. ഉടനെ അസഭ്യങ്ങൾ പുലമ്പിക്കൊണ്ട് അവൻ ചാടി എഴുന്നേററു. സാധു ജെമ്മാ ഭയന്നു വിറച്ചുപോയി. 'ഈശോയേ, എന്നെ രക്ഷിക്കണമേ' എന്ന സുകൃതജപം ചൊല്ലിക്കൊണ്ട് അവൾ ഓടി രക്ഷപെട്ടു.

ഫാദർ ജെമ്മാനോയുടെ കല്പനയനുസരിച്ച്, ജെമ്മാ തൻെറ ആത്മസ്ഥിതിയും സമാധിയും വിവരിച്ച് ഒരു ഡയറി എഴുതി ഉണ്ടാക്കി. അവൾ അത് സിസിലിയെ ഏല്പിച്ചു. അതു ഫാദർ ജെമ്മാനോയ്ക്കു് അയച്ചുകൊടുക്കുവാൻ സിസിലി സൂക്ഷിച്ചുവച്ചിരുന്നു. എന്നാൽ ഒരുദിവസം സാത്താൻ അതു തട്ടിക്കൊണ്ടുപോയി. ഫാദർ ജെമ്മാനോയുടെ പ്രാത്ഥനയും അധികാരപൂർവമായ കല്പനയുംമൂലം സാത്താൻ അതു തിരിച്ചുകൊടുത്തു.

ആ സംഭവം ജെമ്മാ വിസ്തരിക്കുന്നു: "ഒരു രാത്രിയിൽ ഞാൻ ഗാഢനിദ്രയിൽ ലയിച്ചിരുന്നപ്പോൾ പിശാചു പ്രലോഭനങ്ങളുമായിവന്നു് എന്നെ അലട്ടിത്തുടങ്ങി. പ്രാത്ഥിച്ചുകൊണ്ടും കുരിശിൻെറ അടയാളം വരച്ചുകൊണ്ടും ഒരുമണിക്കൂർനേരം ഞാൻ സമരം നടത്തി. അമലോത്ഭവമറിയത്തിൻെറ സ്തുതിക്കായി ഒരു സുകൃതജപം ചൊല്ലിയ ഉടനെ പരീക്ഷകളെല്ലാം അവസാനിച്ചു. പകവീട്ടുന്നതിനായി അവൻ എന്നെ പ്രഹരിക്കുന്നതിനു ശ്രമിച്ചുവെങ്കിലും അനുമതി ലഭിക്കാഞ്ഞതിനാൽ അതിനു സാധിച്ചില്ല. ഉടനെ 'യുദ്ധം, യുദ്ധം, സ്വയംകൃതചരിത്രം എൻെറ കൈവശമാണ്' എന്നട്ടഹസിച്ചുകൊണ്ട് അവൻ സ്ഥലംവിട്ടു."

പിശാചിൻെറ കൈയിൽനിന്നും തിരിച്ചുകിട്ടിയതും

കീറിപ്പറിഞ്ഞു കരിഞ്ഞിരിക്കുന്ന താളുകളോടുകൂടിയതുമായ ആ കൈയെഴുത്തുപ്രതി റോമിലുള്ള പീഡാനുഭവസഭക്കാരുടെ "ജനറൽ പോസ്ററുലൻറ"ഭവനത്തിൽ ഇന്നും സൂക്ഷിച്ചുവരുന്നു.

ഒരിക്കൽ, ജി. വി. വി. എന്ന് ഒപ്പുവച്ചിരുന്ന ഒരു കാഡ്ഡ് ഗ്യാനിനിക്കുടുംബത്തിനു ലഭിച്ചു. ജി. വി. വി. യുടെ പൂർണ്ണരൂപം ജൊവാനി വോറംപ്പി വെസക്കോവ് എന്നാണ്. ആ കത്ത് പീഡാനുഭവസഭാപ്രൊവിൻഷ്യൽ പേത്രോപൗലോ എന്ന വൈദികനുള്ളതായിരുന്നു. അതിലെ ഉള്ളടക്കം എത്ര രസാവഹമായിരിക്കുന്നുവെന്നു നോക്കുക. "ഇവിടെനിന്നും തിരിച്ചുപോരുന്നതിനുമുമ്പ് അങ്ങയെ നേരിട്ടുകാണുവാൻ സാധിക്കയില്ലാത്തതിനാലാണ് ഈ കത്തെഴുതുന്നത്. ജെമ്മായിൽ നടന്നുകൊണ്ടിരിക്കുന്നതു പൈശാചികപ്രവർത്തനങ്ങളാണെന്ന് ഇശോയിൽനിന്നു ഞാൻ നേരിട്ടു മനസ്സിലാക്കിയിരിക്കുന്നതിനാൽ ആ ദുർവൃത്തയുടെ കാര്യത്തിൽ യാതൊരു താൽപര്യവും കാണിക്കാതിരിക്കുന്നതായിരിക്കും നല്ലത്. ഈ സംഗതി ഫാദർ ജെമ്മാനോയേയും അറിയിക്കുക. അവളെ ഇനിയും ഈ വിധം സഹായിച്ചുകൊണ്ടിരുന്നാൽ അവളുടെ ആത്മരക്ഷതന്നെ അപകടത്തിലാക്കുകയായിരിക്കും നിങ്ങറം ചെയ്യുന്നത്. അവറംക്കു നിങ്ങളുടെ സഹായം ആവശ്യമില്ല. അവറം വഞ്ചിക്കപ്പെട്ടിരിക്കുന്നു. എൻെറ ഉപദേശം സ്വീകരിച്ചാൽ അവറം രക്ഷപെട്ടേക്കും എന്നു നിങ്ങളുടെ ഒരു സ്നേഹിതൻ."

ആ കത്തിനെപ്പററി സൂചിപ്പിച്ചുകൊണ്ടു ജെമ്മാ ഫാദർ ജെമ്മാനോയ്ക്കെഴുതുന്നു: "ഈ ദിവസങ്ങളിൽ സാത്താൻ അവൻെറ സകല അടവുകളും പ്രയോഗിച്ചുതുടങ്ങിയിരിക്കയാണെന്നു തോന്നുന്നു. പ്രൊവിൻഷ്യാളിനു ലഭിച്ച കത്തിനെസംബന്ധിച്ച് അങ്ങു കേട്ടിരിക്കുമെന്നു വിശ്വസിക്കുന്നു."

ആ കത്തു തൻേറതല്ലെന്നു മോൺസിഞ്ഞോർ വോറംപ്പി തെളിയിക്കുന്നു. ആ കത്തുതന്നെ, ഒരു സുഹൃത്തിൽനിന്നല്ല അതിൻെറ പുറപ്പാടെന്നു സ്പഷ്ടമാക്കുന്നുണ്ട്. ഏതായാലും പ്രോവിൻഷ്യൽ ആ കത്ത് അത്ര കാര്യമായി ഗണിച്ചില്ല.

എന്നാൽ കാര്യങ്ങൾ ഇതുകൊണ്ട് അവസാനിച്ചില്ല. കുറച്ചു ദിവസങ്ങൾക്കശേഷം ഒരുദിവസം അദ്ദേഹം അയയ്ക്കുവാൻ എഴുതിവച്ചിരുന്ന മൂന്നു കത്തുകളിൽ ഒന്നു കാണ്മാനില്ലെന്നായി. അതിൽ ജെമ്മായെ സംബന്ധിച്ച ചില സംഗതികൾ കുറിച്ചിരുന്നു. നഷ്ടപ്പെട്ട കത്തു ഫാദർ ജെമ്മാനോയ്ക്കുള്ളതുമായിരുന്നു.

ഫാദർ ജെമ്മാനോയുടെ ഒപ്പുള്ള ഒരു കത്ത് പിറെറ ദിവസം പ്രോവിൻഷ്യലിനു ലഭിച്ചു. അതിലെ ഉള്ളടക്കം ഇങ്ങനെയായിരുന്നു. "ഇന്നലെ ഏകദേശം ഒരു മണിയായപ്പോൾ അങ്ങയുടെ കത്ത് എൻെറ കാവൽമാലാഖാ ഇവിടെ എത്തിച്ചു. ഉടനെതന്നെ ഞാൻ അതിനു മറുപടി അയക്കുന്നു.

"പ്രിയ അച്ചാ' നാം സംഗതികൾ വളരെ സൂക്ഷിച്ചു വേണം ചെയ്യുവാൻ. വാഴ്ത്തപ്പെട്ട ഗബ്രിയേലിനോടു പ്രാർത്ഥിച്ചതിൻെറ ഫലമായി ജെമ്മായെ സംബന്ധിച്ച ചില സംഗതികൾ അദ്ദേഹം എനിക്കു വെളിപ്പെടുത്തിയിരിക്കുന്നു. അവൾ വഞ്ചിക്കപ്പെട്ടിരിക്കുന്നു. പ്രിയ അച്ചാ, മേലിലെങ്കിലും തെററു വരാതിരിക്കുവാൻ നമുക്കു ശ്രമിക്കാം. നമ്മുടെ നിത്യരക്ഷ സുരക്ഷിതമാകുന്നതിനുവേണ്ടി അന്യരുടെ കാര്യങ്ങൾ ഉപേക്ഷിക്കേണ്ടിവരുമ്പോൾ അങ്ങനെ ചെയ്യുകയല്ലേ വേണ്ടത്? ജെമ്മായെ സംബന്ധിച്ച് അങ്ങ് പറഞ്ഞിട്ടുള്ളവയെല്ലാം പിൻവലിക്കുക. അവളുടെ യഥാർത്ഥസ്ഥിതി വെളിപ്പെടുത്തുവാനുള്ള ശ്രമം തന്നെ നിഷ്പ്രയോജനമാണ്. അവളിൽ കാണുന്നതെല്ലാം വഞ്ചനയും കപടഭക്തിയുമാണ്. അവൾ പൈശാചികശക്തിയിൽ അമർന്നുകഴിഞ്ഞിരിക്കുന്നതിനാൽ നമ്മുടെ ശ്രമങ്ങൾ കൊണ്ടു വലിയ ഫലമൊന്നുമുണ്ടാകയില്ല. ആകയാൽ അവളെ സംബന്ധിച്ച സംഗതികളിൽനിന്നു നമുക്കൊഴിഞ്ഞു മാറി നില്ക്കാം.

"അവളുടെ നേരെ എനിക്കുണ്ടായിരുന്ന ആദരം വിദ്വേഷമായിപ്പകർന്നുകഴിഞ്ഞിരിക്കുന്നു. അതുപോലെ അങ്ങേയ്ക്കും തോന്നിയിരുന്നെങ്കിൽ നന്നായിരുന്നു. ആ കപടഭക്തിയെപ്പററി മേലിൽ എന്തെങ്കിലും പറയുന്നതിനോ എഴുതുന്നതിനോ

ഞാൻ ആഗ്രഹിക്കുന്നില്ല. ഇന്നലത്തെ സൂത്രം അവറം പ്രയോഗിച്ചതാണ്. അവളാണ കത്തു മറച്ചുവച്ചത്. എന്നാൽ എൻെറ കാവൽമാലാഖാ അതു് എടുത്തുകൊണ്ടുവന്നു് എനിക്കു നല്കി.

സിസിലിയുടെ കാര്യത്തിലാണ് എനിക്കു കൂടുതൽ ഉൽകണ്ഠ. ആ കുടുംബാംഗങ്ങറം അപകടത്തിൽപ്പെടാതിരിക്കുന്നതിനായി കഴിയുന്നതുംവേഗം ജെമ്മായെ അവിടെനിന്നും നിഷ്കാസനംചെയ്യുവാൻ അവരോടു പറയുക. ഈ കത്തു് വി. ഗബ്രിയേൽ പറഞ്ഞുതന്നു് എഴുതിച്ചതാണ്.

"മറെറാരു കത്തു് (രൂപങ്ങളുടെ ഇടയിൽ വച്ചിരുന്നതായിരിക്കാം) മാലാഖാ കൊണ്ടുവന്നതല്ല. ജെമ്മാതന്നെ വീട്ടിൽനിന്നും പണം മോഷ്ടിച്ചെടുത്തു സ്റ്റാമ്പുവാങ്ങി അയച്ചുതന്നതാണ്. അവളിലുള്ള എൻെറ വിശ്വാസം സമ്പൂൎണ്ണമായി നശിച്ചിരിക്കുന്നു. ഒരിക്കൽക്കൂടി അവളെ ഉപദേശിച്ചുനോക്കുന്നതു കൊള്ളാം. പിന്നീടു് അവളുമായുള്ള വേഴ്ച പൂൎണ്ണമായി ഉപേക്ഷിക്കുക.

"വി. ഗബ്രിയേലിൻെറ നിർദ്ദേശം ഗ്യാനിനിക്കുടുംബാംഗങ്ങളെ അറിയിക്കണം, അവർ അവളെ നിഷ്കാസനം ചെയ്യുവാൻ. ഇനിയും ധാരാളം പറയുവാനുണ്ടു്. എങ്കിലും അങ്ങു സംഗതികളെല്ലാം ഇതുകൊണ്ടു ധരിച്ചുകാണുമല്ലോ? ഇതെല്ലാം അവളുടെ മെത്രാനെ അറിയിച്ചു് അവളുടെ ദിവ്യകാരുണ്യസ്വീകരണം മുടക്കുന്നതായിരിക്കും ഉത്തമം.

എന്നു് ജെമ്മാനോ."

ഈ കത്തു വായിച്ചുകഴിഞ്ഞപ്പോറം പ്രോവിൻഷ്യൽ അത്ഭുതമൂകനായിച്ചമഞ്ഞു. എന്തുചെയ്യണമെന്നറിയാതെ അദ്ദേഹം കുഴങ്ങി. "ഒന്നുകിൽ ആരെങ്കിലും എന്നെ പരീക്ഷിക്കുന്നതിനെഴുതുന്നതാണ്. അല്ലെങ്കിൽ ഇതു പിശാചിൻെറ വേലയാണ്" എന്നദ്ദേഹം രേഖപ്പെടുത്തുന്നു. ഇതുകൊണ്ടും കുഴപ്പങ്ങറം അവസാനിച്ചില്ല. ഇനിയും എന്തോ ഒക്കെ സംഭവിക്കുവാനിരിക്കുന്നു.

ജെമ്മാഷ്ടു ഫാദർ ജെമ്മാനോ എഴുതിയതും സിസിലി

യുടെ സൂക്ഷത്തിൽ ഇരുന്നതുമായ കത്തുകൾ എല്ലാം ഒരുദിവസം ചിന്നിച്ചിതറിക്കിടക്കുന്നതായിക്കാണപ്പെട്ടു. ആരായിരിക്കാം അതു ചെയ്തതു്? മേൽ പ്രസ്താവിച്ച കത്തു വന്നതിനടുത്തുതന്നെ ഈ സംഭവവും ഉണ്ടായതിനാൽ ജെമ്മായെപ്പററി പലവിധത്തിലുള്ള സംശയങ്ങൾക്കും കാരണമായി. എങ്കിലും ഈ കുററം സുനിശ്ചിതമായി ജെമ്മായുടെമേൽ ചുമത്തുവാൻ ഗ്യാനിനികുടുംബാംഗങ്ങൾ മുതിന്നില്ല. എന്നിരുന്നാലും അവക്കു് അവളോടു വെറുപ്പു തോന്നി.

കഥാനായികയുടെ ഇപ്പോഴത്തെ അവസ്ഥ ശരിയായി മനസ്സിലാക്കണമെങ്കിൽ ഗ്യാനിനികുടുംബാംഗങ്ങളുടെ സംശയം, അന്യരുടെ ദോഷാരോപണങ്ങൾ, അവളുടെ നിരാശ്രയസ്ഥിതി, മനശ്ചാഞ്ചല്യങ്ങൾ, എന്തെങ്കിലും പറയുന്നതിനോ തെളിയിക്കുന്നതിനോ ഉള്ള അശക്തി ഇത്യാദി സാഹചര്യങ്ങളെല്ലാം നാം നല്ലവണ്ണം ഗ്രഹിച്ചിരിക്കണം.

തകന്ന ഹൃദയത്തിലേ എരിയുന്ന വികാരങ്ങൾ വിറയ്ക്കുന്ന കരങ്ങൾകൊണ്ടു് അവൾ ആദ്ധ്യാത്മികഗുരുവിനു കുറിക്കുന്നു: "ദിവ്യകാരുണ്യനാഥനെ ഇപ്പോഴും പരസ്യമായി അൾത്താരയിൽ എഴുന്നള്ളിച്ചു വച്ചിട്ടുണ്ടല്ലോ. പ്രിയ പിതാവേ, സവ്വശക്തനായ ദൈവസുതനോടുതന്നെ ചോദിക്കുക, ഈ ഭവനത്തിൽ രഹസ്യമായി വച്ചിരുന്ന എനിക്കുള്ള അങ്ങയുടെ കത്തുകളെല്ലാം കുഴച്ചുമറിച്ചു താറുമാറാക്കി ഇട്ടിരിക്കുന്നതു് ആരാണു്. എല്ലാവരും എന്നെയാണു സംശയിക്കുന്നതു്; ഞാൻ അതു ചെയ്തിട്ടില്ല. എങ്കിലും ഈ ഭവനത്തിലുള്ളവരെല്ലാം ദുർമുഖം കാണിക്കുന്നു. അവിടുന്നു് ഇതൊന്നും അറിയുന്നില്ലേ? അവിടുത്തേ കത്തുകളെല്ലാം ഈ ഭവനത്തിൽ ചിന്നിച്ചിതറിക്കിടക്കുന്നതു കണ്ടു. ആരാണതു ചെയ്തതെന്നു് ഈശോതന്നെ അങ്ങേയ്ക്കു വെളിപ്പെടുത്തട്ടെ. അതുസംബന്ധിച്ച വിവരങ്ങളെല്ലാം ഞാൻ കുമ്പസാരക്കാരനോടു പറഞ്ഞു. പിശാചിൻെറ വേലയാണതു് എന്നു് അദ്ദേഹം അഭിപ്രായപ്പെട്ടു. അവൻ എന്തായിരിക്കുമോ അടുത്തതായി പ്രവത്തിക്കുവാൻ പോകുന്നതു്."

ഈദൃശമായ നിരവധി സംഭവങ്ങൾ അവളുടെ സ്വയം കൃതചരിതത്തിലും കത്തുകളിലും വിവരിക്കപ്പെട്ടിട്ടുണ്ട്. അപകടകരമാംവിധം രോഗബാധിതയായിക്കിടന്നിരുന്ന ജെമ്മായെ സഹായിക്കുന്നതിനുചെന്ന അവസരത്തിൽ തനിക്കനുഭവപ്പെട്ട ഒരു സംഭവം ഫാദർ ജെമ്മാനോ പ്രസ്താവിക്കുന്നു. അദ്ദേഹം കാനോനാനമസ്കാരം ജപിച്ചുകൊണ്ടിരിക്കുകയായിരുന്നു. അപ്പോൾ ഭയങ്കരനായ ഒരു കറുത്ത പൂച്ച മുറിയിൽക്കയറിവന്നു. അവളുടെ കിടക്കയിൽച്ചാടിക്കയറി, എരിയുന്ന ദീപംപോലുള്ള അവൻെറ നയനങ്ങൾ ഉരുട്ടിക്കാണിച്ചു ജെമ്മായെ ഭയപ്പെടുത്തി. "എന്താണു മകളേ?" എന്നു ചോദിച്ചുകൊണ്ട് അദ്ദേഹം അവളുടെ അടുക്കലേയ്ക്കു ചെന്നു. "പ്രിയ അച്ചാ, ഭയപ്പെടേണ്ടാ; എന്നെ ഉപദ്രവിക്കുവാൻ ശ്രമിക്കുന്ന പിശാചാണവൻ. അച്ചനെ അവൻ യാതൊന്നും ചെയ്യുകയില്ല" എന്ന് അവൾ പ്രതിവചിച്ചു. അദ്ദേഹം വിശുദ്ധജലമെടുത്ത് അവിടെയെല്ലാം തളിച്ചു. തൽക്ഷണം പിശാച് ഓടിമറഞ്ഞു.

അസാധാരണമായ ഈ സംഭവങ്ങൾക്കെല്ലാം തൃപ്തികരമായ വിശദീകരണം നല്കുക സാധ്യമല്ല. "ഒരുദിവസം ദൈവസൂതരോടൊരുമിച്ച് അവിടുത്തെ സന്നിധിയിൽ സാത്താനും എത്തി" എന്നു ജോബിൻെറ പുസ്തകത്തിൽ നാം വായിക്കുന്ന ഭാഗമാണ് ഇപ്പോൾ ഓർമ്മയിൽ വരുന്നത്. പ്രസ്തുത വാക്യത്തേയും ജോബിൻെറ പ്രലോഭനങ്ങളേയുംപററി പ്രതിപാദിക്കുകയിൽ ഷാലനർ മെത്രാൻ എഴുതുന്നു: "പൈശാചികപ്രലോഭനങ്ങൾ നമ്മെ സദാ അലട്ടിക്കൊണ്ടിരിക്കുമെന്നും, ദൈവം അനുവദിച്ചെങ്കിൽ മാത്രമേ പിശാചിനു നമ്മെ ഉപദ്രവിക്കുന്നതിനു സാധിക്കയുള്ളുവെന്നും, ശക്തിക്കതീതമായി ആരും പരീക്ഷിക്കപ്പെടുവാൻ ദൈവം അനുവദിക്കുകയില്ലെന്നും നമ്മുടെ സുകൃതങ്ങളുടെ മാററു തെളിച്ചുകാണിക്കുന്നതിനും വൎദ്ധിപ്പിക്കുന്നതിനുമായി പ്രസാദവരം നല്കി അവിടുന്നു നമ്മെ ആ സമരത്തിൽ സഹായിച്ചുകൊണ്ടിരിക്കുമെന്നുമുള്ള സംഗതികൾ ദൈവം പഠിപ്പിക്കുക മാത്രമാണ് ഇതുകൊണ്ടു സാധിക്കുന്നത്".

ചങ്ങലകളാൽ ബന്ധിതനായ ഒരു നായോടു വി. ആഗസ്റ്റീനോസ് സാത്താനെ ഉപമിക്കുന്നു: "അതിനു കുരയ്ക്കാം; എന്നാൽ കടിക്കുന്നതിനു സാധിക്കുകയില്ല. അല്ലെങ്കിൽ ഒരുവൻ സ്വമനസ്സാ അതിൻെറ അടുക്കൽ ചെല്ലണം."

ജെമ്മായോടു ദിവ്യരക്ഷകൻ അരുളിച്ചെയ്ത വാക്കുകൾ ഇവയ്ക്കെല്ലാം സമുചിതമായ വ്യാഖ്യാനം നല്കുന്നുണ്ട്: "എൻെറ കുരിശാണ് സുനിശ്ചിതമായ രക്ഷാമാർഗ്ഗം. എനിക്കുവേണ്ടി പീഡകൾ സഹിക്കുന്ന ആളുകളുടെമേൽ പിശാചിനു യാതൊരു ശക്തിയും ഉണ്ടായിരിക്കുകയില്ല. എൻെറ മകളേ, ക്ലേശങ്ങളാൽ പീഡിപ്പിക്കപ്പെട്ടില്ലായിരുന്നുവെങ്കിൽ വളരെപ്പേർ നിത്യമായി നശിച്ചുപോകുമായിരുന്നു."

# പതിനേഴാം അദ്ധ്യായം.

## ലൂക്കായിലെ പീഡാനുഭവസഭ.

ജെമ്മാ പീഡാനുഭവസഭയിലെ ഒരു സന്യാസിനി ആയിരുന്നില്ലെങ്കിലും തൽസ്ഥാപകനായ കുരിശിൻെറ വി. പൗലോസിൻെറ ഒരാദ്ധ്യാത്മികപുത്രിയായിട്ടാണ് പരിഗണിക്കപ്പെടുന്നത്. കഥാനായികയുടെ രോഗവും അത്ഭുതാവഹമായ സുഖപ്രാപ്തിയുംമുതലാണു പീഡാനുഭവസഭക്കാരുമായുള്ള അവളുടെ ബന്ധം ആരംഭിക്കുന്നത്. വിശുദ്ധ ഗബ്രിയേൽ അവളെ "എൻെറ സഹോദരീ" എന്നു വിളിക്കുകയും തൻെറ സഭയുടെ ചങ്കുമുദ്ര ധരിപ്പിക്കുകയും ചെയ്തു. ഒരു കന്യാസ്ത്രീയാകുന്നതിനുള്ള തൻെറ തീവ്രമായ ആഗ്രഹം ജെമ്മാ ഫാദർ ജെർമ്മാനോയെ അറിയിച്ചപ്പോൾ പീഡാനുഭവസഭാസന്യാസിനികളെ

സംബന്ധിച്ച് അദ്ദേഹം അവളോടു പറഞ്ഞു. അദ്ദേഹത്തിന്റെ വാക്കുകളും വിശുദ്ധ ഗബ്രിയേലിന്റെ വീണ്ടുംവീണ്ടുമുള്ള സന്ദേശങ്ങളുംമൂലം പീഡാനുഭവസഭയിലേയ്ക്കാണു തന്റെ ദൈവവിളിയെന്നു കഥാനായിക നിശ്ചയിച്ചു.

ജെമ്മായ്ക്കു ബാല്യകാലത്തു പരിചിതമായിരുന്ന വിസിറ്റേഷൻസഭയിലെ നിയമങ്ങൾ കാഠിന്യം കുറഞ്ഞവയാണ്. എങ്കിലും പീഡാനുഭവസഭയിലെ ഉപവാസവും പ്രാർത്ഥനയും ക്രൂശിതനായ ക്രിസ്തുവിനോടുള്ള വിശേഷഭക്തിയും ജെമ്മായ്ക്ക് ആകർഷകമായിത്തോന്നി.

പീഡാനുഭവസഭയിൽ പ്രവേശനം നിഷേധിക്കപ്പെട്ടതിനാൽ ആദ്ധ്യാത്മികഗുരുവിന്റെ നിർദ്ദേശമനുസരിച്ച് അവൾ മററു പല സന്യാസസഭകളുടെ കവാടങ്ങളിലും മുട്ടിയെന്നുള്ളതു വാസ്തവമാണ്. എങ്കിലും പീഡാനുഭവസഭാംഗം ആകുന്നതിനാണു ദൈവം തന്നെ വിളിച്ചിരിക്കുന്നതെന്ന് അവൾ സുദൃഢം വിശ്വസിച്ചിരുന്നു.

ജെമ്മായുടെ ജീവിതാശകൾ എങ്ങനെ നിഷ്ഫലങ്ങളായി പരിണമിച്ചുവെന്നു നാം കണ്ടുകഴിഞ്ഞു. അവൾ ആദ്ധ്യാത്മികമായിമാത്രം പീഡാനുഭവസഭയുടെ ഒരംഗമായി ജീവിച്ചാൽ മതിയെന്നുള്ള ദൈവഹിതത്തിന്റെ പിമ്പിൽക്കിടക്കുന്ന നിഗൂഢരഹസ്യങ്ങൾ അജ്ഞാതമായിത്തന്നെ സ്ഥിതിചെയ്യുന്നു.

ലൂക്കായിൽ പീഡാനുഭവസഭയുടെ ഒരു ശാഖയുണ്ടാകുവാൻ പോകുന്നുവെന്നു കേട്ട് ജെമ്മാ വളരെ സന്തോഷിക്കുകയും അതുസംബന്ധിച്ചു വിശുദ്ധ ഗബ്രിയേലിനോടു ചോദിക്കുകയും ചെയ്തു. രണ്ടുകൊല്ലത്തേയ്ക്ക് അതു സംഭവിക്കുകയില്ലെന്നും എന്നാൽ സഭയുടെ ശാഖ സ്ഥാപിതമാകുമെന്നതു വാസ്തവമാണെന്നും അദ്ദേഹം അവളെ അറിയിച്ചു. താൻ പീഡാനുഭവസഭയുടെ ഒരംഗമായി സ്വീകരിക്കപ്പെടുമോ എന്ന് അവൾ ആവർത്തിച്ചുചോദിച്ചപ്പോൾ "നീ എന്റെ സഹോദരിയായിരിക്കും" എന്നുമാത്രം അദ്ദേഹം പറഞ്ഞു. "ബന്ധുമിത്രാദികളിലും സ്നേഹിതരിലും നിന്നകന്നു ജീവിക്കുന്നതിനായി

കൊർനേത്തോയിലേയ്ക്കു പോകട്ടയോ" എന്ന ചോദ്യത്തിന് "എന്തിന് അത്ര വളരെ ദൂരത്തിൽപ്പോകുന്നു" എന്നാണ മറുപടി പറഞ്ഞതു്.

മേൽപ്രസ്താവിച്ച ദർനം വിവരിച്ചുകൊണ്ടു്, പീഡാനുഭവസഭയിൽ പ്രവേശിക്കുവാൻ തന്നെ സഹായിക്കണമെന്നു് അവാം ഫാദർ ജെമ്മാനോയോടപേക്ഷിച്ചു: "എൻെറ പിതാവേ, പീഡാനുഭവസഭയിൽ ഒരു സന്യാസിനിയാകുവാൻ എന്നെ സഹായിക്കണമേ. എന്തുകൊണ്ടെന്നാൽ ഞാൻ ഒരു സന്യാസിനിയാകുവാൻ നിശ്ചയിച്ചുകഴിഞ്ഞിരിക്കുന്നു. ഇനിയും കാലതാമസം വരുത്തുവാൻ എനിക്കു സാധ്യമല്ല. എനിക്കു യാതൊരാശ്രയവുമില്ല; ഞാൻ നിർധനയുമാണു്. എന്നാൽ പീഡാനുഭവസഭയിൽച്ചേരുവാൻ അത്യധികമായി ഞാൻ ആഗ്രഹിക്കുന്നു." മറെറാരു കത്തിൽ അവാം എഴുതുന്നു: "അടുത്ത ഒക്ടോബറിൽ പീഡാനുഭവസഭക്കാർ അവരുടെ നവസന്യാസഭവനം തുറക്കുവാൻപോകുന്നുവെന്നു ഞാൻ കേട്ടു. അവിടെയുള്ള ഏററവും എളിയസ്ഥാനം വിശുദ്ധ പൗലോസിൻെറ ദാസിയായ എനിക്കു ലഭിക്കുമെന്നു വിശ്വസിക്കട്ടയോ? ഞാൻ കന്യാസ്ത്രീകളുടെ വേലക്കാരിയായി വർത്തിച്ചുകൊള്ളാമെന്നു കൂടെ അവരോടു പറയുക. മുററമടിക്കുക, വെള്ളംകോരുക, പാത്രം കഴുകുക മുതലായവ ഞാൻ ചെയ്യാം. പീഡാനുഭവസഭയുടെ ഒരംഗമാകുന്നതിനു സാധിക്കാത്തതിനാൽ ഞാൻ എത്രമാത്രം വ്യസനിക്കുന്നുവെന്നു് അവിടുന്നു് അറിഞ്ഞിരുന്നുവെങ്കിൽ! ഈശോ ചില സന്ദർഭങ്ങളിൽ എന്നെ ആശ്വസിപ്പിച്ചുകൊണ്ടു പറയും: 'കന്യകാലയജീവിതത്തെക്കാരം ആനന്ദകരമായ മറെറാന്നുണ്ടു്' എന്നു്. ആ ജീവിതസ്ഥിതി ഏതായിരിക്കുമെന്നു് അങ്ങേയ്ക്കറിയാമോ? എനിക്കറിഞ്ഞുകൂടാ. കാവൽമാലാഖാ അതുസംബന്ധിച്ചു യാതൊന്നും പറയുന്നില്ല. ഇപ്പോഴത്തെ ജീവിതം എനിക്കു ക്ലേശകരമല്ല. എങ്കിലും ഒരു മഠത്തിലായിരുന്നുവെങ്കിൽ ഞാൻ എത്ര നല്ലവളായിരുന്നേനെ. അവിടെ വളരെക്കൂടുതൽ ഈശോയെ സ്നേഹിക്കുന്നതിനും അവിടു

ത്തേയ്ക്കുവേണ്ടി പീഡകാം സഹിക്കുന്നതിനും എനിക്കു സാധി ക്കുമായിരുന്നു. എൻെറ ആദ്ധ്യാത്മികജീവിതം സുരക്ഷിതവും നിത്യരക്ഷയുടെ കാര്യം കൂടുതൽ നിശ്ചിതവുമാകുമായിരുന്നു. സ്വർഗ്ഗത്തിൽ ചെന്നുചേരുവാൻ എത്രമാത്രം ഞാൻ ആഗ്രഹി ക്കുന്നു! എന്നാൽ എൻെറ ആഗ്രഹം സാധിക്കുന്നതിനുവേണ്ടി പ്രാർത്ഥിക്കുവാൻ എൻെറ കുമ്പസാരക്കാരൻ എന്നെ അനുവദി ക്കുന്നില്ല. അദ്ദേഹത്തിൻെറ അനുമതി ലഭിച്ചിരുന്നുവെങ്കിൽ എൻെറ പ്രാണനാഥനായ ഈശോ എന്നെ സ്വർഗ്ഗത്തിലേയ്ക്കു കൊണ്ടുപോകുമായിരുന്നു. ഹാ, ഈശോയോടുകൂടി ആയിരി ക്കുക എത്ര ആനന്ദകരം! ഈശോയെക്കൂടാതെ എങ്ങനെ ഞാൻ ജീവിക്കും? അല്ല, അതു സാധ്യമല്ല. ഈശോയേ, അങ്ങയെ ഉപദ്രവിക്കാതെ ജീവിക്കുവാൻ ഈ എളിയദാസിയെ അനു ഗ്രഹിക്കുക."

പീഡാനുഭവസഭയിൽ പ്രവേശിക്കുന്നതിനു സാധിക്കാ ത്തതിനാൽ ജെമ്മായുടെ ഹൃദയം നിരന്തരം വെന്തുനീറിക്കൊ ണ്ടിരുന്നു. ആകയാൽ ഒരുദിവസം ദിവ്യകാരുണ്യം സ്വീകരിച്ച തിനുശേഷം, തൻെറ ആഗ്രഹം സാധിക്കുന്നതിനായി അവാം തീവ്രമായി പ്രാർത്ഥിച്ചു. അപ്പോഠം ദിവ്യനാഥൻ അവളോടു പറഞ്ഞു: "എൻെറ മകളേ, കന്യകാലയജീവിതത്തെക്കാാം ഉൽകൃഷ്ടമായ മറെറാരു ജീവിതം ഉണ്ട്." ഈശോയിൽനിന്നു ലഭിച്ച അവ്യക്തമായ ഈ വാക്കുകാം അവളെ തൃപ്തയാക്കി യില്ല. എന്തായിരിക്കാം കന്യകാലയജീവിതത്തെക്കാാം ആനന്ദ കരമായ ജീവിതസ്ഥിതി എന്നു് അവാം തലപുകഞ്ഞാലോ ചിച്ചു. ഇത്ര മോഹനമായ ആ ജീവിതാവസ്ഥ തനിക്കു നല്കു വാൻ അവാം ഈശോയോടഭ്യർത്ഥിച്ചു. "നിൻെറ കുമ്പസാരക്കാ രൻെറ അനുമതി വാങ്ങിക്കുക" എന്ന മറുപടിയാണു് അവാംക്കു ലഭിച്ചതു്.

ഇഹലോകത്തിലേ കന്യകാലയത്തിൽ ജീവിക്കുന്നതി നല്ല അവളുടെ ദൈവവിളിയെന്നു് പരോക്ഷമായി ഈശോ കഥാനായികയെ ധരിപ്പിച്ചു. ലൂക്കായിലേ കന്യകാലയസ്ഥാപ

നവും തൻെറ ദൈവവിളിയുടെ കാര്യവും എന്നും അഭേദ്യമാം വിധം അവളുടെ മനസ്സിൽ പററിപ്പിടിച്ചിരുന്നു. അനതിവിദൂര ഭാവിയിൽ അവിടെ ഒരു മഠം സ്ഥാപിക്കപ്പെട്ടുന്നുവെങ്കിൽ ഒരു കന്യാസ്ത്രീയാകാമെന്ന് അവരം കരുതി.

ചില വ്യവസ്ഥകളോടുകൂടെ പലപ്പോഴും ദൈവം തൻെറ ദാനങ്ങരം പറഞ്ഞൊക്കാറുണ്ടെന്നു വേദപുസ്തകവും വിശുദ്ധന്മാരുടെ ജീവചരിത്രങ്ങളും സാക്ഷ്യംവഹിക്കുന്നു. നിനിവെപട്ടണം നാല്പതു ദിവസങ്ങരംക്കകം നശിപ്പിക്കപ്പെട്ടുമെന്നു ജോനാസ് ദീർഘദർശി പ്രവചിച്ചു. എന്നാൽ അവിടത്തെ ജനങ്ങരം ചാക്കവസ്ത്രം ധരിച്ചും ചാരം പൂശിയും തപസ്സുചെയ്യുകയാൽ ആ വിപത്തിൽനിന്നും പട്ടണം രക്ഷിക്കപ്പെട്ടു.

ജനങ്ങരം മാനസാന്തരപ്പെട്ടില്ലെങ്കിൽ അടുത്തുതന്നെ ലോകം അവസാനിക്കുമെന്നു സലമാങ്കായിൽവച്ചു വിശുദ്ധ വിൻസൻറ ഫെററർ പ്രവചിച്ചു. തൻെറ വാക്കുകരം വാസ്തവമെന്നു കാണിക്കുന്നതിനുവേണ്ടി രണ്ടു ദിവസങ്ങരംക്കുമുമ്പു മരിച്ച ഒരു സ്ത്രീയെ അദ്ദേഹം അവിടെവച്ചു ഉയിപ്പിച്ചു. അദ്ദേഹത്തിൻെറ പ്രവചനം ആളുകളുടെ ആദ്ധ്യാത്മികചൈതന്യം തട്ടിയുണർത്തുവാൻ പര്യാപ്തമായി. സകല നയനങ്ങളും ദൈവതിരുസ്സിംഹാസനത്തിങ്കലേക്കു തിരിഞ്ഞു. ആകയാൽ പ്രവചിച്ചതനുസരിച്ചു ലോകാവസാനം ഉണ്ടായില്ല.

ഇപ്രകാരമുള്ള വ്യവസ്ഥകളോടുകൂടിയ ഒരു ദൈവവിളിയായിരുന്നു ജെമ്മായുടേതെന്നാണ് അവളുടെ ജീവചരിത്രം എഴുതിയിട്ടുള്ളവരെല്ലാവരുടേയും അഭിപ്രായം. അവളുടെ ദൈവവിളിയെ സംബന്ധിച്ചു ഫാദർ ജെമ്മാനോ പ്രസ്താവിക്കുന്നതു ശ്രദ്ധേയമാണ്: "പീഡാനുഭവസഭാംഗമാകുന്നതിനുള്ള ജെമ്മായുടെ ആഗ്രഹം ഹൃദയംഗമമായിരുന്നുവെന്നതിനു സന്ദേഹമില്ല. താൻ ആ മഠത്തിൽ പ്രവേശിക്കണമെന്നാണ് ദൈവഹിതമെന്നു കുറേനാളത്തേയ്ക്കെങ്കിലും അവരം പരിപൂർണ്ണമായി വിശ്വസിച്ചിരുന്നു. ആ ദൈവനിശ്ചയം — അപ്രകാരമൊന്നുണ്ടായിരുന്നുവെങ്കിൽ — ചില പ്രത്യേക വ്യവസ്ഥകളോടുകൂടി

യതായിരുന്നുവെന്നു വിശ്വസിക്കുവാൻ ന്യായമുണ്ട്. താൻ ആദ്ധ്യാത്മികമായിമാത്രം ഒരു പീഡാനുഭവസഭാംഗമായിരിക്കണമെന്നാണു ദൈവഹിതമെന്ന് അവൾ തൻെറ ജീവിതസായാഹ്നത്തോടുകൂടി സുസ്പഷ്ടമായി മനസ്സിലാക്കി.

കഥാനായിക തൻെറ ദൈവവിളിയെ സംബന്ധിച്ചു ചെയ്തിട്ടുള്ള പ്രസ്താവനകൾ സുവ്യക്തങ്ങളല്ല. നമ്മുടെ ദിവ്യരക്ഷകനും വിശുദ്ധ ഗബ്രിയേലും തനിക്കു കാണപ്പെട്ടപ്പോൾ ലൂക്കായിലെ കന്യകാലയസ്ഥാപനംസംബന്ധിച്ചു തന്നോടു ചില വിവരങ്ങൾ പറഞ്ഞുവെന്നു സുവ്യക്തമായി ജെമ്മാ പ്രസ്താവിക്കുന്നുണ്ടെങ്കിലും തൻെറ സഭാപ്രവേശനത്തെപ്പററി എന്തെങ്കിലും സുസ്പഷ്ടം പറഞ്ഞതായി അവൾ രേഖപ്പെടുത്തിയിട്ടില്ല. നമ്മുടെ കർത്താവിനോടു ചോദിച്ചപ്പോൾ അവിടുന്നു "പുഞ്ചിരി"തൂകിയെന്നും വിശുദ്ധ ഗബ്രിയേലിനോടു ചോദിച്ചപ്പോൾ അദ്ദേഹം "സഹോദരീ" എന്നു വിളിച്ചു എന്നും മാത്രമേ അവൾ പറയുന്നുള്ളു. ആദ്ധ്യാത്മികപാരവശ്യങ്ങളിലും സഭയുടെ സ്ഥാപനത്തെ സംബന്ധിച്ച കാര്യങ്ങൾ പറഞ്ഞിരിക്കുന്നതെല്ലാം വളരെ വ്യക്തമാണ്. അവളുടെ കന്യകാലയപ്രവേശനം ആശ്രമസ്ഥാപനത്തേയോ മറേറതെങ്കിലും വ്യവസ്ഥയേയോ ആശ്രയിച്ചാണോ ഇരിക്കുന്നതെന്നു് സ്പഷ്ടമല്ല.

ഒരു കത്തിൽ ജെമ്മാ കുറിക്കുന്നു: "പുതിയ മഠത്തെപ്പററി സംസാരിക്കുമ്പോൾ ഞാൻ അതിൻെറ ഒരംഗമാകുമെന്ന് ഈശോ എന്നോടു പറഞ്ഞെന്നു തോന്നുന്നില്ല; ഞാൻ അങ്ങനെ വിശ്വസിക്കുന്നുമില്ല. ചോദിക്കുമ്പോൾ അവിടുന്നു് ഒന്നും പറയുകയില്ല. പുഞ്ചിരിതൂകുകമാത്രം ചെയ്യും."

ഇക്കാലഘട്ടത്തിൽ ഒരിക്കൽ പരിശുദ്ധകന്യക ജെമ്മായ്ക്കു പ്രത്യക്ഷയായി, അവളെ ആശ്ലേഷിച്ചുകൊണ്ടു പറഞ്ഞു: "നിൻെറ ആദ്ധ്യാത്മികപാലകൻ നിനക്കുവേണ്ടി എന്തെങ്കിലും ചെയ്യുന്നതിനു വിചാരിക്കുന്നില്ലെങ്കിൽ നിന്നെ ഞാൻ സ്വർഗ്ഗത്തിലേയ്ക്കു കൊണ്ടുപോകുമെന്നദ്ദേഹത്തോടു പറയുക." ഒരു കത്തിനു മറുപടിയായി ജെമ്മാ ആദ്ധ്യാത്മികഗുരുവിനെഴുതുന്നു:

"ഈശോ പറയുന്നതു് അങ്ങേയ്ക്കു മനസ്സിലാകും. ആകയാൽ അങ്ങയോടു പറയുവാൻ ഞാൻ ഈശോയോടഭ്യർത്ഥിക്കും. ഞാൻ ഏതു സ്ഥലത്തായിരിക്കണമെന്നു് ഈശോ ഒരിക്കലും എനിക്കു വെളിപ്പെടുത്തുന്നില്ല."

ജെമ്മായുടെ ദൈവവിളിയുടെ കാര്യത്തിൽ ദൈവത്തിൻെറ പ്രത്യേകമായ ഇടപെടൽ ആവശ്യമായിരുന്നില്ലെന്നാണു തോന്നുന്നതു്. ബാഹ്യപ്രതിബന്ധങ്ങൾ അവളുടെ മുമ്പിൽ വിലങ്ങടിച്ചുനിന്നിരുന്നതിനാൽ അവളുടെ ആഗ്രഹങ്ങൾ സാധിക്കാതെപോയി എന്നാണു് ഈ എഴുത്തുകാരൻെറ അഭിപ്രായം. ജെമ്മാ രോഗിണിയും നിർധനയുമായിരുന്നുവെന്നു നമുക്കറിയാമല്ലോ. സാധാരണനിലയിൽ നോക്കിയാൽ ഒരു കന്യാസ്ത്രീയാകുന്നതിനാവശ്യമായതിൽ വളരെക്കൂടുതൽ യോഗ്യതകൾ ദൈവം അവൾക്കു നല്കിയിരുന്നു. അവളെസംബന്ധിച്ചു കന്യാസ്ത്രീകളുടെ ഇടയിൽ തെററിദ്ധാരണകൾ പ്രചരിപ്പിക്കുന്നതിനു് അവളുടെ ശത്രുക്കൾക്കു കഴിഞ്ഞു. ദൈവത്തിനു് അവളുടെ ആഗ്രഹംമാത്രം മതിയായിരുന്നു. താൻ മഠത്തിൽ പ്രവേശിക്കുന്നതിനു് ഈശോ ആഗ്രഹിക്കുന്നുവെന്നു വളരെനാൾ അവൾ വിശ്വസിച്ചിരുന്നു. അതുസംബന്ധിച്ചുള്ള അവളുടെ പ്രസ്താവനകൾ എത്ര നിശ്ചയദാർഢ്യത്തോടും അചഞ്ചലമായ വിശ്വാസത്തോടുംകൂടിയവയാണു്! മനുഷ്യരുടെ പാപങ്ങൾക്കുവേണ്ടി പരിഹാരബലിയാകുവാൻ ദിവ്യരക്ഷകൻ നേരത്തേ തന്നെ അവളെ തിരഞ്ഞെടുത്തതല്ലേ? എന്നാൽ അസ്വാതന്ത്ര്യയും നിരാലംബയുമായ അവൾ എങ്ങനെ തന്നെത്തന്നെ ബലിയായി അർപ്പിക്കും. അവൾക്കനുഭവപ്പെട്ടുകൊണ്ടിരുന്ന സ്വാഭാവാതീതമായ സംഭവങ്ങൾ അന്യദൃഷ്ടികളിൽപ്പെടാതിരുന്നാൽക്കൊള്ളാമെന്നു മോൺസിഞ്ഞോർ വോൾപ്പിക്കും ഫാദർ ജെമ്മാനോയ്ക്കും ആഗ്രഹമുണ്ടായിരുന്നു. ആശ്രമഭിത്തികൾക്കുള്ളിലാണെങ്കിൽ അതു് എത്ര എളുപ്പമായിരിക്കും. "നിൻെറ ക്ലേശങ്ങൾ എപ്പോഴാണു് ഞാൻ വർദ്ധിപ്പിക്കേണ്ടതു്" എന്നു് ഈശോ അവളോടൊരിക്കൽ ചോദിച്ചു. അതിനു മറുപടി പറ

യുവാൻ അവരം ഭയപ്പെട്ടു. അവരം കുറിക്കുന്നു: "ഒരു കന്യാസ്ത്രീയായിരുന്നുവെങ്കിൽ ഞാൻ നിസ്സംശയം പറയുമായിരുന്നു, 'കത്താവേ, എൻെറ ക്ലേശങ്ങരം ഇരട്ടിയായി വദ്ധിപ്പിക്കുക' എന്നു്. എന്നാൽ ഈ അവസ്ഥയിൽ ഞാൻ എന്തു പറയും? . . . കഷ്ടം! ആരും അറിയാതെ ക്ലേശങ്ങരം സഹിക്കുന്നതിന്നു് എനിക്കു സാധിച്ചിരുന്നെങ്കിൽ! മററുള്ള ആളുകരം ഉണ്ടല്ലോ. ഞാൻമൂലം മററുള്ളവർ കഷ്ടപ്പെടുന്നതും എനിക്കിഷ്ടമല്ല."

സിസിലിയോടൊരുമിച്ചു കൊർനേത്തോമഠത്തിൽ ഒരു ജ്ഞാനധ്യാനം കഴിക്കുവാൻ ജെമ്മാ വളരെ ആഗ്രഹിച്ചിരുന്നു. അതുസംബന്ധിച്ചു് അവരം ഫാദർ ജെമ്മാനോയ്ക്കെഴുതുന്നു: "എൻെറ പിതാവേ, "മമ്മാ"യോടുകൂടെ കൊർനേത്തോയിൽ വച്ചു ധ്യാനംകഴിക്കുവാൻ എനിക്കും അനുവാദം വാങ്ങിച്ചു തരണമേ. എന്നെ അവിടെ സ്വീകരിക്കുവാൻ അവരെ പ്രേരിപ്പിക്കുന്നതിന്നു് ഞാൻ ഈശോയോടു പ്രാത്ഥിക്കാം." ജെമ്മായെ കൂടെ ധ്യാനത്തിനു കൊണ്ടുപോകുവാൻ സിസിലി ആഗ്രഹിച്ചിരുന്നു. അനുവാദത്തിനായി അവരം എഴുതിച്ചോദിക്കുകയും ചെയ്തു. എന്നാൽ എന്തുചെയ്യട്ടെ, ജെമ്മായ്ക്കനുമതി ലഭിച്ചില്ല.

ആ സംഭവം സിസിലിതന്നെ ഫാദർ ജെമ്മാനോയെ അറിയിച്ചു. അവരം കുറിക്കുന്നു: "എൻെറ അച്ചാ, കൊർനേത്തോയിൽ ധ്യാനിക്കുവാൻ ജെമ്മായെ അനുവദിക്കുക സാധ്യമല്ലെന്നു മദർ എഴുതിയിരിക്കുന്നു. ആ മഠത്തിലുള്ള മററു കന്യാസ്ത്രീകരംക്കാക്കും അക്കാര്യം ഇഷ്ടമല്ല. അവളെസംബന്ധിച്ചു പലവിധത്തിലുള്ള അസംബന്ധങ്ങളും അവർ കേരംക്കുന്നുവത്രേ."

ശ്രേഷ്ഠത്തിയുടെ വാക്കുകരം നമുക്കു ശ്രവിക്കാം: "അവരംമൂലം കന്യകാലയത്തിലേ അന്തരീക്ഷം ദുഷിപ്പിക്കുവാൻ ഞങ്ങരം വിചാരിക്കുന്നില്ല." പരുഷവും വിദ്വേഷജനകവുമായ വാക്കുകരം! ജെമ്മായുടെ എളിമയുടെ ആഴം അളക്കുവാൻ ആ സംഭവം ഇടയാക്കി. അപാരമായ ഹൃദയവ്യഥ അനുഭവിച്ചിരുന്ന അവസരങ്ങളിലും സമചിത്തത പാലിക്കുവാൻ കഥാനായികയ്ക്കു

കഴിഞ്ഞിരുന്നു. "ഞാൻ തനിച്ചു ധ്യാനിച്ചുകൊള്ളാം" എല്ലാം ശ്രവിച്ചപ്പോൾ ജെമ്മാ മറുപടി പറഞ്ഞു.

ഒരു കന്യാസ്ത്രീയാകുന്നതിനുള്ള ആശകളെല്ലാം ഉപേക്ഷിക്കണമെന്നു് അവസാനം ഒരു വെളിപാടുവഴിയായി അവൾ ഗ്രഹിച്ചു. അപ്പോൾ അവൾ ഫാദർ ജെമ്മാനോയ്ക്കെഴുതുന്നു: "സകലവും അവസാനിച്ചു. ഇന്നലെ പാതിരാക്കുർബ്ബാനയ്ക്കു കാഴ്ചവെപ്പിനുള്ള സമയമായപ്പോൾ എന്നെ ഒരു ബലിയായി ഈശോ പരമപിതാവിനു സമർപ്പിക്കുന്നതു ഞാൻ കണ്ടു. സന്തോഷത്താൽ ഞാൻ തുള്ളിച്ചാടി. ഉടനെ ഈശോ എന്നെ ദിവ്യാംബികയുടെ പക്കലേയ്ക്കാനയിച്ചിട്ടു പറഞ്ഞു: 'വത്സലയായ ഇവൾ എൻെറ പീഡാനുഭവങ്ങളുടെ ഫലമാണ്.' അല്പംകഴിഞ്ഞു ഞാൻ ദിവ്യകാരുണ്യം സ്വീകരിച്ചു. പിന്നീടു വ്രതം നവീകരിച്ചു. എൻെറ ജീവിതാശകളെല്ലാം ദിവ്യനാഥനു ഞാൻ അടിയറവയ്ക്കുകയും എന്നെ അവിടുത്തേ സഹനങ്ങളിൽ ഭാഗഭാക്കാക്കുവാൻ അഭ്യർത്ഥിക്കുകയും ചെയ്തു."

ജെമ്മായുടെ പരിത്യാഗം പരിപൂർണ്ണവും അചഞ്ചലവുമായിരുന്നു. ഒരു കന്യാസ്ത്രീയാകുന്നതിനുള്ള ആഗ്രഹത്തെ സംബന്ധിച്ചു പിന്നീടൊരിക്കലും അവൾ സംസാരിച്ചിട്ടില്ല. ധാരാളം പീഡകൾ നല്കുമെന്നും താമസംവിനാ അവളെ സ്വർഗ്ഗത്തിലേയ്ക്കു കൊണ്ടുപോകുമെന്നുമുള്ള ദിവ്യനാഥൻെറ വാഗ്ദാനങ്ങൾ പ്രതീക്ഷിച്ചുകൊണ്ടു പ്രശാന്തയായി അവൾ വസിച്ചു. തൻെറ ദൈവവിളിയെപ്പററി അവസാനമായി അവൾ കുറിക്കുന്നു: "പീഡാനുഭവസഭക്കാർ ഈലോകത്തിൽവച്ച് എന്നെ സ്വീകരിക്കുന്നില്ലെങ്കിലും മരണത്തിനുശേഷം സ്വീകരിക്കും." ആ ദീർഘദർശനം അക്ഷരംപ്രതി നിറവേറി. മരണത്തിനുശേഷം ജെമ്മായെ പീഡാനുഭവസഭാവസ്ത്രങ്ങൾ ധരിപ്പിച്ചാണു സംസ്കരിച്ചതു്. അവളുടെ പൂജ്യാവശിഷ്ടങ്ങൾ ലൂക്കാപട്ടണത്തിനടുത്തുള്ള പീഡാനുഭവസഭക്കാരുടെ ഭവനത്തിലേയ്ക്കു് മാററിസ്ഥാപിക്കപ്പെട്ടു. അതു് അവരുടെ ഭവനത്തിൽ ഇപ്പോഴും വണങ്ങപ്പെടുന്നു.

ലൂക്കായിലെ പീഡാനുഭവസഭയുടെ സ്ഥാപനത്തെ പ്പററി ജെമ്മാ നേരത്തെ പ്രവചിച്ചിട്ടുള്ളതാണ്. അവറാക്ക സിദ്ധിച്ചിട്ടുള്ള പല വെളിപാടുകളിലും അതുസംബന്ധിച്ചുള്ള സൂചനകറാ കാണുന്നുണ്ട്. ഇവയിൽനിന്നെല്ലാം വ്യക്തമാകു ന്നുണ്ട്, ലൂക്കായിലെ പീഡാനുഭവസഭാസ്ഥാപനം നടന്നതു ദൈവത്തിൻെറ പ്രത്യേക നിർദ്ദേശമനുസരിച്ചാണെന്ന്. അക്കാ ര്യത്തെക്കുറിച്ച് അവറാക്ക സിദ്ധിച്ച ഒരു വെളിപാടിനെപ്പററി വളരെ വൈമനസ്യത്തോടെയാണ് അവറാ പ്രസ്താവിക്കുന്നത്. ഈശോയുടെ നിർബന്ധപൂർവ്വമായ കല്പന ലഭിച്ചിട്ടും കുറെ ദിവസങ്ങറാ അതു വെളിപ്പെടുത്താതെ അവറാ കഴിച്ചുകൂട്ടി. അവറാ പറയുന്നു: "ഈശോയെപ്പോലും ഞാൻ അനുസരി ക്കുന്നില്ല."

ആ വെളിപാടിനെപ്പററി എഴുതുവാൻ തനിക്കു ശക്തി ലഭിക്കുന്നതിനും, തൻെറ ആദ്ധ്യാത്മികഗുരു സംഗതികളെല്ലാം ശരിയായി ഗ്രഹിക്കുവാൻ അദ്ദേഹത്തിനു ദിവ്യപ്രകാശം നല്കു ന്നതിനും അനന്തരം, ഈശോയോടുതന്നെ അവറാ ഹൃദയപൂർവ്വം പ്രാർത്ഥിച്ചു.

"കുറേദിവസങ്ങളായി ദിവ്യകാരുണ്യസ്വീകരണത്തിനു ശേഷം ഈശോയുടെ സാന്നിധ്യം കൂടുതൽ ഹൃദയസ്പർശകമായ വിധം എനിക്കനുഭവപ്പെടുന്നു. ഞാൻ മരിക്കുവാൻപോകു ന്നുവോ എന്നു ചിലപ്പോറാ തോന്നിപ്പോകും. മററുമാർഗ്ഗങ്ങളി ലൂടെ ഗ്രഹിക്കുവാൻ സാധിക്കാത്ത ചില സംഗതികറാ അവി ടുന്നെന്നെ അറിയിച്ചു. പത്തുദിവസങ്ങറാക്കുമുമ്പു വിശുദ്ധ കുർ ബ്ബാന സ്വീകരിച്ചു കഴിഞ്ഞയുടനെ ഈശോ ചോദിച്ചു: 'പ്രിയ മകളേ, നീ എന്നെ വളരെ അധികം സ്നേഹിക്കുന്നുണ്ടോ?' എൻെറ പിതാവേ, എൻെറ ഹൃദയത്തിൻെറ ശക്തിയേറിയ തുടിപ്പുകളാണ് അതിന് ഉത്തരം നല്കിയത്. 'നീ എന്നെ സ്നേഹിക്കുന്നുവെങ്കിൽ എൻെറ ആഗ്രഹമനുസരിച്ചു പ്രവ ർത്തിക്കും.' അവിടുന്നു വീണ്ടും പറഞ്ഞു. എൻെറ ഹൃദയസ്പന്ദന ങ്ങളാണ് ഇപ്പോഴും മറുപടി പറഞ്ഞത്. അവിടുന്നു വീണ്ടും

പറഞ്ഞു: 'മകളേ, അതിപ്രധാനമായ ഒരു കാര്യമാണിത്. നിന്റെ ആദ്ധ്യാത്മികഗുരുവിനോട്ട് പ്രാധാന്യമർഹിക്കുന്ന ചില സംഗതികഠം നീ അറിയിക്കണം.' അവിടുന്നു തുടൎന്നു: 'എത്ര ദാരുണമായ കൃതഘ്നതയും ഹീനഹീനമായ ദുഷ്ടതയുമാണ് ലോകത്തിൽ കാണപ്പെടുന്നതു്. പാപികഠം തങ്ങളുടെ പാപത്തിൽ ഹൃദയകാഠിന്യത്തോടേ നിലനില്ക്കുന്നു. നല്ലയാളുകഠം വ്യഗ്രതയിലും നിരാശയിലും നിപതിക്കുന്നു. തീക്ഷ്ണതയുള്ളവർ മന്ദഭക്തരായിത്തീരുന്നു. എന്റെ അഠംത്താരയിലെ ശുശ്രൂഷികഠം. . . . (ഈശോ അല്പനേരത്തേയ്ക്കു മൗനം അവലംബിച്ചു. അതിനുശേഷം തുടൎന്നു) പരിത്രാണകൃത്യം തുടൎന്നുകൊണ്ടുപോകുക എന്ന മഹനീയ കടമ ഞാൻ അവരെ ഏല്പിച്ചു. . . (ഈശോ വീണ്ടും അല്പസമയം മിണ്ടാതിരുന്നു), എന്റെ പിതാവു് അവരുടെ പ്രവൃത്തികളെ ഇനിയും സഹിക്കുകയില്ല. അവിടുന്നവൎക്കു പ്രകാശവും ശക്തിയും നല്കി. എന്നിട്ടും അവർ — എന്റെ തെരഞ്ഞെടുക്കപ്പെട്ട ജനം — എന്റെ കണ്ണിലുണ്ണികളായി എപ്പോഴും ഞാൻ ഗണിച്ചിരുന്നവർ — (ഈശോ വീണ്ടും മൗനംദീക്ഷിച്ചു. ദീർഘനിശ്വാസത്തോടേ എന്നവണ്ണം തുടൎന്നു) സൃഷ്ടികളിൽനിന്നു നന്ദിഹീനതയല്ലാതെ മറെറാന്നും എനിക്കു ലഭിക്കുന്നില്ല. അനുദിനം അതു വൎദ്ധിച്ചും വരുന്നു. . . .' ലോകത്തിൽ അനുക്ഷണം വൎദ്ധമാനമായിക്കൊണ്ടിരുന്ന പാപത്തിന്റെ ഭയങ്കരത അവിടുന്നു വിവരിച്ചു. 'എനിക്കാശ്വാസം നല്കുന്ന ആത്മാക്കളെയാണെനിക്കിപ്പോഠം ആവശ്യം. പരമപിതാവിന്റെ കോപാഗ്നിയെക്കെടുത്തുവാൻ ശക്തമായ ദഹനബലികളാണെനിക്കാവശ്യം. പ്രിയ മകളേ, ഈ വിവരം പരിശുദ്ധ മാപ്പാപ്പായെ അറിയിക്കണമെന്നു നിന്റെ ആദ്ധ്യാത്മികഗുരുവിനോടു പറയുക. ഭയങ്കരമായ നിത്യശിക്ഷ അത്യാസന്നമായിരിക്കുന്നു. സ്വൎഗ്ഗസ്ഥനായ പിതാവു് അത്യധികം കോപിച്ചിരിക്കുന്നു. ലൂക്കായിൽ പീഡാനുഭവസഭക്കാരുടെ ഒരാശ്രമം സ്ഥാപിക്കുന്നതു് എനിക്ക് അത്യന്തം സംതൃപ്തികരമാണ്. അങ്ങനെ പിതാവിന്റെ കോപത്തെ ശമിപ്പിക്കുവാൻ പര്യാപ്ത

മായ ദഹനബലികറം വഴിക്കട്ടെ. ഇവ എൻെറ വാക്കു കളാണെന്നും അന്ത്യശാസനമാണെന്നും അദ്ദേഹത്തെ അറി യിക്കുക'."

കാലം കടന്നുപോയി. ആശ്രമസ്ഥാപനംസംബന്ധിച്ച ദിവ്യരക്ഷകൻ നല്കിയ സ്പഷ്ടമായ ആജ്ഞയനുസരിച്ച് ആരും ഒന്നും ചെയ്തില്ല; ചെയ്യുവാൻ ശ്രമിച്ചുമില്ല. ജെമ്മാ സംഗതി കറം പലരോടും പറഞ്ഞു. പലക്കും എഴുതി. പുതിയ ഭവനം പണിയുവാൻ ധനശേഖരവും നടത്തി.

ഒരു പ്രത്യേകാവശ്യത്തിനായി പീഡാനുഭവസഭാംഗ മായ ഒരു വൈദികൻെറ അഭിലാഷം അനുസരിച്ചു ജെമ്മാ എല്ലാ ദിവസവും മൂന്നു 'നന്മനിറഞ്ഞ മറിയം' ചൊല്ലിവന്നി രുന്നു. "നീ ആക്കുവേണ്ടിയാണിതു ചൊല്ലുന്നതു്?" എന്നു് ഈശോ ഒരിക്കൽ ചോദിച്ചു.

"ഫാദർ ഫ്രാൻസീസിനുവേണ്ടി."

"അദ്ദേഹത്തോടു പീഡാനുഭവസഭാസ്ഥാപനകാര്യത്തെ പ്പററി സംസാരിച്ചുവോ?"

"ഇല്ല, അദ്ദേഹംതന്നെ അതെപ്പററി ഇങ്ങോട്ടു സംസാ രിച്ചപ്പോഠം ഈ സമയം സഭാസ്ഥാപനത്തിനു പററിയതല്ലെന്നു പറഞ്ഞു. അതിനാൽ ഞാൻ പറഞ്ഞില്ല."

ഈശോ പുഞ്ചിരിതൂകിക്കൊണ്ടു പറഞ്ഞു: "ആകാശവും ഭൂമിയും കടന്നുപോകും. എൻെറ വാക്കുകറം കടന്നുപോകുക യില്ല എന്നു ഫ്രാൻസീസ് അച്ചനോടു പറയുക."

വിശുദ്ധ ഗബ്രിയേലായിരുന്നു സഭാസ്ഥാപനത്തിനായി അവളെ കൂടുതലായി ഉത്സാഹിപ്പിച്ചുകൊണ്ടിരുന്നതു്. പല പ്രാവശ്യം അദ്ദേഹം അവറംക്കു പ്രത്യക്ഷനായിട്ടുണ്ടു്. ഒരിക്കൽ "നിനക്കെന്തെങ്കിലും എന്നോടു പറയുവാനുണ്ടോ?" എന്നു ജെമ്മായോടു ചോദിച്ചപ്പോഠം അവറം പ്രതിവചിച്ചു: "ഉണ്ടു്; എൻെറ കുമ്പസാരക്കാരനിൽനിന്നും പല സംഗതികളും അറി യിക്കുവാനുണ്ടു്. പുതിയ സന്യാസഭവനം പണി ആരംഭിക്കുന്നതു് ആരാണെന്നദ്ദേഹം ചോദിക്കുന്നു. എന്നാണു തുടങ്ങുന്നതു്?

എന്നവസാനിക്കും?" കഥാനായിക തുടരുന്നു: "ഞാൻ ഇത്രയും ചോദിച്ചുകഴിഞ്ഞപ്പോഠം ഏഴു പെൺകുട്ടികളെ എൻെറമുമ്പിൽ ഞാൻ ദശിച്ചു. അവരിൽ മൂന്നുപേർ എനിക്കു പരിചയമുള്ള വരായിരുന്നു."

"ഇവർ ആരൊക്കെയാണ്" ജെമ്മാ ചോദിച്ചു. "അവർ പീഡാനുഭവസഭാംഗങ്ങളാകും. നിൻെറ കുമ്പസാരക്കാരനാണ് ക്ലേശകരമായ ഈ ജോലി തുടങ്ങേണ്ടതെന്നും ധൈര്യപൂവ്വം മുന്നോട്ടിറങ്ങണമെന്നും അദ്ദേഹത്തോടു പറയുക. പിശാചു ശക്തിയോടെ എതിക്കും. എങ്കിലും അവൻെറ പ്രലോഭനങ്ങഠം വിഫലമാകുകയേ ഉള്ളൂ. മുന്നോട്ടു പോകുക" എന്നു് അദ്ദേഹം പറഞ്ഞു.

ജെമ്മാ തുടന്നു വിവരിക്കുന്നു: "അദ്ദേഹം അല്പസമയം മൗനം അവലംബിച്ചു. പിന്നീടു് ഒരു പെൺകുട്ടിയെ ചൂണ്ടിക്കാണിച്ചു കൊണ്ടു് എന്നോടു പറഞ്ഞു: 'അവളായിരിക്കും പുതിയ ആശ്രമത്തിൻെറ അവസാനവേലകഠം പൂത്തിയാക്കുന്നതു്. നീ അവളെ അറിയുമോ?' 'അറിയുകയില്ല' എന്നു ഞാൻ പറഞ്ഞു. അപ്പോഠം അവളുടെ പേരും വീട്ടുപേരും ജനനസ്ഥലവും എല്ലാം അദ്ദേഹം എന്നെ അറിയിച്ചു. താമസംവിനാ ദർശനം അപ്രത്യക്ഷമായി. ആ ദശ്നത്തിൻെറ യാഥാത്ഥ്യത്തെപ്പററി ഞാൻ സംശയിച്ചു. എന്നാൽ അതേ ദശ്നംതന്നെ മൂന്നു പ്രാവശ്യം ആവത്തിക്കപ്പെട്ടു. മൂന്നാം പ്രാവശ്യം അദ്ദേഹം പറഞ്ഞു: 'രണ്ടുകൊല്ലങ്ങഠംക്കുശേഷം ഒരു വെള്ളിയാഴ്ച ജോലികഠം ആരംഭിക്കും'."

കുറെ നാളുകഠംക്കുശേഷം വീണ്ടും കഥാനായിക കുറിക്കുന്നു: മൂന്നുമാസങ്ങഠം കഴിഞ്ഞു കുമ്പസാരക്കാരൻെറ അനുമതിയോടുകൂടി ഇന്നലെ സായാഹ്നത്തിൽ വിശുദ്ധ ഗബ്രിയേലിനെ ഞാൻ കണ്ടു. അദ്ദേഹം ശക്തിമത്തായ ഭാഷയിലാണ് സംസാരിച്ചതു്. നയനങ്ങഠം കത്തിജ്ജ്വലിച്ചിരുന്നു. എരിഞ്ഞു കൊണ്ടിരിക്കുന്ന ദീപംപോലെ അവ കാണപ്പെട്ടു. പുതിയ മഠത്തെസംബന്ധിച്ചു ദീർഘമായി അദ്ദേഹം സംസാരിച്ചു. അതെ

പ്പററി യാതൊരുത്തരും ചിന്തിക്കാത്തതിനെക്കുറിച്ച് അദ്ദേഹം ഉൽകണ്ഠയും വ്യഥയും പ്രകടിപ്പിച്ചു. ഒരു കൊല്ലത്തിനകം ജോലികൾ ആരംഭിക്കുമെന്നു് അദ്ദേഹം പറഞ്ഞു. പിതാവേ, കഴിവുള്ളതെല്ലാം അങ്ങുന്നു ചെയ്യണമേ. ഈശോ ഇതെപ്പററി ചിന്തിച്ചുകൊണ്ടാണിരിക്കുന്നതു്."

ഈ വെളിപാടുകൾവഴി പ്രസ്തുത ജോലിയിൽ ഭാഗഭാഗിത്വം വഹിക്കേണ്ടവരായ പലരുടേയും പേരുകൾ ജെമ്മാ അറിയുകയുണ്ടായി. മാപ്പാപ്പാ അതു് അനുവദിച്ചനുഗ്രഹിക്കുമെന്ന സൂചനയും അവൾക്കു ലഭിച്ചു. മോൺസിഞ്ഞോർ വോൾപ്പിയായിരിക്കും ലൂക്കായിലെ പ്രധാന പ്രവൎത്തകൻ. എങ്കിലും റോമ്മിലുള്ള പല പീഡാനുഭവസഭാംഗങ്ങളുടേയും സഹായവും സഹകരണവും ആവശ്യമുണ്ടു്.

ഇതുവരെ ഒരുത്തരും പ്രവൎത്തനോദ്യുക്തരായിട്ടില്ല. ജെമ്മായുടെ പ്രാൎത്ഥനകളും മൂലധനസംഭരണത്തിനായുള്ള ശ്രമങ്ങളും കത്തുകളും തൽകാലത്തേയ്ക്കെങ്കിലും ഫലശൂന്യങ്ങളായി കാണപ്പെട്ടു. അവളെ ആരും ശ്രവിച്ചില്ല. ഗിലാൎട്ടി മെത്രാപ്പോലീത്തായുടെ അനുമതി ലഭിക്കാതെ യാതൊന്നും ചെയ്യുവാൻ മോൺസിഞ്ഞോർ വോൾപ്പിക്കു സാധിക്കുകയില്ല. എന്നാൽ, മെത്രാപ്പോലീത്താ നല്ലവണ്ണം ചിന്തിക്കാതെ യാതൊന്നും ചെയ്യുകയുമില്ല. റോമ്മിൽ യാതൊരു പ്രവൎത്തനവും നടന്നില്ല. കൊർനേത്തോയിലെ സന്യാസിനികളും അക്കാര്യത്തിൽ നിഷ്പക്ഷനിലയാണു് പാലിച്ചതു്. പ്രതികൂലസാഹചര്യങ്ങളുടേയും പ്രതിബന്ധങ്ങളുടേയും നടുവിൽപ്പോലും വിശുദ്ധാത്മാക്കളെ കൎമ്മോദ്യുക്തരാക്കാറുള്ള ആ ചൈതന്യപ്രകൎഷം ആരിലും ദൃശ്യമായില്ല.

തനിക്കു സിദ്ധിച്ച പരിശുദ്ധ കന്യകയുടെ ദൎശനത്തെ സംബന്ധിച്ചു പ്രസ്താവിക്കുകയിൽ ജെമ്മാ ഫാദർ ജെൎമ്മാനോയ്ക്കെഴുതുന്നു: "പ്രിയ പിതാവേ, ക്ലേശനിർഭരമായ ഒരു ജീവിതത്തിനിടയിലും സമചിത്തതയോടും സമാധാനത്തോടുംകൂടെ ഞാൻ വൎത്തിക്കുന്നുവെന്നു് അങ്ങു മനസ്സിലാക്കിയിട്ടുണ്ടല്ലോ. കൂട

തൽ ആനന്ദപ്രദമായ ഒരാശ്രമത്തിൽ എനിക്കു പ്രവേശനം ലഭിക്കുമെന്നു നിശ്ചയമുള്ളതിനാൽ ലോകത്തിലുള്ള ഏതെങ്കിലും ഒരു കന്യകാലയത്തിൽ എന്നെ ചേക്കുന്നതിനായി മേലിൽ ഞാൻ അഭ്യത്ഥിക്കുകയില്ല. എനിക്കു പ്രത്യക്ഷയായതു ദൈവ മാതാവുതന്നെയാണെന്നു് എനിക്കു നിശ്ചയംവരുന്നതിനു ഞാൻ ഒരടയാളം ആ വത്സലനാഥയോടാവശ്യപ്പെട്ടു. കന്യകാംബിക അപ്പോഠം പറഞ്ഞു: 'നിനക്കു നിശ്ചയംവരുന്നതിനായി നിന്നെ ഞാൻ സുഖപ്പെടുത്തും.' ഒരു വ്യവസ്ഥയോടുകൂടെയാണു് ഈ വാഗ്ദാനം ചെയ്തതു്. ആ നാഥ തുടന്നു: 'ഞാൻ നിന്നെ സുഖപ്പെടുത്തുമെന്നു നിൻെറ ആദ്ധ്യാത്മികഗുരുവിനോടു പറയുക. എന്നാൽ അദ്ദേഹം നിൻെറ കാര്യത്തിൽ ശ്രദ്ധിക്കുന്നില്ലെങ്കിൽ എൻെറ വാഗ്ദാനം ഞാൻ പിൻവലിക്കുകയും നിന്നെ എന്നോടൊരുമിച്ചു കൊണ്ടുപോകുകയും ചെയ്യും'." വളരെക്കാലമായി അവഠം സഹിച്ചുകൊണ്ടിരുന്ന ഒരു രോഗത്തിൽനിന്നും തത്ക്ഷണം ജെമ്മാ വിമുക്തയായി. എന്നാൽ ദൈവജനനിയുടെ വ്യവസ്ഥയനുസരിച്ചു് ആദ്ധ്യാത്മികഗുരു പ്രവത്തിക്കാതിരുന്നതിനാൽ ജെമ്മാ വീണ്ടും രോഗിണിയായിത്തീൻു. അതു് അവളുടെ അന്ത്യരോഗമായിരുന്നു. ഈ രോഗംമൂലമാണു് അവഠം മരിച്ചതും.

ജെമ്മായുടെ ദീർഘദശ്നം ഒന്നിനുപിറകെ ഒന്നായി നിറവേറി. ആന്തരികപ്രേരണയ്ക്കു വശംവദനായി ഫാദർ ജെമ്മാനോയാണു് ആശ്രമസ്ഥാപനത്തിനു് ആദ്യം പ്രവത്തനോദ്യുക്തനായതു്. ഇത്രയുംനാഠം അദ്ദേഹം ദൈവത്തിൻെറ സുസ്പഷ്ടമായ കല്പനയെ എതിത്തുവെന്നോ? "പരിശുദ്ധ പിതാവിൻെറ പക്കൽച്ചെന്നു് ഈ പീഡാനുഭവസഭാസ്ഥാപനം ഈശോ ആഗ്രഹിക്കുന്നുവെന്നു് അദ്ദേഹത്തെ അറിയിക്കുക" എന്ന ജെമ്മായുടെ വാക്കുകഠം അവളുടെ മരണത്തിനുശേഷം ഒരു നൂതനവും സുശക്തവുമായ അത്ഥത്തിൽ അദ്ദേഹത്തിനനുഭവപ്പെട്ടു. അദ്ദേഹം പത്താം പീയൂസ് മാപ്പാപ്പായെ വിവരങ്ങഠം അറിയിക്കുകയും അദ്ദേഹത്തിൽനിന്നും താഴെക്കാണുന്ന കല്പന വാങ്ങിക്കുകയും ചെയ്തു:

"പൈതൃകമായ സ്നേഹവാത്സല്യങ്ങളോടെ പീഡാനുഭവസഭക്കാരുടെ ലൂക്കായിലേ നൂതനഭവനത്തേയും നമ്മുടെ വത്സലസഹോദരനായ നിക്കളാസ് ഗിലാട്ടി മെത്രാപ്പോലീത്തായേയും പ്രഥമശ്രേഷ്ഠത്തിയാകുവാനിരിക്കുന്ന മദർ മേരി ജൂസാപ്പായേയും മററു സഹോദരികളേയും സ്ഥാപനത്തിനു ധനസഹായം ചെയ്തവരും ചെയ്യുന്നവരുമായ സകലരേയും നാം അനുഗ്രഹിക്കുന്നു.

തപസ്സും പ്രാർത്ഥനയുംവഴി ദിവ്യനാഥനു തങ്ങളെത്തന്നെ ബലി അർപ്പിച്ചുകൊണ്ടു തിരുസ്സഭയുടേയും പരിശുദ്ധ മാർപ്പാപ്പായുടേയും ആഗ്രഹങ്ങൾ സാധിക്കുവാൻ പരിശ്രമിക്കുകയെന്നതായിരിക്കട്ടെ ഈ സഭയിലേ കന്യാസ്ത്രീകളുടെ ലക്ഷ്യമെന്നു നാം ആഗ്രഹിക്കുന്നു."

പരിശുദ്ധ പിതാവിൻെറ വ്യക്തമായ കല്പന ലഭിച്ചപ്പോൾ കാര്യങ്ങൾക്ക് ഉണർവുണ്ടായി. മെത്രാപ്പോലീത്തായോടും കൊർനേത്തോയിലേ കന്യാസ്ത്രീകളോടും ആലോചിച്ചു പ്രഥമനടപടികൾ നടത്തുവാൻ ഫാദർ ജെർമ്മാനോ താമസംവിനാ ലൂക്കായിലേക്കു പോയി. വിഷമതകൾ ഇനിയും വഴിയിൽ വിലങ്ങടിച്ചു നിന്നിരുന്നു. എങ്കിലും അവ അപ്രതിരോധ്യങ്ങളായിരുന്നില്ല. അധികം താമസിയാതെ മെത്രാപ്പോലീത്താ നിര്യാതനായപ്പോൾ മോൺസിഞ്ഞോർ വോൾപ്പി അഡ്മിനിസ്ട്രേറററായി നിയമിതനായി. അദ്ദേഹം നവോന്മേഷത്തോടെ പ്രവർത്തനം തുടൎന്നു. ജെമ്മായുടെ പ്രവചനത്തിനനുയോജ്യമായിട്ടാണു സംഗതികൾ പുരോഗമിച്ചുകൊണ്ടിരുന്നത്.

ഒരുകൊല്ലത്തിനകം ജോലികൾ ആരംഭിക്കുമെന്നു വിശുദ്ധ ഗബ്രിയേൽ അറിയിച്ചു. കൃത്യം ഒരു വർഷം തികഞ്ഞ ദിവസം—1903 ഒക്ടോബർ 2—ാംതീയതി—ആണു മാർപ്പാപ്പായുടെ കല്പന ലഭിച്ചത്. എന്നാൽ മുമ്പൊരവസരത്തിൽ, ജെമ്മായുടെ മരണത്തിനു ശേഷം രണ്ടു വർഷങ്ങൾ കഴിഞ്ഞ് ഒരു വെള്ളിയാഴ്ച ജോലികൾ ആരംഭിക്കുമെന്നു വിശുദ്ധ ഗബ്രിയേൽ അവളെ അറിയിച്ചിരുന്നു. കൊർനേത്തോയിൽനിന്നും ലൂക്കായിലേക്കു് ആശ്രമസ്ഥാപനത്തിനായി കന്യാസ്ത്രീകൾ

1905 മാർച്ച് 16—ാംതീയതി ജെമ്മായുടെ മരണത്തിനു ശേഷം രണ്ടു വഷങ്ങൾ കഴിഞ്ഞു പുറപ്പെട്ടുകയും പിറേറ ദിവസം വെള്ളിയാഴ്ച അവിടെ ചെന്നെത്തുകയും ചെയ്തു.

ലൂക്കായിലേ പുതിയ സന്യാസഭവനത്തിൽ, ആദ്യം അത്ഥിനികളായി ഏഴു പെൺകുട്ടികളാണു സ്വീകരിക്കപ്പെട്ടതു്. ജെമ്മാ ദശനത്തിൽ കണ്ടുവെന്നു പറയപ്പെട്ടുന്നവർ തന്നെയായിരുന്നു അവരെല്ലാം. മൂന്നുപേർ ജെമ്മായുടെ പരിചിതരാണ്. തൻെറ മരണത്തിനു ശേഷം രണ്ടു വഷങ്ങൾ കഴിഞ്ഞു പണി തുടങ്ങുമെങ്കിലും അനുഗ്രഹീതനായ ഗബ്രിയേലിനെ പുണ്യവാനെന്നു നാമകരണം ചെയ്തുകഴിഞ്ഞു മാത്രമേ ആ ഭവനത്തിൻെറ പണി തീരുകയുള്ളുവെന്നും ജെമ്മാ പ്രവചിച്ചിട്ടുണ്ടായിരുന്നു. 1908 മേയ്മാസം 31—ാംതീയതി അദ്ദേഹത്തിനു പുണ്യപട്ടം നല്കപ്പെട്ടു. അതേവഷം ജൂലൈ 31–ാംതീയതി പീഡാനുഭവസഭയുടെ ശാഖ ലൂക്കായിൽ സ്ഥാപിതമായി. ഇങ്ങനെ സകല സംഗതികളും ജെമ്മായുടെ ദീർഘദശനങ്ങൾ അനുസരിച്ചു നിറവേറി.

# പതിനെട്ടാം അദ്ധ്യായം.

## ക്രിസ്തുവിൻെറ മണവാട്ടി.

ആദ്ധ്യാത്മികസമാധിയാണു മിസ്റ്റിക്കു ജീവിതത്തിൻെറ ഒരു പ്രത്യേകത. അതു ചിലക്കു പ്രത്യേക ദാനമായിട്ടോ, പരിപൂണ്ണതയ്ക്കായി പരിശ്രമിക്കുന്നവരുടെ ലക്ഷ്യവും അന്ത്യവുമായിട്ടോ വരാം. ധ്യാനമെന്നു പറഞ്ഞുവരുന്ന മാനസികപ്രാത്ഥന നടത്തുന്നതിന് ആദ്ധ്യാത്മികശക്തികളായ ഓമ്മ, ബുദ്ധി, മനസ്സ് മുതലായവ സാധാരണമായി കമ്മോദ്യുക്ത

മായിരിക്കണം. അതു ക്ലേശകരവും സുശക്തവുമായ പ്രവൎത്തനവും നിരന്തരമായ ഉത്സാഹവും മൂലമേ സാദ്ധ്യമാവുകയുള്ളൂ. എന്തുകൊണ്ടെന്നാൽ ധ്യാനംമൂലം ലഭ്യമാകുന്ന ആശ്വാസങ്ങൾ മന്ദഗതിയിലാണു വരുന്നത്. വിശ്വസ്തതാപൂൎവ്വം പ്രസാദവരത്തോടു സഹകരിച്ചുകൊണ്ടുള്ള അനേക വൎഷങ്ങളിലേ നിരന്തരമായ പരിശ്രമം മൂലമാണു ധ്യാനനിരതനായ ഒരാൾക്കു ദിവ്യനാഥനിൽ ആനന്ദവും ആശ്വാസവും കണ്ടെത്തുവാൻ കഴിയുന്നത്.

നേരേമറിച്ച്, സമാധിയിൽ ആത്മാവു പെട്ടെന്നു പരിപൂൎണ്ണമായി പ്രവൎത്തനരഹിതമായ സ്ഥിതിയിൽ എത്തുന്നില്ലെങ്കിലും ആദ്ധ്യാത്മിക ജീവിതാരംഭം മുതൽ കൂടുതലായി പ്രശാന്തത അനുഭവിച്ചു തുടങ്ങും. അതിനു വളരെക്കൂടുതൽ ജ്ഞാനവും ബുദ്ധിയും പരിശുദ്ധാത്മാവു നല്കും. ഇങ്ങനെ ഉന്നതങ്ങളിൽ നിന്നും പ്രകാശിപ്പിക്കപ്പെടുന്നതിനാൽ ആത്മാവിനു സ്വന്തമായി ചിന്തിക്കേണ്ട ആവശ്യമുണ്ടാകുന്നില്ല. പ്രത്യുത, സഹജാവബോധം ലഭിച്ചാലെന്നപോലെ ദിവ്യസത്യങ്ങൾ കാണുകയും ഗ്രഹിക്കുകയും അനുഭവിക്കുകയും ചെയ്യുന്നു.

ജെമ്മായുടെ പ്രാൎത്ഥനാരീതിയെ സംബന്ധിച്ചു ഫാദർ ജെർമ്മാനോ സവിസ്തരം പ്രസ്താവിക്കുന്നുണ്ട്. തന്റെ കത്തുകളിൽ കഥാനായിക അത് അദ്ദേഹത്തിനു വിവരിക്കുന്നു: "ധ്യാനംകഴിക്കുവാൻ പ്രയാസമോ ക്ഷീണമോ എനിക്കനുഭവപ്പെടുന്നില്ല. പ്രാൎത്ഥിക്കുന്നതിനായി മുട്ടിന്മേൽ നിന്നാലുടൻ എന്റെ ആത്മാവ് ദിവ്യരഹസ്യങ്ങളുടെ ആഴത്തിലേയ്ക്ക് ആഞ്ഞുചാടി അനന്തമോഹനവും സനാതനവുമായ ആ പറുദീസായിൽ സാമോദം സഞ്ചരിക്കും. ഭൂതാത്മകമായ ശരീരത്തെ ഈലോകത്തിൽ ഉപേക്ഷിച്ചിട്ട് ദൈവപിതാവിന്റെ ഹൃദയത്തിലേയ്ക്ക് അതു പറന്നടുക്കും. പെട്ടെന്ന് ഈശോയുടെ ദിവ്യസന്നിധിയിൽ എത്തി അങ്ങിൽ ലയിച്ചാലെന്നവണ്ണം എനിക്കനുഭവപ്പെടും. അപ്രതിരോധ്യമായ ഒരു സ്നേഹം ദിവ്യസ്നേഹനാഥനിലേയ്ക്ക് എന്നെ വലിച്ചടുപ്പിക്കുന്നതായിത്തോന്നും. എത്ര കൂടുതൽ അവിടുത്തെ ഞാൻ വീക്ഷിക്കുന്നുവോ അവിടുന്ന് അത്ര കൂടുതൽ മാധുര്യവാനും സ്നേഹപൂൎണ്ണനുമായി എനി

ക്കനുഭവപ്പെട്ടും. അനന്തവും അസ്പൃഷ്ടവുമായ ദിവ്യതേജസ്സി നാൽ പ്രകാശിപ്പിക്കപ്പെട്ടാലെന്നപോലെ ഈശോ ചില പ്പോൾ കാണപ്പെട്ടും. സവ് ചരാചരങ്ങളുടേയും നിയന്താവായ ദൈവത്തിൻെറ ദീപ്തിയാണതു്. അവിടുത്തേ മനസ്സ് ശക്തി യും, ശക്തി മനസ്സുമാകുന്നു."

ശാരീരികനയനങ്ങളാൽ ഈശോയെ കണ്ടിട്ടുണ്ടോ എന്ന് ആദ്ധ്യാത്മികഗുരു ഒരിക്കൽ കഥാനായകിയോടു ചോദിച്ചു. അവളുടെ മറുപടി ശ്രവിച്ചാലും: "പ്രാത്ഥനാവസ രങ്ങളിൽ ശാരീരികനയങ്ങൾകൊണ്ടല്ല ഞാൻ ഈശോയെ ദശിക്കുന്നതു്. എങ്കിലും ഈശോ എൻെറ മുമ്പിൽ സന്നിഹിത നായിരിക്കുന്നുവെന്ന് എനിക്കറിയാം. എൻെറ ആത്മാവ് അങ്ങിൽ സമാശ്വാസം കണ്ടെത്തുകയും ചെയ്യും. അവിടുത്തേ സ്വരം ഞാൻ ശ്രവിക്കുന്നു. അതു ചിലപ്പോൾ മൂച്ചയേറിയ വാളുപോലെയാണ്. എൻെറ ഹൃദയത്തിൻെറ ഉള്ളറ യിൽ അതു തുളഞ്ഞുകയറും. അവിടുത്തേ വാക്കുകൾ ജീവസംദാ യകങ്ങളാണ്. ഞാൻ മാംസളമായ അവിടുത്തേ ശരീരം കാണുകയോ ശബ്ദാത്മകമായ സ്വരം ശ്രവിക്കുകയോ ചെയ്യു ന്നില്ല; പ്രത്യുത, അനന്തവും സുശക്തവുമായ ഒരു പ്രകാശം കാണുന്നു. ശബ്ദാത്മകമല്ലെങ്കിലും സുശക്തമായ ഒരു സ്വരം ഞാൻ കേൾക്കുന്നു. കൊടുങ്കാററിൻേറതിനെക്കാൾ ശക്തിയേ റിയ ശബ്ദത്തിൽ അതു് എൻെറ ആത്മാവിന് അനുഭവപ്പെട്ടും. പ്രിയപിതാവേ, ലോകം മുഴുവൻ വ്യാപിച്ചിരിക്കുന്ന ഒരു പ്രഭാപൂരത്തെപ്പററി ചിന്തിക്കുക. അതു സകല വസ്തുക്കളിലും പ്രവേശിച്ച് അവയെ പ്രകാശപൂണ്ണമാക്കുന്നു; സകല വസ്തു ക്കൾക്കും ജീവൻ പ്രദാനം ചെയ്യുന്നു. അങ്ങനെ എല്ലാ വസ്തു ക്കളും അതുകൊണ്ടു നിറയുന്നു. അല്ലെങ്കിൽ സകല വസ്തുക്കളും ആ പ്രകാശത്താൽ ആവരണം ചെയ്യപ്പെടുന്നു. അങ്ങനെ അതി ലും അതുവഴിയായും അവ ജീവിക്കുന്നു. ഇങ്ങനെ ഞാൻ ദൈവത്തേയും അങ്ങിൽ സകല വസ്തുക്കളേയും ദർശിക്കുന്നു. അവിടുന്ന് ഒരു അഗ്നികുണ്ഡമാണ്. അതു കത്തുന്നു; എന്നാൽ എരിഞ്ഞടങ്ങുന്നില്ല. നേരെമറിച്ച്, പ്രകാശവും ചൂടും സന്തോ ഷവും പ്രദാനം ചെയ്യുന്നു. എത്ര കൂടുതൽ അതു കത്തുന്നുവോ

അത്ര കൂടുതൽ അതു വലയംചെയ്തിരിക്കുന്ന വസ്തുക്കളെ പൂർണ്ണവും സന്തുഷ്ടവുമാക്കുന്നു. അവ അവിടുത്തെ അഗ്നിയിൽ എരിഞ്ഞുകൊണ്ടിരിക്കുവാൻ കൂടുതൽ ആഗ്രഹിക്കുന്നു. ഞാൻ ഇങ്ങനെയാണ് ആത്മാക്കളെ ദൈവത്തിൽ കാണുന്നത്."

പരിശുദ്ധ ത്രിത്വത്തെ സംബന്ധിച്ച് അവൾ ഗഹനമായി പ്രതിപാദിക്കുന്നു. പ്രേക്ഷകരിൽ അത്ഭുതം ഉളവാക്കുവാൻ തക്കവിധം മിസ്റ്റിക്ക ദൈവശാസ്ത്രത്തിൽ അവൾ സാമോദം വിഹരിക്കുന്നു. ജെമ്മായുടെ താദൃശമായ വെളിപാടുകളെപ്പററി മോൺസിഞ്ഞോർ വോൾപ്പി അത്ഭുതം പ്രകടിപ്പിക്കുന്നു. ജെമ്മായുടെ വികാരിയായിരുന്ന ഫാദർ ജെ. ഗിലാട്ടി ഒരു പാരവശ്യത്തിൻെറ സമയത്ത് അവളുടെ അടുക്കൽ ഉണ്ടായിരുന്നു. അവൾ പരിശുദ്ധ ത്രിത്വത്തെ സംബന്ധിച്ചു പറയുന്നതു കേട്ടിട്ട് അദ്ദേഹം സിസിലിയോടു ചോദിച്ചു: "ഈ യുവതി ദൈവശാസ്ത്രത്തിൽ പ്രത്യേക പഠനം നടത്തിയിട്ടുണ്ടോ? അല്ലെങ്കിൽ മിസ്റ്റിക്ക ദൈവശാസ്ത്രം സംബന്ധിച്ച ഗ്രന്ഥങ്ങൾ സാധാരണ പാരായണം ചെയ്യാറുണ്ടോ?"

1902—ൽ ഉണ്ടായ ഒരു സംഭവം ശ്രവിച്ചാലും: മാതൃകരങ്ങളിൽ സംവഹിക്കപ്പെട്ടിരിക്കുന്ന കോമളനായ ഒരു കൊച്ചുകുഞ്ഞിൻെറ രൂപത്തിൽ ഈശോ, ഒരു ആദ്ധ്യാത്മിക പാരവശ്യത്തിൽ ജെമ്മായ്ക്കു പ്രത്യക്ഷനായി. ഈശോയുടെ കൈവിരലിൽനിന്നും പരിശുദ്ധ കന്യക ഒരു മോതിരമെടുത്തു ജെമ്മായുടെ വിരലിൽ ഇട്ടു. അപ്പോൾ ദിവ്യസ്നേഹാഗ്നിയാൽ കത്തി എരിഞ്ഞുകൊണ്ട് അവൾ ആനന്ദോൽഘോഷം ചെയ്തു:

"ഹാ! എന്താണെനിക്കിപ്പോൾ അനുഭവപ്പെടുന്നത്? എൻെറ സത്യദൈവമേ, ഈ മഹാസന്തോഷസൗഭാഗ്യങ്ങൾ അനുഭവിക്കുക എനിക്കു സാധ്യമല്ല . . . . എൻെറ ദൈവമേ, എൻെറ വികാരങ്ങൾ എന്തെല്ലാമാണ്? ഹാ നാഥാ! വിശുദ്ധിയും വിനയവും തികഞ്ഞവരാണ് അങ്ങേയ്ക്കുള്ളത്; എന്നാൽ ഞാനല്ല. ഹാ നാഥാ! നീതിമാന്മാർ അങ്ങേയ്ക്കുള്ളവരാണ്, എന്നാൽ ഞാനല്ല. ഹാ നാഥാ! സകല സ്വർഗ്ഗവാസികളും അങ്ങേയ്ക്കുള്ളവരാണ്, എന്നാൽ ഞാനല്ല. അവരെല്ലാം അങ്ങേയ്ക്ക് അനന്തമായ കീർത്തനവും കൃതജ്ഞതാസ്തോത്രവും ചെയ്യട്ടെ.

ഈശോനാഥാ, ഞാനും, അതേ, മഹാപാപിനിയായ ഞാനും അങ്ങയെ സ്നേഹിക്കുവാനാഗ്രഹിക്കുന്നു; അതേ, സവിശേഷമായ സ്നേഹത്താൽ അങ്ങയെ സ്നേഹിക്കുവാൻ. എന്നെ സഹായിക്കുക. എന്നെ ശക്തിപ്പെടുത്തുക. അഗ്നി! എൻെറ ഹൃദയത്തിൽ അഗ്നിയുണ്ട്. അത് ഇന്നു രാവിലേ ആളിക്കത്തുന്നു. രാപകൽ അവിടുത്തേയ്ക്കു മാത്രം സ്തുതിസ്തോത്രങ്ങൾ ആലപിക്കുവാൻ എനിക്കു വാക്കുകൾ തരിക. നിരന്തരം ഞാൻ അവിടുത്തെ സ്നേഹിക്കട്ടെ. എൻെറ അധരങ്ങളും ഞാൻ മുഴുവനും മ്ലേച്ഛമാണ്. ആകയാൽ എനിക്കങ്ങയെ ആവശ്യമുണ്ട്—എൻെറ പാപങ്ങളുടെ കറ നീക്കിക്കളയുവാൻ. ഈശോനാഥാ, എന്നെ വിശുദ്ധീകരിക്കണമേ. അവിടുത്തേ മനസ്സിൽ, അവിടുത്തേ മാധുര്യത്തിൽ എൻെറ ആത്മാവ് സദാ നിലനില്ക്കട്ടെ. ദൃശ്യവസ്തുക്കളിൽനിന്ന് അദൃശ്യവസ്തുക്കളിലേയ്ക്കും, ലോകവസ്തുക്കളിൽനിന്ന് സ്വർഗ്ഗീയവസ്തുക്കളിലേയ്ക്കും എന്നെ ഉയർത്തുക.

ഹാ! എൻെറ ദൈവമേ, എൻെറ ഈശോയേ, അവിടുന്നെന്താണു പറയുന്നത്? ഹാ, സത്യദൈവമേ, അവിടുന്നു തന്നെ എൻെറ ദൈവം. ഞാൻ അങ്ങിലേയ്ക്ക് ആകർഷിക്കപ്പെടുന്നു. അങ്ങയോട് ഏകീഭവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അവിടുത്തെ സമീപം ആയിരിക്കുമ്പോൾ ഞാൻ ജീവിക്കുന്നു. അങ്ങിൽനിന്നും അകലുമ്പോൾ ഞാൻ തളർന്നു മരിക്കുന്നു. എൻെറ വിശ്വാസം, അതേ, അവിടുന്ന് എൻെറ വഴികളെ പ്രകാശിപ്പിക്കുന്നതിനായി എൻെറ ഹൃദയത്തിൽ നിക്ഷേപിച്ച വിശ്വാസമാണ് ഇപ്രകാരം എന്നെ പഠിപ്പിക്കുന്നത്. എൻെറ ദൈവമേ, ഞങ്ങൾ എല്ലാവരും നിന്നെ അറിയട്ടെ. അറിഞ്ഞുകൊണ്ടു സത്യത്തേയും നിത്യത്വത്തേയും മനസ്സിലാക്കട്ടെ. ആരാണു ദൈവമേ, ആരാണ് അങ്ങേയ്ക്കു സമൻ? ദൈവമേ, അവിടുന്നുതന്നെ സർവ്വശക്തൻ. ഈശോയെ, എൻെറ സ്നേഹമേ, എൻെറ ദൈവവും അവിടുന്നുതന്നെ.

ഈശോനാഥാ, എൻെറ രക്ഷകാ, ഞാൻ അങ്ങയെ സ്നേഹിക്കുന്നു. അങ്ങയെ ഞാൻ സ്തുതിക്കുന്നു. അങ്ങേയ്ക്കു നന്ദി പ്രകടിപ്പിക്കുവാൻ എനിക്കു ശക്തിപോരാ . . . . . എൻെറ

ആത്മാവ് അവിടുത്തേയ്ക്കു നിരന്തരം കൃതജ്ഞതാസ്തോത്രങ്ങൾ പാടട്ടെ! എന്നാൽ, അവയെല്ലാം അവിടുന്ന് എനിക്കു ചെയ്യുന്ന നന്മയ്ക്ക് ഒരു വിധത്തിലും മതിയാകുന്നവയല്ല. എന്റെ ആത്മാവ് അങ്ങേയ്ക്കു നന്ദി പ്രകാശിപ്പിക്കുന്നതു വേണ്ടവിധത്തിലല്ല, പ്രത്യുത, അതിന്റെ ബലഹീനതയും നിസ്സാരതയും അനുസരിച്ചാകുന്നു. അവിടുത്തെ അനന്തകരുണയിൽ എന്നെ സ്വീകരിക്കുക. അവിടുത്തേയ്ക്കു ഞാൻ സ്തോത്രവും പ്രാർത്ഥനയും അർപ്പിക്കുന്നു. നാഥാ, ഇന്നു പ്രഭാതത്തിൽ എനിക്കു നല്കിയ മഹാദാനത്തിനു ഞാൻ അയോഗ്യയാകാതിരിക്കുവാൻ ഇവ സ്വീകരിച്ചാലും. അവിടുത്തെ അനന്തനന്മയാണ് എന്റെ അസ്തിത്വത്തിനു കാരണം. എന്നെ സമുദ്ധരിച്ചതു് അവിടുത്തെ അനന്തകരുണതന്നെ. അവിടുത്തെ അനന്തമായ സഹിഷ്ണുത മൂലമല്ലേ ഞാൻ സ്ഥിതിചെയ്യുന്നതു് ?

ഹാ! സ്നേഹനാഥാ, എന്റെ മാനസാന്തരത്തിനായി അവിടുന്നു പാർത്തിരിക്കുന്നു. ഒരു നൂതനജീവിതം ആരംഭിക്കുവാൻ അവിടുത്തെ ദിവ്യപ്രേരണ ഞാൻ അഭിലഷിക്കുന്നു. എന്റെ ആത്മാവ് അങ്ങയെ ആഗ്രഹിക്കുന്നു. അതിന് അങ്ങയെ ആവശ്യമുണ്ട്. സത്യമായി അങ്ങയെ സ്നേഹിക്കുവാൻ, അങ്ങയുടെ പീഡകളും തിരുമുറിവുകളും കുരിശുമരണവും ഉയിർപ്പും സർവ്വോപരി സ്വർഗ്ഗാരോഹണവും ഞാൻ എന്റെ ചിന്താവിഷയമാക്കും.

അവിടുത്തെ സ്വർഗ്ഗാരോഹണത്തിന്റെ ദിവസത്തിൽ എന്തുകൊണ്ടാണു ഞാൻ അവിടെ ഇല്ലാതെ പോയതു് ? ഉപദ്രവിക്കപ്പെട്ട ദൈവം പാപികളോടു സംസാരിക്കുന്നതു കാണുന്നതിന് എന്തുകൊണ്ടു ഞാൻ സന്നിഹിതയായില്ല? എന്റെ ആശ്വാസദാതാവേ, എല്ലാവരേയും അനുഗ്രഹിച്ചുകൊണ്ട് അവിടുന്നു ചുററി നടന്നിരുന്ന അവസരത്തിൽ ഞാൻ അവിടെ ഇല്ലാതെ പോയി. കരങ്ങളും ഉയർത്തി അവിടുന്ന് അവരെ അനുഗ്രഹിച്ചു. പെട്ടെന്നു വാനമേഘങ്ങളിലേയ്ക്കു് അവിടുന്ന് ഉയർന്നു. അവിടുന്നു വീണ്ടും വരുമെന്നു സ്വർഗ്ഗവാസികളായ മാലാഖാമാർ അറിയിച്ചു; എന്നാൽ, ഞാൻ അങ്ങയെ കണ്ടില്ല. എങ്കിലും അവിടുന്നു വരും. എന്തെന്നാൽ അവിടുന്നാണ് എന്റെ

ജീവൻ, ആലംബം, ശക്തി. എൻെറ കരബലം അങ്ങുതന്നെ. ഈശോനാഥാ, വേഗംവന്ന് എൻെറ ഹൃദയത്തിൽ രാജാവായി വാണരുളിയാലും.

ഹാ! നാഥാ, അവിടുത്തെക്കൂടാതുള്ള ലൗകികാശ്വാസങ്ങൾ എന്താണ്? ഈശോനാഥാ, അവിടുത്തെ സ്വരം കേൾക്കുവാൻ ഇവളുടെ കാതുകൾ പാർത്തിരിക്കുന്നു. പരീക്ഷണത്തിൻെറ ദിനങ്ങളിൽ അങ്ങു സംസാരിച്ചതുപോലെ ഒററ വാക്കെങ്കിലും ഞാൻ ശ്രവിക്കട്ടെ. ഈശോനാഥാ, എന്നിൽനിന്നും സകല ലൗകികവസ്തുക്കളേയും എടുത്തുകളഞ്ഞ് എന്നെ അങ്ങേപ്പക്കലേയ്ക്കു ടിപ്പിച്ചിരിക്കുന്നതിനാൽ അവിടുന്നു വാഴ്ത്തപ്പെടട്ടെ. അവിടുന്നല്ലോ ആശ്വാസദായകൻ? ഇഹലോകത്തിൽ എനിക്കു സമാശ്വാസം ലഭിക്കുന്നില്ലെങ്കിൽ എന്ത്? എനിക്ക് അങ്ങയെ മാത്രം മതി. എല്ലാവരും എന്നെ വെറുത്താലെന്ത്? എന്നെ ആശ്വസിപ്പിക്കുന്നതിന് അവിടുന്നുണ്ടല്ലോ. ഹാ! നേരത്തേ അതു ഞാൻ മനസ്സിലാക്കിയിരുന്നുവെങ്കിൽ! നേരത്തേ ഞാൻ പരിപൂർണ്ണമായി അങ്ങിൽ ആശ്രയിച്ചിരുന്നുവെങ്കിൽ! നാഥാ, മഹാപാപിനിയായ എനിക്ക് അവിടുന്ന് ഇത്ര മാധുര്യവാനെങ്കിൽ അവിടുന്നെത്ര നല്ലവനായിരിക്കും പുണ്യാത്മാക്കൾക്ക്!

നാഥാ, അവിടുത്തേപ്പക്കലേയ്ക്കു ഞാൻ വരട്ടെയോ? അവിടുന്നു മാത്രമാണ് എൻെറ ഏകനന്മയെന്നു ഞാൻ അറിഞ്ഞിരുന്നു. എന്നിട്ടും . . . . . . ഉപയോഗശൂന്യമായ സൃഷ്ടവസ്തുക്കളിലേയ്ക്കു ഞാൻ ആകർഷിക്കപ്പെട്ടുപോയല്ലോ. എന്തു പ്രത്യാശയാണ് അവയിൽ എനിക്കുണ്ടായിരുന്നത്? കൂടുതൽ ഐശ്വര്യവും ആനന്ദവും കാണാമെന്നോ? നാഥാ, എൻെറ അപകൃഷ്ടതയും മഹാപാപങ്ങളും ക്ഷമിക്കുക. മേലാലെങ്കിലും എനിക്ക് അവിടുത്തെ സ്നേഹത്തിൽ ക്ഷീണം തോന്നാതിരിക്കട്ടെ. അവിടുത്തെ സ്നേഹത്തിനു പകരം കൃതഘ്നത ഞാൻ കാണിക്കാതിരുന്നെങ്കിൽ! ഈശോനാഥാ, അവിടുത്തെ സമാശ്വാസങ്ങളില്ലാത്തപ്പോൾ ലൗകികാശ്വാസങ്ങൾ എത്ര നിസ്സാരങ്ങൾ!!

ഈശോയേ, എൻെറ ആത്മവഞ്ചിയെ ഉലയ്ക്കുന്ന

പ്രചണ്ഡമാരുതനെ പ്രശാന്തമാക്കുവാൻ അങ്ങേയ്ക്കു മാത്രമേ സാധിക്കുകയുള്ളു. അവിടുന്നല്ലാതെ ആർ എൻെറ ആത്മാവിനെ സുശക്തമാക്കും? അതേ, അങ്ങുന്നുമാത്രം. അങ്ങുന്നുമാത്രമല്ലേ സർവ്വശക്തൻ?"

മേലുദ്ധരിച്ച ഭാഗം ജെമ്മായുടെ ആത്മഗീതമാണ്. അവർക്കു സിദ്ധിച്ചുകൊണ്ടിരുന്ന പ്രകൃത്യതീതസംഭവങ്ങളുടെ അതിസ്വാഭാവികതയെ വെളിപ്പെടുത്തുവാൻ അതു ശക്തമാണ്. എങ്കിലും അവളിൽ കാണപ്പെട്ടിരുന്ന സകല സംഭവങ്ങളേയും വിശകലനം ചെയ്ത്, ഇന്നതു സ്വാഭാവികം, ഇന്നത് അതിസ്വാഭാവികം എന്നു പറയുക മനുഷ്യനു സാധ്യമല്ലെന്നു മാത്രം. എന്നാൽ, അവളുടെ ജീവിതവും അതിസ്വാഭാവികസംഭവങ്ങളും സുസൂക്ഷ്മം പഠനം നടത്തിയാൽ ഒരു സംഗതി വിശദമാകും — "ലൂക്കായിലേ കന്യക" ആധുനിക മിസ്റ്റിക്കുകളുടെ ഇടയിൽ അതിപ്രധാനമായ ഒരു സ്ഥാനം അലങ്കരിക്കുന്നുവെന്ന്.

ഈശോയുമായി പ്രതിശ്രുതയായ ദിവസംമുതൽ ജെമ്മാ ഈലോകത്തിൽ ജീവിക്കുന്ന ഒരാളായിത്തോന്നിയിരുന്നില്ല. മാംസരക്തങ്ങളോടുകൂടെ ഈലോകത്തിൽ ജീവിച്ചിരുന്ന നാളുകളിലും സ്വർഗ്ഗവാസികളോടൊന്നിച്ചാണ് അവർ അധികം വ്യാപരിച്ചിരുന്നത്. അവളുടെ പ്രശാന്തഗംഭീരമായ മുഖഭാവം, നൈസർഗ്ഗികമായ പ്രസന്നത, പ്രകാശപൂർണ്ണങ്ങളായ നയനങ്ങൾ മുതലായവ അന്നുമുതൽ അലൗകികമായി രൂപാന്തരപ്പെട്ടതുപോലെ തോന്നിയിരുന്നു. തന്മൂലം എല്ലാവരും സവിശേഷമായ സ്നേഹബഹുമാനങ്ങൾ അവളോടു കാണിച്ചുപോന്നു. ഈ അവസരത്തിൽ ഫാദർ ജെമ്മാനോയ്ക്കു് അവർ എഴുതുന്നു: "ഈശോ ഇപ്പോഴും വളരെ സ്നേഹപൂർവ്വമാണ് എന്നോടു വർത്തിക്കുന്നത്; എങ്കിലും എൻെറ ബാല്യദിനങ്ങളിലേതുപോലെയല്ല. അവിടുന്ന് എന്നോടു സംയോജിച്ചുകൊണ്ട് നൂതനമായ വിധത്തിൽ എന്നെ തന്നിലേയ്ക്കാകർഷിക്കുന്നു."

---

# പത്തൊമ്പതാം അദ്ധ്യായം.

## മരണം.

ജെമ്മാ തന്റെ അത്ഭുതകരമായ സുഖപ്രാപ്തിമുതൽ സാമാന്യം ശരീരസുഖമുള്ളവളായിട്ടാണ് കാണപ്പെട്ടിരുന്നത്. ഭക്ഷണത്തിൽ പാലിച്ചിരുന്ന മിതത്വം, പഞ്ചക്ഷതങ്ങൾമൂലം ഉണ്ടായിക്കൊണ്ടിരുന്ന രക്തനഷ്ടം, മാനസികക്ലേശങ്ങൾ, പിശാചിന്റെ പീഡനങ്ങൾ മുതലായവ ഗ്രഹിച്ചിരുന്നവക്ക് ഈ സുഖസ്ഥിതി വിസ്മയത്തിനു കാരണമാകാതിരുന്നില്ല. അതിനാൽ അവളുടെ ഐഹികജീവിതം അതിവേഗം അവസാനിക്കുമെന്ന് ആരും വിചാരിച്ചിരുന്നില്ല.

കഴിഞ്ഞ അദ്ധ്യായത്തിൽ നാം വിവരിച്ച പാരവശ്യവും വെളിപാടുകളും ജെമ്മായ്ക്കു സിദ്ധിച്ചതു് 1902—ലെ സ്വർഗ്ഗാരോഹണത്തിരുനാളിൽ ആണ്. തന്നെത്തന്നെ ഒരു ബലിയായി അപ്പിച്ചതിന്റെ ബാഹ്യലക്ഷണങ്ങൾ കുറേനാളുകളായി അവളിൽ പ്രത്യക്ഷമായിരുന്നു. അവ മററുള്ളവരുടെ ശ്രദ്ധയേയും ആകഷിക്കാതിരുന്നില്ല. ആദ്ധ്യാത്മികഗുരുവിനു സിസിലി എഴുതിയ ഒരു കത്തിൽ ജെമ്മായുടെ ഭക്തിതീക്ഷ്ണത, പ്രസാദവരാത്മകമായ ഒരു പുഷ്പംപോലെ പ്രാത്ഥനയാലും സൽകൃത്യങ്ങളാലും വികസിച്ചുവരുന്നു എന്നു പ്രസ്താവിച്ചിരിക്കുന്നു. അവൾ തുടരുന്നു: "ഒരു സെറാഫിനെപ്പോലെ കാണപ്പെടുന്ന അവളുടെ മുഖകമലത്തിൽ ഒന്നു നോക്കുക വിഷമമാണ്. അല്പസമയം നോക്കിയാൽ ബഹുമാനാദരങ്ങൾമൂലം നാം ദൃഷ്ടികൾ തനിയെ താഴ്ത്തും. മൗനാസക്തിയും ഗൗരവവും അവളിൽ വർദ്ധിച്ചുവരുന്നു. ഏകാകിനിയായിക്കഴിയുവാൻ അവൾ കൂടുതൽ ഇഷ്ടപ്പെടുന്നു. എങ്കിലും ഗൃഹജോലികളിൽ പണ്ടത്തെപ്പോലെതന്നെ ഏപ്പെടുന്നു. പ്രാത്ഥനാസമയം മുഴുവനും അവൾ സമാധിയിലായിരിക്കും. അവളെ നോക്കിയാൽ

നാം അറിയാതെ ആനന്ദബാഷ്പം പൊഴിച്ചുപോകും. വത്സലയായ ജെമ്മായുടെ അധരങ്ങളിൽനിന്നും പൊഴിയുന്ന ദിവ്യസ്നേഹപ്രദ്യോതകങ്ങളായ വാക്കുകൾ ഉരുവിടുന്നതിന് എനിക്കും സാധിച്ചിരുന്നുവെങ്കിൽ!"

കഥാനായികയുടെ ജീവിതത്തിന്റെ അന്ത്യഘട്ടത്തിലാണ്, തന്റെ ദിവ്യമണവാളൻ ഏററ അടികളുടേയും അവിടുത്തെ മുൾമുടിയുടേയും മൂന്നുമണിക്കൂർനേരത്തേ മരണവേദനകളുടേയും കഠിനയാതനകൾ ആദ്ധ്യാത്മികമായി അവൾ അനുഭവിച്ചതു്. അവളുടെ ശരീരം നഖശിഖാന്തം വിറയ്ക്കുകയും ശിരസ്സിൽനിന്നും രക്തം ധാരധാരയായി പ്രവഹിക്കുകയും ചെയ്തിരുന്നു. മൂന്നുമണിക്കൂർ നേരത്തേയ്ക്കു് അവളുടെ മുഖം ദുഃഖാബ്ധിയിലാണ്ട ഒരാളിന്റേതുപോലെ ദൃശ്യമായിരുന്നു. ഈ സംഗതികൾക്ക് അവ നേരിട്ടുകണ്ടവർതന്നെ സാക്ഷ്യം വഹിക്കുന്നു.

പാപികളുടെ മാനസാന്തരത്തിനും പ്രത്യേകിച്ച വൈദികന്മാരുടെ പാപങ്ങളുടെ പരിഹാരത്തിനുംവേണ്ടി അവൾ വളരെനാളുകൾക്കു മുമ്പുതന്നെ ആത്മാർപ്പണം ചെയ്തിരുന്നു. ജെമ്മായുടെ ബലി സമ്പൂർണ്ണമായി സ്വീകരിക്കുവാൻ ദിവ്യനാഥൻ പന്തക്കുസ്താദിനത്തിൽ എഴുന്നരുളി. അവിടുന്നു പറഞ്ഞു: "എന്റെ അൾത്താരയിലേ ശുശ്രൂഷികൾ എനിക്കെതിരായി ചെയ്യുന്ന ദൈവദോഷങ്ങൾക്ക് ഒരു പരിഹാരബലി എനിക്കാവശ്യമുണ്ടു്. എന്റെ സിംഹാസനത്തിങ്കൽ സദാ സേവനമനുഷ്ഠിക്കുന്ന മാലാഖാമാരെപ്രതി അല്ലായിരുന്നുവെങ്കിൽ അവരിൽ പലരും എന്റെ പിതാവിന്റെ കോപാഗ്നിയിൽ വെന്തുനശിക്കുമായിരുന്നു." അതിനുശേഷം ജെമ്മായോടു ദിവ്യമണവാളൻ ചോദിച്ചു: "ആ മഹാപാപങ്ങൾക്കെല്ലാം പരിഹാരം ചെയ്യുവാൻ ഒരു ബലിയായിത്തീരാമോ?" എന്നു്. ദിവ്യസ്നേഹാഗ്നിയിൽ എരിഞ്ഞുകൊണ്ടു് അവൾ വിളിച്ചുപറഞ്ഞു: "ഈശോയേ, ദിവ്യനാഥാ, ഞാൻ അപ്രകാരം ചെയ്യാം. നാഥാ, ഈ ക്ഷണം എന്നെ ബലികഴിച്ചാലും. അങ്ങനെ ഈ നികൃഷ്ടസൃഷ്ടിവഴിയായി അവിടുന്നു മഹത്വപ്പെടട്ടെ."

കഥാനായികയുടെ പുണ്യപ്രകൎഷത്തെ പ്രദ്യോതിപ്പിക്കുന്ന വീരോചിതമായ ആ ബലി സ്വീകരിക്കപ്പെട്ടു. ജെമ്മാ രോഗിണിയായിത്തീൎന്നു. വയറടപ്പുമൂലം അതിദുസ്സഹമായ വേദന അവഠം സഹിച്ചു. ഭക്ഷണം കഴിക്കുവാൻ അവഠംക്കു സാധിക്കുകയില്ലെന്നായി. വല്ലതും കഴിച്ചാൽ വയറടയ്ക്കും. അത് അവളെ ശ്വാസംമുട്ടിക്കും. രണ്ടുമാസക്കാലത്തേയ്ക്ക് അനുദിനം അല്പം വീഞ്ഞുമാത്രം കുടിച്ചുകൊണ്ടാണ് അവഠം ജീവിച്ചത്. അത്ര തുച്ഛമായ ഭക്ഷണംകഴിച്ചുകൊണ്ട് ഒരാഠം എങ്ങനെ ജീവിക്കുമെന്ന് എല്ലാവരും അത്ഭുതപ്പെട്ടിരുന്നു. അവളുടെ രോഗത്തിൻെറ സ്വഭാവം ആൎക്കും സുവിദിതമായിരുന്നില്ല. അതിൻെറ രഹസ്യം ഫാദർ ജെമ്മാനോ മാത്രമേ അറിഞ്ഞിരുന്നുള്ളു. വൈദ്യന്മാരുടെ പരീക്ഷണത്തിനു വിധേയയാകുവാൻ കഥാനായികതികച്ചും വിമുഖയാണെന്നു മനസ്സിലാക്കിയതിനാൽ സുഖം ലഭിക്കുന്നതിനായി പ്രാൎത്ഥിക്കുവാൻ അദ്ദേഹം അവളോടാവശ്യപ്പെട്ടു. അവഠം അപ്രകാരം ചെയ്തു. താമസംവിനാ സുഖം പ്രാപിച്ചു. ഈ സുഖസ്ഥിതി അധികനാഠം നീണ്ടുനില്ക്കുകയില്ലെന്ന് അവളോട് ഈശോ അറിയിച്ചു; അപ്രകാരം സംഭവിക്കുകയും ചെയ്തു. അധികംതാമസിയാതെ അവഠം വീണ്ടും രോഗിണിയായി. സെപ്ററംബർ 21-ാം തീയതിയോടുകൂടെ രോഗം അതികലശലായിത്തീൎന്നു. പനിയും രക്തവിസൎജ്ജനവും തുടങ്ങി. അതോടൊപ്പം, തന്നെ ദൈവം കൈവെടിഞ്ഞിരിക്കുന്നുവെന്ന് അവഠംക്കു തോന്നി. അവിടുത്തേ പ്രത്യേകസാന്നിധ്യവും സഹായവും പ്രകടമാക്കിയിരുന്ന ദിവ്യദൎശനങ്ങളും ആദ്ധ്യാത്മികദാനങ്ങളും ഇപ്പോഠം അവഠംക്കു ലഭിക്കുന്നില്ല. ഈ സംഗതികഠം അവളെ വളരെയധികം ക്ലേശിപ്പിച്ചു.

ഒക്ടോബറിൽ, നിർബന്ധപൂൎവ്വമായ ഒരു കത്തുമൂലം സിസിലി ഫാദർ ജെമ്മാനോയെ റോമ്മിൽനിന്നും കഥാനായികയുടെ അടുക്കലേയ്ക്കു ക്ഷണിച്ചുവരുത്തി. അദ്ദേഹത്തിൻെറ ആഗമനം അവളുടെ ആത്മാവിൽ ആശാകിരണങ്ങഠം വിതറി. ജെമ്മായിൽക്കാണപ്പെട്ട വ്യതിയാനം അദ്ദേഹത്തെ ആകുല

ചിത്തനാക്കി. അദ്ദേഹം ജെമ്മായോടു ചോദിച്ചു:

"ജെമ്മാ നിനക്കിപ്പോഠം എന്താണു വേണ്ടതു്?"

"പിതാവേ, ഞാൻ സ്വഗ്ഗത്തിൽ ഈശോയുടെ പക്ക ലേയ്ക്കു പോകുന്നു. എനിക്കു് അതു് അത്യധികം സന്തോഷാ വഹമാണു്."

"ഹാ, അങ്ങനെയാണോ?"

"അതേ പിതാവേ, ഇപ്രാവശ്യം സുവ്യക്തമായി ആ സംഗതി ഈശോ എന്നോടു പറഞ്ഞു."

"എന്നാൽ നിൻെറ പാപങ്ങഠം അതിനൊരു പ്രതി ബന്ധമായിരിക്കയില്ലേ?"

"ദിവ്യനാഥനായ ഈശോ അതെപ്പററി ചിന്തിച്ചി ട്ടുണ്ടു്. ലോകത്തിൽ എനിക്കു ശേഷിച്ചിരിക്കുന്ന അല്പജീവിത കാലത്തിൽ വളരെ ക്ലേശങ്ങഠം അവിടുന്നു് എനിക്കു നല്കും. തൻെറ പീഡകളുടെ ഫലങ്ങളോടു് എൻെറ നിസ്സാരക്ലേശ ങ്ങളുംചേത്തു വിശുദ്ധീകരിച്ചു തൻെറ പരമനീതിയെ അവി ടുന്നു തൃപ്തിപ്പെടുത്തും. എന്നിട്ടു് എന്നെ അവിടുന്നു സ്വഗ്ഗത്തി ലേയ്ക്കു കൊണ്ടുപോകും."

"നീ ഇപ്പോഠം മരിക്കുന്നതു് എനിക്കിഷ്ടമല്ല."

"എന്നാൽ, ഈശോയുടെ ദിവ്യഹിതത്തിനെതിരായി എന്താണു ചെയ്യുക?"

കഥാനായികയുടെ ആഗ്രഹമനുസരിച്ചു് ഒരിക്കൽക്കൂടി മുഴുവൻകുമ്പസാരം കഴിക്കുവാൻ ഫാദർ ജെമ്മാനോ അവളെ അനുവദിച്ചു. അതുസംബന്ധിച്ചു് അദ്ദേഹം പ്രസ്താവിക്കുന്നു: "അതു് അവളുടെ അവസാനത്തെ കുമ്പസാരമായിരുന്നു. നേര ത്തെ ഞാൻ അറിഞ്ഞിരുന്ന ഒരു സംഗതി സ്ഥിരീകൃതമായി. പാപനിവേദനവേദിയിൽ ഇരുന്നുകൊണ്ടു് അറിയാതെ ഞാൻ ആനന്ദബാഷ്പം പൊഴിച്ചു. അവളുടെ ഇരുപത്തിയഞ്ചുകൊല്ല ത്തേ ജീവിതത്തിനിടയിൽ മനസ്സറിഞ്ഞുകൊണ്ടു ലഘുവായ ഒരു പാപത്താൽപ്പോലും, ജ്ഞാനസ്നാനത്തിൽ സംസിദ്ധമായ പ്രസാ ദവരമാകുന്ന ധവളവസ്ത്രത്തെ അവഠം മലിനമാക്കിയിട്ടില്ല."

ലൂക്കായിൽ കുറെ ദിവസങ്ങരം താമസിച്ച തൻെറ ആദ്ധ്യാത്മികപുത്രിയെ അവളുടെ അന്ത്യദിനങ്ങളിൽ സഹായിക്കണമെന്നു് അദ്ദേഹത്തിന്ന് ആഗ്രഹമുണ്ടായിരുന്നു. എന്നാൽ അതല്ലായിരുന്നു ദൈവഹിതം. കുറച്ചുദിവസങ്ങരം കഴിഞ്ഞപ്പോരം അദ്ദേഹം റോമ്മിലേയ്ക്കു വിളിക്കപ്പെട്ടു. ജെമ്മായുടെ രോഗത്തെസംബന്ധിച്ചു് ഡോക്ടർമാരുടെ ഇടയിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നു. അതു ക്ഷയമാണെന്നു ചിലർ അഭിപ്രായപ്പെട്ടു. ആകയാൽ മററു കുടുംബാംഗങ്ങളുടെ രക്ഷയെ ഓത്തു് അവളെ മാററിത്താമസിപ്പിക്കണമെന്നു ഫാദർ ജെമ്മാനോ നിർദ്ദേശിച്ചു. അവളെ വിട്ടുപിരിയുന്നതിനുള്ള വൈമനസ്യംമൂലം ഗ്യാനിനികുടുംബം മൂന്നുമാസംകൂടെ അവിടെ ത്തന്നെ അവളെ താമസിപ്പിച്ചു.

ജെമ്മായുടെ വിശുദ്ധിയുടെ മാററു റിയുന്നതിനുള്ള ഒരവസരമുണ്ടായി. ഒരു ദിവസം മോൺസിഞ്ഞോർ തേയി അവളോടു പറഞ്ഞു: "പ്രിയ ജെമ്മാ, നിനക്കു ക്ഷയമാകയാൽ നിന്നെ ഇവിടെനിന്നും മാററിത്താമസിപ്പിക്കണമെന്നു ഡോക്ടറന്മാർ അഭിപ്രായപ്പെടുന്നു."

"എൻെറ ഇപ്പോഴത്തെ സുഖക്കേടു ക്ഷയമല്ല. എങ്കിലും കുട്ടികളുടെ ഇടയിൽനിന്നും എന്നെ മാററിത്താമസിപ്പിക്കുന്നതാണു നല്ലതു്."

"നീ എങ്ങോട്ടുപോകും? നിർധനയായ നിനക്കു മേലിൽ തെരുവുമാത്രമായിയിരിക്കും ആശ്രയം."

"എൻെറ അച്ചാ, തെരുവിലും ദൈവമുണ്ടല്ലോ?"

ജെമ്മായുടെ സുഖക്കേടു് അനുദിനം വദ്ധിച്ചുകൊണ്ടിരുന്നു. ആകയാൽ അവളെ അവിടെനിന്നും മാററിത്താമസിപ്പിക്കുവാൻതന്നെ ഒടുവിൽ തീരുമാനിച്ചു. കഥാനായിക പ്രശാന്തയും സ്വസ്ഥചിത്തയുമായിട്ടാണു് അപ്പോഴും വത്തിച്ചതു്. എങ്കിലും ആശങ്കയുടെ കരിനിഴൽ അവളുടെ ഹൃദയത്തിൽ പരക്കാതിരുന്നില്ല. വിരഹം അതിദുസ്സഹമായിട്ടാണു് അവക്കെല്ലാം അനുഭവപ്പെട്ടതു്; പ്രത്യേകിച്ചു സിസിലിക്കു്. അവരം പറഞ്ഞു:

"ജെമ്മാ മരിക്കുകയാണെങ്കിലും അന്ത്യംവരെ അവളെ ഞങ്ങഠം ഇവിടെത്തന്നെ താമസിപ്പിച്ചുകൊള്ളാം."

താമസംവിനാ, അവിടെ അടുത്തുള്ള ഒരു ഭവനം ജെമ്മായുടെ അമ്മാവി വാടകയ്ക്കെടുത്തു ജെമ്മായെ അങ്ങോട്ടു മാററി. ആ ഭവനത്തിൻെറ ജനാലയിൽക്കൂടി ഗ്യാനിനിഭവനം അവഠംക്കു നല്ലവണ്ണം കാണാമായിരുന്നു. 1903 ജനുവരി 24—ാം തീയതിയാണ് ജെമ്മായെ പുതിയ വസതിയിലാക്കിയതു്. ജെമ്മാ ഗദ്ഗദസ്വരത്തിൽ അപ്പോഠം പറഞ്ഞു: "എനിക്കു രണ്ടാം പ്രാവശ്യം വത്സലയായ മാതാവു് നഷ്ടപ്പെടുകയാണ്; എങ്കിലും ദൈവതിരുമനസ്സിനു ഞാൻ കീഴ്വഴങ്ങുന്നു. അവിടുത്തേ തിരുനാമം വാഴ്ത്തപ്പെട്ടതാകട്ടെ."

ജെമ്മായുടെ ആത്മബലി പൂത്തിയായി. അവഠംക്കു നല്കപ്പെട്ടിരുന്ന അതിസ്വാഭാവികവരങ്ങഠം അവളിൽനിന്നും എടുക്കപ്പെട്ടു. പഞ്ചക്ഷതങ്ങഠം ഇപ്പോഠം അവളുടെ ശരീരത്തിൽ പ്രത്യക്ഷമാകുന്നില്ല. വെളിപാടുകഠം, ദശ്നങ്ങഠം, ദിവ്യാശ്വാസങ്ങഠം മുതലായവയും ഇപ്പോഠം അവഠംക്കു ലഭിക്കുന്നില്ല. മിശിഹായുടെ ധീരയായ ഒരു പടനായികയാണവഠം. തനിച്ചു വേണമോ അവഠം അന്ത്യസമരം നടത്തുവാൻ? ഏകാകിനിയായി യുദ്ധംചെയ്യുവാൻ ഈശോ അവളെ തനിച്ചു മാററി നിറുത്തിയിരിക്കുന്നു.

ഫാദർ ജെമ്മാനോയ്ക്കു് അവഠം കുറിക്കുന്നു: "ഭൂതകാലങ്ങളിലെ ദിവ്യദാനങ്ങളേസംബന്ധിച്ച സ്മരണപോലും എനിക്കു നഷ്ടപ്പെട്ടിരിക്കുന്നു. ചെറുപ്പകാലംമുതൽ എൻെറ ശക്തിയും ആലംബവുമായിരുന്ന ഈശോയുടെ മാധുര്യപൂണ്ണമായ സാന്നിദ്ധ്യം എനിക്കിപ്പോഠം അനുഭവപ്പെടുന്നില്ല."

ശക്തിമത്തായ പനി ഉണ്ടായിരുന്ന അവസരങ്ങളിലും എല്ലാ ദിവസവും രാവിലേ അവഠം എഴുന്നേററു ദൈവാലയത്തിൽ പോയിരുന്നു. പ്രാത്ഥിക്കുവാൻ അവിടെ അവഠംക്കു വളരെ എളുപ്പമാണ്. ആദ്ധ്യാത്മികസമാധി അവഠംക്ക് അവിടെ ലഭിച്ചിരുന്നു. വാക്കുകഠം ഉപയോഗിച്ചല്ല അവഠം അവിടെ

പ്രാത്ഥിക്കുന്നത്. വിചാരംവഴിയായി ദൈവത്തോട് അവഠം ഐക്യപ്പെട്ടിരുന്നു.

അന്ധകാരശക്തികഠം തങ്ങളുടെ ആക്രമണങ്ങഠം ജെമ്മായുടെ നേരെ അഴിച്ചുവിട്ടു. അവളുടെ ശോകാത്മകമായ ജീവിതം ഏററവും നിരാശാജനകമായ രൂപത്തിൽ പിശാച് അവളുടെ മുമ്പിൽ ഉയത്തിക്കാണിച്ചു. മാതാപിതാക്കന്മാരുടെ മരണം, കുടുംബത്തിലേ കഷ്ടതകഠം, അവളുടെ പീഡകഠം മുതലായവ ഒന്നിനു പിറകെ ഒന്നായി അവളുടെ മനോദപ്പണത്തിൽ പ്രതിബിംബിച്ചു. ദൈവം അവളെ ഉപേക്ഷിച്ചുവെന്നും നിത്യനാശത്തിൻെറ വക്കിലാണ് അവഠം സ്ഥിതിചെയ്യുന്നതെന്നും ചിലപ്പോഠം അവൻ അവളോടു പറഞ്ഞിരുന്നു. "നിൻെറ നിരവധി പ്രാത്ഥനകളുടേയും ദിവ്യബലികളുടേയും ദിവ്യകാരുണ്യസ്വീകരണങ്ങളുടേയും ഫലം കാണുക" എന്നു് അവൻ പറയും. ചില സന്ദർഭങ്ങളിൽ ഭയങ്കരമായ സ്വരം പുറപ്പെടുവിച്ചുകൊണ്ടു്, പേപ്പട്ടിയുടേയും വന്യമൃഗങ്ങളുടേയും വേഷത്തിൽ അവൻ പ്രത്യക്ഷനാകും. മററു ചിലപ്പോഠം സപ്പത്തിൻെറ രൂപത്തിൽ അവളുടെ ദേഹത്തു് അവൻ ചുററിപ്പിണയും. ജെമ്മായെ മരണശയ്യയിൽ പരിചരിച്ചുകൊണ്ടിരുന്ന ഗ്യാനിനിസഹോദരികളിൽ ഒരാഠം പ്രസ്താവിക്കുന്നു: "ജെമ്മായുടെ പക്കൽനിന്നും കണ്ണുനീർ തൂകിക്കൊണ്ടാണ് ഞാൻ പോരുന്നതു്. പിശാച് അവളെ സദാ അലട്ടുകയും ഉപദ്രവിക്കുകയും ചെയ്യുന്നു. ദുഷ്ടനായ അവൻ നിശ്ചയമായും അവളെ കൊന്നുകളയും. ഞങ്ങഠം വിശുദ്ധജലം അവളുടെ മുറിയിൽത്തളിക്കും. പിന്നീടു കുറേ സമയത്തേയ്ക്കു് അവൻെറ ഉപദ്രവങ്ങഠംക്കു ശമനം കാണും. എന്നാൽ വീണ്ടും ആദ്യത്തേതിനെക്കാഠം ഭയങ്കരമാംവിധം അവളെ അവൻ ഉപദ്രവിച്ചുതുടങ്ങും."

ജെമ്മായുടെ അന്ത്യദിനങ്ങളെ സംബന്ധിച്ചു സിസിലി പറയുന്നു: "സാധു രക്തസാക്ഷിണി! ഈശോയുടെ ദഹനബലി! സദാ അവഠം പീഡസഹിക്കുന്നു. സന്ധിബന്ധങ്ങഠം എല്ലാം വിട്ടുപോയാലെന്നവണ്ണമാണ് അവഠംക്കനുഭവപ്പെടുന്നതു്. ശരീ

രത്തിൻെറ ഓരോ അവയവത്തിലും അവൾ വേദന സഹിക്കുന്നു. അവളുടെ വേദനകൾ ദുസ്സഹമാണ്."

പ്രായപൂർത്തിയാകുന്നതുവരെ പലരും മരണത്തിൻെറ ഭയങ്കരത എത്രമാത്രമെന്നു ഗ്രഹിക്കുന്നില്ല. എന്നാൽ നമ്മുടെ കഥാനായികയുടെ കാര്യത്തിൽ അങ്ങനെയല്ല. മാതാപിതാക്കന്മാരുടെ ദേഹവിയോഗംമൂലം ജീവിതത്തിൻെറ പ്രഭാതത്തിൽത്തന്നെ മരണത്തിൻെറ ഭയങ്കരത അവൾ ഗ്രഹിച്ചു. അവൾ സദാ മരണത്തിനു തയ്യാറായിരുന്നു.

ദുസ്സഹമായ പീഡകൾ സഹിച്ചിരുന്നപ്പോഴും തനിക്കു ലഭിച്ചിരുന്ന ഏററം നിസ്സാരമായ ശുശ്രൂഷകൾക്കുപോലും അവൾ സുസ്മേരവദനയായി ഹൃദയപൂർവ്വം നന്ദി പ്രകടിപ്പിച്ചിരുന്നു. ഒരിക്കലെങ്കിലും പരാതി പറയുകയോ ആശ്വാസം അഭിലഷിക്കുകയോ, നിരാശയുടേയും ക്ഷീണഭാവത്തിൻേറയും ലക്ഷണങ്ങൾ കാണിക്കുകയോ ചെയ്തിട്ടില്ല. ജെമ്മായുടെ ആത്മസുഹൃത്തായ എവുഫേമിയാ പറയുന്നു: "രോഗബാധിതയായിരുന്ന അവസരത്തിൽ ഒരിക്കലെങ്കിലും ഒരുതുള്ളി വെള്ളംപോലും അവൾ ആവശ്യപ്പെട്ടിട്ടില്ല."

പ്രാർത്ഥനാനിരതയായിട്ടാണു ജെമ്മാ സദാ വർത്തിച്ചിരുന്നത്. അവൾ പ്രാർത്ഥനയിൽ സമാശ്വാസം കണ്ടെത്തിയിരുന്നു. ചിലപ്പോഴെല്ലാം ആദ്ധ്യാത്മികാന്ധകാരത്തിലും ശുഷ്കതയിലും ഉൾപ്പെട്ടിരുന്നുവെങ്കിലും അവൾ ദിവ്യനാഥനിലേയ്ക്കു തിരിഞ്ഞുകൊണ്ടു സന്തോഷദിനങ്ങളിലെന്നവണ്ണം ചോദിക്കും: "ഈശോനാഥാ, അവിടുന്നെവിടെയാണ്?" തന്നെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന ഒരു കന്യാസ്ത്രീയോടു ജെമ്മാ ഒരിക്കൽ പറയുകയാണ്: "പ്രിയ സഹോദരീ, നമുക്കു സദാ ദൈവത്തോടു പ്രാർത്ഥിക്കാം. ഈശോയെ സംബന്ധിച്ചായിരിക്കട്ടെ നമ്മുടെ ഏകചിന്ത." നിദ്രാഹീനയായി കഴിച്ചുകൂട്ടിയിരുന്ന രാത്രികാലങ്ങളിൽ കാൽവരിയെപ്പററിയുള്ള വിചാരമായിരുന്നു അവളുടെ ഏകാശ്വാസം. അധരങ്ങളുടെ ചലനശക്തി നഷ്ടപ്പെടുന്നതുവരെ അവൾ ഈശോയുടെ തിരുനാമം ഉരുവിട്ടുകൊണ്ടിരുന്നു; ചലനശക്തി നഷ്ടപ്പെട്ടപ്പോൾ വിചാരംവഴി ഈശോയുടെ പക്കലേയ്ക്കു് അവൾ തിരിഞ്ഞു.

ഒരിക്കൽമാത്രം അവൾ വിളിച്ചുപറഞ്ഞു: "ഈശോയേ, ഇനിയും കൂടുതൽ സഹിക്കുവാൻ എനിക്കു ശക്തിയില്ല." ദൈവത്തിൻെറ പ്രത്യേക സഹായംകൊണ്ടു സകലതും നമുക്കു സാധ്യമാണെന്ന് അടുത്തുനിന്നിരുന്ന ഒരു സഹോദരി അവളെ അനുസ്മരിപ്പിച്ചപ്പോൾ മേലാലൊരിക്കലും ഇപ്രകാരം പറയുന്നതല്ലെന്ന് അവൾ ദൃഢനിശ്ചയംചെയ്തു. മറെറാരിക്കൽ അവളുടെ പീഡകൾ കണ്ടുകൊണ്ടിരുന്ന ഒരാൾ "ഇതിൽക്കൂടുതൽ അവൾ എങ്ങനെ സഹിക്കും" എന്നു പറഞ്ഞു. ഉടനെ ജെമ്മാ പറയുകയാണ്: "ദൈവസ്നേഹത്തെപ്രതി അല്പംകൂടി എനിക്കു സഹിക്കാം."

ഒരു സഹോദരി ഒരിക്കൽ ചോദിച്ചു: ഈ ക്ലേശങ്ങളെല്ലാം അവസാനിച്ച ഉടനെ സ്വർഗ്ഗത്തിലേയ്ക്കു പോകുന്നതിനോ ദൈവത്തിൻെറ ഉപരിമഹത്വത്തിനുവേണ്ടി കുറേ കൂടെ സഹിക്കുന്നതിനോ ഏതെങ്കിലും ഇഷ്ടമുള്ളതു തെരഞ്ഞെടുക്കുവാൻ അനുവദിച്ചാൽ ഏതായിരിക്കും നീ എടുക്കുന്നത്?" തൽക്ഷണം അവൾ പറഞ്ഞു: "ഈശോയ്ക്കു കൂടുതൽ മഹത്വം ഉണ്ടാകുമെങ്കിൽ ഇവിടെക്കിടന്നു സഹിക്കുന്നതാണ് എനിക്കിഷ്ടം."

വലിയ ബുധനാഴ്ച ജെമ്മാ മരണപീഡകൾ അനുഭവിച്ചുതുടങ്ങി. അന്തരീക്ഷം പ്രകാശമാനമായിരുന്നു. എന്നാൽ രോഗവിവശയായ ജെമ്മായുടെ മുഖത്തു മരണത്തിൻെറ മ്ലാനത വ്യാപിച്ചുകഴിഞ്ഞു. യാത്രപുറപ്പെടുവാനുള്ള ആജ്ഞ പ്രതീക്ഷിച്ചുകൊണ്ട് അവൾ നിശ്ചലയായി കിടന്നു.

തൽക്ഷണം അവൾ സമാധിയിൽ ലയിച്ചു. "ഈശോ, ഈശോ," എന്നവൾ വിളിച്ചുകൊണ്ടു പെട്ടെന്നു സമാധിയിൽനിന്നും ഉണർന്ന് അടുത്തുനിന്നിരുന്ന ഒരു സഹോദരിയോടു പറഞ്ഞു: "എൻെറ സഹോദരീ, ഈശോ ഇപ്പോൾ എന്നെ കാണിച്ചുതന്ന സൗഭാഗ്യത്തിൻെറ ഒരംശമെങ്കിലും നിങ്ങൾ കണ്ടിരുന്നുവെങ്കിൽ എത്രമാത്രം ആനന്ദിക്കുമായിരുന്നു."

അന്നു സായാഹ്നത്തിൽ അവൾക്കു തൃപ്പാഥേയം നല്കപ്പെട്ടു. പിറേറദിവസം — പെസഹാവ്യാഴാഴ്ച — വീണ്ടും വിശുദ്ധ കുർബാന സ്വീകരിക്കുവാൻ അവൾ ആഗ്രഹിച്ചു.

ശക്തിയേറിയ പനി ഉണ്ടായിരുന്നിട്ടും വിശുദ്ധ കർബാന സ്വീകരിക്കുവാൻ എളുപ്പത്തിൽ അനുമതി ലഭിക്കുന്നതിനായി മരുന്നുപോലും കഴിക്കാതെ അവൾ ഉപവസിച്ചു. ദിവ്യകാരുണ്യസ്വീകരണംകഴിഞ്ഞ് ശേഷിച്ച സമയം മുഴുവനും അവൾ, പിറേറദിവസമായ ദുഃഖവെള്ളിയാഴ്ചയ്ക്ക് ഒരുക്കമായി മിശിഹായുടെ രക്ഷാകരമായ മരണത്തെക്കുറിച്ചു ധ്യാനിച്ചുകൊണ്ടിരുന്നു. ദുഃഖവെള്ളിയാഴ്ച പത്തുമണിയായപ്പോൾ, അവളെ ശുശ്രൂഷിച്ചുകൊണ്ടിരുന്ന സിസിലി അല്പം വിശ്രമിക്കുന്നതിനായി വീട്ടിലേയ്ക്കു പോകുവാൻ ആഗ്രഹിച്ചു. അപ്പോൾ മരണാസന്നയായ ജെമ്മാ പറഞ്ഞു: "ഞാൻ ക്രൂശിക്കപ്പെടുന്നതുവരെ എന്നെ വിട്ടുപിരിയരുതേ. ഇന്നു ദുഃഖവെള്ളിയാഴ്ചയല്ലേ? ഈശോയോടൊന്നിച്ചു ഞാനും കുരിശിൽ തറയ്ക്കപ്പെടണം. തൻെറ വത്സലസന്താനങ്ങൾ ക്രൂശിക്കപ്പെടുകതന്നെ വേണം എന്ന് ഈശോ എന്നോടു പറഞ്ഞു."

താമസംവിനാ, ജെമ്മാ സമാധിയിൽ ലയിച്ചു. അവൾ സാവധാനം കരങ്ങൾ വിരിച്ചു. ഉച്ചകഴിഞ്ഞ് ഒരുമണിവരെ അവൾ ഈ നിലയിൽക്കിടന്നു. ദുഃഖത്തിൻേറയും സ്നേഹത്തിൻേറയും, ശാന്തതയുടേയും പരിത്യക്തതയുടേയും ഭാവങ്ങൾ ഇടകലർന്ന് അവളുടെ മുഖത്തു ദൃശ്യമായി.

ദുഃഖശനിയാഴ്ച രാവിലെ എട്ടുമണിയോടുകൂടി ജെമ്മാ ഭക്തിതീക്ഷ്ണതയോടേ അന്ത്യലേപനം സ്വീകരിച്ചു. പ്രാർത്ഥനകൾക്ക് ഉത്തരം അവൾതന്നെ ചൊല്ലിക്കൊണ്ടിരുന്നു. ദുസ്സഹമായ ശാരീരികപീഡകൾ അപ്പോഴും അവൾ സഹിക്കുന്നുണ്ടായിരുന്നു.

ചെറുപ്പംമുതല്ക്കേ തൻെറ കുമ്പസാരക്കാരനായിരുന്ന മോൺസിഞ്ഞോർ വോൾപ്പിയെ കാണുവാൻ ജെമ്മാ ആഗ്രഹം പ്രകടിപ്പിച്ചു. ദുഃഖശനിയാഴ്ചത്തെ സുദീർഘമായ കർമ്മങ്ങളിൽ ഏർപ്പെട്ടിരുന്നതിനാൽ വന്നുചേരുന്നതിന് അദ്ദേഹത്തിനു സൗകര്യം ഉണ്ടായില്ല. ഈ വിവരം അറിഞ്ഞപ്പോൾ പരിശുദ്ധ കന്യകയുടെ തിരുസ്വരൂപത്തിങ്കലേയ്ക്കു തിരിഞ്ഞ് സുസ്മേരവദനയായി അവൾ പറഞ്ഞു: "എൻെറ അമ്മേ, എൻെറ ആത്മാവിനെ അങ്ങേ തൃക്കരങ്ങളിൽ ഞാൻ ഭരമേല്പിക്കുന്നു.

എന്നോടു കരുണയായിരിക്കണമെന്ന് ഈശോയോടു പറയേണമേ."

ജെമ്മായുടെ ഇഹലോകവാസം അല്പസമയംകൂടെ ദീർഘിച്ചു. ഉച്ചയായപ്പോൾ മോൺസിഞ്ഞോർ വോൾപ്പി അവിടെ എത്തി. എന്നാൽ ധാരാളം ജോലികൾ ഉണ്ടായിരുന്നതിനാൽ സായാഹ്നത്തിൽ വീണ്ടും വരാമെന്നു പറഞ്ഞിട്ട് അദ്ദേഹം ഉടനെ സ്ഥലംവിട്ടു. പിന്നീടുള്ള അദ്ദേഹത്തിൻെറ ആഗമനം താമസിച്ചുപോയി. അതുസംബന്ധിച്ച് അദ്ദേഹം പറയുന്നു: "ശാരീരികമായും ആന്തരികമായും അവൾ വളരെ ക്ലേശിക്കുന്നുണ്ടെന്ന് എനിക്കറിയാമായിരുന്നു. ഞാൻ അവൾക്കു പാപവിമോചനം നല്കി. കഠിനമായ പീഡകളാണ് അവൾ സഹിച്ചുകൊണ്ടിരുന്നത്. എങ്കിലും, പരിപൂർണ്ണമായ ഹൃദയസമാധാനം അവൾക്ക് ഉണ്ടായിരുന്നു."

കുമ്പസാരക്കാരൻ സ്ഥലംവിട്ട് അല്പസമയം കഴിഞ്ഞു. ജെമ്മായുടെ അന്ത്യവിനാഴിക അടുത്തുവന്നു. അവൾ പറഞ്ഞു: "ഈശോനാഥാ, എൻെറ ആത്മാവിനെ അങ്ങേ തൃക്കരങ്ങളിൽ ഞാൻ സമർപ്പിക്കുന്നു." അതായിരുന്നു അവളുടെ അവസാന വാക്കുകൾ. ഏകദേശം അരമണിക്കൂർ അവൾ ജുസ്റ്റീനായുടെ ദേഹത്തു ചാരിക്കൊണ്ട് കിടക്കയിൽ ഇരുന്നു. ഗ്യാനിനിക്കുടുംബാംഗങ്ങളെല്ലാവരും അവളുടെ കിടക്കയ്ക്കു ചുററും ഓടിയെത്തി. അവളുടെ മുഖത്ത് ആദ്ധ്യാത്മികമായ ഒരു പ്രഭ വീശി. ഒരു സ്വർഗ്ഗീയമന്ദഹാസം അവളുടെ അധരങ്ങളിൽ ദൃശ്യമായി. ശിരസ്സ് അല്പം ഒരു വശത്തേയ്ക്കു ചരിഞ്ഞു. അപ്പോൾ ഭദ്രാസനദൈവാലയത്തിൽനിന്ന് ഉയിർപ്പിൻെറ അഹ്ലാദസൂചകമായ മണിനാദം മുഴങ്ങി. പുനരുത്ഥാനം ചെയ്ത ദിവ്യനാഥനെ ആരാധിക്കുവാൻ ജെമ്മായുടെ ആത്മാവു സ്വർഗ്ഗത്തിലേയ്ക്കു പറന്നുപോയി. അങ്ങനെ, 1903 ഏപ്രിൽ 11-ാംതീയതി ശനിയാഴ്ച രാത്രി ഒരുമണിയായപ്പോൾ ജെമ്മാ ഐഹികവാസം വെടിഞ്ഞു.

മരണക്കിടക്കയ്ക്കു ചുററും നിന്നിരുന്നവർ പറഞ്ഞു: "അവൾ ഒരു മാലാഖായാണ്" എന്ന്. പീഡാനുഭവസഭാംഗമാകുന്നതിനു ജെമ്മായ്ക്കുണ്ടായിരുന്ന അഭിലാഷം പ്രസിദ്ധമാ

ണല്ലോ. ഈ വിവരം ശരിയായി ഗ്രഹിച്ചിരുന്ന സഹോദരികൾ പീഡാനുഭവസഭാവസ്ത്രം അവളെ അണിയിച്ചു.

ജെമ്മായുടെ ചരമവാർത്ത പുറത്തായതോടേ ആയിരക്കണക്കിന് ആളുകൾ മൃതശരീരത്തിനരികെ ഓടിയെത്തി, അവളുടെ പൂജ്യാവശിഷ്ടം വണങ്ങുകയും അവളുടെ മാദ്ധ്യസ്ഥ്യം അപേക്ഷിക്കുകയും ചെയ്തു. ശവസംസ്കാരചടങ്ങുകളിലും ഒട്ടധികം ആളുകൾ പങ്കെടുത്തു. ജെമ്മായുടെ ശവകുടീരത്തിന്മേൽ ഇപ്രകാരം എഴുതിയിരിക്കുന്നു: "രോഗത്താൽ എന്നതിനെക്കാൾ ദൈവസ്നേഹാഗ്നിയാൽ പ്രാണൻ വെടിഞ്ഞ ജെമ്മാ ഗൽഗാനി എന്ന നിഷ്കളങ്കകന്യക 1903 ഏപ്രിൽ 11—ാംതീയതി — രക്ഷകന്റെ ഉത്ഥാനത്തിന്റെ തലേദിവസം — ഇരുപത്തിയഞ്ചാമത്തെ വയസ്സിൽ തന്റെ ദിവ്യമണവാളനെ പ്രാപിച്ചു. ദൈവദൂതന്മാരോടൊരുമിച്ച് അവളുടെ ആത്മാവ് നിത്യസമാധാനത്തിൽ ആനന്ദിക്കട്ടെ."

# ഇരുപതാം അദ്ധ്യായം.

## ജെമ്മാ വിശുദ്ധപദത്തിൽ.

ജെമ്മായുടെ പരിശുദ്ധിയുടെ പരിമളം ഇററലിയുടെ അതിർത്തികളെ അതിലംഘിച്ച് അതിവേഗം ലോകം മുഴുവൻ പരന്നു. അവളുടെ പൂജ്യാവശിഷ്ടം ആദ്യം പൊതുസിമിത്തേരിയിൽ സംസ്കരിക്കപ്പെട്ടുവെങ്കിലും താമസംവിനാ, അതു പീഡാനുഭവസഭക്കാരുടെ ലൂക്കായിലുള്ള ദൈവാലയത്തിലേയ്ക്കു മാററി സ്ഥാപിക്കപ്പെട്ടു. ആ സ്ഥലങ്ങൾ രണ്ടും അതിവേഗം തീർത്ഥാടനകേന്ദ്രങ്ങളായിത്തീർന്നു. പലരും അവളുടെ

മാധ്യസ്ഥ്യംമൂലം അനുഗ്രഹങ്ങൾ ലഭിച്ചു. അവൾവഴി ധാരാളം അത്ഭുതങ്ങളും സംഭവിച്ചുകൊണ്ടിരുന്നു.

1907-നും 1910-നും ഇടയ്ക്കു ജെമ്മായെ ധന്യയെന്നു വിളിക്കുന്നതിനുള്ള പ്രഥമനടപടികൾ ലൂക്കാപ്പട്ടണത്തിൽ ആരംഭിച്ചു. അവളുടെ വീരസുകൃതങ്ങളേയും അവൾമൂലമുണ്ടായ അത്ഭുതങ്ങളേയും സംബന്ധിച്ച സനിഷ്കർഷമായ അന്വേഷണങ്ങൾ നടന്നു. 1922-ൽ കാനോൻ നിയമാനുസരണമുള്ള പരിശോധനകൾ ആരംഭിച്ചു. ഈ പരിശോധനകളുടെ ഫലമായി 1931 നവംബർ 29—ാംതീയതി ജെമ്മാ എല്ലാം സുകൃതങ്ങളും വീരോചിതമായ വിധത്തിൽ അഭ്യസിച്ചിരുന്നുവെന്നു വിവരിക്കുന്ന ഡിക്രി പരിശുദ്ധ മാർപ്പാപ്പായുടെ മുമ്പിൽ വായിക്കപ്പെട്ടു. തന്മൂലം അന്നുമുതൽ ജെമ്മായെ 'ധന്യ' എന്നു വിളിക്കുവാൻ അനുമതി ലഭിച്ചു. ജെമ്മായുടെ മാധ്യസ്ഥ്യംമൂലം ഉണ്ടായ രണ്ടത്ഭുതങ്ങൾ അതിസ്വാഭാവികങ്ങളായി 1933 ജാനുവരി 5—ാംതീയതി പതിനൊന്നാംപീയൂസ് മാർപ്പാപ്പാ അംഗീകരിച്ചു. അക്കൊല്ലംതന്നെ മേയ് 14-ാംതീയതി അവൾ 'അനുഗ്രഹീത'യെന്ന സ്ഥാനത്തിന് അർഹയായി.

'അനുഗ്രഹീത' എന്നു നാമകരണം ചെയ്യപ്പെട്ടതുമുതൽ കഥാനായികയുടെ കീർത്തി കൂടുതൽ പരന്നുതുടങ്ങി. അവളുടെ മാധ്യസ്ഥ്യംമൂലം അനവധി അത്ഭുതങ്ങൾ അനുദിനം സംഭവിച്ചുകൊണ്ടിരുന്നു. തത്ഫലമായി അവളെ 'വിശുദ്ധ'യെന്നു നാമകരണംചെയ്യണം എന്ന് അഭ്യർത്ഥിച്ചുകൊണ്ടുള്ള അപേക്ഷകൾ ലോകത്തിൻെറ നാനാഭാഗങ്ങളിൽനിന്നും റോമിലേയ്ക്കു വന്നുതുടങ്ങി.

ജെമ്മായുടെ മാധ്യസ്ഥ്യംമൂലം നടന്ന സംഭവങ്ങളിൽ രണ്ടെണ്ണം തിരുസ്സംഘത്തിൻെറ പരിശോധനയ്ക്കു വിഷയമായി. എലേസാ സ്കപ്പേലി എന്ന ഒരു ഇററാലിയൻ യുവതിക്കു ലഭിച്ച രോഗശമനമാണ് ആദ്യത്തെ അത്ഭുതം. 1932—ൽ പത്തു വയസ്സു പ്രായമായപ്പോൾ അവൾക്കു കവിൾവാപ്പു പിടിപെട്ടു. മുഖത്തു നീരു വർദ്ധിച്ചുവന്നപ്പോൾ വൈദ്യവിദഗ്ദ്ധൻെറ അഭിപ്രായമനുസരിച്ച് അവൾ ശസ്ത്രക്രിയയ്ക്കു വിധേയയായി. എന്നാൽ, അതുമൂലം രോഗം വർദ്ധിക്കുകയാണുണ്ടായത്. പല

ഭിഷഗ്വരന്മാരും അക്ഷീണയത്നം നടത്തിയിട്ടും യാതൊരു ഗുണവും കിട്ടിയില്ല. രോഗിണിയുടെ ആരോഗ്യം അനുദിനം ക്ഷയിച്ചുകൊണ്ടിരുന്നു. ജെമ്മായെ ധന്യയെന്നു നാമകരണം ചെയ്ത ദിനത്തിൽ, രോഗിണി, കഥാനായികയുടെ ഒരു പടം എടുത്തു വ്രണത്തിൽ തൊടുവിച്ചിട്ട്, "ധന്യയായ ജെമ്മായേ, എൻെറ മേൽ കരുണതോന്നി എന്നെ സുഖപ്പെടുത്തേണമേ." എന്നു ഹൃദയപൂർവ്വം പ്രാർത്ഥിച്ചു. അത്ഭുതമെ! അവളുടെ രോഗം തൽക്ഷണം നിശ്ശേഷം മാറി.

അതേകുടുംബത്തിൽത്തന്നെ ഉണ്ടായ മററൊരു സംഭവമാണ് രണ്ടാമത്തെ അത്ഭുതം. നെയോൽ സ്റ്റേപ്ലി എന്ന കൃഷീവലനു 1918—ൽ നാഡിവീക്കം ആരംഭിച്ചു. പത്തു കൊല്ലത്തേയ്ക്ക് അത് അയാൾ ക്ഷമാപൂർവ്വം സഹിച്ചു. അതിനു ശേഷം നടത്തപ്പെട്ട ഒരു ശസ്ത്രക്രിയ വിജയപ്രദമെന്ന് അയാൾ വിശ്വസിച്ചിരുന്നു. എന്നാൽ, 1935-ൽ രോഗം യാദൃച്ഛികമായി വർദ്ധിച്ചു. രോഗത്തിൻെറ ഗൗരവംമൂലം പൂർണ്ണ വിശ്രമം ആവശ്യമാണെന്നു ഡോക്ടർ അഭിപ്രായപ്പെട്ടു. എന്നാൽ നിത്യവും ജോലിചെയ്തു കുടുംബം പുലർത്തേണ്ടിയിരുന്ന ആ കൃഷിക്കാരന് അതെങ്ങനെ സാധ്യമാകും? താമസം വിനാ രോഗം അപകടകരമായിത്തീർന്നു. അപ്പോൾ അയാളുടെ മകൾ പൂർണ്ണവിശ്വാസത്തോടുകൂടി ജെമ്മായുടെ സഹായം അപേക്ഷിച്ചു. അനുഗ്രഹീതയുടെ ഒരു തിരുശ്ശേഷിപ്പ് അയാളുടെ ദേഹത്തുണ്ടായിരുന്ന വ്രണത്തിന്മേൽ തൊടുവിച്ചു. തൽക്ഷണം അയാൾ പൂർണ്ണസുഖം പ്രാപിക്കുകയും ചെയ്തു.

ജെമ്മായ്ക്കു പുണ്യപദം നല്കുന്നതിലേയ്ക്കു ഉന്നയിക്കപ്പെട്ട പ്രസ്തുത പ്രകൃത്യതീത സംഭവങ്ങൾ രണ്ടും അതിവിദഗ്ദ്ധമായ പരീക്ഷണങ്ങൾക്കുശേഷം 1938-ൽ പതിനൊന്നാം പീയൂസ് മാർപ്പാപ്പായാൽ അംഗീകൃതമായി. എന്നാൽ, ജെമ്മായെ വിശുദ്ധയെന്നു പ്രഖ്യാപനംചെയ്തത് പന്ത്രണ്ടാംപീയൂസ് തിരുമനസ്സുകൊണ്ടാണ്. ആ മംഗളകർമ്മം 1940 മേയ്മാസം 2-ാംതീയതി റോമ്മായിലെ വിശുദ്ധ പത്രോസിൻെറ ദൈവാലയത്തിൽവച്ച് സാഘോഷം നിർവഹിക്കപ്പെട്ടു.

ആധുനികലോകത്തിനു വിശ്വാസദീപം എരിയിച്ചുകൊണ്ടു സത്യസഭാനഭസ്സിൽ ഒരു പ്രോജ്ജ്വലതാരമായി വിലസുന്ന വിശുദ്ധ ജെമ്മായുടെ ജീവചരിത്രം അവളുടെ മാധ്യസ്ഥ്യം അപേക്ഷിച്ചുകൊണ്ടു നമുക്കു സമാപിക്കാം. "വിശുദ്ധ ജെമ്മായെ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ."

*L. D. V. M.*

# ജെമ്മാ



പവ്വത്ത്

209.222
POW

Indic Digital Archive Foundation
gpura.org